# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 ലക്കം - 11 മീനം - 1196 ഏപ്രിൽ 2021




## എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ സി. ഡബ്ല്യു. സി. എറണാകുളത്തിന്റെ കീഴിലുള്ള സ്നേഹജ്യോതിയിലെ ഉണ്ണിമായയുടെയും സൂര്യരാജ് രാജന്റെയും വിവാഹ ചടങ്ങ്








**2021 ഏപ്രിൽ 15 മുതൽ തുറന്നു പ്രവർത്തനം ആരംഭിക്കുന്നു**

**Tel: +91 487 2504700, +91 8547871161**



Radheyam
Guest House

Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161

*Administrative Office:*
**ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com










## എഡിറ്റോറിയൽ

# പെട്രോളിയം ഉത്പന്നങ്ങളെ ജി. എസ്. ടി. യിൽ ഉൾപ്പെടുത്തുക

ആധുനിക ലോകത്ത് മനുഷ്യന് ഏറ്റവും കൂടുതൽ ആത്യാവശ്യമായ വസ്തുക്കളിൽ ഒന്നാണ് പെട്രോളിയം ഉല്പന്നങ്ങൾ. പൊട്രോളിന്റെയും ഡീസലിന്റെയും പാചകവാതകത്തിന്റെയും ഒക്കെ വില വർദ്ധനവ് സാധാരണക്കാരനെ സാരമായി ബാധിക്കുന്ന ഒന്നാണ്. ഇതിന്റെ വിലക്കയറ്റം ഓരോ കുടുംബത്തിന്റെയും കുടുംബബഡ്ജറ്റിൽ വെട്ടിത്തിരുത്തലിന് ഇടയാക്കും. ഇത് കുട്ടികളുടെ വിദ്യാഭ്യാസം മുതൽ ആഹാരകാര്യങ്ങൾ വരെയുള്ള സമസ്ഥമേഖലകളിലും പ്രതിഫലിക്കുകയും ചെയ്യും. ഭാരതത്തിലെ മുഴുവൻ ജനങ്ങളുടെയും കാര്യമാണ് ഇപ്പറഞ്ഞതെങ്കിൽ ഇങ്ങ് തെക്കേ അറ്റത്തു കിടക്കുന്ന കേരളത്തിലെ ജനങ്ങളുടെ അവസ്ഥയാണ് അതിശോചനീയം. ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള സകല സാധനങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വന്നില്ലെങ്കിൽ പട്ടിണിയിലാകുന്ന ഗതികേടിലാണല്ലോ നമ്മൾ കേരളീയർ. ഉപ്പും പലവ്യഞ്ജനങ്ങളും ഒഴികെ നമുക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ മുഴുവനായി ഉത്പാദിപ്പിച്ചിരുന്ന ഒരു കാർഷിക സംസ്ഥാനമായിരുന്നു കേരളം. ഇന്ന് അയൽപക്ക സംസ്ഥാനങ്ങളുടെ മുമ്പിൽ അന്നത്തിനായി കൈനീട്ടി നിന്ന് യാചിക്കേണ്ട ഗതികേടിലേക്ക് കേരളത്തെ എത്തിച്ചതാരെന്ന് നമുക്കെല്ലാവർക്കും അറിയാം) ഉത്പാദന സ്ഥലത്തു നിന്നും കേരളത്തിലേക്ക് ഇവ എത്തുമ്പോൾ വില ഏതാണ്ട് ഇരട്ടിയോ അതിൽ കൂടുതലോ ആകും. വില കൂടുതൽ എന്ന് കരുതി ആവശ്യവസ്തുക്കൾ വാങ്ങാതിരിക്കുവാൻ കഴിയില്ലല്ലോ? അപ്പോൾ ബാക്കിയുള്ള വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ മറ്റ് ചിലവുകളിൽ വെട്ടിച്ചുരുക്കലുകൾ സ്വാഭാവികം. ഇത് ആഹാരത്തിന്റെ കാര്യം മാത്രം. ഇതുപോലെ തന്നെ കേറി കിടക്കാൻ ഒരു വീടു വെയ്ക്കുന്നവന്റെ അവസ്ഥയോ? നിർമ്മാണ സാമഗ്രികൾക്ക് നിത്യേനയെന്നോണമാണ് വില വർദ്ധിക്കുന്നത്. തുടക്കത്തിൽ ഇടുന്ന എസ്റ്റിമേറ്റിന്റെ ഇരട്ടിയോ അതിലധികമോ ആകും വീടു തീരുമ്പോൾ. ഇനി വസ്ത്രത്തിന്റെ കാര്യമായാലും എല്ലാം ഇതുപോലെ തന്നെ. പരിപൂർണ്ണ ഉപഭോക്തസംസ്ഥാനമായി മാറിയ നമ്മുടെ ഈ കേരളമാണ് പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധനകൊണ്ട് ഏറ്റവുമധികം ദുരിതം പേറുന്നത്.

അസഹനീയമായ ഈ വിലവർദ്ധനവിനെക്കുറിച്ച് പറയുമ്പോൾ

# ഉള്ളടക്കം

വാല്യം 13 | ലക്കം 11 | ഏപ്രിൽ 2021


എഡിറ്റോറിയൽ 3
സെക്രട്ടറിയുടെ പംക്തി 6
ബാലലോകം 7
രാഗപരിചയം 11
വാസ്തു 12
ക്ഷേത്രങ്ങളിലൂടെ 13
ഭഗവത്ഗീത 16
ഹരിസുധാലഹരി 20
പാതഞ്ജലയോഗദർശനം 22
ജ്യോതിഷം, വൈദ്യം 23
ദുബായ് ആഘോഷങ്ങളുടെ ലോക തലസ്ഥാനം 25
ദ്വൈതം 28
അതിതീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾ കരുതലോടെയിരിക്കുക! 33
കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനപ്രക്രിയ ഉൽകൃഷ്ഠവും ഉന്നതവുമാക്കി മാറ്റിയെടുക്കാൻ.... 37
പിൻതിരിപ്പൻ ശക്തികളെ എങ്ങനെ തരണം ചെയ്യാം 41
മാറിപ്പോയ മല്ലൂസിന്റെ മനസ്സ് 43
വേനൽചൂട് എങ്ങിനെ അതിജീവിക്കാം 45
വിവാഹ പൊരുത്തങ്ങൾ 47
പട്ടുനൂലിന്റെ കെണി 54
രണ്ടു തീർത്ഥാടകർ 57
സത്യത്തിന്റെ സ്വരം 58
മാസഫലം 61
മാട്രിമോണിയൽ 64-66


*കവർ: വടയാർ ഇളങ്കാവ് ആറ്റുവേല*

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**

കേരളം കേന്ദ്രത്തേയും കേന്ദ്രം കേരളത്തേയും കുറ്റം പറയുന്ന ഒരു പ്രവണതയും കണ്ടു വരുന്നുണ്ട്. കേരളം പെട്രോളിയം ഉത്പന്നങ്ങളുടെ മേൽ കൂടുതൽ നികുതി ചുമത്തുന്നതുകൊണ്ടാണ് കേരളത്തിൽ ഇവയ്ക്ക് ഇത്ര വിലകൂടുതലെന്നും ആ അമിതനികുതി നിരക്കിൽ കുറവ് വരുത്തിയാൽ ഇവിടെ മറ്റുള്ള പല സംസ്ഥാനങ്ങളിലെ വിലയിലേക്ക് താഴുമെന്നും കേന്ദ്രം പറയുമ്പോൾ പെട്രോളിയം ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്, അതുകൊണ്ട് അവരാണ് വിലവർദ്ധനവിന് ഉത്തരവാദികളെന്നും സംസ്ഥാനസർക്കാരും വാദിക്കുന്നു. പെട്രോളിയം ഉത്പന്നങ്ങളുടെ വിറ്റുവരവിൽ നിന്ന് ലഭിക്കുന്ന മിച്ചം കൊണ്ടാണ് കോടിക്കണക്കിന് ജനങ്ങൾക്ക് വൈദ്യുതിയും പാചകവാതകവും ഒക്കെ എത്തിച്ചു കൊടുക്കാനും വീടില്ലാത്തവർക്ക് വീട് വെച്ച് കൊടുക്കാനും, വൃത്തിയുള്ള ശൗചാലയങ്ങൾ നിർമ്മിച്ച് കൊടുക്കാനും ഒക്കെ സാധിക്കുന്നത് എന്ന് കേന്ദ്രസർക്കാർ. കേരളം സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ശമ്പളവും പെൻഷനുംപോലും കൊടുക്കാൻ കടമെടുക്കേണ്ട അവസ്ഥയിലാണെന്നും അതുകൊണ്ട് പെട്രോളിയം വസ്തുക്കളുടെ നികുതി കുറയ്ക്കാൻ സാധ്യമല്ലായെന്ന് സംസ്ഥാനസർക്കാരും വാദിക്കുന്നു. ഈ രണ്ടു വാദഗതികളും ശരിയെന്ന് സമ്മതിക്കാം. പക്ഷെ ഇതിന്റെ ദുരിതം പേറുന്നത് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനതതിയാണ്. കഴിഞ്ഞ ഒരു വർഷമായി കൊറോണ വിതച്ച ദുരിതം കാരണം ജനങ്ങൾ മുഴുവനും സാമ്പത്തിക തകർച്ചയിലാണ്. സർക്കാർ മേഖലയൊഴികെ മിക്ക സ്ഥാപനങ്ങളിലും ജോലി ചെയ്തിരുന്ന നല്ല ഒരു വിഭാഗം ജനങ്ങൾക്ക് തൊഴിലുമില്ല. ജോലിയില്ലാതെ, വരുമാനമില്ലാതെ വിറങ്ങലിച്ച് നില്ക്കുന്ന ഹതാശയരായ സാധാരണക്കാരന്റെ തലയിലേക്കാണ് ഇടിത്തീപോലെ ഈ വിലവർദ്ധനവ് വന്നു പതിക്കുന്നത്. ഇതിന് പരിഹാരം ഉണ്ടായേ മതിയാവൂ. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും എല്ലാ വാദങ്ങളെയും ആദരപൂർവ്വം മാനിച്ചുകൊണ്ട് പറയട്ടെ, ഇതിനുള്ള ശാശ്വത പരിഹാരം പെട്രോളിയം ഉത്പന്നങ്ങളെയും ജി എസ്സ് ടിയുടെ പരിധിയിൽ കൊണ്ടു വരിക എന്നുള്ളത് മാത്രമാണ്. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ ധീരമായ തീരുമാനമാണ് എടുക്കേണ്ടത്. സാധാരണക്കാരന്റെ കണ്ണുനീരൊപ്പുവാൻ അതുമാത്രമെ മാർഗ്ഗമുള്ളൂ. അതുകൊണ്ട് വിപ്ലവാത്മകമായ , ധീരമായ പല തീരുമാനങ്ങളും എടുത്തു നടപ്പാക്കിയ കേന്ദ്രസർക്കാർ, ഇനിയെങ്കിലും സാധാരണക്കാരന്റെ ബുദ്ധിമുട്ടും കഷ്ടപ്പാടും മനസ്സിലാക്കി അടിയന്തിരമായി തന്നെ പെട്രോളിയം ഉത്പന്നങ്ങളെ G.S.T യുടെ പരിധിയിൽ കൊണ്ടു വന്ന് ജനങ്ങൾക്ക് ആശ്വാസം പകരണമെന്ന് അഭ്യർത്ഥിക്കുന്നു.

**കാണപ്പെട്ടു സമക്ഷം തദനു തെളിവെഴും**
**തേജസസ്തസ്യ മദ്ധ്യേ**
**ചേണെത്തും കാളഭോഗീശ്വര കലിതജടാ-**
**നദ്ധമുഗദ്ധേന്ദുരേഖം**
**ദീന ത്രാണൈക ദീക്ഷം മനസി കിമപി കൊ-**
**ള്ളാഞ്ഞു തള്ളിക്കടക്കൺ-**
**കോണിൽപ്പാടേ പകർന്നീടിനഘനകരുണം**
**പാർവ്വതീഭാഗധേയം.**

*-ചെല്ലൂർ നാഥോദയം ചമ്പു (എഡി 16-ാം ശതകം)*
*ശിവ വർണ്ണന*

അനന്തരം തെളിഞ്ഞ ആ പ്രകാശത്തിന്റെ മദ്ധ്യത്തിൽ - ഭംഗിയുള്ള കൃഷ്ണസർപ്പത്തെകൊണ്ടു കെട്ടിയ ജടയിലണിഞ്ഞ നല്ല ചന്ദ്രക്കലയോടുകൂടിയതും ദീനത്രാണത്തിൽ മാത്രം ശ്രദ്ധവയ്ക്കുന്നതും മനസ്സിൽ ഒട്ടും കൊള്ളാഞ്ഞ് തള്ളി കടക്കണ്ണിലൂടെ പുറത്തേയ്ക്ക് വഴിയുന്ന അധികമായ കാരുണ്യത്തോടു കൂടിയതും പാർവ്വതിയുടെ ഭാഗ്യവുമായ ആ രൂപം കാണപ്പെട്ടു.







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

*എല്ലാവർക്കും വിഷുദിനാശംസകൾ*

എറണാകുളം കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സാധാരണ നിലയിൽ മുന്നോട്ടു പോകുന്നുവെന്ന് മാത്രം സൂചിപ്പിച്ചു കൊള്ളട്ടെ. കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ ക്ഷേത്രങ്ങൾക്കും ആരാധനാലയങ്ങൾക്കും വിവാഹമണ്ഡപങ്ങൾക്കും മാത്രം സാമൂഹിക അകലത്തിന്റെയും കൂട്ടായ്മകളുടെയും നിയന്ത്രണം ഏർപ്പെടുത്തി നമ്മളെ ബുദ്ധിമുട്ടിക്കുന്നത് വളരെ വ്യക്തമായ ഒരു അജണ്ട നടപ്പിലാക്കുകയെന്നുള്ളത് വ്യക്തമാണ്.

2021 ലെ അസംബ്ലി ഇലക്ഷനോടനുബന്ധിച്ച് ഇവിടുത്തെ ഭരണപക്ഷവും പ്രതിപക്ഷവും പൊതു ഇടങ്ങളിൽ വളരെ 'കൃത്യനിഷ്ഠയോട്' സാമൂഹിക അകലം പാലിക്കുന്ന 'പേക്കൂത്തുകൾ' നമ്മളെല്ലാ ദിവസവും ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടു കൊണ്ടിരിക്കുകയാണ്. കേരള അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 6-ാം തീയതി നടന്നു കഴിഞ്ഞുവല്ലോ. രാഷ്ട്രീയ പാർട്ടികളുടെ പ്രചരണാർത്ഥം നടത്തപ്പെട്ട ജാഥകളിലും മീറ്റിംഗുകളിലും ഒന്നിലും തന്നെ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുകയോ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ അനുസരിക്കുകയോ, നിശ്ചിത അകലം പാലിക്കുകയോ ഒന്നും തന്നെ ഉണ്ടായിട്ടില്ല. അതുകൊണ്ടു തന്നെ ഇനി അങ്ങോട്ട് കോവിഡിന്റെ വ്യാപനം വർദ്ധിക്കുവാനുള്ള സാധ്യത ഏറെ കൂടുതലാണ്. അതുമൂലമുണ്ടാകുന്ന ദുരിതങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കേണ്ടി വരുന്നത് നമ്മളോരോരുത്തരമാണെന്ന് പറയുന്നതിൽ ദുഃഖമുണ്ട്. ഈ കാലയളവിൽ വേലി തന്നെ വിളവു തിന്നുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്.

നമ്മുടെ ഗൃഹങ്ങളിൽ ഒരു വിവാഹമംഗള കർമ്മം നടക്കുകയെന്നത് ജീവിതത്തിൽ ഓരോ വ്യക്തിക്കും കുടുംബത്തിനും വലിയൊരു ഈശ്വരാനുഗ്രഹമായിട്ടാണ് നമ്മൾ അനുഭവിച്ചു പോന്നിട്ടുള്ളത്. ടി.ഡി. എം ഹാളിൽ വിവാഹത്തിനും മറ്റു പരിപാടികൾക്കും ഹാളിന്റെ കപ്പാസിറ്റിയുടെ പകുതിയെങ്കിലും കോവിഡ് -19 ന്റെ പ്രോട്ടോകോൾ അനുസരിച്ച് നടത്തുവാൻ അനുവദിക്കണമെന്ന് ബഹു. മുഖ്യമന്ത്രിക്ക് എറണാകുളം കരയോഗം നല്കിയ അപേക്ഷ നിരസിക്കുകയും നൂറു പേരെ മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ എന്ന് രേഖമൂലം അറിയിക്കുകയുണ്ടായി. ഈ സമയത്ത് ഇത് ഇവിടെ രേഖപ്പെടുത്തുവാനുള്ള പ്രത്യേക കാരണം കഴിഞ്ഞ ദിവസങ്ങളിൽ ഈ ഭരണപക്ഷം അധികാരം നിലനിർത്തുവാൻ വേണ്ടിയുള്ള തിരഞ്ഞെടുപ്പ് യോഗങ്ങൾ സംഘടിപ്പിച്ചപ്പോൾ കോവിഡ് -19 പ്രോട്ടോകോളിന്റെ നഗ്നമായ ലംഘനം നടത്തുന്നതു കണ്ടുണ്ടായ വിഷമം കൊണ്ടാണ്. ഇവിടുത്തെ രാഷ്ട്രീയകാർക്ക് എന്ത് തോന്ന്യവാസവും നിയമലംഘനവും നടത്താമല്ലോ? അതിനെ ചോദ്യം ചെയ്യുവാൻ നമ്മളെപ്പോലെ സാധാരണ ജനങ്ങൾക്ക് അഞ്ചു കൊല്ലത്തിൽ ഒരിക്കൽ കിട്ടുന്ന ഒരവസരം മാത്രമല്ലേ ഉള്ളൂ. എന്നിട്ടും നാമത് യുക്തിപൂർവ്വം വിനിയോഗിക്കുന്നുണ്ടോ, പ്രതിഷേധിക്കുന്നുണ്ടോ എന്നു സംശയമാണ്.

എറണാകുളം കരയോഗത്തെ സംബന്ധിച്ച് ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതു തന്നെ വളരെ ബുദ്ധിമുട്ടിയാണ്. 100% വും നിലവിലുള്ള ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുവാനോ അവരുടെ പ്രവർത്തനത്തിനുള്ള പ്രതിഫലം പൂർണ്ണമായി നല്കുവാനോ കഴിയാത്ത ഒരു വർഷം കടന്നു പോയിരിക്കുന്നു. അതിൽ ഞങ്ങൾ ദുഃഖിതരാണ്. ഈ സാഹചര്യത്തിൽ കോവിഡ് -19 എന്ന മഹാമാരി എത്ര നാൾ നീണ്ടു നില്ക്കും അതിന്റെ തിക്തഫലങ്ങൾ എന്തൊക്കെ അനുഭവിക്കേ

ണ്ടി വരും എന്നു വ്യക്തമല്ല. എന്തായാലും നമുക്ക് എറണാകുളത്തപ്പനോടും ശ്രീഗുരുവായൂരപ്പനോടും പ്രാർത്ഥിക്കാം ഈ മഹാമാരിയിൽ നിന്ന് എത്രയും വേഗം നമുക്കെല്ലാം മോചനം നല്കേണമേയെന്ന്. എല്ലാ കരയോഗാംഗങ്ങൾക്കും ഒരിക്കൽ കൂടി വിഷുദിനാശംസകൾ നേരുന്നതോടൊപ്പം എല്ലാവരും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ടി. ഡി. എം. ഹാളിൽ വിഷു വിപണനമേള ഏപ്രിൽ മാസം 7–ാം തീയതി മുതൽ 14–ാം തീയതി വരെ നടത്തപ്പെടുന്നതാണ്. വിഷുദിനത്തിൽ (ഏപ്രിൽ 14) പാലട തുടങ്ങി വിവിധ പ്രഥമനുകൾ, പുളിഇഞ്ചി, കാളൻ,അച്ചാറുകൾ എന്നിവയുടെ വിതരണം ഉണ്ടായിരിക്കുന്നതാണ്.

ഏപ്രിൽ മാസം 7–ാം തീയതി രാവിലെ 10.30ന് കൗണ്ടറുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വൈകുന്നേരം 7 മണി വരെ വിതരണം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 04842361160, 9895840261.

വിഷു ദിനത്തിൽ വിഷു ഭക്ഷണകിറ്റ് (ചോറും, പപ്പടവും ഒഴികെ) സാമ്പാർ, അവിയൽ, കാളൻ, പച്ചടി, എരിശ്ശേരി, മെഴുക്കുപുരട്ടി /തോരൻ,അച്ചാറുകൾ (2 തരം) ഇല 5 എണ്ണം എന്നിവ 650/– രൂപ നിരക്കിൽ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്. 8–ാം തീയതി രാവിലെ 10 മണി മുതൽ 12–ാം തീയതി വൈകിട്ട് 4 മണി വരെ വിഷു കിറ്റ്, പ്രഥമനുകൾ എന്നിവ ബുക്കു ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'അർജ്ജുന വിഷാദവൃത്തം' ഏപ്രിൽ മാസം 27–ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടി സോപാനലാസ്യം 23.04.2021 വെള്ളിയാഴ്ച 6.30 ന് ടി.ഡി. എം. ഹാളിൽ നടത്തുന്നതാണ്.


കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി







## ബാല ലോകം

# ചില വിഷു വിശേഷങ്ങൾ

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

പ്രിയപ്പെട്ട ചങ്ങാതിമാരെ,

ഇതാ മറ്റൊരു വിഷുക്കാലം. പ്രകൃതിയുടെ കനിവിന്റെ വസന്തോത്സവകാലം. ഗ്രാമഗ്രാമന്തരങ്ങളിൽ സമൃദ്ധിയുടെ ലക്ഷണങ്ങൾ പ്രകടമാകുന്ന കാലം. മാവ്, പ്ലാവ്, ചാമ്പ, കാര, ആഞ്ഞിലി, ശീമ തുടങ്ങി മുറ്റത്തും തൊടിയിലുമുള്ള ഫലവൃക്ഷങ്ങളൊക്കെ പൂത്ത്, കായ്ച്ച് നിറഫലങ്ങളുമായി നിൽക്കുന്ന കാലം. മഞ്ഞപ്പൂക്കളുമായി കണിക്കൊന്നകൾ വിഷുവിന്റെ ആഗമനം വിളിച്ചറിയിക്കുന്നു. കാറ്റു തൊടുമ്പോൾ പൂക്കളൊക്കെ കൊഴിഞ്ഞ് കണ്ണിനാനന്ദകരമായ കൗതുക കാഴ്ചയാവുന്നു.

മീനം രാശിയിൽ നിന്ന് സൂര്യൻ മേടം രാശിയിലേക്കു ചുവടുമാറ്റുന്നു, വിഷുക്കാലം. തുല്യദൈർഘ്യമുള്ള രാപ്പകലുകൾ.

ഇതേദിവസം നട്ടുച്ചയ്ക്ക് വെയിൽകൊണ്ടു നിൽക്കുന്ന ഒന്നിനും നിഴൽ കാണില്ലെന്ന് പഴമക്കാർ പറയും. ഉച്ചയ്ക്ക്, നല്ല വെയിലത്ത് വടികുത്തിവെച്ച് പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. ഞങ്ങൾ കുട്ടികൾ ഇത്, പണ്ട്, ഞങ്ങളുടെ കുട്ടിക്കാലം!

വർഷത്തിൽ രണ്ടു ദിവസം സൂര്യൻ നേരെ കിഴക്കുദിക്കുമെന്നും, അന്നേ ദിവസങ്ങളിൽ പകലും രാത്രിയും തുല്യമായിരിക്കുമെന്നും പണ്ടുള്ളവർ മനസ്സിലാക്കിയിരുന്നു. തുലാം ഒന്നും മേടം ഒന്നും ആണ് ആ രണ്ടു ദിനങ്ങൾ. തുലാത്തിലെ വിഷു ശരത്‌വിഷുവെന്നാണ് അറിയപ്പെടുന്നത്. മേടവിഷു വസന്ത വിഷുവാണ്.

മേടവിഷുവാണ് നമുക്ക് പ്രധാനം. ശാസ്ത്രീയമായി ഭാരതത്തിൽ സംവത്സരം തുടങ്ങുന്നത് മേടം ഒന്നിനാണെന്ന് പണ്ടേ അംഗീകരിക്കപ്പെട്ടിരുന്നു.

കർഷകന് വയലിലിറങ്ങുവാൻ മുന്നറിയിപ്പാണ് വിഷുക്കാലം. കാർഷിക സംസ്കൃതിയുടെ ഉപലബ്ധിയാത്രേ ഈ ദിനം.

വിളവിറപ്പും വിളവെടുപ്പുമെല്ലാം കേരളീയർ ഉത്സവംപോലെ ആഘോഷിച്ചിരുന്നു. 'വിഷുപ്പിറ്റേവിത' എന്നൊരു ചൊല്ലു തന്നെയുണ്ട്.

ആഘോഷങ്ങളും ഉത്സവങ്ങളും നമ്മുടെ സംസ്ക്കാരത്തിന്റെ മഹത്തരങ്ങളായ പ്രതീകങ്ങളാണ്. അത് ഒരുമയുടെയും നന്മയുടെയും സന്ദേശം നമ്മിലേക്ക് എത്തിക്കുന്നു.

ലോകത്തിന്റെ ഏതൊരു കോണിൽ ജീവിക്കുന്ന മലയാളിക്കും ഗൃഹാതുരതയുടെ ഓർമ്മകളും നൊമ്പരങ്ങളും, സമ്മാനിക്കുന്നു ഓരോ കേരളീയോത്സവവും.

വിഷുവിന് പ്രധാനം വിഷുക്കണിതന്നെ.

വീടുനുള്ളിലെ പൂജാമുറിയിൽ കാറൊളിവർണ്ണനായ ഉണ്ണിക്കണ്ണന്റെ അലങ്കരിച്ച വിഗ്രഹവും അതിനു മുന്നിൽ ഏഴു തിരിയിട്ട നിലവിളക്കും തേച്ചു മിനുക്കിയ ഓട്ടുരുളിയിൽ ഉണക്കലരി, ഉടച്ച നാളികേരം, വെള്ളരിക്ക, പഴവർഗ്ഗങ്ങൾ, ഒരു പിടി കൊന്നപ്പൂക്കൾ, പീഠത്തിൽ അലക്കിയ പുടവ, ചെപ്പ്, കണ്ണാടി വെള്ളി നാണയം, സ്വർണ്ണം, വെള്ളി ആഭരണം, എന്നിവ ആകർഷകമായി ഒരുക്കുന്നു. ഒരു വർണ്ണ ചിത്രത്തിലെന്നപ്പോലെ ഓരോന്നിനും നിയതമായ സ്ഥാനം നൽകി ഒരുക്കുമ്പോഴാണ് നല്ലൊരു കലാസൃഷ്ടിപോലെ കണിയൊരുക്കൽ മനോഹാരിത കൈവരിക്കുന്നത്.

കണി കാണുന്നതിന്റെ ഒരനുഭൂതി ഒന്നു വേറെ തന്നെയാണ്. വിഷുദിനത്തിൽ വെളുപ്പിന് ഉണർന്ന് നിലവിളക്കു കൊളുത്തി ചന്ദനത്തിരി കത്തിച്ചുവെച്ച് ഈ മംഗലവസ്തുക്കളെ കണികാണുന്നത് ആണ് വിഷുക്കണി. വിഷുക്കണി ദർശനം കേരളത്തിലെ ചെറുതും വലുതുമായ ക്ഷേത്രങ്ങളിലെല്ലാം അനുഷ്ഠിച്ചു വരുന്ന ആചാരമാണ്.

മനുഷ്യൻ മാത്രമല്ല കണികാണുന്നത്. തൊഴുത്തിലെ നാൽക്കാലികൾ, തൊടിയിലെ വൃക്ഷങ്ങൾ, മുറ്റത്തെ നായ, കൂട്ടിലെ കോഴി എന്നുവേണ്ട പ്രകൃതിയെ തന്നെയും ഗൃഹനാഥ കണിയുമായി ചെന്ന് കാണിക്കുന്നു.

കണികണ്ടു കഴിഞ്ഞാൽ കൈനീട്ടം. ഗൃഹനാഥ

ന്റെ കൈകളിൽ നിന്ന് വീട്ടിലുള്ളവർക്കെല്ലാം കൈനീട്ടം ലഭിക്കുന്നു. തലമുറകൾ തമ്മിലുള്ള ബന്ധം കാത്തുസൂക്ഷിക്കുന്ന പാരമ്പര്യത്തിന്റെ ഒരു തുടർച്ചയാണിത്.

നാട്ടിൻ പുറങ്ങളിൽ കർഷകൻ പണ്ടൊക്കെ വിഷുദിനത്തിൽ പച്ചക്കറികൾ, പഴങ്ങൾ തുടങ്ങിയവ കാഴ്ചയായി കൊണ്ടു ചെല്ലുകയും വീട്ടുകാർ അവർക്ക് വിഷുകൈനീട്ടത്തിനു പുറമേ അരി, എണ്ണ, വസ്ത്രം ഇവ നല്കുകയും ചെയ്യുന്ന രീതി ഉണ്ടായിരുന്നു. ഇന്നും ചിലയിടങ്ങളിൽ ഈ രീതീ തുടർന്നു പോവുന്നുണ്ട്.

കണിയൊരുക്കുമ്പോൾ കൊന്നപ്പൂക്കൾ ഉപയോഗിക്കുന്നതിന്റെ പ്രസക്തി വെളിവാക്കുന്ന ഒരു കഥ ഇപ്രകാരമുണ്ട്. കഥ കേൾക്കാൻ ഇഷ്ടമുള്ള കൂട്ടുകാരല്ലേ; കേട്ടോളൂ.-

ഉണ്ണിക്കണ്ണന്റെ കോവിലിൽ നിത്യപൂജ ചെയ്യുന്ന ഒരുണ്ണിനമ്പൂതിരിയുണ്ടായിരുന്നു. ഒരു ദരിദ്ര ഇല്ലത്തെ ഉണ്ണി. രോഗം വന്ന് അവശയായ അമ്മ മാത്രമായിരുന്നു അവന്റെയൊപ്പം ഇല്ലത്തുണ്ടായിരുന്നത്. ഇല്ലത്തിന്റെ ദയനീയ സ്ഥിതി നമ്പൂരിക്കുട്ടിയെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. ഉണ്ണിക്കണ്ണനോട് അവൻ തന്റെ തീരാദാരിദ്ര്യധർമ്മസങ്കടങ്ങളുടെ കഥയെല്ലാം പറഞ്ഞ് മനംനൊന്തു കരഞ്ഞിരുന്നു.

ഒരു നാൾ ഉണ്ണിയോടു ദയ തോന്നിയ കണ്ണൻ തന്റെ പൊന്നുകൊണ്ടുള്ള കിങ്ങിണി അരഞ്ഞാണം ഉണ്ണിക്കു നൽകി. സന്തോഷത്തോടെ ഉണ്ണി പൊന്നരഞ്ഞാണവുമായി വീട്ടിലെത്തി. അമ്മയോട് വിവരങ്ങളെല്ലാം പറഞ്ഞു.

മകൻ പറഞ്ഞതൊന്നും, പക്ഷേ അമ്മ വിശ്വസിച്ചില്ല. എവിടെനിന്നോ അരഞ്ഞാണം ഉണ്ണി മോഷ്ടിച്ചെടുത്തതാണെന്നു കരുതി അവനെ ശകാരിക്കുകയും ആഭരണം വാങ്ങി പുറത്ത് മുറ്റത്തേക്കു വലിച്ചെറിയുകയും ചെയ്തു. അന്നോളം ആ മുറ്റത്ത് പൂക്കാതെ നിന്ന കൊന്നമരത്തിന്റെ ചില്ലയിലേക്കാണ് പൊന്നരഞ്ഞാണം ചെന്നു വീണത്.

പിറ്റേന്ന് പുലർച്ചെ ഇല്ലത്തമ്മ മുറ്റത്തിറങ്ങി വന്നു നോക്കുമ്പോൾ കണ്ടത് കണ്ണന്റെ കിങ്ങിണി പോലെയുള്ള മഞ്ഞപ്പൂങ്കുലകൾ നിറഞ്ഞു നിൽക്കുന്ന കൊന്നമരമാണ്.

ഇനി എല്ലാ ചൈത്രമാസവും കൊന്നപ്പൂക്കൾ വിരിയുമെന്നും അത് കണികാണുന്നത് ഐശ്വര്യപ്രദമാണെന്നും - ഉടൻ അശരീരിയുണ്ടായി! കഥയെങ്ങനെ?

ഏതായാലും കൊന്നപ്പൂക്കൾ ഇല്ലാത്ത വിഷുക്കണി അപൂർണ്ണമാണെന്ന വിശ്വാസം അതോടെ മലയാളി മനസ്സുകളിൽ കയറിപ്പറ്റി.

കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നുള്ള വിഷുസദ്യ വിഷുനാളിനു സ്വന്തമായതാണ്. എല്ലാ ഗൃഹങ്ങളിലും വിഭവസമൃദ്ധമായ സദ്യ ഒരുക്കുക പതിവാണ്.

വിഷുവിപണി ഘോഷങ്ങളുടെ വിപണിയാണ്. പല ജാതി പടക്കങ്ങളും, മത്താപ്പും പൂത്തിരിയും മേശപ്പൂവും വിഷുച്ചന്തത്തിന് മാറ്റു കൂട്ടുന്നു. സദ്യയും ഇന്ന് വിപണി കൈയടക്കിയിരിക്കുന്നു. ഓർഡർ പ്രകാരം എല്ലാം വീട്ടിലെത്തുന്നു. ഉണ്ടെഴുന്നേറ്റു കൈകഴുകിയാൽ മാത്രം മതി. നമ്മൾ മലയാളികൾ.

വിഷുവിനെപ്പറ്റി പറയാത്ത, പാടിപ്പുകഴ്ത്താത്ത കവികൾ വിരളം. ഏറെ കവിതകൾ രചിച്ചിട്ടുള്ളത് മഹാകവി പി. കുഞ്ഞിരാമൻ നായരാണ്.

വിത്തും കൈക്കോട്ടും - മഹാകവിയുടെ പ്രധാന കൃതിയാണ്.

അതിൽ -

കാടിൻ മീത കണിക്കൊന്നപോലെ,

മേടമാസപ്പുലരി വരികെ............

- എന്ന് പറഞ്ഞിട്ടുണ്ട്.

വിത്തും കൈക്കോട്ടും എന്നു പാടിക്കൊണ്ട് വിഷുക്കാലത്ത് പറന്നെത്തുന്ന വിഷുപക്ഷികളെപ്പറ്റിയും കവിഹൃദയം പാടിയിട്ടുണ്ട്.

ഗ്രാമവൃക്ഷങ്ങളിൽ പറന്നിറങ്ങുന്ന, കുയിൽ വർഗ്ഗത്തിൽ പെട്ട ഈ പക്ഷികൾ നാടിന് കുളിർമ്മയേകിക്കൊണ്ട് ഇമ്പത്തിൽ പാടുന്നു.

നോക്കികാണാൻ വളരെ പ്രയാസമാണ് ഈ കിളികളെ. വൃക്ഷലതാദികൾക്കിടയിൽ മറഞ്ഞിരുന്നാണ് ഇവ പാടുക. ഇവയുടെ പാട്ടുമാത്രമേ നമുക്ക് കേൾക്കാനാവൂ.

'ചക്കയ്ക്കുപ്പുണ്ടോ, കഞ്ഞിയ്ക്കുപ്പില്ല

അച്ഛൻ കൊമ്പത്ത്, അമ്മ വരമ്പത്ത്.

കള്ളൻ ചക്കോട്ടു, കണ്ടാൽ മിണ്ടേണ്ടാ; കൊണ്ടു തിന്നോട്ടെ' - ഈ വക വായ്ത്താരികളാണ് ഇവ ഈണത്തിൽ പാടാറുള്ളത്.

മേലാകെ ചാരനിറവും ശരീരത്തിന്റെ ചുവടെ കുറുകെ കറുത്ത വരകളുമുള്ള ഈ പക്ഷി നമ്മുടെ ആവേശത്തെ ഉണർത്തി വിടാറുണ്ട് എന്നതത്രേ സത്യം.





ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലയളവിലാണ് ഇത്തരത്തിലുള്ള കുയിലുകൾ നമ്മുടെയൊക്കെ ഗ്രാമാന്തരങ്ങളിലെ വൃക്ഷശിഖരങ്ങളിൽ വന്നെത്താറുള്ളത്.

കേരളം വളരുന്നു എന്ന കാവ്യത്തിൽ മഹാകവി പാല വിഷുവിനെ അനുസ്മരിക്കുന്നതെങ്ങിനെയെന്നുനോക്കൂ.

വിഷുവും ചിരിച്ചു കൊ-

ണ്ടെത്തിടും നവീനമാം

കൃഷിതന്നുപോദ്ഘാതം

നമ്മളോടറിയിക്കാൻ....

പ്രകൃതിയാകെ ഇന്ന് മാറിപ്പോയി. പച്ചപ്പ് എന്നത് കേരളത്തിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന നേരനുഭവമാണ്. മലകളും മരങ്ങളും മനുഷ്യധ്വംസനത്തിനിരകളാകുന്നു. പുഴകളും ചോലകളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പക്ഷികളുടെ കളകളനാദത്തിന് കാതോർക്കുന്ന മലയാളിക്ക്, വീശിയടിക്കുന്ന ചൂടുകാറ്റിന്റെ ചൂളംവിളിയാണ് കേൾക്കുവാനാകുന്നത്.

കുടിവെള്ളംപോലും അന്യമാവുന്ന ഒരു കാലഘട്ടത്തിൽ പൂർവ്വകാലത്തിന്റെ നന്മയുടെ കഥകൾ ഓർത്തു പോവുകയാണ്......

ഈ കാലത്തും നമ്മുടെ കണ്ണും കരളും കവർന്നുകൊണ്ട് കർണ്ണികാര കന്യകൾ സ്വർണ്ണപ്പൂത്താലികളണിഞ്ഞു നിൽക്കുന്നുവെന്നത് പ്രകൃതിയുടെ കനിവിന്റെ, നിറവിന്റെ ഉത്തമോദാഹരണം തന്നെയല്ലേ ?

ആഘോഷവേളകളാണ് സുന്ദരമായ നമ്മുടെ പ്രതീക്ഷകൾക്ക്, പ്രത്യാശകൾക്ക് പ്രകാശത്തിന്റെ തിരിനാളങ്ങളാവുന്നത്. വേനലവധിയിലെ ഒത്തുചേരലുകളും ബന്ധങ്ങളുടെ സമാഗമങ്ങളും വിഷുവിനെ കൂടുതൽ ആകർഷകമാക്കുന്നു.

മീനച്ചൂടിൽ കരിഞ്ഞുപോയ സസ്യലതാദികൾക്കിടയിൽ പൂത്തുലഞ്ഞു പുഷ്പിച്ചു നിൽക്കുന്ന കണിമലർക്കൊന്ന പ്രത്യശയുടെ പ്രതീകമാണ്. വിഷുക്കണിയും കൈനീട്ടവും ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ദർശനമാകുന്നു.

കണിപാത്രത്തിൽ പണ്ട് വാണീദേവിയെ സങ്കൽപ്പിച്ച് താളിയോലഗ്രന്ഥവും സ്വർണ്ണമാലയും വെള്ളിപ്പണവും , കൊന്നപ്പൂമാലയും വച്ചിരുന്നതായി വള്ളത്തോളിന്റെ വിഷുക്കണി പോലുള്ള കവിതകളിൽ കാണാം.

ഒരു സ്നേഹസന്ദേശം പോലെ മലയാളത്തിന്റെ പ്രിയകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ മനോഹരവരികൾ ഹൃദയത്തിലേക്ക് ഒഴുകിയെത്തുന്നു. -

'ഏതു ധൂസര സങ്കൽപ്പങ്ങളിൽ വളർന്നാലും

ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും

മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വിശുദ്ധിയും

മണവും മമതയും ഇത്തിരിക്കൊന്നപ്പൂവും.'

ഏവർക്കും, എല്ലാ കൂട്ടുകാർക്കും സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ഒരു വിഷുക്കാലം ആശംസിക്കുന്നു.

# വിജയരഹസ്യം

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ഒരു രാജാവുണ്ടായിരുന്നു. രാജാവിന് ഒരു കണ്ണും ഒരു കാലുമില്ല. ഒരു നാൾ രാജാവുനൊരു മോഹമുദിച്ചു. തന്റെയൊരു ശിൽപം നിർമ്മിച്ചു കാണണമെന്ന് . കൂടുതലൊന്നും ചിന്തിക്കാൻ നിൽക്കാതെ അദ്ദേഹം തന്റെ മോഹം കൊട്ടാരം ശിൽപിമാരെ അറിയിച്ചു.

നമ്മുടെ മനോഹരാകൃതിയിലുള്ള ഒരു ശിൽപം തീർത്തു തരണം നിങ്ങൾ.

കേട്ടപാടെ ശിൽപികൾ ഞെട്ടി.

ഇത് സാഹസികമായ ഒരേർപാടാവും. സംശയമില്ല.

രാജന്റെ വൈകല്യങ്ങൾ ശിൽപത്തിൽ വരില്ലേ. അതു കാൺകെ, ഉടൻ നമ്മുടെ ഗളഛേദമാവും നടക്കുക.

ഏയ് ഇതു പറ്റിയ പണിയല്ലാട്ടോ. സ്ഥലം വിടുന്നതാവും ബുദ്ധി. -

ശിൽപികൾ പലരും പരസ്പരം പറഞ്ഞു.

രാവുക്കു രാവെ അവരെല്ലാം നാടു കടന്നു.

പിറ്റേന്ന് ഇതറിഞ്ഞ് രാജാവ് ദു:ഖിതനായി.

എന്ത്? നമ്മുടെ ശിൽപം ചെയ്യാൻ നിൽക്കാതെ ശിൽപികൾ നാടുവിട്ടു പോയെന്നോ? – അദ്ദേഹത്തിന് സങ്കടവും ദേഷ്യവും തോന്നി.

നാടു കടന്നുപോയവരെയൊക്കെ പിടിച്ചു കെട്ടികൊണ്ടു വരണം. രാജാവിന്റെ ഉഗ്രശാസന വന്നു.

അവരൊക്കെ എവിടെ പോയി ഒളിച്ചാലും നമ്മുടെ സേനാംഗങ്ങൾ അവരെ കണ്ടെത്തി കൈയ്യാമം വച്ചുകൊണ്ടു വന്നിരിക്കും രാജൻ! – സേനാധിപൻ രാജാവിന് ഉറപ്പു നൽകി.

അപ്പോൾ ഒരു ശിൽപി മുന്നോട്ടു വന്നു പറഞ്ഞു–

അവിടുത്തെ ശിൽപം ഞാൻ നിർമ്മിക്കാം പ്രഭോ. ഈയുള്ളവനെ വിശ്വസിച്ച് കുറച്ചു ദിനങ്ങൾ തന്നാലും.

രാജാവ് ആ ശിൽപിയെ സൂക്ഷിച്ചു നോക്കി.

ഭേഷ്, ഇവനാളു കൊള്ളാല്ലോ. ശരി. നീ നിർമ്മിച്ചോളൂ നമ്മുടെ മനോഹരാകൃതിയിലുള്ള ശിൽപം. നാലു വാരം നാം അതിനായി അനുവദിച്ചിരിക്കുന്നു. എന്താ പോരേ?

മതിയാവും രാജൻ. പക്ഷേയെങ്കിൽ അടിയന് ഒരു പന്ത്രണ്ടു വാരക്കാലം അനുവദിച്ചിരുന്നെങ്കിൽ കുറേക്കൂടി നന്നായിരുന്നു.

ശരി, അങ്ങിനെയെങ്കിൽ അങ്ങനെ. അപ്പോൾ പന്ത്രണ്ടു വാരക്കാലം അനുവദിച്ചിരിക്കുന്നു നാം നിനക്ക്. ഇക്കുറി കേട്ടുനിന്നവരാണു ഞെട്ടിയത്.

അവർ പരസ്പരം പിറുപിറുത്തു.

ഇവന്റെ കാര്യം പോക്കാ. ശിൽപം തീരുന്നതെടെ രാജാവ് ഇവന്റെ കഥ കഴിക്കും.

കണ്ടു തന്നെ അറിയണം കാര്യം – മന്ത്രിയുടെ ചുണ്ടുകൾ പിറുപിറുത്ത അങ്ങിനെയായിരുന്നു.

പിറ്റേന്നു മുതൽ ശിൽപി തന്റെ ജോലിയിലേർപ്പെട്ടു. മൂന്നു മാസക്കാലംകൊണ്ട് രാജശിൽപം പൂർത്തിയായി.

ഒരു കാൽ മടക്കി വെച്ച് ഒറ്റക്കാലിൽ നിന്ന് ഒരു കണ്ണടച്ചുപിടിച്ചുകൊണ്ട് ദൂരെ ഉന്നം നോക്കി വില്ലു കുലച്ചു നിൽക്കുന്ന രാജാവ്.!

ശിൽപം കണ്ട് രാജാവ് അതിയായി സന്തോഷിച്ചു. ശിൽപിയുടെ ഭാവന അദ്ദേഹം മുഗ്ദകണ്ഠം പ്രശംസിച്ചു.

അയാളെ അദ്ദേഹം കൊട്ടാരത്തിലെ മുഖ്യ ശിൽപിയായി പ്രഖ്യാപിച്ചു.

കുറവുകളെ മറ്റൊരു തരത്തിൽ കാണാൻ ആ ഒരു ശിൽപിക്കു കഴിഞ്ഞതാണ് അയാളുടെ വിജയരഹസ്യം.

**ലോകാനുന്മദയൻ ശ്രുതീർമ്മുഖരയൻ**
**ക്ഷോണിരുഹാൻ ഹർഷയൻ**
**ശൈലാൻ വിദ്രവയൻ മൃഗാൻ വിവശയൻ**
**ഗോവൃന്ദമാനന്ദയൻ**
**ഗോപാൻ സംഭ്രമയൻ മുനിൻ മുകളയൻ**
**സപ്തസ്വരാൻ ജൃംഭയ –**
**ന്നോങ്കാരാർത്ഥമുദീരയാൻ വിജയതേ**
**വംശീനിനാദഃ ശിശോഃ**


*– ലീലാശുകൻ, ശ്രീകൃഷ്ണകർണ്ണാമൃതം*

ലോകത്തെ മദിപ്പിച്ച്, കർണ്ണങ്ങളിൽ ശബ്ദങ്ങൾ നിറച്ച്, വൃക്ഷങ്ങളെ സന്തോഷിപ്പിച്ച്, പർവ്വതങ്ങളെ അലിയിച്ച്, മൃഗങ്ങളെ (ആനന്ദ) വിവശരാക്കി, പശുക്കൂട്ടങ്ങൾക്ക് ആനന്ദം നൽകി, ഗോപന്മാരെ സംഭ്രമിപ്പിച്ച്, മുനിഹൃദയങ്ങളെ മുകളിതങ്ങളാക്കി സപ്തസ്വരങ്ങളെ ഉജ്ജീവിപ്പിച്ച്. ഓങ്കാരാർത്ഥത്തെ വിശദമാക്കിക്കൊണ്ടു ഉണ്ണിക്കൃഷ്ണന്റ മുരളീനാദം വിജയിക്കുന്നു.





രാഗപരിചയം



# തിലംഗ്

ഡോ. ജയലക്ഷ്മി നന്ദകുമാർ

ഹിന്ദുസ്ഥാനി സംഗീതത്തിൽ നിന്നും കർണ്ണാടക സംഗീതത്തിലേക്കു സ്വീകരിച്ച ഒരു ദേശ്യരാഗമാണ് തിലംഗ്. 28 ാമത്തെ മേള കർത്താ രാഗമായ ഹരികാംബോജിയുടെ ജന്യരാഗമാണിത്. സന്തോഷം, ഉത്സാഹം, അനുകൂല ഊർജ്ജം തുടങ്ങിയവ പ്രദാനം ചെയ്യുന്ന രാഗം കൂടിയാണ് തിലംഗ്.

ആരോഹണം ഃ സ ഗ മ പ നി സ

അവരോഹണം ഃ സ നി പ മ ഗ സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, കൈശികി നിഷാദം, കാകളി നിഷാദം.

ആരോഹണത്തിൽ കാകളി നിഷാദവും അവരോഹണത്തിൽ കൈശികി നിഷാദവും വരുന്നു. സ്വന്തം മേളകർത്താ രാഗമായ ഹരികാംബോജിയിൽ ഇല്ലാത്ത കാകളി നിഷാദം അന്യസ്വരമായി വരുന്നതു കൊണ്ട് തിലംഗ് ഒരു ഭാഷാംഗ രാഗമാണ്.

കർണ്ണാടക സംഗീതത്തിൽ അധികം കൃതികൾ ഈ രാഗത്തിലില്ല. രാഗത്തിന്റെ പ്രകൃതം അനുസരിച്ച് ലളിതമായ കീർത്തനങ്ങൾക്കും ചലച്ചിത്ര ഗാനങ്ങൾക്കും യോജിച്ച രാഗമാണിത്. ചലച്ചിത്ര ഗാനങ്ങളിൽ പലപ്പോഴും മറ്റു രാഗങ്ങളുടെ സ്വരങ്ങൾ ഉൾപ്പെടുത്തി മിശ്രതിലംഗ് ആയിട്ടാണ് വരുന്നത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | ശ്രീഗണേശ ശരണം | ആദി | പാപനാശം ശിവൻ |
| 2. | ശാന്തി നിലവ വേണ്ടും | ആദി | സേതുമാധവ റാവു |
| 3. | കണ്ണൻ കുഴലോശൈ | ആദി | അംബുജം കൃഷ്ണ |
| 4. | ധീം ധീം ത ഉദനധീം ധീം (തില്ലാന) | ആദി | ലാൽഗുഡി. ജി. ജയരാമൻ |
| 5. | പ്രഭോ ഗണപതേ | ആദി | അഗസ്ത്യർ |

## ചലച്ചിത്രഗാനങ്ങൾ


| | | |
|---|---|---|
| 1. | നീലനിശിഥിനി | സി. ഐ. ഡി. നസീർ |
| 2. | പാതിരാമഴയേതോ | ഉള്ളടക്കം |
| 3. | രാത്തിങ്കൾ പൂത്താലി | ഈ പുഴയും കടന്ന് |
| 4. | ആരോടും മിണ്ടാതെ | ചിന്താവിഷ്ടയായ ശ്യാമള |
| 5. | ശ്രുതിയമ്മ ലയമച്ഛൻ | മധുരനൊമ്പരക്കാറ്റ് |
| 6. | ജഗമൊരു നാടകശാല | സ്ത്രീ |
| 7. | കൃഷ്ണാ ഹരേ ജയ | ചട്ടക്കാരി |
| 8. | ഭജരേ മാനസഗോപാലം | ശ്രീഗുരുവായൂരപ്പൻ |
| 9. | മനതിലുരുതി വേണ്ടും | സിന്ധുഭൈരവി (തമിഴ്) |
| 10. | യദുനന്ദനാ ഗോപാല | മീര (തമിഴ്) |
| 11. | ഇൻട്ര് പോയ് നാളൈവാരായ് | സമ്പൂർണ്ണ രാമായണം (തമിഴ്) |
| 12. | അഴകൻ മുരുകനിടം ആസൈ | പഞ്ചവർണ്ണക്കിളി (തമിഴ്) |
| 13. | ഇത്നാ തോ യാദ്ഹെമുജേ | മെഹ്ബൂബ് കി മെഹന്തി (ഹിന്ദി) |
| 14. | ഗോരി ഗോരി ഗാവോം കി ഗോരിരേ | യേ ഗുലിസ്ഥാൻ ഹമാരാ (ഹിന്ദി) |

വാസ്തു



# കന്നിമൂലയും കിണറും ഗേറ്റും

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)




കഴിഞ്ഞ ദിവസം ഒരു വീട്ടിൽ പോയപ്പോൾ കിണർ മൂടുന്നതായി കണ്ടു. വീട്ടിൽ ചെറിയ ഒരു വാഹനാപകടം ഉണ്ടായതിനെ തുടർന്ന് ജ്യോത്സ്യനെ കാണുകയും ജ്യോത്സൻ പറഞ്ഞതനുസരിച്ച് വാസ്തു നോക്കുന്ന ആളെ കാണുകയുമായിരുന്നു. വാസ്തു നോക്കുന്ന ആൾ വീടിനു പ്രത്യകിച്ച് ദോഷമൊന്നും കണ്ടില്ല. പറമ്പിന്റെ കന്നിമൂലയിൽ നിന്നും കിണർ മാറ്റി വടക്കു കിഴക്കെ മൂലയിൽ കുത്തുന്നതിനായി സ്ഥാനം നിശ്ചയിച്ചു കൊടുത്തു. കൂടാതെ കന്നിമൂലയിൽ നിന്നു ഗേറ്റ് മാറ്റി സ്ഥാപിക്കുന്നതിന് സാങ്കേതികമായി വളരെ ബുദ്ധിമുട്ടുള്ളതുകൊണ്ട് അതു നോക്കുന്നതിനു വേണ്ടിയാണ് എന്നെ വിളിച്ചതും ഞാൻ പോയതും. വീടിന്റെ മുഖം കിഴക്കോട്ടാണ്. പടിഞ്ഞാറുവശത്തുള്ള റോഡ് വടക്കോട്ട് നല്ല ചരിവാണ്. അതുകൊണ്ട് ഗേറ്റുമാറ്റുന്ന കാര്യം സാധ്യമല്ല. ആയതിനാൽ കിണറും ഗേറ്റും അവിടെത്തന്നെ നിറുത്തി കിണറിനും, വീടിനുമിടയിൽ ചിത്രത്തിൽ കാണുന്നതുപോലെ A to B. B to C 24 cm ഉയരം വീടിനു സമാനമായി ഒരു കുട്ടി മതിൽ പണിയണം. ഇപ്പോൾ കിണറും, ഗേറ്റും വേറെ പറമ്പിലായി. വീടിന്റെ തെക്കുപടിഞ്ഞാറെ മൂല പറമ്പ് അടയുകയും ചെയ്തു. യാതൊരു കാരണവശാലും പറമ്പിന്റെ തെക്കുപടിഞ്ഞാറെ മൂല തുറന്നു കിടക്കരുത്. ഇതോടെ മൂടാൻ തുടങ്ങിയ കിണർ വീണ്ടും തുറക്കുകയും, വടക്കുകിഴക്കെ മൂലയിൽ പുതിയ കിണർ കുത്താനുള്ള തീരുമാനം ഉപേക്ഷിക്കുകയും ചെയ്തു.


കിണറ്, ഗേറ്റ്, ടോയ്‌ലറ്റ് എന്നിവയുടെ കാര്യത്തിൽ തിരക്കുപിടിച്ച് തീരുമാനം എടുക്കുന്നതിനുമുമ്പ് ശാസ്ത്രീയവശം കൂടി ചിന്തിക്കുന്നത് നല്ലതാണ്. മകരം ഒന്ന് ഉത്തരായന കാലം മുതൽ രാവിലെ 4.30 മുതലുള്ള സൂര്യകിരണങ്ങൾ പറമ്പിന്റെ തെക്കു പടിഞ്ഞാറെ മൂലയിലെത്തും. അവിടെ ഗേറ്റ്, കിണർ, വെള്ളം എന്നിവ ഉണ്ടായാൽ അതു തിരിച്ച് വീട്ടിലേക്കു വരാതെ നഷ്ടപ്പെടുന്നതായിരിക്കും.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# ചക്കുളത്തുകാവ് ഭഗവതീക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



പുരാണങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പുണ്യസ്ഥലങ്ങളെപ്പോലെ സദാ ദേവീ ചൈതന്യം നിറഞ്ഞു നില്ക്കുന്ന ഒരു പുണ്യസ്ഥലമാണ് ചക്കുളത്തു കാവ്. പമ്പയാറും മണിമലയാറും സംഗമിക്കുന്ന പുണ്യഭൂമിയാണ് ചക്കുളത്തു കാവ്. പ്രകൃതിയുടെ സംപുഷ്ടിയാണ് പ്രപഞ്ചനിലനില്പിന്റെ ആധാരം. പ്രകൃതിയുടെ സമ്പന്നതയും സന്തുലിതാവസ്ഥയും നിലനിർത്തുന്നതിൽ കാവുകൾ മുഖ്യപങ്കു വഹിക്കുന്നു. ദേവചൈതന്യസങ്കല്പമുള്ള കാവുകളെ പ്രകൃതി ദേവതയായും പ്രകൃതിമാതാവായും ജഗദംബയായും സങ്കല്പിക്കുന്നു. കാവുകളുടെ അധിദേവതകളെ പ്രീതരാക്കുമ്പോഴാണ് കാവുകൾ ദേശത്തിന്റെ ക്ഷേമൈശ്വര്യങ്ങൾക്കു കാരണമാകുന്നത്. ദേവചൈതന്യം കുടികൊള്ളുന്ന സ്ഥലങ്ങളെല്ലാം ഭൂമിയിലെ പുണ്യസ്ഥലങ്ങളാണ്. അലപ്പുഴ ജില്ലയുടെ ഭാഗമായ കുട്ടനാടിന്റെ സമീപപ്രദേശമായ തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്താണ് ചക്കുളത്തുകാവ് സ്ഥിതിചെയ്യുന്നത്. പത്തനംതിട്ടജില്ലയുടെയും ആലപ്പുഴജില്ലയുടെയും അതിർത്തിഗ്രാമമാണിത്. ചെമ്പകശ്ശേരിരാജാക്കന്മാരുടെ കാലം മുതൽ തന്നെ പ്രസിദ്ധിയാർജ്ജിച്ച പ്രദേശമാണ് ചക്കുളത്തുകാവ്. ഈ പ്രദേശവാസികളധികവും കുട്ടനാടിന്റെ കാർഷികപാരമ്പര്യം നിലനിർത്തിയിരുന്ന കർഷകരുടെ പിൻതലമുറക്കാരാണ്.

ഇന്നത്തെ ചക്കുളത്ത്കാവ് പ്രദേശത്തിന്റെ പണ്ടത്തെ അവസ്ഥ ഭയാനകമായിരുന്നു. കൊടുംകാടായിരുന്നു ഇവിടം നട്ടുച്ചക്കുപോലും സൂര്യരശ്മി കടന്നു വരാത്ത നിബിഡവനമായിരുന്നു. ഇവിടേക്ക് ആരും കടന്നുവരുമായിരുന്നില്ല. ഒരിക്കൽ ഒരു വേടൻ തന്റെ ഭാര്യയോടും കുട്ടികളോടുമൊപ്പം ഈ കാട്ടിൽ വിറക് ശേഖരിക്കുവാൻ എത്തി. കാട്ടിലൂടെ നടന്ന വേടൻ തന്റെ നേരെ ഒരു സർപ്പം ചീറി അടുക്കുന്നതു കണ്ടു. വേടൻ തന്റെ ആയുധം കൊണ്ട് ആ സർപ്പത്തെ വെട്ടി. വെട്ടുകൊണ്ട് സർപ്പം ചത്തുപോകുമെന്ന് വേടൻ കരുതി. എന്നാൽ സർപ്പം പെട്ടെന്ന് അവിടെനിന്നും അപ്രത്യക്ഷമായി. ഇതുകണ്ട വേടൻ സർപ്പത്തെ

അന്വേഷിച്ച് കണ്ടെത്തി അതിനെ കൊല്ലാൻ തന്നെ തീരുമാനിച്ചു.സർപ്പത്തെ അന്വേഷിച്ച് നടന്ന വേടൻ കാട്ടിനുള്ളിലായി ഒരു കുളവും കുളത്തിന്റെ കരയിലായി ഒരു പുറ്റും കണ്ടെത്തി. അടുത്ത് ചെന്ന് നോക്കുമ്പോൾ വേട്ടു കൊണ്ട സർപ്പം ഈ പുറ്റിനുമുകളിൽ കിടക്കുന്നതും കണ്ടു. വേടൻ വീണ്ടും സർപ്പത്തെ വെട്ടി. വേടന്റെ വെട്ടു കൊണ്ട് പുറ്റിൽ നിന്നും ജലപ്രവാഹമുണ്ടാവുകയും സർപ്പം വീണ്ടും അപ്രത്യക്ഷമാവുകയും ചെയ്യ്തു. വെട്ടു കൊണ്ട സർപ്പം ഇരുന്ന ഭാഗത്ത് ഒരു ചോരപാട് മാത്രമേ വേടന് കാണാൻ കഴിഞ്ഞുള്ളു. പെട്ടെന്ന് ഒരു സന്യാസി വേടനുമുന്നിൽ പ്രത്യക്ഷപ്പെട്ടു, വേടനോട് ആ സർപ്പത്തെ നിങ്ങൾ ഭയപ്പെടേണ്ട. ഇവിടം സാക്ഷാൽ പരാശക്തി കുടികൊള്ളുന്ന സ്ഥലമാണ്. ഇവിടെ കാണുന്ന പുറ്റ് ഉടച്ചു നോക്കികൊള്ളു ഈ പുറ്റിനുള്ളിൽ ആരൂപിയായ ഒരു വിഗ്രഹം കാണാം. ആ വിഗ്രഹത്തെ ആരാധിച്ചാൽ നിങ്ങൾക്കും നാടിനും സർവ്വൈശ്വര്യങ്ങളും ലഭിക്കുമെന്ന് അറിയിച്ചു. സന്യാസി തന്നെ ചിതൽപുറ്റ് ഉടച്ച് വിഗ്രഹം പുറത്തെടുത്തു അവിടെ തന്നെ പ്രതിഷ്ഠിച്ചു. വേടനും കുടുംബവും ആ വിഗ്രഹത്തിന് മുമ്പിൽ നമസ്കരിച്ചു. ഈ കുളത്തിലെ വെള്ളത്തിന് പാലും തേനും കലർന്ന നിറമുണ്ടാകുമ്പോൾ ഇവിടുത്തെ ജലപ്രവാഹം നിലക്കും. ഈ പുറ്റിനുള്ളിൽ വസിക്കുന്ന പരാശക്തി ജലശയനം നടത്തുന്നതുകൊണ്ടാണ് ജലത്തിന് ഈ നിറം ഉണ്ടാകുന്നത് ഇത്രയും പറഞ്ഞ സന്യാസി അവിടെ നിന്ന് അപ്രത്യക്ഷനാവുകയും ചെയ്യ്തു വേടൻ പൂക്കളും മാലകളും ചാർത്തി. അന്നു രാത്രി അവർ അവിടെ തന്നെ കഴിഞ്ഞു. രാത്രിയായപ്പോൾ വേടന് സ്വപ്നദർശനമുണ്ടായി. സന്യാസി രൂപത്തിൽ തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത് സാക്ഷാൽ നാരദ മഹർഷിയായിരുന്നു എന്നും അദ്ദേഹം പറഞ്ഞതുപോലെ ദേവിയെ ആരാധിച്ചാൽ സർവ്വമംഗളങ്ങളും ഉണ്ടാകുമെന്നും കണ്ടു. പിന്നിട് അറിഞ്ഞും കേട്ടും ധാരാളം ആളുകൾ ഇവിടേക്കെത്തുകയും ദേവിയെ ആരാധിക്കുകയും ചെയ്തു

വനത്തിനുള്ളിൽ സന്യാസി പ്രതിഷ്ഠ നടത്തിയ അന്നു മുതൽ വേടനും വേടത്തിയും നിത്യവും ദേവിക്കു നിവേദ്യങ്ങളും സമർപ്പിച്ചിരുന്നു. ഘോരവനത്തിൽ ക്ഷേത്രോത്ഭവത്തിന് കാരണക്കാരായ വേടനും വേടത്തിക്കും ഒരു ദിവസം ദേവിക്ക് നിവേദ്യങ്ങളൊന്നും തയ്യാറാക്കി നൽകുവാൻ സാധിച്ചില്ല. അന്ന് അവർ ദേവിയുടെ മുന്നിലെത്തി ക്ഷമാപണം നടത്തി പ്രാർത്ഥിച്ചു. പിന്നീട് ആഹാരം പാകം ചെയ്യുവാനായി ചെന്ന അവർക്ക് അത്ഭുതകരമായ അനുഭവമാണുണ്ടായത്. പാത്രങ്ങൾ നിറയെ ചോറും കറികളും ഇരിക്കുന്നതാണ് അവർ കണ്ടത് ഇത് കണ്ട് അവർ അമ്മയെ പ്രാർത്ഥിച്ചു. ഈ സമയം ഞാൻ നിങ്ങൾക്ക് വേണ്ടി തയ്യാറാക്കിയതാണ് ഈ ഭക്ഷണം. നിങ്ങളുടെ ഭക്തിയിൽ ഞാൻ സന്തുഷ്ടയാണ്, എന്നാരോ പറയുന്നതായി അവർക്കനുഭവപ്പെടുകയും ചെയ്യ്തു.

വേടനും കുടുംബവും കുറെക്കാലം അവിടെത്തന്നെ ദേവിയെ ആരാധിച്ചു കൊണ്ട് കഴിഞ്ഞുപോന്നു. പിന്നീട് അവർ എങ്ങോട്ട് പോയി എന്ന് ആർക്കും ഒരു അറിവുമില്ല. നാരദമഹർഷി പ്രതിഷ്ഠിച്ച ദേവീചൈതന്യമാണ് ചക്കുളത്ത്കാവിൽ കുടികൊള്ളുന്നത്. ഈ മൂലസ്ഥാനത്തിനടുത്തുതന്നെയാണ് ചക്കുളത്ത് കാവ് ദേവിക്ഷേത്രം സ്ഥിതിചെയ്യുന്നത്. കുളക്കരയിൽ  പുറ്റിൽ കണ്ട വിഗ്രഹം കുളത്തിൽ തന്നെ കുളം നികത്തിക്ഷേത്രം പണിതു പ്രതിഷ്ഠിച്ചതാണ് ഇന്നത്തെ ചക്കുളത്തുകാവ് ദേവിക്ഷേത്രം. പുറ്റിൽ നിന്ന് ഉത്ഭവിച്ച ചക്കുളത്തു കാവിലമ്മയുടെ പുജാദികർമ്മങ്ങൾ നടത്തിപോരുകയും ചെയ്തു ദേവിയുടെ മൂലസ്ഥാനവും ക്ഷേത്രത്തിനുതൊട്ടടുത്തു തന്നെ കാണാവുന്നതാണ്. വേടനും വേടത്തിയും നിവേദ്യം സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ അനുസ്മരണമെന്നപോലെ ഭക്തജനങ്ങൾ അമ്മയെ പ്രാർത്ഥിച്ച് നിവേദ്യങ്ങൾ സമർപ്പിക്കുന്നു. വേടനും വേടത്തിയും നടത്തിയ നിവേദ്യ സമർപ്പണമാണ് പ്രസിദ്ധമായ ചക്കുളത്ത്കാവിലെ പൊങ്കാല സമർപ്പണമെന്നത്. നാടും നഗരവും യജ്ഞശാലയായി മാറുന്ന പുണ്യമുഹൂർത്തമാണ് ചക്കുളത്തുകാവ് പൊങ്കാല.  ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ദേവിക്കു നിവേദിക്കുവാനായി ഭക്തജനങ്ങൾ പൊങ്കാല കലങ്ങളിൽ അരിയിടുന്നു. ഈ അരി തിളച്ചുപൊന്തി കലത്തിന് പുറത്തേക്ക് തൂവുന്നു. ഇതോടെ ഭക്തജനങ്ങളുടെ മനസ്സിലെ അഹം എന്നഭാവം ഇല്ലാതാകുന്നു എന്ന് വിശ്വസിക്കുന്നു അങ്ങനെ ശുദ്ധമനസ്സോടെ ദേവിക്ക് നിവേദ്യം സമർപ്പിച്ച് അനുഗ്രഹം നേടുന്നു. സഹസ്രനാമങ്ങളുച്ചരിച്ച് ദേവിയെ പ്രാർത്ഥിക്കുന്നതിലൂടെ, അർത്ഥപൂർണ്ണമായ നാമങ്ങളുച്ചരിക്കുന്നതിലൂടെ ഭക്തരിൽ ദേവിയുടെ അനുഗ്രഹം രക്ഷാകവചമായി ഭവിക്കുന്നു.

3500 ഓളം വർഷങ്ങൾക്കുമുമ്പ് നാരദമഹർഷി പുറ്റുടച്ച് പുറ്റിൽ കണ്ട ശിവലിംഗരുപത്തിലുള്ള വിഗ്രഹം പ്രതിഷ്ഠിച്ച ദേവസ്ഥാനം ഇന്ന് ഒരു നാടിന്റെ പ്രമുഖ ആരാധനാലയമായി മാറി, ചിതൽ പുറ്റിൽ വിഗ്രഹത്തോടൊപ്പം നീര് ഏറ്റിവരുന്ന സ്ഥലം നീരേറ്റുപുറം എന്നറിയപ്പെട്ടു. പുറ്റിൽ നിന്നും ഒഴുകി കുളത്തിലെത്തിയ വെള്ളത്തിന് പാലും തേനും കലർന്ന നിറവും ചക്കരയുടെ സ്വാദുമുണ്ടായിരുന്നു.ചക്കരയുടെ സ്വാദുള്ള ജലം നിറഞ്ഞകുളം ചക്കരക്കുളം എന്നറിയപ്പെട്ടു. പിന്നീട് ചക്കുളമായി, കരുണാമൃതരൂപിണിയായി, അഷ്ടഐശ്വര്യരൂപിണിയായി, ശക്തിസ്വരൂപിണിയായി ദേവി ചക്കുളത്ത് കുടികൊള്ളുന്നു.

വേടനും കുടുംബവും അപ്രത്യക്ഷമായ ശേഷം എങ്ങുനിന്നോ ഒരു ബ്രഹ്മണപുജാരി ചക്കുളത്ത് കാവിലെത്തി അദ്ദേഹം ദേവിക്ക് വേണ്ട പൂജാതികളെല്ലാം നടത്തുകയും ചെയ്തിരുന്നു. അദ്ദേഹം തന്റെ പൂജാവേളകളിലെല്ലാം വിദ്യയും ഭക്തിയും നൽകി അനുഗ്രഹിക്കേണമേ എന്നായിരുന്നു ദേവിയോട് പ്രാർത്ഥിച്ചിരുന്നത്. ഭക്തിയോടു കൂടി ദേവിയെ പൂജിച്ച് പ്രാർത്ഥിച്ചിരുന്ന അദ്ദേഹം ദേവിയുടെ പ്രഭാവലയത്തിൽ വിലയം പ്രാപിച്ചു അദ്ദേഹത്തെ പിന്നീട് ആരും കണ്ടിട്ടില്ല. ചക്കുളത്ത്കാവിലമ്മയുടെ ആദ്യ പുജാരിയാകുവാൻ ഭാഗ്യം സിദ്ധിച്ച ആ ബ്രഹ്മണശ്രേഷ്ഠനെ സാളഗ്രാമത്തിലാവാഹിച്ച് ബ്രഹ്മരക്ഷസ്സായി ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു.  മന്ദസ്മിതരൂപിണിയായ ചക്കുളത്തമ്മ അദ്ദേഹത്തിനുമുന്നിൽ പ്രത്യക്ഷപ്പെടുമായിരുന്നു എന്നും വിശ്വസിച്ചിരുന്നു.

1981 ൽ പുനരുദ്ധാരണം നടത്തിയതും വനദുർഗ്ഗാസ്വരൂപിയായ മൂലവിഗ്രഹത്തോടൊപ്പം അഷ്ടബാഹുക്കളോട് കൂടിയ വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നതുമാണ് ഇന്ന് കാണുന്നത്. ശിവൻ, ശാസ്താവ്. ഗണപതി, നാഗദേവതകൾ, നവഗ്രഹങ്ങൾ എന്നീ ഉപദേവതാപ്രതിഷ്ഠകളും ഈ ക്ഷേത്രത്തിൽ ഉണ്ട്. ദേവിയുടെ ശ്രീകേവിൽ സ്ഥാനത്ത്നിന്നും അല്പം അകലെയായി പ്രത്യേക ശ്രീകേവിലിൽ സാമാന്യം വലിയ ഒരു ഹനുമാൻ പ്രതിഷ്ഠയും കാണുന്നുണ്ട്. സരസ്വതി, ലക്ഷ്മി, ദുർഗ്ഗ, പാർവ്വതി, ചണ്ഡിക, ഭദ്ര എന്നീ ആറു ഭാവങ്ങളിലാണ് ദേവി ചക്കുളത്തുകാവിൽ കുടികൊള്ളുന്നത്. സർവ്വാഭിഷ്ടവരദായിനിയായ അമ്മയുടെ തിരുസന്നിധിയിൽ സ്ത്രീകളെ ദേവിയായി സങ്കല്പിച്ച് നാരീപുജനടത്തപ്പെടുന്നു. നാരി നാരായണിയാകുന്ന തിരുസന്നിധിയിലാണ് നീരേറ്റുപുറം ചക്കുളത്ത്കാവ് ഭഗവതീക്ഷേത്രം. സ്ത്രീയിൽ ഈശ്വരാംശം കല്പിക്കുന്ന വിശ്വാസപ്രമാണം നിലനിൽക്കുന്ന ഒരു ക്ഷേത്രസങ്കേതമാണിത്. സ്ത്രീയെ ആദരിച്ചാൽ ശാന്തിയും അനാദരിച്ചാൽ അശാന്തിയുമാണ് ഫലം എന്ന ഭാരതീയ സംസ്കാരത്തിന്റെ മഹത് സന്ദേശം ഉയർത്തി കാട്ടുന്നതാണ് നാരീപൂജ എന്നത്.

ദേവേന്ദ്രന് പോലും സത്യസാക്ഷാത്കാരത്തിന് മാർഗ്ഗദർശിയായതു ദേവീരൂപമായിരുന്നു എന്നത് നാരീസങ്കല്പത്തിന്റെ മഹത്വമാണ് കാട്ടുന്നത്. നാരീപൂജയിലൂടെ ശക്തിസ്വരൂപിണിയും ഐശ്വര്യദായിനിയുമായ ദേവിയുടെ സാന്നിദ്ധ്യത്തെ വണങ്ങുന്ന ഈ കർമ്മം സമൂഹനന്മയെ ലക്ഷ്യമാക്കിയാണ് നടത്തുന്നത്. വൃശ്ചികത്തിലെ കാർത്തിക ദിവസമാണ് ചക്കുളത്തുകാവിൽ പൊങ്കാല നടക്കുന്നത്. കാർത്തിക ദിവസം വൈകിട്ടു കാർത്തിക സ്തംഭം കത്തിക്കും. വളരെ ഉയരമുള്ള ഒരു തൂണിൽ ഉണങ്ങിയ വാഴയിലയും കമുകിന്റെ ഓലകളും തെങ്ങിന്റെ ഓലകളും  ഇലഞ്ഞിമരത്തിന്റെ ചില്ലകളും പടക്കവും ദേവിയുടെ പഴയ ഉടയാടകളും കെട്ടി തയ്യാറാക്കുന്നതാണ് കാർത്തിക സ്തംഭം.

കാർത്തിക സ്തംഭത്തെ തിന്മയുടെ പ്രതീകമായാണ് സങ്കൽപിക്കുന്നത്. തിന്മയുടെ പ്രതീകമായ ഈ തൂണിലേക്ക് സർവ്വ പാപങ്ങളെയും സർവ്വദോഷങ്ങളേയും ആവാഹിക്കുന്നു അതിനു ശേഷം ദേവിയെ പുറത്തേക്കെഴുന്നള്ളിച്ച്  കാർത്തികസ്തംഭത്തിനെ അഗ്നിക്കിരയാക്കുന്നു. ഈ സമയം ക്ഷേത്രത്തിലും ക്ഷേത്രപരിസരങ്ങളിലും എല്ലാ വിളക്കുകളും തെളിയിക്കുന്നു. തിന്മയുടെ മേൽ നന്മ ആധിപത്യം  സ്ഥാപിക്കുന്നു എന്നതാണ് ഇതിന് പിന്നിലെ സങ്കൽപം. ജാതിയുടേയോ മതത്തിന്റേയോ വർഗ്ഗവർണ്ണ വ്യത്യാസങ്ങളുടേയോ വേലിക്കെട്ടുകളൊന്നും ഈ ക്ഷേത്രത്തിലില്ല ദേവി ഭക്തരായ എല്ലാ ഭക്തജനങ്ങളേയും ഇവിടേയ്ക്കു സ്വാഗതം ചെയ്യുന്നു. ചക്കുളത്ത്കാവിലമ്മയുടെ മുന്നിൽ സന്താന സൗഭാഗ്യത്തിനായി പ്രാർത്ഥിച്ചാൽ അതിശയകരമായ ഫലമാണ് ലഭിക്കുക എന്നാണ് ഭക്തജനവിശ്വാസം.

ചക്കുളത്ത്കാവിലമ്മയുടെ തിരുനടയിൽ മദ്യലഹരിക്കടിപ്പെട്ടവരെ രക്ഷിക്കുന്നതിനായി ആദ്ധ്യാത്മികതലത്തിൽ ഒരു വലിയ പോരാട്ടം തന്നെ നടക്കുന്നുണ്ട്. ലഹരിപദാർത്ഥങ്ങൾക്കടിപ്പെട്ട് വഴിയാധാരമാകുന്ന നിരവധി ആളുകളും നരകതുല്യജീവിതം നയിക്കുന്ന അവരുടെ കുടുംബങ്ങളും അമ്മയുടെ തിരുനടയിൽ വന്ന് പ്രാർത്ഥിക്കാറുണ്ട്. മലയാളമാസത്തിലെ ആദ്യ വെള്ളിയാഴ്ചകളിലാണ് ഈ ദേവിസന്നിധിയിൽ ലഹരിവിമുക്തിക്കുള്ളപ്രത്യേക പ്രാർത്ഥനകളും മറ്റും നടക്കുന്നത്. ആ ദിവസം ദേവിയെ പുറത്തേക്കെഴുന്നള്ളിച്ചിരുത്തും. ലഹരിക്കടിപ്പെട്ടവർ ഈ സമയം ദേവിയുടെ തിരുവായുധം തൊട്ട്പ്രാർത്ഥിച്ചുപ്രതിജ്ഞയെടുക്കുന്നു.അമ്മയുടെ അനുഗ്രഹത്താൽ എത്രയോ കുടുംബങ്ങൾ ഇങ്ങനെ രക്ഷ പ്രാപിച്ചിട്ടുണ്ട്.

ഭക്തിയുടെ പര്യായമായ നാരദമഹർഷിയാൽ പ്രതിഷ്ഠിതമായ ഈ ക്ഷേത്രത്തിലെ ദേവി ചൈതന്യം നാടിന് ഐശ്വര്യം വാരിതൂകി ഭക്തജനങ്ങളെ സംരക്ഷിക്കുന്നു. ചക്കുളത്തുകാവിലമ്മയുടെ അനുഗ്രഹങ്ങൾക്കായി ഭക്തിപൂർവ്വം പ്രാർത്ഥിച്ചു കൊണ്ട് തൃപ്പാദങ്ങളിൽ ഈ ക്ഷേത്രവിവരണം സമർപ്പിച്ചു കൊള്ളുന്നു.



# ഭഗവദ്ഗീത
# കർമ്മയോഗം
## ആധുനിക മനശാസ്ത്രത്തിന്റേയും ആത്മീകതയുടേയും കാഴ്ചപ്പാടിൽ

**ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009**

ഭഗവദ്ഗീത രണ്ടാമദ്ധ്യായത്തിൽ ശ്രീകൃഷ്ണൻ അർജ്ജുനനോട് സ്വധർമ്മം ചെയ്യാനുപദേശിച്ചു. ഫലത്തേക്കുറിച്ചു ചിന്തിക്കേണ്ടയെന്നും പറഞ്ഞു. എന്നാൽ രണ്ടാമദ്ധ്യായത്തിൽതന്നെ ബ്രഹ്മതത്ത്വത്തെ ഉപദേശിക്കുകയും ചെയ്തു. ഇന്ദ്രിയങ്ങളിൽനിന്നും അകന്ന് ബ്രഹ്മജ്ഞാനം ലഭിക്കുന്നതിന്റെ ആവശ്യവും പറഞ്ഞു. ഇത് അർജ്ജുനനെ ഒന്നുകൂടി ഭ്രമത്തിലാക്കി. ഇവിടെ പിന്നെയും ഗുരുശിഷ്യബന്ധത്തിന്റെ മാഹാത്മ്യം ശ്രദ്ധിക്കുക. ശിഷ്യന് എല്ലാതരത്തിലുമുള്ള അറിവും വേണം. അങ്ങനെയുള്ളവരെയാണല്ലോ ജ്ഞാനിയെന്നു പറയുന്നത്. യുക്തിപൂർവ്വം കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ ശ്രീകൃഷ്ണൻ കാണിക്കുന്ന ഊർജ്ജസ്വലതയാണ് പിന്നീടു കാണുന്ന വിവരണങ്ങൾ. അർജ്ജുനൻ ശ്രീകൃഷ്ണനോടു ചോദിച്ചു കർമ്മത്തെ അപേക്ഷിച്ച് യോഗബുദ്ധി ശ്രേഷ്ഠമാണെങ്കിൽ എന്തിനാണ് കർമ്മം ചെയ്യാൻ പറയുന്നത്. കർമ്മം ചെയ്യുന്നുവെന്നത് ഞാനെന്ന ഭാവമില്ലാതെ വേണം. അതിൽനിന്നും നമുക്ക് പ്രചോദനമുണ്ടാകും. അങ്ങനെ വീണ്ടും കർമ്മം ചെയ്യും. നിഷ്കാമകർമ്മമാണവശ്യം. അർജ്ജുനൻ വീണ്ടും മാനസികഭ്രമത്തിലാണ്. ഹൃദയദൗർബ്ബല്യം മൂലം മനോവിഭ്രാന്തി സംഭവിച്ച അർജ്ജുനന് കൃഷ്ണന്റെ വാക്കുകളൊന്നും മനസിലാക്കാൻ കഴിയുന്നില്ല. അർജ്ജുനൻ ചോദിക്കുന്നു:

ജ്യായസീ ചേത് കർമ്മണസ്തേ
മതാ ബുദ്ധിർജനാർദ്ദന
തത് കിം കർമ്മണി ഘോരേ മാം
നിയോജയസി കേശവ

ജ്ഞാനം കർമ്മത്തേക്കാൾ ശ്രേഷ്ഠമാണെങ്കിൽ കർമ്മത്തിന് എന്നെ എന്തിനു നിയോഗിക്കണം.

ഘോരകർമ്മം എന്നു പറയുന്നതെന്താണ്. ബന്ധുക്കളെ കൊല്ലുക. രണ്ടു ആദർശങ്ങളെ പ്രതിനിധാനം ചെയ്യുന്ന രണ്ടു കൂട്ടരാണിവിടെ യുദ്ധം ചെയ്യുന്നത്. അർജ്ജുനന് മാനസികവിഭ്രാന്തി വന്നപ്പോൾ അത് സ്നേഹമൂലമാണെന്നദ്ദേഹം പറയുന്നു. അതുകൊണ്ടാണ് തെറ്റു മനസിലാകുന്നില്ല എന്നൊക്കെ അർജ്ജുനൻ പറയുന്നത്. ശ്രീകൃഷ്ണൻ പറയുന്നതെന്താണ്, കർമ്മയോഗവും ജ്ഞാനയോഗവുമായ രണ്ടു നിഷ്ഠകൾ . കർമ്മം ചെയ്യുന്നതു ഫലേച്ഛ കൂടാതെ. അങ്ങനെവരുമ്പോൾ ജ്ഞാനമാർഗ്ഗത്തിനുള്ള അർഹത നേടും.

ന കർമ്മണാമനാരംഭാ
നൈഷ്ക്കർമ്മ്യം പുരുഷോ *f* ശ്നുതേ
ന ച സന്ന്യസനാദേവ
സിദ്ധിം സമധിഗഛതി

കർമ്മങ്ങൾ ചെയ്യാത്തതുകൊണ്ട് പുരുഷൻ നൈഷ്ക്കർമ്മ്യത്തെ പ്രാപിക്കുന്നില്ല. സന്ന്യാസം സ്വീകരിക്കുന്നതുകൊണ്ട് മാത്രം കർമ്മനിഷ്ഠയില്ലാത്ത ബ്രഹ്മനിഷ്ഠയെ പുരുഷൻ പ്രാപിക്കുന്നില്ല.

എല്ലാവരും എപ്പോഴും കർമ്മം ചെയ്യുക. കർമ്മത്തിലൂടെ മനസ്സ് ശുദ്ധമാക്കി ജ്ഞാനം നേടി ആത്മസാക്ഷാത്കാരം ഉറപ്പാക്കണം. സാധാരണ മനുഷ്യനാണെങ്കിൽ അയാളിൽ അന്തർലീനമായിരിക്കുന്ന ചില തമോഗുണങ്ങൾകൊണ്ട് അസ്വസ്തരാണ്. എപ്പോഴും കർമ്മം ചെയ്തുകൊണ്ടിരിക്കുകയുമാണ്. മനസ്സിലെ ദുഷ്ചിന്തകളാണ് നാശത്തിനു കാരണം എന്ന് ആധുനിക മനശാസ്ത്രം പറയുന്നു.

കൃഷ്ണൻ പറയുന്നു, ലോകസംരക്ഷണത്തിനുവേണ്ടി കർമ്മം ചെയ്യുകയെന്നതാണ് അർജ്ജുനന്റെ കർത്തവ്യം. ലോകഹിതത്തിനുവേണ്ടി കർമ്മം ചെയ്യുന്ന ഒരാൾ അതിന്റെ ഫലത്തേക്കുറിച്ചല്ല ആകാംക്ഷാഭരിതനാകുന്നത്.





പ്രകൃതേഃ ക്രിയമാണാനി
ഗുണൈഃ കർമ്മാണി സർവശഃ
അഹങ്കാര വിമൂഢാത്മാ
കർത്താഹമിതി മന്യതേ

പ്രകൃതിജന്യമായ ഗുണത്താലാണ് ഒരാൾ കർമ്മം ചെയ്യുന്നത്. അഹങ്കാരമോഹിതൻ താനാണത് ചെയ്യുന്നതെന്നു കരുതുന്നു.

സർവ്വ കർമ്മങ്ങളും തന്നിൽ അർപ്പിച്ചുകൊണ്ട് യുദ്ധം ചെയ്യാനാണ് ശ്രീകൃഷ്ണൻ പ്രേരിപ്പിക്കുന്നത്. ആത്മാവ് കർമ്മം ചെയ്യുന്നയാളോ അനുഭവിക്കുന്നയാളോ അല്ല. ഗുണകർമ്മങ്ങളുടെ അന്തസത്ത മനസ്സിലാക്കിയാൽ അവയിൽ ആസക്തനാവുന്നില്ല. ശ്രീകൃഷ്ണൻ മനസ്സ് ശുദ്ധമാക്കാൻ വേണ്ടി ഈശ്വരബുദ്ധ്യാ കർമ്മം ചെയ്യണമെന്നു ഉപദേശം കൊടുത്തതും എല്ലാവർക്കും വേണ്ടിയാണ്. ഇതനുസരിക്കുന്നവർ ആരാണോ അവർക്ക് മുക്തിയും അല്ലാത്തവർക്ക് അധഃപതനവും വരുമെന്നു പറഞ്ഞു. മനുഷ്യൻ അവന്റെ ആഗ്രഹങ്ങളെന്നു പറയുന്ന പ്രപഞ്ചപദാർത്ഥങ്ങൾക്കുവേണ്ടി ജീവിക്കുമ്പോൾ ആസക്തി ഉണ്ടാകുന്നു. ഒരു നിയന്ത്രണവുമില്ലാതെയാകുമ്പോൾ മനസ്സ് മുഴുവൻ ഭ്രമത്തിലകപ്പെടുന്നു. ഇന്ദ്രിയങ്ങളും മനസ്സും ബുദ്ധിയും ആഗ്രഹങ്ങൾക്കടിയറ പറയുമ്പോൾ പ്രശ്നം രൂക്ഷമാകുന്നു. അതുകൊണ്ട് കൃഷ്ണൻ പറയുന്നു:

തസ്മാത്ത്വം ഇന്ദ്രിയാണ്യാദൗ
നിയമ്യ ഭരതർഷഭ
പാപ്മാനം പ്രജഹി ഹ്യേനം
ജ്ഞാനവിജ്ഞാനനാശനം

അല്ലയോ അർജ്ജുന, ഇന്ദ്രിയങ്ങളെ ആദ്യം നിയന്ത്രിച്ച് ജ്ഞാനവിജ്ഞാനനാശകമായ കാമത്തെ നിഗ്രഹിക്കൂ.

ഏറ്റവും വേണ്ടത് ആത്മാവിനേക്കുറിച്ചുള്ള ജ്ഞാനമാണ്. ജ്ഞാനേന്ദ്രിയങ്ങളാണ് ശ്രേഷ്ഠം. മനസ്സിനേക്കാൾ വലുപ്പം ബുദ്ധിക്കാണ്. ബുദ്ധി അറിയണമെങ്കിൽ അതിലും വലുതു വേണം. അത് ആത്മാവാണ്. ഉപനിഷത്തും ഇതുതന്നെയാണ് പറയുന്നത്.

ഗീതയിലെ ഈ അദ്ധ്യായം അവസാനിക്കുന്നത് തന്നെ കൃഷ്ണന്റെ ആത്മാവിന്റെ ജ്ഞാനത്തേക്കുറിച്ചുള്ള വരികളിലൂടെയാണ്. താഴ്ന്ന അവസ്ഥ പരിണാമപ്രക്രിയയിലൂടെ ഉയർന്ന തലത്തിലേക്കു മാറണം.

ഏവം ബുദ്ധഃ പരം ബുദ്ധ്വാ
സംസ്തഭ്യാത്മാനമാത്മനാ
ജഹി ശത്രും മഹാബാഹോ
കാമരൂപം ദുരാസദം

ഇങ്ങനെ ആത്മാവിനെ ബുദ്ധിയേക്കാൾ ശരിയായി അറിഞ്ഞും ബുദ്ധികൊണ്ട് വിഷയങ്ങളിൽ പ്രവർത്തിക്കാതാക്കി ആത്മാവിനെ നിശ്ചലമാക്കി കാമമെന്ന ശത്രുവിനെ നശിപ്പിക്കുക.

ഇഹലോകസംവേദനങ്ങളിൽ മുഴുകി ജീവിതത്തിന്റെ പരിപൂർണ്ണതയിലേക്കെത്താൻ പാടുപെടുന്ന മനുഷ്യർക്ക് ഈ അദ്ധ്യായംകൊണ്ട് ജീവിതത്തിൽ കാമത്തിന്റെ നശ്വരതയും ആത്മജ്ഞാനമെന്ന അനശ്വരതയേയും മനസിലാക്കാൻ സാധിക്കും.

ഇന്നത്തെ സമൂഹത്തിലേക്കു നാം നോക്കുകയാണെങ്കിൽ അർജ്ജുനനേപ്പോലെ ഹൃദയദൗർബ്ബല്യം വരുന്നവരും അതിൽനിന്നും രക്ഷാമാർഗ്ഗമെന്ന നിലയിൽ സ്വയം ജീവിതമവസാനിപ്പിക്കുന്നവരും ധാരാളമാണ്. ഒരു വ്യക്തിയുടെ സ്വാർത്ഥതയും പരാർത്ഥതയും തമ്മിൽ നടക്കുന്ന സംഘട്ടനത്തെ ഇല്ലാതാക്കുകയാണ് ഗീത ചെയ്യുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങളെ സമൂഹത്തിന്റെ നന്മക്ക് ഉപകരിക്കുന്ന ഒരു ശാശ്വതപ്രശ്നപരിഹാരമാണിത്. ഉപനിഷദ് പണ്ഡിതന്മാർ അവരുടെ അന്വേഷണങ്ങളിൽ കൂടെ സഞ്ചരിച്ച് ആത്മാവിനെ സാക്ഷാത്കരിച്ചു. കഠോപനിഷത്തിൽ യമൻ ശിഷ്യനായ നചികേതസിനോട് പറയുന്നു, ആത്മാവ് എല്ലാ ജീവജാലങ്ങളിലും മറഞ്ഞിരിക്കുന്നതിനാൽ പ്രകടമാകുന്നില്ല. എന്നാൽ സൂക്ഷ്മതത്ത്വങ്ങളേപ്പറ്റി അന്വേഷിക്കുവാൻ പരിജ്ഞാനം നേടിയ ആർക്കും അവരുടെ ബുദ്ധികൊണ്ട് അതിനെ സാക്ഷാത്കരിക്കാം. ഭഗവാൻ തന്നെ പറയുന്നു, ഞാൻ കർമ്മം ചെയ്തില്ലെങ്കിൽ ഈ ലോകം ഇല്ലാതാകും. ലോകനന്മയെ ഉദ്ദേശിച്ച് കർമ്മം ചെയ്യണം. അർജ്ജുനൻ വില്ലാളിവീരനാണ്, യോദ്ധാവാണ്, ധർമ്മിഷ്ഠനാണ്. പക്ഷെ ചില സമയം സാധാരണക്കാരിൽനിന്നും കുറെക്കൂടി താഴേക്കു പതിക്കുന്നു. ആ തലത്തിൽ നിന്നുകൊണ്ട് സംശയം ചോദിക്കുന്നു. ഈ സംശയനിവാരണം സാധാരണ ജനങ്ങൾ കർമ്മം ചെയ്യാതെ രക്ഷപ്പെടൽ എന്ന മെന്റൽ മെക്കാനിസം സ്വീകരിക്കുന്നവർക്ക് കർമ്മയോഗം എന്ന ഈ ആദ്ധ്യായം പരിഹാരമാകും.

## ഭഗവദ്ഗീത നാലാമദ്ധ്യായം

ഗീതയുടെ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ എല്ലാം അറിയുന്നവനെന്നും യുദ്ധത്തിൽ ആർക്കും

തോൽപ്പിക്കാൻ സാധിക്കാത്തവനെന്നും ധരിച്ച് ദേവേന്ദ്രൻ തുടങ്ങിയ മഹദ്വ്യക്തികളിൽ നിന്നും ആയുധങ്ങളും കരസ്തമാക്കി കൃഷ്ണൻ എന്ന ഗുരുവിന്റെ അകമ്പടിയോടുകൂടി കടന്നുവന്ന അർജ്ജുനന്റെ മാനസികവിഭ്രാന്തി ആണ്. ഇവിടെ കൃഷ്ണൻ സാരഥി മാത്രമല്ല, ഗുരുവായി മാറുകയാണ്. പക്ഷെ ഈ ഗുരു എത്രമാത്രം ശക്തനാണെന്ന് ശിഷ്യനു മനസ്സിലായില്ല. തന്റെ വാദമുഖങ്ങൾക്കനുസരിച്ച് സഹായിക്കാനാണ് കൃഷ്ണനോടു പറയുന്നത്. പക്ഷെ ഈ ആവശ്യം അംഗീകരിക്കപ്പെടുന്നില്ല. ഗുരു ശിഷ്യനെ സ്വന്തം കാലിൽ ഉറച്ചുനിർത്താനാണ് ശ്രമിക്കുന്നത്. ഇവിടെ ദൗർബ്ബല്യവും ഭയവുമൊക്കെ തോന്നിക്കുന്ന പെരുമാറ്റം അർജ്ജുനനിൽ കാണുന്നുവെന്നു തോന്നുന്നുവെങ്കിലും സ്വാഭിമാനത്തെ ഉണർത്തിയുള്ള ചികാത്സയാണ് കൃഷ്ണൻ ചെയ്യുന്നത്. ആധുനിക മനശാസ്ത്രം പ്രാധാന്യം കൊടുക്കുന്ന സർഗ്ഗാത്മക ഭാവത്തെ ഉണൽത്തുന്ന പ്രക്രിയയാണിവിടെ നടക്കുന്നത്. മഗ്ഡ്യൂഗലേപ്പോലുള്ളവർ പറയുന്നത് സ്വാഭിമാനം ഉത്കൃഷ്ടഭാവമാണെന്നാണ്. ഇന്നു നമ്മൾ പലയിടത്തും കണ്ടുവരുന്നത് ചില മാതാപിതാക്കൾ കുട്ടികളെ മറ്റുള്ളവരുടെ മുൻപിൽവെച്ച് തരംതാഴ്ത്തി സംസാരിച്ച് അവരെ വൃണപ്പടുത്തുന്നതാണ്. **ഇതല്ല കൃഷ്ണൻ ഇവിടെ ചെയ്യുന്നത്. നീതിയും സത്യവും നിലനിർത്തിയുള്ള സ്വാഭാമാനം വളർത്തി നീതിശാസ്ത്രത്തെ തത്ത്വമീംമാസയുടെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നു. ഇവിടെ തത്ത്വശാസ്ത്രത്തിന്റെ പ്രസക്തി കാണാം. കൃഷ്ണൻ വെറും ഉപദേശമല്ല കൊടുക്കുന്നതും. വഴി കാണിക്കയാണ്. ശിഷ്യൻ ആത്മസമർപ്പണം ചെയ്യേണ്ടിയിരിക്കുന്നു. അതിന് അർജ്ജുനനെ പ്രപ്തനാക്കുകയാണ് കൃഷ്ണൻ ചെയ്യുന്നത്.**

**ഭഗവാൻ പറയുന്നു:**

ഇമം വിവസ്വതേ യോഗം
പ്രോക്ത വാനഹമവ്യയം
വിവസ്വാൻ മനവേ പ്രാഹ
മനുരിക്ഷ്വാകവേ *f* ബ്രവീത്

നശ്വരമായ ഈ യോഗത്തെ ഞാൻ സൂര്യനുപദേശിച്ചു. സൂര്യൻ മനുവിനും മനു ഇക്ഷ്വാകുവിനും ഉപദേശിച്ചു.

നഷ്ടപ്പെട്ട ഈ യോഗം നീ എന്റെ ഭക്തനും തോഴനും ആയതുകൊണ്ട് നിനക്ക് ഉപദേശിക്കുന്നു. ഇവിടെ തുടങ്ങിയാണ് അർജ്ജുനൻ കൃഷ്ണനെ മനസ്സിലാക്കി തുടങ്ങിയത്. അദ്ധ്യാത്മനയാനമാണി നി അർജ്ജുനന് ലഭിക്കാൻ പോകുന്നത്. എന്നാലും സംശയം വീണ്ടും ഉണ്ടാകുന്നു.

അപരം ഭവതോ ജന്മ
പരം ജന്മ വിവസ്വതഃ
കഥമേതദ് വിജാനീയാം
ത്വമാദൗ പ്രോക്തവാനിതി

അങ്ങയുടെ ജന്മം ഇപ്പോഴും ആദിത്യന്റെ ജന്മം മുൻപുമാണല്ലോ. അങ്ങനെയാണെങ്കിൽ അങ്ങ് ഈ യോഗം ആദിത്യന് ഉപദേശിച്ചു എന്ന് എങ്ങനെ ഞാൻ മനസ്സിലാക്കും. അർജ്ജുനൻ വീണ്ടും സംശയങ്ങളിലൂടെ സഞ്ചരിക്കുന്നു. ഗുരുവിനെ മനസ്സിലാക്കിയാൽ മാത്രമേ ശിഷ്യന് ചോദ്യം ചോദിക്കാൻ സാധിക്കൂ. കഠോപനിഷത്തിൽ പറയുന്നു, എല്ലാ വീക്ഷണകോണുകളിൽ നിന്നും പരിശേധിക്കണം. ശ്രീരാമകൃഷ്ണദേവൻ പറയുന്നത് പണം മാറിക്കൊടുക്കുമ്പോൾ നാണയം പരിശോധിക്കുന്നതുപോലെ എന്നെ പരീക്ഷിക്കുവിൻ. ഇപ്പോൾ ഇത്തരം ഗുരുക്കന്മാരില്ല. സംശയം കൊണ്ടു ചെല്ലുന്ന അല്ലെങ്കിൽ ഗുരുവിനെ സംശയിക്കുന്ന ശിഷ്യന് ക്ലാസിനു പുറത്തോ അല്ലെങ്കിൽ ടി.സിയോ ഫലം. ഇവിടെ യഥാർത്ഥ ഗുരുവാണ്. ഗുരു പറയുന്നു, എന്റേയും നിന്റേയും പല ജന്മങ്ങളും കഴിഞ്ഞു, ഒന്നും നിനക്കോർമ്മയില്ല.

**യദാ യദാഹി ധർസ്യ**
**ഗ്ളാനിർഭവതി ഭാരത**
**അഭ്യുത്ഥാനമധർമ്മസ്യ**
**തദാത്മാനാം സൃജാമ്യഹം**

**ധർമ്മത്തിന് പതനവും അധർമ്മത്തിന് ഉയർച്ചയും സംഭവിക്കുമ്പോൾ ഞാൻ അവതരിക്കുന്നു. കൂടാതെ,**

**പരിത്രാണായ സാധൂനാം**
**വിനാശായ ച ദുഷ്കൃതാം**
**ധർമ്മ സംസ്ഥാപനാർത്ഥായ**
**സംഭവാമി യുഗേ യുഗേ**

**ഇങ്ങനെ യുഗംതോറും സജ്ജനങ്ങളുടെ സമരക്ഷണത്തിനും ധർമ്മം ലോകത്തിൽ നിലനിർത്തുന്നതിനും അതാതു കാലങ്ങളിൽ ഞാൻ അവതരിക്കുന്നു.** ഒന്നുകൂടി കടന്ന് കൃഷ്ണൻ പറയുന്നു, ആരൊക്കെ എന്നെ ഏതൊക്കെ വിധത്തിൽ ഭജിക്കുന്നുവോ അതതു വിധത്തിൽ ഞാൻ അനുഗ്രഹിക്കുന്നു. ഹേ പാർത്ഥാ എല്ലാ മനുഷ്യരും ഞാൻ അംഗീകരിച്ചിട്ടുള്ള നിയമത്തെയാണ് അനുവർത്തിക്കുന്നത്. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്.





ആഗ്രഹമില്ലെങ്കിൽ കർമ്മമില്ല. ആഗ്രഹം സജ്ജന സംരക്ഷണം.

കർമ്മവും അകർമ്മവും എന്തെന്നു മനസ്സിലാക്കാൻ കുറച്ചു പ്രയാസമാണ്. കർമ്മസ്വരൂപമെന്താണെന്നും ചെയ്യാൻ പാടില്ലാത്ത കർമ്മങ്ങളെന്താണെന്നും അറിയണം. അതുപോലെ തന്നെ കർമ്മമൊന്നുമില്ലാത്ത അവസ്ഥയുടെ സ്വരൂപവും അറിയണം. കൃഷ്ണൻ പറയുന്നു:

യസ്യ സർവേ സമാരംഭാഃ
കാമസങ്കല്പവർജിതാഃ
ജ്ഞാനാഗ്നിദഗ്ധകർമ്മാണാം
തമാഹുഃ പണ്ഡിതം ബുധാഃ

ആരുടെ കർമ്മങ്ങളെല്ലാം ഫലേശ്ച വെടിഞ്ഞതാണോ ആരാണ് തന്റെ കർമ്മങ്ങളെ ആത്മാനുഭവമെന്ന ജ്ഞാനാഗ്നിയിൽ നോക്കുന്നുവോ അദ്ദേഹത്തെ വിദ്വാന്മാർ പണ്ഡിതൻ എന്നു വിളിക്കുന്നു.

ഇവിടെ കർമ്മഫലമൊന്നുമാഗ്രഹിക്കാതെ ആരേയും ആശ്രയിക്കാതെ ഇരുന്നാലും മനസ്സിനേയും ഇന്ദ്രിയങ്ങളേയും അടക്കി ശരീരംകൊണ്ടു മാത്രം കർമ്മം ചെയ്താലും പാപമില്ല. പലരും പല വിധത്തിലാണ് കർമ്മം ചെയ്യുന്നത്. ഇന്ദ്രിയങ്ങളെ ആത്മസംയമനത്തിലൂടെ നിയന്ത്രിക്കുക, യജ്ഞം ചെയ്യുക, പ്രാണായാമതല്പരരാകുക, ആഹാര നിയന്ത്രണം ഇങ്ങനെ പല വിധത്തിൽ പാപം അകറ്റുന്നു. ഇത്തരം കാര്യങ്ങൾ വേദത്തിൽ വിശദമായി പറയുന്നു. അവയെല്ലാം കർമ്മവുമായി ബന്ധപ്പെട്ടിരിക്കുന്നു. ശ്രീകൃഷ്ണൻ പറയുന്നു, അവയെല്ലാം അർജ്ജുനനു മനസ്സിലാകുമ്പോൾ അയാൾ മുക്തനായി തീരും. എല്ലാ കർമ്മവും പൂർണ്ണമായി ജ്ഞാനത്തിലവസാനിക്കുന്നു. ഇവിടെ കൃഷ്ണൻ പറയുകയാണ്:

തദ്വിദ്ധി പ്രണിപാതേന
പരിപ്രശ്നേന സേവയാ
ഉപദേക്ഷ്യന്തി തേ ജ്ഞാനം
ജ്ഞാനിനസ്തത്ത്വദർശിനഃ

ജ്ഞാനം ഗുരുക്കന്മാരെ നമസ്കരിച്ചും ചോദ്യങ്ങൾ ചോദിച്ചും ശുശ്രൂഷകൊണ്ട് പ്രസാദിപ്പിച്ചും അറിയേണ്ടതാണ്. അവർ ജ്ഞാനം ഉപദേശിച്ചു തരും. കൃഷ്ണൻ തന്നെ പറയുന്നു ചോദ്യംകൊണ്ട് ഗുരുവിന്റെ ഉള്ളിലുള്ള അറിവിനെ പുറത്തുകൊണ്ടുവരണം. ചോദ്യത്തിന്റെ നാനാ വശങ്ങളും ശിഷ്യന്റെ മനോഗതിയും ഗുരു മനസ്സിലാക്കും. അങ്ങനെയുള്ള ഗുരുവിന്റെ സേവ അനുസരിച്ച് ശിഷ്യന്റെ ജീവിതം രൂപപ്പെടും. ഇതാണിവിടെ വിസ്തരിക്കുന്നത്.

ഈ ലോകത്തിൽ ജ്ഞാനത്തോളം പവിത്രമായി മറ്റൊന്നില്ല. സംശയാലുവിന് ഈ ലോകവും പരലോകവും നഷ്ടമാകുന്നു. അവർ സംശയിച്ചുകൊണ്ടേയിരിക്കും. അതുകൊണ്ട്:

തസ്മാദജ്ഞാനസംഭൂതം
ഹൃത്സ്ഥം ജ്ഞാനാസിനാത്മനഃ
ഛിത്വൈനം സംശയം യോഗം
ആതിഷ്ഠോത്തിഷ്ഠ ഭാരതഃ

**ഭാരതാ അതിനാൽ അജ്ഞാനത്തിൽനിന്നുണ്ടായതും മനസിലുള്ളതും ആയ നിന്റെ സംശയത്തെ ജ്ഞാനമാകുന്ന ഖഡ്ഗം കൊണ്ടു ഛേദിച്ച് സ്വധർമ്മമനുഷ്ടിക്കൂ.** യുദ്ധത്തിനായി എഴുന്നേൽക്കുക.

ഗീതയിൽ നിത്യജീവിതത്തിൽ പ്രയോഗിക്കേണ്ടാതാണ് യോഗം, അല്ലാതെ ദൂരെ വീടുപേക്ഷിച്ച് കാട്ടിൽ പോയാൽ കിട്ടുന്നതും പരിശീലിക്കേണ്ടതുമല്ലായെന്നു പറയുന്നു. ഇവിടെ 'ഉത്തിഷ്ഠ, ഭാരത' അർജ്ജുനനോടു പറയുന്നതു മാത്രമല്ല രാജ്യസ്നേഹം ക്ഷീണിതമായി വരുന്ന ഈ കാലഘട്ടത്തിൽ വിവേകാനന്ദൻ തുടങ്ങയവരിലൂടെ ഇന്നത്തെ ജനതക്ക് എപ്പോഴും നാവിൽ ഉരുവിടേണ്ട ഒരു പദമാണ്. ഇന്ന് പഴയതിനേയെല്ലാം തള്ളി പുതിയവയെ സ്വീകരിക്കുന്നുവെന്ന സങ്കല്പം നടമാടുമ്പോൾ സാർവ്വജനീയവും ആദ്ധ്യാത്മികവുമായ ആദ്ധ്യാത്മിക സന്ദേശം ഗീതയിലൂടെ നൽകുന്നു. ഇത് കാലാതീതമായ സന്ദേശമാണ്. കഠോപനിഷത്തിൽ പറയുന്നു അജ്ഞാനത്തിൽ വർത്തിക്കുന്നവനും സ്വയം ബുദ്ധിമാന്മാരെന്നും പണ്ഡിതന്മാരെന്നും കരുതുന്നവരേയും കുറിച്ച് അവർ അന്ധന്മാരെ അന്ധന്മാർ നയിക്കുന്നതുപോലെ ചുറ്റിക്കറങ്ങി നടക്കുകയാണ്. പൂർണ്ണതക്കുള്ള ആഗ്രഹമായിരിക്കണം യഥാർത്ഥ ആഗ്രഹം. മനസ്സിന്റെ ആഗ്രഹങ്ങളെല്ലാം പൂർണ്ണമാകുമ്പോൾ ആത്മാവ് അറിയുമ്പോൾ മറ്റെല്ലാ തരത്തിലും നമ്മൾ ആഗ്രഹരഹിതരായി മാറും. ഇതാണ് ഗീതയിലെ നാലാമദ്ധ്യായം. കൃഷ്ണൻ തന്നെ പറയുന്നു, ഹൃദയത്തിൽ ജ്ഞാനദീപം കൊളുത്തുകയാണെന്റെ ലക്ഷ്യം. യഥാർത്ഥ ഗുരു പറയും **ഞാനിതാ നിന്റെ കയ്യിൽ ഒരു വിളക്കു തരുന്നു, നീ നിന്റെ വഴി കണ്ടുപിടിക്കും. ഇവിടെ ഭഗവദ് ഗീതയിലെ തത്ത്വചിന്ത വിളക്കാണ്. ആ വിളക്കു കയ്യിലെടുത്തു സ്വയം ജ്ഞാനിയാകൂ.**

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം 81**

അത്യന്തം മൃദുലം കപോലയുഗളം സ്വച്ഛാംബരശ്യാമളം

ശ്രുത്യാലംബിവിലംബികുണ്ഡലരുചാ വിദ്യുത്പ്രഭാമണ്ഡിതം

നിത്യം പ്രേമവികമ്പിതാംഗി രമയാൽ ബിംബോഷ്ഠ സംലാളിതം

മത്യാ ഭാവനചെയ്കിലുൾപ്പുളകമാർക്കുണ്ടായിടാ ഭക്തിയാൽ

**ശ്ലോകാർത്ഥം :**

ചെവികളെ ആശ്രയിച്ച് തൂങ്ങിക്കിടക്കുന്ന കുണ്ഡലങ്ങളുടെ ശോഭയാൽ ഇടിമിന്നൽ അലങ്കരിക്കുന്ന തെളിഞ്ഞ ആകാശം പോലെ നീലനിറമുള്ള ഏറ്റവും മാർദ്ദവമുള്ള രണ്ടു കവിളുകൾ, എന്നും പ്രേമത്താൽ ശരീരം വിറയ്ക്കുന്ന മഹാലക്ഷ്മിയാൽ തൊണ്ടിപ്പഴം പോലുള്ള ചുണ്ടുകളാൽ നല്ലവണ്ണം ലാളിക്കപ്പെട്ടതായിട്ട് മനസ്സിൽ ഭാവന ചെയ്താൽ ആർക്കാണ് ഉള്ളിൽ ഭക്തികൊണ്ട് കുളിരിടാത്തത്!

**വ്യാഖ്യാ :**

തെളിഞ്ഞ നീലാകാശം, ഇടിമിന്നലാൽ ശോഭിക്കുന്നതും, മൃദുലമായ നാലക്കവിളുകൾ കുണ്ഡലങ്ങളുടെ മിന്നൽ ശോഭിക്കുന്നതുമായുള്ള ഉപമ അനുപമം.

**ശ്ലോകം 82**

വാരഞ്ചും നവമൗക്തികാമലസുദന്തശ്രേണിതൻ കാന്തിയോ

ടാരക്താധരപല്ലവദ്യുതി കലർന്നേറ്റം മനോരമ്യമായ്

സ്മേരാസ്യാമൃതഭാസ്സൊടൊത്ത പരമാനന്ദത്രിമാർഗ്ഗാംബുവിൽ

സ്വൈരം മുങ്ങി മമാഘപങ്കമഖിലം പോക്കാൻ കനിഞ്ഞീടണേ

**ശ്ലോകാർത്ഥം :**

നിരന്ന ഭംഗിയുള്ള അഴുക്കില്ലാത്ത പുതുമുത്തുകൾ പോലെയുള്ള നല്ല പല്ലുകളുടെ വരിയുടെ ശോഭയോടെ, ചുവപ്പു ശോഭകലർന്ന തളിരുപോലുള്ള ചുണ്ടുകളുടെ രശ്മി കലർന്ന് ഏറ്റവും മനസ്സിനെ രമിപ്പിക്കുന്നതായ ചിരിക്കുന്ന മുഖത്തിന്റെ അമൃതശോഭയോടൊത്ത പരമാനന്ദഗംഗാജലത്തിൽ സുഖമായി മുങ്ങി എന്റെ പാപങ്ങളാകുന്ന ചെളി മുഴുവനും ഇല്ലാതാക്കാൻ കനിവുണ്ടാകണേ.

**വ്യാഖ്യാ :**

പല്ലുകളെയും, ചുണ്ടുകളെയും, മന്ദഹാസത്തെയും വർണ്ണിക്കുന്നു.

**ശ്ലോകം 83**

പ്രേമാശ്ലേഷശതങ്ങളാലതുലിതാനന്ദം വളർത്തീടുമ-

പ്പൂമാതിൻ ഭുജകല്പവല്ലരി സദാ ചുറ്റിപ്പടർന്നുള്ളതായ്

ശ്രീമൽക്കൗസ്തുഭകാന്തിയാലരുണഭാസസ്സേന്തും ഗളം കോമളം

ഹാ മച്ചേതസി സസന്തതം വിലസണേ സൗന്ദര്യവാരാർന്നിധേ

**ശ്ലോകാർത്ഥം :**

അല്ലയോ സൗന്ദര്യത്തിന്റെ കടലേ, പ്രേമ പൂർവ്വമുള്ള നൂറുകണക്കിനു കെട്ടിപ്പിടിക്കലുകളാൽ താരതമ്യമില്ലാത്ത ആനന്ദം വളർത്തുന്ന മഹാലക്ഷ്മിയുടെ കൈകളാകുന്ന, കല്പവൃക്ഷത്തിൽ പടരുന്ന കല്പവള്ളി, എല്ലായ്പ്പോഴും ചുറ്റിപ്പടർന്നുള്ളതായി ഐശ്വര്യമുള്ള കൗസ്തുഭത്തിന്റെ കാന്തിയാൽ ചുവന്ന തിളക്കം വഹിക്കുന്ന ഭംഗിയുള്ള കഴുത്ത് ഹാ എന്റെ മനസ്സിൽ നിൽക്കാതെ വിലസിക്കണേ.

**വ്യാഖ്യാ :**

കഴുത്തിനെ വർണ്ണിക്കുന്നു. രമയുടെ കൈകളെ വള്ളിയോടൊപ്പം അഭീഷ്ടങ്ങളെല്ലാം തരുന്ന കല്പവള്ളിയായിത്തന്നെ ഉപമിക്കുന്നു.

**ശ്ലോകം 84**

ചഞ്ചൽക്കങ്കണമണ്ഡിതം ഭുജചതുഷ്കം ദൈത്യവിച്ഛേദനേ

വഞ്ചാതുര്യമിയന്നതീശ്വര ഗദാശംഖാരിപത്മോദ്വലം

സംജാതോൾപ്പുളകേന ഞാനവിരതം ഭാവിച്ചിടുന്നേൻ മന

ശ്ചാഞ്ചല്യം മമ പോക്കുവാൻ കരുണപൂണ്ടെന്നെത്തലോടേണമേ.

**ശ്ലോകാർത്ഥം :**

ഈശ്വര, ശോഭിക്കുന്ന വളകളാൽ അലങ്കരിക്കപ്പെട്ട നാലുകൈകൾ അസുരന്മാരെ നശിപ്പിക്കുന്നതിൽ വലിയ മിടുക്ക് ഉള്ളതാണ്. നല്ലവണ്ണം ഉണ്ടായ ഉൾപ്പുളകത്തോടെ, ഗദ, ശംഖം, ചക്രം, ഉജ്വലമായ പത്മം (ഇവ) ഞാൻ ഇടതടവില്ലാതെ ഭാവന ചെയ്യുന്നു. എന്റെ മനസ്സിന്റെ ഇളക്കം (ആട്ടം) ഇല്ലാതാക്കാൻ കരുണയോടുകൂടി എന്നെ തലോടണേ.

**വ്യാഖ്യാ :**

കൈകളെയും ആയുധങ്ങളെയും വർണ്ണിക്കുന്നു, കവി

**ശ്ലോകം 85**

ശ്രീവത്സങ്കധരം സുഹാരപടലീസംശോഭിതം ലക്ഷ്മിത-

ന്നാവാസസ്ഥല മംഗരാഗവികസൽസൗരഭ്യസമ്മോഹനം

ദേവാധീശ വിലംബിലോലവനമാല്യാലംകൃതം വിസ്തൃതം

ലാവണ്യാമൃതസാരമായ് വിലസുമദ്ദോരന്തരാളം ഭജേ

**ശ്ലോകാർത്ഥം:**

ദേവന്മാരുടെ അധീശ്വര, ശ്രീവത്സം എന്ന മറുക് ധരിക്കുന്ന നല്ല മാലകളുടെ കൂട്ടത്താൽ നല്ലവണ്ണം ശോബിക്കുന്ന, ലക്ഷ്മിയുടെ ആവാസസ്ഥലമായ , സുഗന്ധക്കൂട്ടിൽ വികസിക്കുന്ന, വാസനയാൽ ഏറ്റവും മോഹിപ്പിക്കുന്ന തൂങ്ങിക്കിടക്കുന്ന മൃദുവായ വനമാലകളാൽ അലങ്കരിക്കപ്പെട്ട, വിസ്താരമുള്ള ലാവണ്യമാകുന്ന അമൃതിന്റെ സാരമായി വിലസിക്കുന്ന തോളുകളുടെ ഇടക്കുള്ള പ്രദേശം ഭജിക്കുന്നു.

**വ്യാഖ്യാ :**

തോളുകളുടെ ഇടക്കുള്ള പ്രദേശം മാറാണല്ലൊ.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
## 2021 മാർച്ച് മാസം സംഭാവന നൽകിയവർ



എറണാകുളം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ നിന്നും പത്താം ക്ലാസ്സ് പരീക്ഷയിൽ മലയാളത്തിനും ഹിന്ദിക്കും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിനികൾക്ക് പരേതയായ സതി. സി. നായരുടെ പേരിൽ സ്കോളർഷിപ് നല്കുന്നതിനു വേണ്ടി 1,25,000 രൂപയുടെ ചെക്ക് എൻഡോവ്മെന്റ് തുകയായി ശ്രീ. സി. മോഹനൻ, സൗപർണ്ണിക, കെ. പി. വള്ളോൻ റോഡ്, കടവന്ത്ര, കരയോഗം വൈസ് പ്രസിഡന്റ് ശ്രീ. അലപ്പാട്ട് മുരളീധരന് കൈമാറുന്നു.

| | |
|---|---|
| 1. ശ്രീ. മേഘന മോഹൻ, C/o വി. പി. ദാമോദർ, C 071, DLF New Town height, എയർപോർട്ട് - സീപോർട്ട് റോഡ്, Nr. ദൂരദർശൻ, കാക്കനാട്, കൊച്ചി - 682037 | 15,000/ - |
| 2. ശ്രീ. ബി. ഗോപകുമാർ, 1717 A/29, ബണ്ട് റോഡ്, തൈക്കൂടം, വൈറ്റില, കൊച്ചി - 19 | 10,600/ - |
| 3. ശ്രീമതി. ലളിത ഉണ്ണികൃഷ്ണൻ,പിതൃസ്മരണ, ശ്രീകണ്ഠത്ത് റോഡ്, കൊച്ചി - 16 | 10,000/- |
| 4. ശ്രീ. എസ്. നാരായണ മേനോൻ, 4 എ, ദി വുഡ് ഫോർഡ്, യുവജന സമാജം റോഡ് കൊച്ചുകടവന്ത്ര, കൊച്ചി - 682020 | 10,000/- |
| 5. ശ്രീ. എം, എസ്. ബാലകൃഷ്ണൻ, മേലങ്ങത്ത് ഹൗസ്, ലക്ഷ്മീപാദം, ചക്കുങ്കൽ റോഡ്, പാലാരിവട്ടം, കൊച്ചി- 682025 | 5,000/- |
| 6. ശ്രീ. രവീന്ദ്രൻ നായർ. എ, സുദർശന, 44/1447, ഗോൾഡ് ലെയ്ൻ | 5,000/- |

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

ശ്രുതാനുമാന പ്രജ്ഞാഭ്യാം അന്യ-
വിഷയാ വിശേഷാർഥത്വാത് 1-49

അത് (ഋതംഭരാ പ്രജ്ഞാ) വിശേഷാർഥത്വംകൊണ്ട് ശ്രുത-അനുമാന പ്രജ്ഞകളിൽ നിന്ന് അന്യവിഷയമാണ്.

പ്രത്യക്ഷം, അനുമാനം, ശബ്ദം എന്നിവയാണ് പ്രമാണങ്ങൾ. ഇന്ദ്രിയങ്ങളെക്കൊണ്ടറിയുന്നത് പ്രത്യക്ഷം. ഇത് ഇന്ദ്രിയങ്ങളുടെ അടുത്തുള്ള വസ്തുക്കളെ മാത്രമേ സാധ്യമാവൂ. വളരെ അകലെയുള്ള വസ്തുവിനെ കാണാൻ കഴിയില്ല. മറച്ചുവെച്ചതും കാണാൻ പറ്റില്ല.

ചില ലക്ഷണങ്ങൾ കൊണ്ട് ഊഹിച്ചറിയുന്നത് അനുമാനം . അകലെ കുന്നിലിരിക്കുന്ന തീ കാണാൻ കഴിയില്ല. എന്നാൽ പുക കണ്ടാൽ ഊഹിക്കാം. പൊതിഞ്ഞു വെച്ചിരിക്കുന്ന വസ്തുവെക്കുറിച്ച് ചില ഊഹങ്ങൾ നടത്താം.

സ്വർഗത്തെപ്പറ്റിയറിയാൻ പ്രത്യക്ഷവും അനുമാനവും പോര. ശ്രുതി (വേദം) പോലുള്ള വിശ്വസ്തമായ അറിവിന്റെ ഉറവിടങ്ങൾ വേണം.

വസ്തുവിന് സാമാന്യം എന്നും വിശേഷമെന്നും രണ്ടു ഗുണങ്ങളുണ്ട്. ഉദാഹരണമായി നിങ്ങളുടെ പശുവിനെ കാണാതായി. അതിനെ അന്വേഷിക്കുന്നു. ഞാൻ ഒരു പശുവിനെ കണ്ടു എന്ന് ഒരാൾ പറഞ്ഞാൽ അതു നിങ്ങളുടെതാണെന്നുറപ്പിക്കാൻ നേരിൽ കണ്ടേ ഒക്കൂ. അതിന്റെ എന്തെങ്കിലും വിശേഷഗുണം കേട്ടും ഊഹിച്ചും പറയാൻ പറ്റില്ല. വാക്കിനും ഊഹത്തിനും സാമാന്യ ഗുണത്തെപ്പറ്റി - പശു; വെളുത്ത പശു - ഇത്രയേ പറയാനാവൂ. ഒരു ജാതിയെപ്പറ്റി പറയാമെന്നേയുള്ളൂ. അത്തരം വേറെയുണ്ടാകും. മലയിൽ തീയുണ്ടെന്നു പറയാം. അതു ശവം കത്തിച്ചതാണോ വിറകു കത്തിച്ചതാണോ എന്നറിയാൻ പ്രത്യക്ഷമേ വഴിയുള്ളൂ. അതായത് വിശേഷത അറിയാൻ ശ്രുതിയും അനുമാനവും പോര ; ശ്രവണ മനനങ്ങൾ പോര.

എന്നാൽ കാണാൻ പറ്റാത്ത സൂക്ഷ്മമായ വസ്തുവെപ്പറ്റി പ്രത്യക്ഷത്തിനും പറയാൻ പറ്റില്ല. ഉദാഹരണം വിചാരങ്ങൾ. എന്നാൽ അതുകൊണ്ട് വിചാരങ്ങൾ ഇല്ല എന്നും പറയാൻ പറ്റില്ല.

നിർവിചാര സമാധിയുടെ വിശാരദതയിൽ ഉണ്ടാവുന്ന ഋതംഭരാ പ്രജ്ഞ ഇത്തരം സൂക്ഷ്മ പദാർത്ഥങ്ങളുടെ വിശേഷരൂപത്തെ അറിയാൻ പര്യാപ്തമാണ്. മറ്റൊരു പ്രമാണം കൊണ്ടും അറിയാൻ വയ്യ താനും.

ന്യായ - വൈശേഷിക സിദ്ധാന്തങ്ങളിൽ എല്ലാ വസ്തുക്കളെയും ഏഴു വിഭാഗങ്ങളിൽ പെടുത്താമെന്നാണ്. സാമാന്യവും വിശേഷവും അതിൽ രണ്ടെണ്ണമാണ്. പശു എന്നത് ഒരു സാമാന്യമാണ്. കോടിക്കണക്കിനു പശുക്കളുണ്ടാവും. നാലുകാലും വാലും കൊമ്പും ഒക്കെയുണ്ടാവും. എന്നാൽ അവ ഓരോന്നിനും തിരിച്ചറിയാവുന്ന ഒരു പ്രത്യേകതയുണ്ടാകും. മൺചട്ടിയായാലും ഇതു തന്നെ. ഓരോ ആറ്റവും വിശേഷം തന്നെ.

സമാധി പ്രജ്ഞയിലൂടെ മാത്രമേ പൂർണമായ വിശേഷജ്ഞാനം സാധ്യമാകൂ. പതഞ്ജലി പിന്നീടു പറയുന്നുണ്ട്. എത്രയും ഒരേ പോലുള്ള വസ്തുക്കളെപ്പോലും യോഗിക്കു വേർതിരിച്ചറിയാൻ കഴിയുമെന്ന്. വിവേകഖ്യാതി ലഭിക്കുമെന്ന്. ഇത്തരം യോഗി - പ്രത്യക്ഷം സാദാരണ പ്രത്യക്ഷത്തേക്കാൾ തെളിമയുള്ളതാണ്. പരാ - പ്രത്യക്ഷമാണ്.

ഗ്രന്ഥങ്ങൾ നമുക്കു വഴി പറഞ്ഞു തരും. അനുമാനവും യുക്തിയുമൊക്കെ സംശയം അകറ്റാൻ സഹായിക്കും. എങ്കിലും ആത്യന്തികമായി നമ്മൾ ധ്യാനത്തേത്തന്നെ മുറുകെ പിടിക്കണം. അതിൽ നിന്നേ സത്യത്തിന്റെ നേരിട്ടുള്ള അനുഭവമുണ്ടാകൂ. സമാധിക്കു മാത്രമെ ശ്രുതിയെയും അനുമാനത്തേയും കടന്നു വെച്ച് യാഥാർഥ്യം കണ്ടെത്താനാകും. പിന്നെ സംശയങ്ങളില്ല. വാസ്തവത്തിൽ പുറത്തു കാണുന്ന വസ്തുക്കളെല്ലാം തന്നെ മനസ്സിന്റെയും ബുദ്ധിയുടെയും സ്ഥൂലരൂപമാണ്. താമസിക രൂപമാണ്. സാത്വികമാവുമ്പോഴാണ് സൂക്ഷ്മമാവുന്നത്. സാത്വികത ഏറുമ്പോൾ അതിന്റെ പരിമിതി കടന്നു വെക്കും. സവിചാര സമാധ്യവസ്ഥ അത്തരമാണ്. അപ്പോൾ അവന് പരിമിതിയില്ലാതാവും. സർവജ്ഞത്വം കൈവരും. എല്ലാത്തരം അതിസൂക്ഷ്മമായ സവിശേഷതകളെയും തിരിച്ചറിയും.





# ജ്യോതിഷം, വൈദ്യം

സി. രാമചന്ദ്രൻ, ഫോൺ: 9995820684

സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും നിരന്തരം ഉദിച്ചസ്തമിക്കുന്ന ആകാശം ആദിമനുഷ്യന്റെ പോലും ശ്രദ്ധയെ ആകർഷിക്കാതിരുന്നിരിക്കില്ല. ക്രമേണ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയുമെല്ലാം നിരീക്ഷിച്ച് സമയകാലങ്ങളിലുള്ള ആവർത്തനം അവർ മനസ്സിലാക്കി കാണണം. ആർത്തവചക്രത്തെ വാവുകളുടെ വരവുമായി ബന്ധപ്പെടുത്തുകയും ചെയ്തിരിക്കണം. ചന്ദ്രന്റെ ചലനത്തെ ആധാരമാക്കി ആചാരനുഷ്ഠാനങ്ങളും പഴങ്കഥകളും കെട്ടിച്ചമയ്ക്കാനും ഇതിടയാക്കിയിരിക്കണം. കാർഷിക നാഗരികത വളർന്നതോടെ വാർഷിക ചക്രത്തിന്റെ പ്രാധാന്യവും വർദ്ധിച്ചു വന്നു. ഋതുക്കളുടെ പോക്കുവരവുകൾ കാർഷിക വൃത്തിയുടെ അവിഭാജ്യനിർവ്വാഹകഘടകവുമാണല്ലോ. ചന്ദ്രന്റെ ചലനങ്ങൾക്ക് ആദ്യമുണ്ടായിരുന്ന പ്രാധാന്യം പിന്നീട് സൂര്യനും കൈവരിച്ചു. വർഷത്തിന്റെ ദൈർഘ്യം ഏതാണ്ട് കൃത്യമായിത്തന്നെ അവർ അയ്യായിരം വർഷങ്ങൾക്കു മുമ്പുതന്നെ കണ്ടെത്തിയിരുന്നു. കാലദേശഭേദങ്ങൾക്കനുസരണമായി ചിലയിടങ്ങളിൽ ചന്ദ്രനും മറ്റിടങ്ങളിൽ സൂര്യനും പ്രാധാന്യമുള്ള പഞ്ചാംഗങ്ങളുണ്ടായി. രണ്ടും പരിഷ്ക്കരിച്ച് ഏകീകരിച്ച പഞ്ചാംഗങ്ങളും നിലവിൽ വന്നു.

വൃത്തത്തിന് 360 ഡിഗ്രി എന്നത് വർഷത്തിന്റെ 365 ദിവസവുമായി ബന്ധപ്പെട്ടു നിൽക്കുകയാൽ മുന്നൂററുപതിന്റെ പ്രാധാന്യം അവർ തിരിച്ചറിഞ്ഞു. അത് അറുപതിന്റെ ഗുണിതമായി കണ്ടുകൊണ്ട് മണിക്കൂറിന് 60 മിനിറ്റ്, മിനിറ്റിന് 60 സെക്കന്റ് എന്നുള്ള വിഭജനത്തിന് അടിസ്ഥാനമാക്കുകയും വൃത്തത്തിന്റെ വിഭജനത്തിന്റെ ആധാരമാക്കി മാറ്റുകയും ചെയ്തു. കോണളവും സമയവുമളക്കുന്നതിന്റെ പഞ്ചാംഗസംബന്ധിയായ ഗണിതത്തിന്റെ ഗുട്ടൻസുമിതാണ്. മുൻകൂട്ടി കണക്കാക്കി, സവിസ്താരമുണ്ടാക്കിയ പട്ടികകളെ ആസ്പദമാക്കിയാണ് ജ്യോതിഷികളുടെ ഗണനം. ബീജഗണിതവും അങ്കഗണിതവും അങ്കുരിച്ചത് ജ്യോതിശാസ്ത്രത്തിൽ നിന്നാണ്. ഭൂമിയുടെ വിസ്തീർണമളക്കുന്നതിൽ നിന്നാണ് ജ്യോമിട്രിയുടെ ഉത്ഭവമെന്ന് നേരത്തെ പരാമർശിക്കുകയുണ്ടായല്ലോ.

കൃഷിക്കാരന് ഋതുക്കളും കാലാവസ്ഥയും പരിസ്ഥിതിയും പരിതസ്ഥിതിയുമെല്ലാം പ്രാധാന്യമേറിയതാണ്. സൂര്യന്റെ ചലനമാണ് ഏറ്റവും പ്രധാനം എന്നതിനാൽ സൂര്യൻ ഏറ്റവും വലിയ ആരാധനാപാത്രമായി. നക്ഷത്രങ്ങളിലും അവയ്ക്കിടയിൽ സഞ്ചരിക്കുന്ന ഗ്രഹങ്ങളിലും ദിവ്യത്വം ആരോപിക്കപ്പെട്ടു. കാലക്രമേണ മതങ്ങൾക്കും ആകാശം അത്രമേൽ ആവശ്യമായി വന്നു. പുണ്യദിവസങ്ങളുടെ വരവടയാളപ്പെടുത്തുവാൻ പഞ്ചാംഗം ആവശ്യമാണല്ലോ. പ്രകൃതിയുടെ ക്രമവും ജീവിതത്തിന്റെ ക്രമവും സമരസപ്പെടുത്തി മുന്നേറുവാനുള്ള ഒരുപാധി കൂടിയാണ് പുണ്യദിനാചരണങ്ങളും ഉത്സവങ്ങളും . ചന്ദ്രന്റെ ചലനത്തെ ആസ്പദമാക്കി സംക്രാന്തികളും വ്രതങ്ങളും അചരിക്കുംപോലെയാണ് സൂര്യനെ ആസ്പദമാക്കി വിഷുവും ഞാറ്റുവേലകളും ഉള്ളത്. സാബത്തുകൾക്ക് പക്ഷെ ഗ്രഹങ്ങളുടെ പേരുമായുള്ള ബന്ധമല്ലാതെ നേരിട്ടു മറ്റു ബന്ധമില്ല. ആകാശം ഭൂമിയുടെ മൂടിയായിട്ടോ, കൂടാരമായിട്ടോ ഒക്കെ പ്രാചീനർ സങ്കല്പിച്ചിരുന്നു. നക്ഷത്രങ്ങളുടെ സ്ഥാനം നിർണ്ണയിക്കുവാൻ ചൈനക്കാരുണ്ടാക്കിയ വൃത്താകാരമായ ഉപകരണമായിരുന്നു പൈ. ആ വാക്ക് പിന്നീട് വൃത്തത്തിന്റെ ഗണിതലക്ഷണത്തിന്റെ പ്രതീകമായി മാറി.

ആകാശം പ്രകൃതിയേയും കാലാവസ്ഥയേയും ബാധിക്കുന്ന ഒന്നാണെങ്കിൽ അത് മനഷ്യനേയും ബാധിക്കേണ്ടതല്ലേ എന്ന യുക്തിയിൽ നിന്നായിരിക്കണം ജ്യോതിഷം രൂപം കൊള്ളുന്ന

ത്. രാജാക്കന്മാരുടെ ഭാവിയാണ് ആദ്യകാലത്ത് ആകാശഗോളങ്ങളാൽ തീരുമാനിക്കപ്പെട്ടിരുന്നത്. സാധാരണക്കാർക്കും ഭാവിയറിയാനുള്ള വ്യഗ്രതയുണ്ടെന്നുള്ളത് മനസ്സിലാക്കി അത് വിപുലീകരിക്കപ്പെട്ടു.ഭാവി അറിയണമെന്ന് ആഗ്രഹമുള്ള ആർക്കും ഭാവി അറിയാൻ ജ്യോതിഷിയെ സമീപിക്കാമെന്നു വന്നു. പിൽക്കാലത്ത് ജ്യോതിഷ വിശ്വാസിയല്ലായിരുന്ന കെപ്ലർ പോലും വമ്പിച്ച ധനസമ്പാദനം നടത്തിയത് രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ജാതകമെഴുതിക്കൊടുത്തുകൊണ്ടാണ്.

ആഴ്ചയിലെ ഏഴു ദിവസങ്ങൾക്ക്, പൗരാണികർ, അന്ന് അവർ ഗ്രഹങ്ങളെന്നു ധരിച്ചിരുന്ന ഏഴു ഗോളങ്ങളുടെ പേരുകൾ നൽകി - സൂര്യൻ മുതൽ ശനി വരെ. ഇതിൽ ഗ്രഹങ്ങളല്ലാത്തവയും പെടും. എല്ലാ ഗ്രഹങ്ങളും പെടുന്നുമില്ല. സൂര്യനും ചന്ദ്രനും രാഹുവും കേതുവുമൊന്നും ഗ്രഹങ്ങളല്ല എന്നും ഭൂമിയും യുറാനെസ്സും നെപ്ട്യൂണുമെല്ലാം ഗ്രഹങ്ങളിൽപ്പെടുമെന്നുമുള്ള തിരിച്ചറിവ് പിന്നീട് നവോത്ഥാന കാലത്തുണ്ടായതാണ്. എന്നിരുന്നാലും ഗ്രഹങ്ങളെയും ദിവസങ്ങളെയും ബന്ധപ്പെടുത്തി ആഴ്ചയിലെ ദിവസങ്ങൾക്ക് പേരുകൾ രൂപപ്പെട്ടതിന് എല്ലാ സംസ്കാരങ്ങൾക്കകത്തും അംഗീകാരമുണ്ടായിരുന്നു.

## വൈദ്യം

ആദിമനുഷ്യനെ രോഗങ്ങൾ അത്ര അലട്ടിയിരുന്നില്ല. വിശ്രമമില്ലാത്ത ജീവിതമായിരുന്നതിനാൽ വ്യായാമമില്ലായ്മയും ദുർമേദസ്സും അലട്ടിയിരുന്നില്ല. രോഗകാരണമായി മാലിന്യങ്ങളും വിസർജ്യങ്ങളും വർത്തിച്ചിരുന്നുമില്ല. പരിക്കുകളാണ് അവർക്കു നേരിടാനുണ്ടായിരുന്നത്. എന്നാൽ പിന്നീട് കാർഷികസംസ്കൃതിയുടെ വരവോടെയാണ് രോഗങ്ങളും പ്രതിവിധിയും അവർക്കു പ്രശ്നമായി വന്നത്. ജ്യോതിഷിയോളം തന്നെ പ്രാധാന്യം വൈദ്യർക്കും കൈവന്നു. ജ്യോത്സ്യർക്ക് ബൗദ്ധികമായ വ്യായാമമേ ചെയ്യേണ്ടിയിരുന്നുള്ളൂ. എന്നാൽ വൈദ്യരുടെ കാര്യം അതല്ല, മരുന്നുകൾ കൈകാര്യം ചെയ്യണം.മുറിവുകളിൽ മരുന്നു പുരട്ടണം. ഒടിവുകൾ കെട്ടിവയ്ക്കണം എന്നു തുടങ്ങി ദഹനത്തിനും ദഹനക്കേടിനും മറ്റും ചികിത്സിക്കൽ വരെ അതു വികസിച്ചു. രോഗങ്ങളെ താരതമ്യം ചെയ്തു നിരീക്ഷിക്കാൻ അവർക്കവസരമുണ്ടായി. സമാന വൈദ്യന്മാരുമായി ആശയം കൈമാറാനും അറിവ് തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറാനും അവർ ശ്രമിച്ചു കാണും. ആദ്യകാലത്ത് വിജ്ഞാനം മനഃപാഠമാക്കി കൈമാറുകയായിരുന്നെങ്കിൽ എഴുത്തു വന്നതോടെ രേഖപ്പെടുത്തുവാനും സംവിധാനമായി. തുടക്കകാലത്ത്, ചികിത്സ പരാജയപ്പെട്ടാൽ വൈദ്യനെ ശിക്ഷിക്കുന്ന ഏർപ്പാടുണ്ടായിരുന്നുവത്രേ ! കണ്ണു ചികിത്സിച്ചു കാഴ്ച പോയാൽ വൈദ്യരുടെ കണ്ണെടുക്കുന്ന വിദ്യ.

പ്രകൃതിയെപ്പറ്റിയും സസ്യങ്ങളെപ്പറ്റിയും സസ്യങ്ങളുടെ സ്വഭാവത്തെപ്പറ്റിയും വൈദ്യന്മാർ പഠിക്കുവാൻ ബാധ്യസ്ഥരായി. ഒരു ശാസ്ത്രം വളരുകയായിരുന്നു. വയറിളക്കുവാനും, ഛർദ്ദിക്കുവാനും ഇതു രണ്ടും നിയന്ത്രിക്കുവാനുമുള്ള മരുന്നുകൾ അനുഭവത്തിലൂടെ കണ്ടെത്തി. മലമ്പനിയുടെ മരുന്നു വരെ അവർക്കറിയാമായിരുന്നു.

വൈദ്യത്തോടൊപ്പമുണ്ടായ പിരിവാണ് മാന്ത്രികം. രോഗങ്ങൾക്കു കാരണം ദുരാത്മക്കളുടെ വിക്രിയകളാണെന്ന വിശ്വസത്തിൽ നിന്നാണതിന്റെ തുടക്കം. മാനസികമായ വിഹ്വലതകളെയും വിഭ്രാന്തിയേയും മുതലെടുക്കുക എന്നതായിരുന്നു അടിസ്ഥാനം. ദുരാത്മാക്കൾ ഉറഞ്ഞുകൂടി ക്ഷുദ്രദൈവങ്ങളാകുന്ന പ്രവണതയുമുണ്ടല്ലോ. മാടൻ, മറുത തുടങ്ങിയ സങ്കല്പങ്ങളാൽ ഇതു കാണാം. മനുഷ്യായവയവങ്ങളോടു സാദൃശ്യമുള്ള വസ്തുക്കൾ ഉഴിഞ്ഞുകൊണ്ട് ഘോരമായ മന്ത്രോച്ചാരണങ്ങൾ നടത്തിക്കൊണ്ട് തീജ്വാല പടർത്തിക്കൊണ്ട് ബാധയോ രോഗമോ അകറ്റുന്ന മന്ത്രവാദികൾ ഇന്നും നമ്മോടൊപ്പം തന്നെയുണ്ടല്ലോ.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക: 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ





(തുടർച്ച)

# ദുബായ്-ആഘോഷങ്ങളുടെ ലോക തലസ്ഥാനം

**പി. രാമാനുജൻ**

### സാമ്പത്തിക മാന്ദ്യം

10 വർഷം മുൻപ് ഉണ്ടായ ആഗോള സാമ്പത്തിക മാന്ദ്യത്തിന് അനുബന്ധമായി, ദുബായിയും ഒരു സാമ്പത്തിക ദുരന്തസമാനമായ സാഹചര്യം നേരിട്ടു. ബുർജ് ഖലീഫ ഉൾപ്പടെയുള്ള പല നിർമ്മാണ പ്രവർത്തനങ്ങളും നിലച്ചു പോയി. എന്നാൽ ആ ദു:സ്ഥിതിയിൽ ഒരുവിധം പിടിച്ചുനിൽക്കാനും, മന്ദം മന്ദം കര കയറാനും സാധിച്ചത് യു. എ. ഇ തലസ്ഥാനമായ അബുദാബി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന നാഷണൽ ബാങ്ക് ഓഫ് അബുദാബിയുടെ സമയോചിതമായ സഹായ ഹസ്തം കൊണ്ടു മാത്രമാണ്. ദുബായിയുടെ അഭിമാന സ്തംഭമായ ആ കെട്ടിടത്തിന് തനതായ ഒരു പേരിടാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും, ഈ സഹായത്തിന്റെ അടിസ്ഥാനത്തിൽ, അബുദാബി ഭരണാധികാരിയായിരുന്ന ഷെയ്ക്ക് ഖലീഫയുടെ പേര് ചേർത്താണ് പിന്നീട് ഈ കെട്ടിടം ബുർജ് ഖലീഫ എന്ന പേരിൽ അറിയപ്പെടുന്നത് എന്നുപോലും കേട്ടിരുന്നു. അന്ന് ദുബായ് കടമെടുത്ത 20 ശതലക്ഷം ഡോളറിന്റെ തിരിച്ചടവിന്, ഇപ്പോൾ അബുദാബി ഭരണകൂടവും യു. എ. ഇ യിലെ ആ കേന്ദ്രബാങ്കും അഞ്ചുകൊല്ലം കൂടി അവധി നീട്ടിക്കൊടുത്തതായി അറിയുന്നു. ആയിടക്കാണ്, പ്രവാസികൾക്കുപോലും 99 വർഷത്തെ വിസാ വാഗ്ദാനത്തോടുകൂടി വാസസ്ഥലങ്ങൾ സ്വന്തമായി വാങ്ങിക്കാനുള്ള അവസരങ്ങൾ ഉണ്ടായത്. പലരും അത് പ്രയോജനപ്പെടുത്തുകയും, സ്വന്തമായി വില്ലകളോ, ഫ്ളാറ്റുകളോ വാങ്ങുകയും ചെയ്തു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശോഭാ ഗ്രൂപ്പും, പാർപ്പിട നിർമ്മാണ മേഖലയിൽ സജീവമായി രംഗത്തുണ്ട്. എന്നാൽ വീണ്ടും സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന സാഹചര്യത്തിൽ പല കെട്ടിടങ്ങളുടെയും, പാർപ്പിട സമുച്ചയങ്ങളുടെയും നിർമ്മാണം നിലക്കുന്നതും, മന്ദഗതിയിലാകുന്നതും, തവണ വ്യവസ്ഥകൾ ഉദാരമാക്കുന്നതുമെല്ലാം കണ്ടുവരുന്നുണ്ട്. കെട്ടിടങ്ങളുടെ വാടകയുടെ കാര്യത്തിലും 10 % ഇളവുകൾ പ്രഖ്യാപിക്കുന്നതായി കാണാൻ സാധിച്ചു.

അറേബ്യൻ രാജ്യങ്ങളിലെല്ലാം കുറ്റകൃത്യങ്ങൾ പൊതുവെ കുറയുവാനുള്ള ഒരു പ്രധാന കാരണം, അവിടങ്ങളിൽ നിലവിലുള്ള കടുത്ത ശിക്ഷാനടപടികൾ തന്നെയാണ്. എങ്കിലും, ഒറ്റപ്പെട്ട സംഭവങ്ങൾ ഇല്ലാതെയും ഇല്ല. ഞങ്ങൾ അവിടെ സന്ദർശിച്ച വേളയിലെ രസകരമായ ഒരു വാർത്ത, കേവലം 6 ദിർഹം വിലയുള്ള 2 മാങ്ങകൾ മോഷ്ടിച്ച ഒരാൾക്ക്, 5000 ദിർഹം പിഴയും മൂന്നുമാസത്തെ തടവും, അതുകഴിഞ്ഞ് നാടുകടത്തലും എന്ന ശിക്ഷ വിധിച്ചതാണ്. 27 വയസ്സായ ഇന്ത്യക്കാരനായ ആ എയർപോർട്ട് ജോലിക്കാരൻ കുറ്റം സമ്മതിച്ചുകൊണ്ട് പറഞ്ഞത്, ദാഹശമനത്തിനുവേണ്ടി, അവിടെ കണ്ട ഒരു പെട്ടിയിൽ നിന്നും രണ്ടു മാങ്ങകൾ എടുത്തു ഭക്ഷിച്ചുവെന്നാണ്. അയാൾക്ക് മേൽകോടതിയെ സമീപിക്കാൻ 15 ദിവസം അനുവദിച്ചിരുന്നു. ദുബായിലെ ജനസംഖ്യയിൽ 15% മാത്രമെ അറബികൾ ഉള്ളൂ. ബാക്കി 85% പേരും വിദേശികളായ ജോലിക്കാരാണ്. അതിൽ തന്നെ 60% പേരും, ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ്.

### നിർമ്മിതബുദ്ധി

ലോകത്തിലെ ആദ്യത്തെ നിർമ്മിത ബുദ്ധി സർവ്വകലാശാല അബുദാബിയിൽ സ്ഥാപിക്കുന്നത് ഈ മേഖലയിൽ ഭാവിയിൽ ഉണ്ടാകാവുന്ന ജോലി സാധ്യതകൾ കണക്കിലെടുത്താണ്. അബുദാബിയിലെ മസ്ദർ പട്ടണത്തിൽ സ്ഥാപിതമാകുന്ന മൊഹമ്മദ് ബിൻ സയ്യദ് യൂണിവേഴ്സിറ്റി ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന ഈ സ്ഥാപനം, രണ്ടു വർഷത്തെ ബിരുദാനന്തര പഠനത്തിനും, 4 വർഷത്തെ ഗവേഷണ (പി. എച്ച്. ഡി) പഠനത്തിനും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട്, 2020 സെപ്തംബറിൽ പഠനം ആരംഭിക്കാനാണ് തയ്യാറെടുത്തിരുന്നത്. 2030 ആകുമ്പോഴേക്കും, യു. എ. ഇ യുടെ സമ്പദ്‌വ്യവസ്ഥയ്ക്ക്, നിർമ്മിതബുദ്ധി മുഖേനയുള്ള സംഭാവന 9.6 ശതകോടി ഡോളർ ആയിരിക്കുമെന്നു കണക്കാക്കിയിരിക്കുന്നു.

### കായികക്ഷമതാ വെല്ലുവിളി

2017 ൽ ദുബായ് രാജകുമാരനും, കാര്യനിർവ്വണ സമിതി അദ്ധ്യക്ഷനുമായ ഷെയ്ക്ക് ബിൻ മുഹമ്മദ് ബിൻ റഷീദ് അൽ മക്തും ആരംഭിച്ചു. ദുബായ് കായികക്ഷമതാ വെല്ലുവിളി, ഒരു വർഷത്തിൽ 30 ദിവസം തുടർച്ചയായി 30 മിനിട്ട് വീതം. ഏതെങ്കിലും തരത്തിലുള്ള വ്യായാമത്തിൽ ഏർപ്പെടാൻ തദ്ദേശവാസികളെ

യും, സന്ദർശകരേയും പ്രോത്സാഹിപ്പിക്കുന്നു. ഈ യജ്ഞത്തിന്റെ മൂന്നാം വർഷത്തെ പരിപാടികൾ 2019 ലും നിർബ്വാദം തുടരുന്നുണ്ടായിരുന്നു. അതിനുവേണ്ടി, കടലോരത്തും, ഉത്സവമഗരിയിലുള്ള കായികക്ഷമതാ ഗ്രാമങ്ങളിലും ആണ്, കുടുംബസമേതം വിയർപ്പ് ഒഴുക്കിക്കൊണ്ടുള്ള വിവിധവ്യായാമ മുറകൾ ആസൂത്രണം ചെയ്തിരുന്നത്. 2019 ഒക്ടോബർ 18 മുതൽ നവംബർ 16 വരെയുള്ള 30 ദിവസങ്ങളിലാണ് ദുബായ് ഒന്നാകെ ലോകത്തിലെ തന്നെ ഏക വ്യായാമമഗരമായി മാറിയ ഇത്തരമൊരു പൊതുജനാരോഗ്യ പദ്ധതി നടപ്പാക്കിയത്. 40 ൽ അധികം കായികക്ഷമതാ ഇനങ്ങളും, 5000ത്തിൽ അധികം ആരോഗ്യാധിഷ്ഠിത പരിപാടികളും അടങ്ങുന്ന പദ്ധതിയിൽ, തികച്ചും സൗജന്യമായി എല്ലാവർക്കും പങ്കെടുക്കാമായിരുന്നു.

## ആഗോള മത്സരാടിസ്ഥനത്തിലെ സ്ഥാനം

സമ്പദ് ഘടന, ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്ര പുരോഗതി എന്നീ നിർണ്ണായകമേഖലകളിലെ പ്രവർത്തനങ്ങളിൽ, നിരന്തരമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഏറ്റവും അധികം മുൻഗണനയാണ് യു. എ. ഇ ഭരണകൂടം നൽകുന്നത്. അതുവഴി തങ്ങളുടെ ദേശീയ സമ്പദ്ഘടന, മുൻപന്തിയിലുള്ള ആഗോള സമ്പദ്ഘടനാ ശ്രേണിയിൽ ഇടംപിടിക്കാനാണ് ലക്ഷ്യമിടുന്നത്.

തത്ഫലമായി, 2019 ലെ ആഗോള മത്സരാടിസ്ഥിത റിപ്പോർട്ടിൽ യു. എ. ഇ ആഗോളാടിസ്ഥാന്തതിൽ 25 ാം സ്ഥാനവും, അറബ് രാജ്യങ്ങളുടെ ഇടയിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കുകയുണ്ടായി. മറ്റു നേട്ടങ്ങൾ ഇവയാണ്. ആകെ 103 സൂചകങ്ങളിൽ 52 എണ്ണത്തിൽ യു. എ. ഇ നിർണ്ണായക നേട്ടം കൈവരിക്കുകയും മറ്റു 27 സൂചകങ്ങളിൽ പ്രകടനം നിലനിർത്തുകയും ചെയ്തു.

19 സൂചകങ്ങളിൽ, ലോകത്തിലെ മികച്ച 5 രാജ്യങ്ങളുടെ സ്ഥാനങ്ങളിൽ ഇടം പിടിക്കുകയും, 57 സൂചകങ്ങളുടെ അടിസ്ഥാനത്തിൽ, ആഗോള അടിസ്ഥാനത്തിൽ ആദ്യത്തെ 20 രാജ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ഉപസൂചകങ്ങളുടെ അടിസ്ഥാനത്തിൽ ആഗോളാടിസ്ഥാനത്തിൽ, സ്ഥൂലസാമ്പത്തിക സ്ഥിരതയുടെ കാര്യത്തിൽ യു. എ. ഇ ഒന്നാം സ്ഥാനവും, വിവര വാർത്താവിനിമയ സങ്കേതമാറ്റത്തിൽ രമ്ടാംസ്ഥാനവും, ഉല്പന്ന വിപണത്തിൽ നാലാം സംസ്ഥാനവും കൈവരിച്ചു.

12 സുപ്രധാന വേഖലകളിൽ 8 എണ്ണത്തിലും യു. എ. ഇ യ്ക്ക് വളരെയേറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അവ: അടിസ്ഥാന സൗകര്യം, വിവര വാർത്താ വിനിമയസങ്കേതമാറ്റം, വിദ്യാഭ്യാസം, സാങ്കേതിക കഴിവുകൾ, ഉല്പന്ന വിപണനം, തൊഴിൽ വിപണി, വ്യാപാര ചലനാത്മകത, പരിവർത്തന സാദ്ധ്യത എന്നിവയാണ്.

## ഗതാഗത സൗകര്യങ്ങൾ

ഏതൊരു വികസിത രാജ്യങ്ങളോടും കിടപിടിക്കുന്ന തരത്തിലാണ് ദുബായിൽ ഗതാഗത സൗകര്യങ്ങൽ ഏർപ്പെടുത്തിയിട്ടുള്ളത്. 2005 ൽ രൂപീകൃതമായ റോഡ് ഗതാഗത അതോറിറ്റിയാണ് ദുബായിക്കകത്തും, യു. എ. ഇ യിൽ ഉൾപ്പെട്ട മറ്റു അയൽരാജ്യങ്ങളിലേക്കുള്ളഥുമായ ഗതാഗത സൗകര്യങ്ങൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും. ദൈനംദിനം കൂടി വരുന്ന യാത്രാക്ളേശവും തിരക്കും കണക്കിലെടുത്ത്, തലങ്ങും വിലങ്ങുമായി നിരവധി റോഡുകളും, ഫ്ളൈ ഓവറുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും, ദുബായിലെ 1.44 ദശലക്ഷം ദേശവാസികളുടെ യാത്രയിൽ അനുഭവപ്പെടുന്ന തിരക്കുകൾ മൂലം ഉണ്ടാകുന്ന സമയനഷ്ടവും, ഇന്ധന നഷ്ടവും കൂടി, രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉല്പന്ന (ജി.ഡി. പി) മൂല്യമായ 146 ശതകോടി ദിർഹത്തിന്റെ 3.15% ആയ 4.6 ശതകോടി ദിർഹം ആണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ നഗരത്തിൽ 1000 പേരിൽ 541 പേർ എന്ന നിരക്കിൽ കാർ ഉടമകളായിട്ടുണ്ടെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ന്യൂയോർക്കിൽ ഇത് 444 ഉം, ലണ്ടനിൽ 345 ഉം, സിംഗപൂരിൽ 111 ഉം ആണ്. ഈ തോതിൽ 2020 ൽ 5.30 ദശലക്ഷം കാറുകളുണ്ടാകും എന്നാണ് കണ്ടിട്ടുള്ളത്. യാത്രാക്ളേശം പരിഹരിക്കുവാൻ, ദുബായ് മെട്രോ സർവ്വീസും പുതിയ പാലങ്ങളും ഫ്ളൈ ഓവറുകളും സഹായമാകുന്നുണ്ട്. 2020 ൽ 500 കി.മീ റോഡുകളും, 120 ബഹുനിലകളിലുള്ള അനുബന്ധപാതകളും നിർമ്മിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

**ദുബായ് മെട്രോ :** 2005 സെപ്തംബറിൽ നിർമ്മാണമാരംഭിച്ച പ്രധാന മെട്രോപാത (ചുവപ്പുപാത) മുൻ നിശ്ചയിച്ചതനുസരിച്ച് 09.09.2009 ലാണ് പ്രവർത്തനക്ഷമമായത്. അത് 2010 ലും 2013 ലും അനുക്രമമായി വികസിപ്പിച്ചു. ഇപ്പോൾ 29 സ്റ്റേഷനുകൾ ഉള്ള ഒരു പ്രധാന ഗതാഗത മാർഗ്ഗമായി മാറി. 2006 ൽ ആരംഭിച്ച ഹരിതപാത 2011 സെപ്തംബർ 9 ന് പ്രവർത്തനക്ഷമമായി. അതിന് തുടക്കത്തിൽ 18 സ്റ്റേഷനുകളാണ് ഉണ്ടായിരുന്നത്. 2014 ൽ 2 സ്റ്റേഷനുകളിലേക്ക് കൂടി അത് നീട്ടി. ഈ രണ്ടു പാതകൾക്കും കൂടി മൊത്തം 74.6 കീ.മി നീളമുണ്ട്. അതിൽ തന്നെ 13 കീ. മീറ്റർ ദൂരം, വിവിധ ഭാഗങ്ങളിലായി , ഭൂമിക്കടിയിലൂടെയാണ് പോകുന്നത്.

**മോണോ റെയിൽ :** 2009 ഏപ്രിൽ 30 ന് സഞ്ചാരയോഗ്യമായ പാം ജുമേറ മോണോറെയിലിന് നിലവിൽ രണ്ടു സ്റ്റേഷനുകൾ മാത്രമെയുള്ളൂ. രണ്ടു സ്റ്റേഷനുകൾ കൂടി ഇതിനോട് ചേർക്കാനും, മൊത്തം 9 മോണോറെയിൽ സഞ്ചാര സൗകര്യം ഉണ്ടാക്കാനും പദ്ധതിയുണ്ട്.

## സ്വയം നിയന്ത്രണ വാഹനങ്ങൾ

2019 ൽ നടന്ന സ്വയം നിയന്ത്രിത വാഹനങ്ങൾ





ക്കായുള്ള ദുബായ് വെല്ലുവിളി എന്ന പരിപാടിയിൽ വെച്ച്, ഒരു സ്വയം നിയന്ത്രിത വാഹനത്തിന്റെ മാതൃക പ്രദർശിപ്പിക്കുകയുണ്ടായി. നിരത്തിലോടുന്ന അത്തരം വാഹനങ്ങൾ, ഡ്രോൺ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് 2021 ൽ രണ്ടാമത്തെ ഇത്തരം വെല്ലുവിള് പരിപാടി നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. 2030 ആകുമ്പോഴേക്കും ഇത്തരം ഡ്രൈവർ - രഹിത വാഹനങ്ങൽ നിരത്തിലിറക്കാൻ പദ്ധതിയിട്ടുകൊണ്ടുള്ള ആസൂത്രണങ്ങൾ നടന്നു വരുന്നുണ്ട്.

## ത്രിമാന നടവഴികൾ

റോഡ് മുറിച്ചു കടക്കാനുള്ള സീബ്ര വരകൾക്കുപകരം, കൂടുതൽ ആകർഷകവും, ശ്രദ്ധനേടുന്നതുമായ ത്രിമാന നടവഴികൾ, അബുദാബി നഗരത്തിലെ സർവ്വീസ് റോഡുകളിൽ ഒരുക്കിയിട്ടുണ്ട്. ചുവപ്പും, മഞ്ഞയും, നീലയും, കറുപ്പും, ചാരനിറവും ചേർന്ന നടവഴികളാണ്, ജനങ്ങൽ റോഡ് മുറിച്ചുകടക്കാൻ സാധ്യത കൂടുതലുള്ള താമസകേന്ദ്രങ്ങൾ, പാർക്കുകൾ, ആരാധനാലയങ്ങൾ എന്നിവയുള്ള ഭാഗങ്ങളിലെ ഇടറോഡുകളിൽ ഉണ്ടാക്കിയിട്ടുള്ളത്.

## സിൽക്ക് പാത പദ്ധതി

ദുബായിയെ ലോക വാണിജ്യകേന്ദ്രമാക്കാൻ ആസൂത്രണം ചെയ്ത 'ദുബായ് സിൽക്ക് പാത' പദ്ധതിയുടെ പ്രഥമഘട്ടം നടപ്പാക്കുന്നതിന്റെ ഭാഗമായി, ദുബായ് കസ്റ്റംസ്, ലോക ലോജിസ്റ്റിക് പാസ്പോർട്ട് തുടങ്ങി. ദുബായ് കസ്റ്റംസ്, ദുബായ് ട്രേഡ് എന്നിവ ഉൾപ്പടെയുള്ള സർക്കാർ സ്ഥാപനങ്ങളെ ഡി.പി. വേൾഡ് (വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പങ്കാളികൾ), ഡിനാറ്റ (ദുബായ് നാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ എന്ന വിവിധ വൻകരകളിലെ എയർപോർട്ട് സേവനദാതാക്കളുടെ സംഘടന) തുടങ്ങിയ സേവനദാതാക്കളുമായുള്ള സംയുക്ത വാണിജ്യ ഇടപാടുകൾ സുഗമമാക്കുവാനും, അതുവഴി വാണിജ്യ സ്ഥാപനങ്ങൽക്കും, ഷിപ്പിംഗ് കമ്പനികൽക്കും, മെച്ചപ്പെട്ട പ്രവർത്തന സൗകര്യങ്ങളും, സാമ്പത്തിക നേട്ടങ്ങളും ലഭിക്കുവാനും ഉതകുന്ന രീതിയിലാണ് ലോക ലോജിസ്റ്റിക് പാസ്പോർട്ട് വിഭാവനം ചെയ്തിട്ടുള്ളത്. സിൽക്ക് പാതയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും, ദുബായിലെ വിവിധ ഉല്പന്നങ്ങൾ, സേവനങ്ങൽ, സംയോജിത ഗതാഗത സംവിധാനങ്ങൾ എന്നിവക്കുള്ള ആവശ്യം വർദ്ധിപ്പിക്കുന്നതിനും ഈ പാസ്പോർട്ട് സഹായകമാകും. പ്രാദേശികവും, അന്തർദേശീയവുമായ വ്യാപാരത്തിൽ, ദുബായ് കസ്റ്റംസിന്റെ പ്രാധാന്യവും ഇതുവഴി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു.

## ചുരുങ്ങിയ നിരക്കിൽ വിമാനയാത്ര

നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ ഇടയിലും, ചുരുങ്ങിയ നിരക്കിലുള്ള വിമാനയാത്രാ സൗകര്യം ഒതുക്കുവാനുള്ള ചങ്കൂറ്റം കാണിക്കുകയാണ് യു. എ. ഇ അബുദാബിയുടെ സ്വന്തം വിമാനക്കമ്പിനിയായ എത്തിഹാഡ്, ഷാർജയുടെ എയർ അറേബ്യ വിമാനക്കമ്പിനി എന്നിവയുടെ ഒരു സംയുക്തസംരംഭമായി എയർ അറേബ്യ എന്ന പേരിൽ തന്നെയാണ് അബുദാബി ആസ്ഥാനമായി ഈ സംരംഭം തുടങ്ങഉന്നത്. മറ്റൊരു പുതിയ വിമാനക്കമ്പിനി തുടങ്ങുന്നതിനേക്കാൾ സുഗമമായും കാലവിളംബം കൂടാതേയും ഇത് പ്രാവർത്തികമാക്കാം എന്ന ധാരണയിലാണ്.

## ദുബായിയുടെ ആതിഥ്യ മര്യാദ

2020ൽ ആസൂത്രണം ചെയ്തിട്ടുള്ള ദുബായ് എക്സ്പോ എന്ന ആഗോള പ്രദർശനത്തിന് 20 ദശലക്ഷം സന്ദർശകരെ പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ, ദുബായിയുടെ ആതിഥ്യ മര്യാദാവിഭാഗത്തിന്റെ പ്രവർത്തനത്തിന് നിർണ്ണായകമായ പങ്ക് വഹിക്കാനുണ്ട്. ദുബായിയുടെ ചലനാത്മകമായ വാണിജ്യ, ടൂറിസം മേഖലകൾ, ലോകത്തിലെ നാനാഭാഗങ്ങളിലേക്കും നേരിട്ടുള്ള യാത്രാ സൗകര്യങ്ങൾ എന്നിവയെല്ലാം ഇതിന് സഹായ ഘടകങ്ങളാണ്. 2007 മുതൽ 2017 വരെയുള്ള ദശകത്തിൽ, രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദന (ജി.ഡി. പി) ത്തിൽ 138% വളർച്ച കൈവരിക്കാൻ ഈ മേഖലയ്ക്ക് സാധിച്ചുവെന്നുള്ളതിൽ ഒട്ടും അതിശയമില്ല.

2018 ൽ മാത്രം, ദുബായിലെ 716 ഹോട്ടലുകൾ, അവരുടെ 15.9 ദശലക്ഷം അതിഥികൾക്കായി 116000 താക്കോലുകൾ കൈമാറി എന്നത് ശരാശരി 76% ഹോട്ടൽ മുറികളും അതിഥികളെക്കൊണ്ട് നിറഞ്ഞിരുന്നുവെന്നതിന് തെളിവാണ്. സുരക്ഷിതമായ നിയമങ്ങൾ നിലനിൽക്കുന്ന സാഹചര്യം, ഭദ്രമായ ഭരണസംവിധാനം, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, നിർണ്ണായകമായ സ്ഥാനം എന്നീ ഘടകങ്ങളെല്ലാം വിദേശനിക്ഷേപകരെ ദുബായിലേക്ക് ആകർഷിക്കുന്നതിന് സഹായകമായിത്തീരുന്നു. അതുവഴി പല പ്രമുഖ ആതിഥ്യസംരംഭകരും, ആകർഷിക്കപ്പെട്ടിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ ഹോട്ടലുകൾ, കെട്ടിടസമുച്ചയങ്ങൾ, സന്ദർശനകേന്ദ്രങ്ങൾ, ആരോഗ്യപരിപാലന കേന്ദ്രങ്ങൾ, റെസ്റ്റോറന്റുകൾ, യാത്രാസൗകര്യ സംരംഭങ്ങൾ എന്നീ മേഖലകളിലുള്ള നിക്ഷേപങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച്, ഈ മേഖലയിൽ ജോലി സാദ്ധ്യതകൾ വർദ്ധിക്കാനും അവസരങ്ങൾ ഉണ്ടാകുന്നുണ്ട്.

ആതിഥ്യമര്യാദ മേഖലയിലെ, മാതൃകാ നിക്ഷേപ - സൗഹൃദ രാജ്യമായി ദുബായ് വികസിക്കുന്നതിനുള്ള സാദ്ധ്യതകൾ മേൽക്കുമേൽ വർദ്ധിക്കുന്നുണ്ട്. യു. എ. ഇ യുടെ മൊത്ത ആഭ്യന്തര ഉല്പാദനത്തിൽ 2027 ആകുമ്പോഴേക്കും 312.4 ശതകോടി ദിർഹം സംഭാവന ചെയ്യുന്ന യാത്രാ, വിനോദ സഞ്ചാര വ്യവസായം ഈ വളർച്ചയ്ക്ക് നിർണ്ണായകമായ ആക്കം കൂട്ടും.

# ദ്വൈതം

പി.ജി. രാമചന്ദ്രൻ, ഫോൺ : 98950 50190

ഉണ്ണീ, ഉണ്ണീ, ഇവൻ എവിടെ പോയിരിക്കാ? 6 മണിയായി, രാത്രി ആകാറായി, ഇന്ന് നാമ ചൊല്ലണ്ടേ?

അമ്മ: എടാ ഉണ്ണീ, നീ എന്താ വിളി കേൾക്കാത്തേ? മേമ എത്ര തവണ നിന്നെ വിളിച്ചു? പോയി നാമം ചൊല്ല്.

അമ്മേ, എനിക്ക് വയ്യാ കുളപ്പുരയിൽ ഒറ്റയ്ക്ക് മേമയുടെ കൂടെ നാമം ചൊല്ലാൻ. എനിക്കെന്താ ഇവിടെ ചേട്ടന്റെയും ചേച്ചിയുടെയും കൂടെ നാമം ചൊല്ലിയാൽ ? എന്തിനാണ് ഈ മേമ എന്നെ എപ്പോളും ഒറ്റപ്പെടുത്തുന്നത്.

അമ്മ : പോട്ടെടാ ഉണ്ണീ, പാവം അല്ലേ? മേമയുടെ ഉണ്ണിയല്ലെ നീ?

ഇതു തന്നെ എല്ലായ്പ്പോഴും വീട്ടിൽ നടക്കുന്നത്. അമ്മയും അച്ഛനും പറയുന്നത്, മേമ (അമ്മയുടെ അനുജത്തി) എന്റെ പ്രസവിക്കാത്ത അമ്മയാണത്രെ. എനിക്ക് ഇത് എത്ര ആലോചിച്ചിട്ടും മനസ്സിലാകാത്ത ഒരു കാര്യമാണ്. തൊട്ടതിനും, പിടിച്ചതിനും മേമയ്ക്ക് ഉണ്ണീ, ഉണ്ണീ എന്നു വിളിക്കാനേ സമയമുള്ളൂ. എന്നാൽ എന്തുകൊണ്ടാണ് മേമ ഞങ്ങളുടെ കൂടെ താമസിക്കാതെ, കുളപ്പുരയിൽ ഒറ്റയ്ക്ക് താമസിക്കുന്നത്?

കുളപ്പുരയെന്നാൽ വീടിനു തൊട്ടു തന്നെയുള്ള ഒരു ചെറിയ വീട്. അടുത്തു തന്നെ തറവാട്ടിലെ വലിയ ഒരു കിണർ, ചെറിയ സൗകര്യമുള്ള ഒരു അടുക്കള, കുളിമുറി, കുറച്ച് വലിപ്പമുള്ള കിടപ്പുമുറി, തൊട്ടടുത്ത് ഒരു ചെറിയ പൂജാമുറി, ചുറ്റും നല്ല കാറ്റും, വെളിച്ചവുമുള്ള ഒരു വരാന്താ. ഇതാണ് മേമയുടെ ലോകം. മേമ അത്യാവശ്യം മാത്രം പാചകം ചെയ്യും. പക്ഷെ കറികളും മറ്റും അമ്മ കൊണ്ടു കൊടുക്കും. മേമക്ക് ഞാൻ മാത്രം എപ്പോഴും അടുത്തുണ്ടാവണം. എന്റെ എല്ലാ കാര്യത്തിനും ഒരു വല്ലാത്ത നിർബ്ബന്ധമാണ്. എന്റെ സ്കൂൾ യൂണിഫോം മറ്റും മേമ തന്നെ തിരുമ്പണം. മേമ തന്നെ എന്നെ സ്കൂളിലേക്ക് പറഞ്ഞയക്കണം. എന്റെ എല്ലാ കാര്യത്തിനും ഒരു വല്ലാത്ത വാശിയാണ്. സ്കൂൾ വിട്ടു വന്നാൽ മേമയുടെ അടുത്ത് ഹാജർ കൊടുക്കണം. വൈകുന്നേരം 6 മണിയായാൽ കയ്യും കാലും കഴുകി, മേമയുടെ കൂടെ നാമം ചൊല്ലണം. എന്റെ ഹോംവർക്കും, അടുത്ത ദിവസം എടുക്കാനുള്ള പാഠങ്ങളും എല്ലാം എന്നെ പഠിപ്പിച്ചിട്ടേ മേമ എന്നെ വിടാറുള്ളൂ. ചില സമയങ്ങളിൽ മാത്രം എനിക്ക് അവിടെ തന്നെ ഉറങ്ങണം എന്നു തോന്നാറുണ്ട്. പക്ഷെ മേമ തന്നെ നിർബ്ബന്ധിച്ചിട്ട് എന്നെ വീട്ടിലേക്ക് അയക്കാറുണ്ട്.

എന്റെ 6 വയസ്സ് പ്രായമുള്ള ബുദ്ധിയിൽ എത്ര ആലോചിച്ചിട്ടും പിടികിട്ടാത്ത സംഗതികളായിരുന്നു ഈ രണ്ടമ്മ രീതികൾ. എന്തായാലും എനിക്ക് മാത്രം കിട്ടുന്ന ചില ആനുകൂല്യങ്ങൾ, രണ്ടമ്മമാരുടെ കയ്യിൽ നിന്ന് കിട്ടുന്ന വാത്സല്യങ്ങൾ, ആർക്ക് ചീത്ത കേട്ടാലും അച്ഛനും അമ്മയും എന്നെ ഒന്നും പറയാറില്ല എന്ന രീതികൾ എനിക്കും ഇഷ്ടമായിരുന്നു. മേമ ചിലപ്പോഴൊക്കെ എന്നെ കെട്ടിപ്പിടിച്ച് നെടുവീർപ്പിടാറുണ്ട്, ഉമ്മ തരാറുണ്ട്, ഒരു പ്രത്യേക ശബ്ദത്തിൽ കൊഞ്ചി കൊഞ്ചി സംസാരിക്കാറുണ്ട്.

എന്റെ ആദ്യത്തെ ഓർമ്മ – അന്നെനിക്ക് ഏകദേശം 3–4 വയസ്സായിരിക്കും. ഞാനും, ചേച്ചിയും കൂടി അമ്പലത്തിലേക്ക് പോകുന്ന വഴിക്ക് ഞാൻ കാൽ വഴുതി വീണു. എന്റെ കാൽമുട്ടു പൊട്ടി ഒരു ചെറിയ പരുക്ക് പറ്റി ചോര വരുന്നുണ്ടായിരുന്നു. എന്റെ നല്ല കുപ്പായം മുഴുവൻ ചെളിയായി, എനിക്ക് വല്ലാത്ത കരച്ചിൽ വരുന്നുണ്ടായിരുന്നു. അമ്പലത്തിലേക്ക് പോകാതെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു വന്നു. അമ്മ ഓടി വന്ന് എന്നെ ആശ്വസിപ്പിച്ച് ഉടുപ്പെല്ലാം മാറ്റി തന്നു. അന്നാണ് മേമ ആദ്യമായി ചേച്ചിയോട് വഴക്കിട്ടത്. പിന്നെ അമ്മ ഇടപെട്ട് രംഗം ശാന്തമാക്കി. അന്നാണ് എന്നോടുള്ള ഈ അടുപ്പം, എന്നോട് മാത്രം കാണിക്കുന്ന മേമയുടെ ഈ പ്രത്യേക വാത്സല്യം എനിക്ക് മനസ്സിലായത്. അതുകൊണ്ടു തന്നെ, എന്റെ ചേച്ചിക്കും, ചേട്ടനും എന്നോട് വല്ലാത്ത അസൂയയും ഉണ്ടായിരുന്നു. പക്ഷെ ഇതൊന്നും മേമക്ക് ഒരു പ്രശ്നമേ ആയിരുന്നില്ല.

മുത്തശ്ശൻ, മുത്തശ്ശി, അച്ഛൻ, അമ്മ, ചേച്ചി, ചേട്ടൻ, ഞാൻ പിന്നെ മേമ, സാമാന്യം പേരും പെരുമയും ഉള്ള ഒരു തറവാടായിരുന്നു ഞങ്ങളുടേത്. ഞങ്ങൾ എല്ലാം എന്റെ അമ്മയുടെ തറവാട്ടിലായിരുന്നു താമസിച്ചിരുന്നത്. അച്ഛൻ സ്കൂൾ മാഷ് ആയിരുന്നു. അച്ഛന്റെ കുടുംബവും സാമാന്യം ഭേദപ്പെട്ടതു തന്നെയായിരുന്നു, പക്ഷെ ഞങ്ങൾക്ക് അവരുമായി





വലിയ അടുപ്പം ഉണ്ടായിരുന്നില്ല. ഒരു കാരണവശാലും, എത്രം വിശേഷമുണ്ടെങ്കിലും അവിടെ രാത്രി തങ്ങരുത് എന്ന് അച്ഛന് നിർബന്ധമായിരുന്നു. അതുകൊണ്ട് തന്നെ അവരുമായി ഞങ്ങൾ കുറച്ച് അകന്നു തന്നെയായിരുന്നു.

എനിക്ക് മുത്തശ്ശനേയും, മുത്തശ്ശിയേയും നല്ല ഓർമ്മയുണ്ട്. മുത്തശ്ശൻ ഒരു നാട്ടുപ്രമാണിയായിരുന്നു. അതുകൊണ്ടു തന്നെ ഞങ്ങളുടെ ബാല്യകാലം ഒട്ടും വിഷമം പിടിച്ചതായിരുന്നില്ല. പിന്നെ പ്രത്യേകിച്ച് ഓർമ്മയിലുള്ളത്, മുത്തശ്ശൻ സ്ഥലത്തെ ഒരു പലചരക്കുകടയുടെ ഉടമയായിരുന്നു. പക്ഷെ പുള്ളിയുടെ വിനോദം ചൊണ്ടകൊട്ടലും. നാട്ടിലെ അമ്പലപൂരത്തിന് മുത്തശ്ശനില്ലാതെ, ഒരു തീരുമാനവും നടക്കാറില്ല. വാദ്യം, ആനകൾ പിന്നെ മരുന്നു പണി ഇതെല്ലാം മുത്തശ്ശന്റെതായിരുന്നു അവസാന വാക്ക്. ഉത്സവദിവസങ്ങളിൽ ഞങ്ങളുടെ വീടും ഒരു ഉത്സവപറമ്പായി മാറുമായിരുന്നു. വാദ്യക്കാരും, മേളക്കാരും മുഴുവൻ നമ്മുടെ വീട്ടിൽ തന്നെ ആയിരുന്നു. എന്റെ വിനോദം എല്ലാ ചെണ്ടയിലും ഒന്നു കൊട്ടി നോക്കലായിരുന്നു. പക്ഷെ മുത്തശ്ശൻ കണ്ടാൽ വഴക്കു പറയും. ‘ഉണ്ണീ നിനക്ക് കൊട്ടി പഠിക്കാൻ നമ്മുടെ ചെണ്ടയില്ലേ?’ എന്നു ചോദിക്കും. പക്ഷെ മുത്തശ്ശനില്ലാത്ത സമയത്ത്, വാദ്യക്കാരുടെ സമ്മതത്തോടെ എല്ലാറ്റിലും ഒന്നു തട്ടിനോക്കാറുണ്ട്. ആ രണ്ടു ദിവസം കഴിഞ്ഞാൽ വല്ലാത്ത ഒരു ഒഴിഞ്ഞ പ്രതീതി ഞങ്ങൾക്കനുഭവപ്പെടുമായിരുന്നു.

ഞാനും ചേട്ടനും തമ്മിൽ ഏകദേശം 5 വയസ്സും ചേച്ചിയുമായി ഏകദേശം 8 വയസ്സും വ്യത്യാസമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ചേട്ടൻ എന്നെ ഒരിക്കലും ഒന്നിനും കൂട്ടുമായിരുന്നില്ല. കുറച്ചൊക്കെ മേമ തന്നെയാണ് അതിനും കാരണക്കാരി. എനിക്കെന്തെങ്കിലും പറ്റിയാൽ ചേട്ടന് വയറുനിറയെ കിട്ടും. പോരാത്തത് അച്ഛനും അമ്മയും അവനെ വെറുതെ വിടില്ല. പക്ഷെ എന്തുകൊണ്ടോ അമ്മയ്ക്ക് ചേട്ടനോട് കുറച്ചു കൂടുതൽ സ്നേഹമില്ലേ എന്ന് എനിക്കു തോന്നിയിട്ടുണ്ട്. എത്ര സന്തോഷമുള്ള ദിവസങ്ങൾ! പക്ഷെ എല്ലാം തകിടം മറിഞ്ഞത് പെട്ടെന്നായിരുന്നു. മുത്തശ്ശന് ഒരു അറ്റാക്ക് വന്നു. ഇത്രയും സന്തോഷം നിറഞ്ഞ കുടുംബത്തിലേക്ക് അവിചാരിതമായാണ് ആ കൊടുങ്കാറ്റ് വീശിയത്. മുത്തശ്ശന്റെ ഒരു വശം അങ്ങിനെ തളർന്നു പോയി. നീണ്ട, നീണ്ട ചികിത്സയ്ക്ക് ശേഷവും ആ പഴയ മുത്തശ്ശൻ തിരിച്ചു വന്നില്ല. പക്ഷെ അപ്പോഴാണ് മുത്തശ്ശിയുടെ സ്നേഹം ഞാൻ കണ്ടത്. മുത്തശ്ശന്റെ എല്ലാ കാര്യവും കിറുകൃത്യം മുത്തശ്ശിയും, അമ്മയും കൂടി ചെയ്തു പോന്നു. പക്ഷെ മുത്തശ്ശന്റെ ആ പഴയ ഊർജ്ജസ്വലത തിരിച്ചു കിട്ടിയില്ല. ചില ദിവസങ്ങളിൽ ഏട്ടനോട് ചെണ്ടയിൽ താളമിടാൻ പറയുമായിരുന്നു.

പക്ഷെ മേമ വളരെ കുറച്ചു പ്രാവശ്യമേ മുത്തശ്ശന്റെ അടുത്ത് പോകാറുണ്ടായിരുന്നുള്ളൂ. മേമയെക്കണ്ടാൽ മുത്തശ്ശൻ അപ്പോഴും തിരിഞ്ഞു കിടക്കുമായിരുന്നു. മേമ അതുകണ്ടാൽ, കണ്ണീരോട് തിരിച്ച് കുളപ്പുയിലേക്കും. മേമയ്ക്ക് മുത്തശ്ശനോട് എന്തൊക്കെയോ പറയണം എന്നപോലെ, പക്ഷെ മുത്തശ്ശന് അതിഷ്ടമായിരുന്നില്ല. മുത്തശ്ശിയും അമ്മയും അതു കാണുമ്പോൾ കണ്ണീർ വാർക്കാറുണ്ട്. സന്തോഷവും, സമാധാനവും കൊട്ടും, പാട്ടും വിളയാടിയ ആ വീട്, മുത്തശ്ശൻ കിടന്നതോടെ , ഒരു ശോകഗാനത്തിന്റെ രംഗവേദിപോലെ ആയി. എത്ര നല്ല ചികിത്സക്കും മുത്തശ്ശനെ തിരികെ നടത്താനായില്ല. എന്റെ കുഞ്ഞു മനസ്സിനേറ്റ വലിയ ഒരു മുറിയായിത്തന്നെ ഇപ്പോഴും കിടക്കുന്ന ഒരു ദൃശ്യമായിരുന്നു മുത്തശ്ശന്റെ മരണം. ആ ചടങ്ങുകളെല്ലാം എന്റെ ദു:ഖത്തിനെ കൂട്ടാനെ സഹായിച്ചുള്ളൂ.

എന്നെ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്ന മേമയെപ്പോലും മുത്തശ്ശന്റെ മരണം തളർത്തിയെന്നു പറയാം. ആദ്യമായി മേമ എന്നെ ശകാരിച്ചതും അപ്പോഴാണ്. ഞാൻ കരഞ്ഞപ്പോൾ മേമയും കരയാൻ തുടങ്ങി. എന്നെ കെട്ടിപ്പിടിച്ച് മേമ കുറെനേരം ഏങ്ങലടിച്ച് കരഞ്ഞു. മുത്തശ്ശൻ മരിച്ചപ്പോൾ പോലും മേമ അത്ര കരഞ്ഞിരുന്നില്ല. എന്തായാലും കുറച്ചു ദിവസങ്ങൽക്കുള്ളിൽ വീട്ടിൽ ഒരു നല്ല കാര്യം സംഭവിക്കാൻ തുടങ്ങി.അതുവരെ മുത്തശ്ശിക്കും, മുത്തശ്ശനും, മേമ ജീവിച്ചിരിക്കുന്നുണ്ടോ എന്നു കൂടി അറിയാത്തതുപോലെയായിരുന്നു. സംഭവിക്കുന്നതും, നടന്നതും എല്ലാം നല്ലതിനെന്ന ഒരു തോന്നൽ അന്നു തന്നെ എനിക്കനുഭവപ്പെടാൻ തിടങ്ങിയതും അതിനു ശേഷമാണ്. ഞാനും മുത്തശ്ശിയെ പതിയെ സ്നേഹിക്കാൻ തുടങ്ങിയതും അപ്പോഴായിരുന്നു. അതുവരെ മുത്തശ്ശിക്ക് എന്നോട് അത്ര അടുപ്പം ഉണ്ട് എന്നു തോന്നിയിരുന്നില്ല, മറിച്ച് ചേട്ടനോടും ചേച്ചിയോടും അടുപ്പം കൂടുതലല്ലെയെന്ന് എനിക്ക് തോന്നിയിരുന്നു. ചിലപ്പോൾ അതിനെല്ലാം കാരണം എന്റെ മേമ തന്നെയായിരിക്കും.

മുത്തശ്ശന്റെ മരണശേഷം മേമ ഞങ്ങളുടെ വീട്ടിലേക്ക് കൂടുതലായി വരുവാൻ തുടങ്ങി. അതുവരെ കുളപ്പുരയിലേക്ക് തിരിഞ്ഞു നോക്കാത്ത മുത്തശ്ശി, കുളപ്പുരയിലേക്കും പോകുവാൻ തുടങ്ങി. എന്തുകൊണ്ടോ ഈ മാറ്റങ്ങൾ ഞാൻ വളരെ അത്ഭുതത്തോടെയാണ് നോക്കിക്കണ്ടത്.

ഈ മാറ്റങ്ങളെല്ലാം എന്നെ സന്തോഷിപ്പിക്കുകയും അതേസമയം വേദനിപ്പിക്കുകയും ചെയ്തിരുന്നു. ഇത്രയും കഴിവും, സ്നേഹവുമുള്ള എന്റെ മുത്തശ്ശൻ എവിടേക്കാണ് പോയത്? എന്തിനാണ് ആൾക്കാർ മരിക്കുന്നത്? ഈ ചോദ്യങ്ങൾ ഞാൻ അമ്മയോടും, മേമയോട് ചോദിക്കുമ്പോൾ കുറച്ചു കണ്ണീരുമാത്രമായിരുന്നു ഉത്തരം. എനിക്കും ഒരു കാരണവുമില്ലാതെ കരയുവാൻ തോന്നിയതും അപ്പോഴൊക്കെയായിരുന്നു.

കാലം അർക്കുവേണ്ടിയും കാത്തുനിൽക്കാറില്ലല്ലോ? എന്റെ ചേച്ചി, ഡോക്ടർ ആകാൻ ദൂരെ ഒരു സ്ഥലത്തേക്ക് പോയി. ചേട്ടൻ കോളേജിലായി. ഞാൻ ആറാം ക്ലാസ്സിലും. മേമ അപ്പോഴും എന്നെ പഠിപ്പിക്കുമായിരുന്നു. എനിക്ക് മേമയുടെ അറിവിനെപ്പറ്റി വല്ലാത്ത ഒരു മതിപ്പ് തോന്നിയതും അപ്പോഴാണ്. ഏതു വിഷയവും മേമയ്ക്ക് ഒരു വിഷമമായിരുന്നില്ല. പ്രത്യേകിച്ച് കണക്കും, സയൻസും. പിന്നെ എന്തുകൊണ്ടാണ് മേമ ഒരു മേമ മാത്രമായി ഒതുങ്ങിയത് എന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലായില്ല. ഈ ചോദ്യം എനിക്കെങ്കിലും ഒരു കീറാമുട്ടിയായിരുന്നു. പക്ഷെ ആരോട് ചോദിക്കാൻ? പക്ഷെ മേമയോടൊ, മുത്തശ്ശിയോടോ ചോദിക്കാൻ പല പ്രാവശ്യവും തുനിഞ്ഞിട്ടുണ്ട്, പക്ഷെ അമ്മയ്ക്ക് എന്നെ കൂടുതൽ മനസ്സിലായപോലെ ഉടനെ എന്റെ പഠിപ്പിനെപ്പറ്റിയും, പുതിയ ക്ലാസ്സ് ടീച്ചറെപ്പറ്റിയും ചോദിക്കും. അതോടെ ഞാനും ആ കാര്യം മറക്കും.

പിന്നെ പുതിയ, പുതിയ അനുഭവങ്ങൾ എന്റെ കൊച്ചു ജീവിതത്തിലും ഉണ്ടായിരുന്നു. എന്റെ ചേച്ചി ഒഴിവു ദിവസങ്ങളിൽ വീട്ടിലേക്ക് വരുമ്പോൾ വലിയ സന്തോഷമായിരുന്നു. അമ്മയ്ക്ക്, എത്ര പുതിയ വിഭവങ്ങൾ ഉണ്ടാക്കി, ചേച്ചിക്ക് കൊടുത്താലും, പോരാ, അതേപോലെ ചേച്ചിക്ക് കഴിക്കാനും. ഈ മാറ്റങ്ങൾ, ചേച്ചിയുടെ വേഷഭാവവ്യത്യാസങ്ങൾ എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. ഞാൻ ചേച്ചിയുമായി അടുക്കാൻ തുടങ്ങിയതും അപ്പോഴായിരുന്നു. എനിക്ക് കഥ പറഞ്ഞു തരുവാനും പുതിയ പുതിയ സിനിമാഗാനങ്ങൽ കേൾപ്പിക്കാനും ചേച്ചി സമയം കണ്ടെത്തിയിരുന്നു. പിന്നെ അത്ഭുതങ്ങളിൽ അത്ഭുതം, മേമയും ചേച്ചിയും നല്ല ചങ്ങാതിമാരായി. മേമ പൊട്ടിച്ചിരിക്കുന്നത് ചേച്ചി വരുമ്പോഴാണ്. ഈ മനുഷ്യർക്ക് എങ്ങിനെ ഈ മാറ്റങ്ങൾ സംഭവിക്കുന്നു.

മുത്തശ്ശിയും, അമ്മയും, അച്ഛനും എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തിക്കൊണ്ടു പോന്നു. ആ സമയത്താണ് ഞാൻ ദൈവങ്ങളോട് പ്രാർത്ഥിക്കാൻ തുടങ്ങിയത്. എന്റെ വീട്ടിലേക്ക് വീണ്ടും ദു:ഖം കടന്നു വരരുതേ എന്നു മാത്രമായിരുന്നു എന്റെ പ്രാർത്ഥന. എന്തുകൊണ്ടോ, ആ ഭയം എല്ലാം നന്നായി പോകുമ്പോൾ നമ്മളെ ആരോ ദു:ഖത്തിലേക്ക് തള്ളിയിടുമോ എന്നെനിക്ക് തോന്നിയിരുന്നു. ഞാൻ ചിലപ്പോൾ മേമയുമായി ഈ ഭയം സൂചിപ്പിക്കുമ്പോൾ ഉണ്ണീ, നമ്മളെല്ലാം വെറും മനുഷ്യർ മാത്രമാണ്, എപ്പോഴും നന്നായി പ്രാർത്ഥിക്കണം, നല്ല കാര്യങ്ങൾ മാത്രമെ ചിന്തിക്കാവൂ എന്നൊക്കെ മേമ എനിക്ക് പറഞ്ഞു തരുമായിരുന്നു.

കാലം വീണ്ടും പറന്നുകൊണ്ടിരുന്നു. എന്റെ ഭംഗിയുള്ള മേമയ്ക്കും വയസ്സായോ എന്നെനിക്ക് തോന്നാൻ തുടങ്ങിയ സമയം. എന്റെ ചേട്ടൻ എന്തോ പഠിക്കാൻ വിദേശത്തേയ്ക്ക് പോയി. ചേട്ടൻ എന്നിൽ നിന്ന് വളരെ അകന്നിരുന്നു. ഇങ്ങിനെയും ഉണ്ടോ ചേട്ടന്മാർ. എന്നെക്കണ്ടാൽ തന്നെ എന്തെടാ എന്ന് ചോദിച്ച് എന്നെ ഭയപ്പെടുത്താൻ ശ്രമിക്കുമായിരുന്നു. പക്ഷെ എനിക്ക് ചേട്ടനോട് ഭയമോ, സ്നേഹമോ ഒന്നും തോന്നിയിരുന്നില്ല.

അച്ഛനും, അമ്മയും പ്രത്യേകിച്ച് മുത്തശ്ശിയും എന്റെ കൺമുന്നിൽ തന്നെ വയസ്സാകുന്നതു കണ്ട് എനിക്ക് സങ്കടം വരുമായിരുന്നു. ചേച്ചി പഠിച്ച്, ആ ഹോസ്പിറ്റലിൽ തന്നെ ഡോക്ടർ ആയി. ചേച്ചിക്ക് നിറയെ കല്യാണാലോചനകൾ വരാൻ തുടങ്ങിയിരുന്നു. അമ്മയ്ക്കും അച്ഛനും ഈ കാര്യങ്ങൾ സംസാരിക്കാനേ സമയം കിട്ടിയിരുന്നുള്ളൂ. ആ ദിവസങ്ങളിൽ എന്റെ ഏക ആശ്വാസം എന്റെ മേമ മാത്രമായിരുന്നു. എന്തുകൊണ്ടോ, മേമ ഒരിക്കലും അമ്മയോട് കല്യാണകാര്യങ്ങൾ ചോദിക്കുന്നതായി ഞാൻ കണ്ടിരുന്നില്ല. മറിച്ച് അമ്മയും ഈ കാര്യങ്ങൾ മേമയിൽ നിന്ന് മറച്ചുവെക്കുന്നപോലെ എനിക്കും തോന്നിയിരുന്നു.

അന്നു നല്ല മഴയുള്ള ഒരു ദിവസം, എന്റെ 12-ാം ക്ലാസ്സ് റിസൾട്ട് വന്ന ദിവസം. അച്ഛൻ പുറത്തുനിന്ന് വന്നതും, ആദ്യമായി എന്നെ പൊക്കിയെടുത്ത് ഉമ്മ വെച്ച ദിവസം. മേമയുടെ മുഖത്ത് വല്ലാത്ത ഒരഭിമാനം തളം കെട്ടിയ ദിവസം. അടുത്തുള്ള കോളേജിൽ എന്റെ അഡ്മിഷൻ ഉറപ്പിച്ച ദിവസം. ചേച്ചിയുടെയും ചേട്ടന്റെയും ഫോൺ വിളികൾ വന്ന ദിവസം. അവരെല്ലാം എന്നോട് സംസാരിക്കണമെന്ന് നിർബന്ധിച്ച ദിവസം. കുറെ ഏറെ കാലങ്ങൾക്കു ശേഷം വീട്ടിൽ എല്ലാവരും സന്തോഷിച്ച ദിവസം. ഞാനും ഒരു സംഭവം തന്നെയെന്നു തോന്നിയ ദിവസം. കൂട്ടുകാരും, അയൽപക്കവും എന്നെ വല്ലാത്ത ആദരവോടെ നോക്കിയ ദിവസം.

## അദ്വൈതം

ചേച്ചിക്ക് എന്നെ സത്ക്കരിച്ചിട്ടും സത്ക്കരിച്ചിട്ടും മതിയായില്ല. ഞാൻ ലീവിൽ ചേച്ചിയുടെ





അടുത്തേക്ക് വന്നിരിക്കുകയാണ്. സ്ഥലം ഡൽഹിക്ക് അടുത്തുള്ള ചണ്ഡിഗഡ്. ചേച്ചിയുടെ ഭർത്താവും ഡോക്ടർ തന്നെ, രണ്ടാളും ഒരേ ഹോസ്പിറ്റലിൽ. ഒരാൾക്ക് ഡേ ഡ്യൂട്ടി, ഒരാൾക്ക് നൈറ്റ് ഡ്യൂട്ടി. താമസമെല്ലാം ഹോസ്പിറ്റൽ ക്വോർട്ടേഴ്സിൽ തന്നെ. ഞാനിപ്പോൾ ഒരു ഐ. എ. എസ് ഉദ്യോഗസ്ഥനാണ്. എന്റെ അടുത്ത പോസ്റ്റിങ് നാട്ടിലേക്ക്, കൊച്ചി കലക്ടറായി. ഞാൻ ആഗ്രഹിച്ചതല്ല പക്ഷെ കേരള കേഡറായതുകൊണ്ട് അങ്ങിനെയൊക്കെ ആകാം. എന്തുകൊണ്ടോ എനിക്ക് ഒരു അങ്കലാപ്പുണ്ടായിരുന്നു. ട്രെയിനിങ് കഴിഞ്ഞതും ആദ്യത്തെ പോസ്റ്റിങ് ബീഹാറിലേക്കായിരുന്നു. അന്നൊന്നും തോന്നാത്ത ഒരു ഭയം ഇപ്പോൾ എനിക്ക് തോന്നി തുടങ്ങിയിരുന്നു. കുറച്ചു സമയം കൂടി വടക്കേ ഇന്ത്യയിൽ ചുറ്റിക്കറങ്ങണമെന്നായിരുന്നു. അവിടുത്തെ നിഷ്ക്കളങ്കരായ മനുഷ്യരെ സേവിക്കുമ്പോൾ എന്തോ ഒരു ചാരിതാർത്ഥ്യം എനിക്കുണ്ടായിരുന്നു.

ചേച്ചി ചോദിച്ചു, എന്താ ഉണ്ണീ നീ ആലോചിക്കുന്നത്? ഇല്ല ചേച്ചി എന്തോ നാട്ടിലേക്ക് പോകുമ്പോൾ ഒരു ചെറിയ ഭയം. നാട്ടിലെ അവസ്ഥയും ഭരണവിരുദ്ധ മനോഭാവങ്ങളും കുറച്ചു കടന്നതല്ലെ?

ചേച്ചി: അതൊന്നും അത്ര വലിയ കാര്യമല്ല. ഇപ്പോൾ എവിടെയാണ് ഈ കാര്യങ്ങൾ നടക്കാത്തത്? എന്തായാലും നമ്മുടെ നാടു തന്നെയല്ലെ?

പോരാത്തത് നിനക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ചേട്ടന്റെ വീട്, എന്റെ ഇൻ ലാസ് അവിടെത്തന്നെയല്ലെ? ഞാൻ ചേട്ടനോട് അവരെ വിളിച്ചു പറയാൻ ഏല്പിക്കാം.

ചേച്ചി അതാണെന്റെ പേടി. ഞാൻ പൊട്ടിച്ചിരിച്ചു.

ചേച്ചി : പോടാ എന്തായാലും അവർ നിന്നെ അന്വേഷിച്ച് വരാതിരിക്കില്ല. നിനക്കും ഒരു കല്യാണമൊക്കെ വേണ്ടെ?

ചേച്ചി ഒന്നു മിണ്ടാതിരിക്ക്. ഞാനൊന്ന് സമാധാനമായി ജീവിച്ചോട്ടെ. പിന്നെ ചേച്ചി, ഞാൻ ഒരു പാട് നാളായി ഒരു കാര്യം ചോദിക്കണമെന്ന് വിചാരിച്ചിട്ട്. നമ്മുടെ മേമ എങ്ങിനെ ഒരു മേമ മാത്രമായി ഒതുങ്ങി കൂടി.? എനിക്കിതുവരെ പിടികിട്ടാത്ത ഒരു കടംകഥയാണത്. പിന്നെ അച്ഛനും, അമ്മയ്ക്കും ചേട്ടനും സുഖം തന്നെയല്ലെ? ഞാൻ ഈ ട്രാൻസഫർ കാരണം വീട്ടിലെ കാര്യങ്ങളിൽ അത്ര അപ്ഡേറ്റസ് അല്ല. ചേട്ടന്റെ കല്യാണശേഷം ഒരു വിവരവും ഇല്ലല്ലോ. പുള്ളി സ്വിറ്റ്സർലാൻഡിൽ ഹണിമൂണിലാണെന്നാ കേട്ടത്.

ചേച്ചി : നീ പറഞ്ഞ രണ്ടാൾക്കാരും ഒരു കടംകഥകൾ തന്നെ. അനിയന്റെ കാര്യമാണ് ഞങ്ങൾക്കൊക്കെ ഒരു ഷോക്ക് ആയത്. അമ്മ അതിനുശേഷം വല്ലാതെ തളർന്നു. അവൻ ഒരു ജപ്പാൻകാരിയെ കെട്ടുമെന്ന് അമ്മയും അച്ഛനും ഒട്ടും പ്രതീക്ഷിച്ചതല്ല. അമ്മ അന്നേ പറഞ്ഞതാണ് അവനെ വെളിയിലേക്കൊന്നും പഠിക്കാൻ വിടണ്ട എന്ന്. എന്തായാലും അതുതന്നെ സംഭവിച്ചു. പിന്നെ മേമയുടെ കാര്യം, അത് ഒരു വലിയ കഥ തന്നെയാണ്. എന്തായാലും നീ നാട്ടിലേക്ക് പോകുന്നതല്ലെ, ഈ വിവരങ്ങൾ നിനക്ക് കൂടുതൽ മനസ്സിലാക്കാം.

ചേച്ചി, എന്താണങ്ങനെയുള്ള കഥ?

എടാ, നീ പെൺകുട്ടികൾ ഒളിച്ചോടി, കാണാതായി പിന്നെ മതം മാറി വരുന്ന സംഭവങ്ങൾ കേട്ടിട്ടില്ലേ? നമ്മുടെ നാട്ടിൽ ഒരു കോളിളക്കം തന്നെ നടന്ന ഒരു സംഭവം ആയിരുന്നു. ഇത്രയും ദുഷ്പേരുണ്ടാക്കിയ സംഭവം നമ്മുടെ ജില്ലയിൽ തന്നെ ആദ്യമായിരുന്നു.

ചേച്ചി, എല്ലാം തെളിച്ച് പറയൂ, എനിക്കെന്റെ മേമയുടെ ചരിത്രം മുഴുവൻ അറിയണം. അയ്യോ ഞാനെന്തൊരു മണ്ടനാണ്, എന്താ എനിക്കിതൊന്നും അറിയാത്തത്? എന്റെ വീട്ടിൽ തന്നെ ഒരു ലവ് ജിഹാദോ?

ചേച്ചി: അത് എന്നോടും, അമ്മയോടും മേമ പ്രത്യേകം പറഞ്ഞിരുന്നു. അവരുടെ പൂർവ്വ ചരിത്രം ഉണ്ണിയെ അറിയക്കരുതെന്ന്. അവർ നിന്നെ സ്വന്തം മകനായിട്ടാണത്രെ കാണുന്നത്. പക്ഷെ ഇനി നി എല്ലാം അറിയണം. പ്രത്യേകിച്ച് നീ നാട്ടിലേക്ക് ഒരു കളക്ടറായി പോകുന്നതുകൊണ്ട്.

ചേച്ചി തുടർന്നു അതെ അത് വലിയ സംഭവം തന്നെയായിരുന്നു. നമ്മുടെ കൊച്ചു ഗ്രാമത്തെ ഇളക്കിമറിച്ച കഥ. മുത്തശ്ശന്റെ പണത്തിനും, പ്രശസ്തിക്കും ഒന്നും ചെയ്യാൻ പറ്റാത്ത ഒരു സംഭവം.

മേമ വളരെ നന്നായി പഠിക്കുന്ന ഒരു കുട്ടിയായിരുന്നു. അമ്മയുടെ വിപരീതം. അതുകൊണ്ടു തന്നെ മുത്തശ്ശിയുടെയും മുത്തശ്ശന്റെയും കണ്ണിലുണ്ണി. എല്ലാ പരീക്ഷകളിലും ഒന്നാം റാങ്ക് ആർക്ക് എന്നു ചോദിക്കേണ്ടി വന്നിട്ടില്ല അവർക്ക്. അമ്മ ഏട്ടനെ പ്രസവിച്ച സമയത്തായിരുന്നു മേമ MBBS ന് ചേർന്നത്. മേമയുടെ കോളേജ് അടുത്ത സംസ്ഥാനത്തുള്ള ഒരു പ്രശസ്ത കോളേജായിരുന്നു. വളരെ പ്രശസ്തമായിത്തന്നെ അവർ പരീക്ഷകൾ പാസ്സായി. ഹൗസ്സർജൻസി ചെയ്യുന്ന കാലത്താണ് അതു സംഭവിച്ചത്. നാട്ടുകാരുടേയും വീട്ടുകാരുടേയും കണ്ണിലുണ്ണിയായിരുന്നു അവർ. മുത്തശ്ശന്റെ ഒര

ഭിമാന സന്താനം. നാടിന്റെ ആദ്യത്തെ ഒരു MBBS പാസ്സായ ഒരു ഡോക്ടറെ കാണാൻ നാട്ടുകാർ ഒന്നടങ്കം കാത്തിരുന്ന കാലം.

എന്നിട്ടും അതു സംഭവിച്ചു. ഒരു സുപ്രഭാതത്തിൽ മേമയെ കാണാതായി. കോളേജ് അധികൃതർ അറിയിച്ചപ്പോഴേക്കും വളരെ വൈകിയിരുന്നു. അവരോട്, വീട്ടിൽ അത്യാവശ്യമായി പോകണം, ടാക്സി വന്നിട്ടുണ്ട് എന്നു പറഞ്ഞാണത്രെ മേമ ഇറങ്ങിയത്. പക്ഷെ കൂട്ടുകാരികളിൽ ചിലർക്ക് സംശയങ്ങൾ ഉണ്ടായിരുന്നു. ഹോസ്റ്റലിനടുത്ത ഒരു സുമുഖനായ ഹോട്ടൽ ജീവനക്കാരനാണത്രെ മേമയെ വീഴ്ത്തിയത്. അയാൾ നേരെ കൊണ്ടു പോയത് അവരുടെ മതം മാറ്റ കേന്ദ്രത്തിലേക്ക്. പക്ഷെ മേമയ്ക്ക് അതിലൊന്നും ഒരു വിഷമമില്ലായിരുന്നു. അത്രയ്ക്ക് അവനെ അവർ സ്നേഹിച്ചിരുന്നു. മതം മാറ്റിയശേഷം അവരുടെ ആചാരപ്രകാരം കല്യാണം. പിന്നെ വടക്കേ ഇന്ത്യയിലേക്ക് ഒരു യാത്ര. മേമയുടെ കയ്യിൽ അത്യവശ്യം പണവും സ്വർണ്ണവും ഉണ്ടായിരുന്നു. അതുകൊണ്ട് അവർ കുറച്ചൊക്കെ കറങ്ങി നടന്നു. ഇതിനിടെ അവൻ അവിടെ ചില്ലറ ജോലികളൊക്കെ ചെയ്തു. അവസാനം മേമ കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കുമ്പോഴേക്കും എല്ലാം വൈകിയിരുന്നു. ഇതിനിടയിൽ മേമ ഗർഭിണിയും ആയി. അവൻ മേമയോടും കൂട്ടി നാട്ടിലേക്ക്. ഒരു വകക്കും ഇല്ലാത്ത, കൊള്ളാത്ത ഒരു വീടായിരുന്നു അവന്റെത്. അവന്റെ അച്ഛനും അമ്മയ്ക്കും മേമയോട് ഇഷ്ടമായിരുന്നു. പക്ഷെ അവർക്ക് ഒരു സ്വാതന്ത്ര്യവും ഉണ്ടായിരുന്നില്ല. മേമയുടെ ഫോട്ടോവും മറ്റും പോലീസ് ഇട്ടുകൊണ്ടിരുന്നു. പക്ഷെ അവർക്ക് ഒരു തുമ്പും കിട്ടിയില്ല. അവന്റെ ഫോട്ടോയോ, ശരിക്കുള്ള അഡ്രസ്സോ അവർക്ക് കിട്ടിയില്ല. അവന്റെ എല്ലാ വിവരങ്ങളും വ്യാജമായിരുന്നു.

മുഴുവൻ കഥയും ഇതുവരെ ആർക്കും അറിയില്ലത്രെ. ചേച്ചിയും, അമ്മയും പലവട്ടം ശ്രമിച്ചിട്ടും മേമ പറഞ്ഞിട്ടില്ലത്രെ.

അവസാനം മേമ പ്രസവിച്ചു. പക്ഷെ ആ കുഞ്ഞിനെ കാണാനുള്ള ഭാഗ്യമോ, നിർഭാഗ്യമോ മേമക്കുണ്ടായിരുന്നില്ല. ഇതിനിടെ ഭർത്താവും നാടുവിട്ടിരുന്നു. അവന്റെ വീട്ടുകാർ മേമയോട് പറഞ്ഞത് ഇങ്ങിനെ. മേമയെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തശേഷം അവൻ ഇവരെയെല്ലാം വീട്ടിലേക്ക് വിട്ടു. പ്രസവശേഷം മേമയെ തനിച്ചാക്കി കുഞ്ഞിനേയും കൊണ്ട് നാടുവിട്ടു. പിന്നെ അവന്റെ അച്ഛനും, അമ്മയും മേമയെ വീട്ടിലേക്ക് കൊണ്ടു വന്നു. മേമയെ അവർക്ക് പേടിയായിരുന്നു. ഈ കാര്യങ്ങൾ എല്ലാം മേമക്ക് ഒറ്റയ്ക്ക് പോലീസിൽ പോയി പറയാനുള്ള സ്വാതന്ത്ര്യവും അവർ കൊടുത്തില്ല. പിന്നെ ഒന്നു രണ്ടു മാസത്തിനിശേഷം ഒരു തന്റേടിയായ സ്ത്രീയേയും കൂട്ടി മേമയെ വീട്ടിൽ നിന്ന് ഇറക്കി വിട്ടു. അവർ മേമയെ നാട്ടിനടുത്തുള്ള ബസ്റ്റാൻഡിൽ ഇറക്കി വിട്ടു. കൂട്ടത്തിൽ ഒരു താക്കീതും. വിവരങ്ങൾ പോലീസിൽ അറിയിച്ചാൽ മേമയേയും വീട്ടുകാരെയും വക വരുത്തുമെന്ന്.

മേമയുടെ തിരിച്ചു വരവ് നാട്ടിൽ ഒരു കോളിളക്കം തന്നെ ഉണ്ടാക്കി. മുത്തശ്ശന്റെ ധൈര്യവും, വിശ്വസവും ചോർന്ന സംഭവങ്ങളാണ് പിന്നീട് അരങ്ങേറിയത്. മുത്തശ്ശൻ അതിനുശേഷം മേമയോട് സംസാരിച്ചിട്ടില്ലത്രെ. മുത്തശ്ശിയും അപ്പോഴേയ്ക്കും വളരെ അകന്നിരുന്നു. മുത്തശ്ശൻ മേമയെ വീട്ടിൽ കയറ്റാൻ സമ്മതിച്ചില്ല. പക്ഷെ അമ്മയും, അച്ഛനും ഇടപെട്ടാണ് മേമയെ കുളപ്പുരയിൽ താമസിപ്പിച്ചത്. ഏകദേശം ആറു മാസത്തേയ്ക്ക് മേമ ആരോടും സംസാരിച്ചില്ല. ആ സമയത്താണ് ഞാൻ ജനിച്ചത്. ചേച്ചി പറഞ്ഞത്, ഞാനാണത്രെ മേമയെ ജീവീതത്തിലേക്ക് തിരിച്ചു കൊണ്ടു വന്നത്. പല സമയങ്ങളിലും, അമ്മയുടെ മാത്രം അറിവോടെ അവർ എനിക്ക് സ്വന്തം മുലപ്പാൽ തന്നിരുന്നുവത്രെ. സ്വന്തം പാൽ കുപ്പിയിലാക്കി എനിക്ക് തരുമായിരുന്നു. കാരണം അമ്മയ്ക്ക് ഒട്ടും പാൽ ഇല്ലായിരുന്നത്രെ.

ഞാൻ നാട്ടിലെത്തി. ജോലിയിൽ പ്രവേശിച്ച് ചാർജെടുത്തശേഷം കുറച്ചു ദിവസം ലീവെടുത്ത് വീട്ടിലെത്തി. അമ്മയ്ക്കും, അച്ഛനും എന്നോട് വല്ലാത്ത മതിപ്പായിരുന്നു. മുത്തശ്ശിയും മേമയും എവിടെയാണ് എന്ന് തിരക്കിയപ്പോൾ അമ്മയുടെ ഉത്തരം എന്നെ വീണ്ടും അത്ഭുതപ്പെടുത്തി. മുത്തശ്ശിയും മേമയും ഇപ്പോൾ കുളപ്പുരയിലാണത്രെ താമസം. മുത്തശ്ശിയുടെ ആരോഗ്യം മോശമായപ്പോൾ അവർ തന്നെ നിർബ്ബന്ധിച്ച് കുളപ്പുരയിലേക്ക് മാറുകയായിരുന്നത്രെ.

ഞാൻ കുളപ്പുരയിലേക്ക് ഓടി. മേമയുടെ തലയെല്ലാം നരച്ചു. പക്ഷെ കണ്ണിന്റെ തിളക്കത്തിന് ഒട്ടും കുറവില്ല. ഞാൻ മേമയെ കെട്ടിപ്പിടിച്ചു. എന്റെ ബാല്യകാലം എന്റെ ഓർമ്മയിലേക്കോടി വന്നു. മേമ എന്നെ കെട്ടിപ്പിടിച്ച് തേങ്ങിയിരുന്ന ആ നിമിഷങ്ങൾ ! ഞാൻ അറിയാതെ ആദ്യമായി മേമയേ അമ്മേ എന്നു വിളിച്ചു. മേമ കണ്ണടച്ച് തേങ്ങലോടെ, മോനേ എന്ന് വിളിച്ച് കണ്ണീർ വാർത്തു.

ജീവിതം എപ്പോഴും മനുഷ്യർക്ക് ഒരു പ്രഹേളിക തന്നെയെന്ന് ഞാൻ വീണ്ടും ഓർത്തു.



കരയോഗ സൗഹൃദം 1196 മീനം

# അതിതീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾ കരുതലോടെയിരിക്കുക!

എൻ. രാജശേഖരൻ. ഫോൺ: 8589090719

## പ്രത്യാഘാതങ്ങൾ



### ആഗോള താപനില കുറയ്ക്കുന്നതിനുള്ള കർമ്മ പരിപാടികൾ

ആഗോള താപനത്തിന്റെ ഫലമായി ലോകത്തിലെ മിക്ക നദികളും വറ്റിവരണ്ട് ജനങ്ങൾ ജലത്തിനായി നെട്ടോട്ടമോടുന്ന ദയനായ കാഴ്ച വലിയ വിദൂരത്തൊന്നുമല്ല

നദികളുടെ കാര്യം അങ്ങനെയിരിക്കട്ടെ. ക്രമാതീതമായ അന്തരീക്ഷതാപത്തിന്റെ ഫലമായി ഭൂമിക്കടിയിലുള്ള ജലം ബാഷ്പമായി അന്തരീക്ഷത്തിലേക്ക് പോകുന്നതിന്റെ ഫലമായി കുഴൽകിണർ, കിണറുകൾ, കുളങ്ങൾ എന്നിവയെല്ലാം തന്നെ ഇല്ലാതാകുന്നതാണ്. ഇന്ന് വെറുതെ കളയുന്ന മഴവെള്ളം കൂടി സംഭരിക്കാൻ നാം കൂട്ടാക്കാറില്ല. ആകെ പെയ്യുന്ന മഴയുടെ 56% ജലവും വെറുതെ ഒഴുകി കടലിലേയ്ക്ക് പോകുകയാണ്.

ഇത്തരം കൊടിയ ദുരന്തങ്ങളിൽ നിന്ന് രക്ഷപെടണമെങ്കിൽ ഹരിതവൽക്കരണനടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ ഊർജ്ജിതപെടുത്തേണ്ടിയിരിക്കുന്നു.

### ഊർജ്ജസ്രോതസ്സുകൾ

കാർബണിന്റെ പുറം തള്ളൽ ഏതാണ്ട് മുഴുവനായി തന്നെ ഇല്ലാതാകേണ്ടതുണ്ട്. അതിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പങ്ക് വളരെ കൂടുതലാണ്. കല്ക്കരി നിലയങ്ങൾ മുഴുവനായും തന്നെ, വേണ്ടെന്ന് വക്കണം. അതുപോലെ മറ്റ് ഫോസിൽ ഇന്ധനങ്ങളായ പെട്രോളിയം ഉത്പന്നങ്ങളുടെ ഉപയോഗവും ഉപേക്ഷിക്കണം. കാർബൺ പുറം തള്ളൽ കുറച്ച് തീരെ ഇല്ലാതാക്കാൻ പറ്റിയ ഊർജ്ജോല്പാദന ഉപാധികൾ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. സൂര്യപ്രകാശം, കാറ്റ്, തിരമാല, ഭൂഗർഭത്തിലെ അതിതപ്തനീരാവി, ജലസ്രോതസ്സുകൾ എന്നിവയാണ് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ.

### സൗരോർജ്ജം (Solar Energy)

ന്യൂക്ലിയാർ ഫ്യൂഷൻ എന്ന രാസപ്രവർത്തനം വഴിയാണ് സൂര്യനിൽ ഊർജ്ജം ഉണ്ടാകുന്നത്. ഹൈഡ്രജൻ ആറ്റങ്ങൾ കൂടി ചേർന്ന് ഹീലിയം ആറ്റം ഉണ്ടാകുന്നതിനെ തുടർന്നാണ് ഊർജ്ജം പുറത്ത് വരുന്നത്.സൂര്യനിൽ നിന്ന് പുറത്തേക്ക് വരുന്ന ഊർജ്ജത്തിലെ തരംഗദൈർഘ്യം കൂടിയ അദൃശ്യകിരണങ്ങളായ ഇൻഫ്രാറെഡ് കിരണങ്ങൾ (Infra Red Rays) എവിടെ പതിക്കുന്നുവോ അവിടെ താപം സൃഷ്ടിക്കപ്പെടുന്നു. തരംഗദൈർഘ്യം കുറഞ്ഞ അൾട്രാവൈലറ്റ് കിരണങ്ങളും (Ultra Violet Rays), ദൃശ്യപ്രകാശവും (Visible Rays) സൂര്യനിൽ നിന്ന് പുറത്തേക്ക് വരുന്ന മറ്റ് രണ്ട് ഘടകങ്ങളാണ്.

സൗരോർജ്ജം വറ്റാത്ത ഊർജ്ജസ്രോതസ്സാ

ണെന്ന് ഓർക്കണം. സൂര്യനിൽ നിന്ന് നിത്യവും വരുന്ന ഊർജ്ജം ലോകത്തിലെ മുഴുവൻ മനുഷ്യരും ഉപയോഗിക്കുന്നതിനെക്കാൾ 15000 മടങ്ങ് കൂടുതലാണ്. ഇതിന്റെ അർത്ഥം നമ്മുടെ ഊർജ്ജാവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ സൂര്യനിൽ നിന്ന് കിട്ടുന്ന ഊർജ്ജത്തിന്റെ ഒരംശം മാത്രം മതി.

സൗരോർജ്ജത്തിന്റെ ഒരു ന്യൂനത, സൗരവ്യൂഹങ്ങൾ സജ്ജീകരിക്കാൻ കൂടുതൽ സ്ഥലം ആവശ്യമാണ് എന്നതാണ്. മറ്റൊരു പരിമിതി സൗരവ്യൂഹങ്ങൾ വൃത്തിയാക്കാൻ കൂടുതൽ ജലം ആവശ്യമാണ് മറ്റൊരു പരിമിതി രാത്രിയിലും മഴക്കാലത്തും സൗരോർജ്ജം ലഭിക്കുന്നില്ല എന്നതാണ്. എന്നാൽ, ഈ പരിമിതികളെ ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് സൗരോർജ്ജപാനൽ. ഭൂമിയിൽ സ്ഥാപിക്കുന്നതിന് പകരം ബഹിരാകാശത്തുവെച്ചു തന്നെ സൗരോർജ്ജം ശേഖരിക്കുകയെന്നത് ആണ് ഇതിന് പരിഹാരം. അടുത്ത പത്ത് വർഷത്തിനകം തന്നെ ബഹിരാകാശത്ത് സൗരോർജ്ജനിലയങ്ങൾ പ്രവർത്തനക്ഷമമാകുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന സൗരോർജ്ജം പതിന്മടങ്ങ് ഊർജ്ജസമൃദ്ധമായിരിക്കുകയുംചെയ്യും.

മറ്റു ഊർജ്ജസ്രോതസ്സുകളാണ് കാറ്റിൽ നിന്ന് ഊർജ്ജം ലഭിക്കുന്ന മാർഗ്ഗമായ വിൻഡ് എനർജി, ഹൈഡ്രോഎനർജി, തിരമാലയിൽ നിന്നുള്ള എനർജി, സിവേവ് എനർജി, ജിയോ തെർമൽ എനർജി, ന്യൂക്ലിയർ എനർജി എന്നിവ ഇവയിൽ ഹൈഡ്രോ എനർജിക്ക് വേണ്ടി ആയിരകണക്കിന് നിബിഡവനങ്ങളുടെ സർവ്വനാശത്തിനും ലക്ഷക്കണക്കിന് കൃഷിഭൂമി ജലത്തിനടിയിലാകുന്നതിനുമിടയാകുന്നു.

## പ്രതിസന്ധിക്ക് വിദഗ്ധർ നിർദ്ദേശിക്കുന്ന ചില മാർഗ്ഗങ്ങൾ നോക്കാം.

* ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നത് തീർത്തും കുറക്കുകതന്നെ വേണം. പകരം സൗരോർജ്ജം, പവനോർജ്ജം, തിരമാലയിൽനിന്നുള്ള ഊർജ്ജം എന്നീ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കണം. സൂര്യനിൽ നിന്ന് നിത്യവും ലഭിക്കുന്ന ഊർജ്ജം, മുഴുവൻ മനുഷ്യർക്കും ആവശ്യമുള്ളതിന്റെ 15000 ഇരട്ടി കൂടുതലാണ് ബഹിരാകാശ ഊർജ്ജനിലയം പ്രവർത്തനക്ഷമമാകുന്നതോടെ എല്ലാം പരിമിതികളും ഇല്ലാതാകുന്നു.

കാർബണിന്റെ പുറം തള്ളലിന് ഏറ്റവുമധികം സംഭാവന ചെയ്യുന്നത് ഗതാഗതരംഗമാണ് Co2ന്റെ സാന്നിദ്ധ്യം കുറക്കാൻ ഒരു വലിയ മാർഗ്ഗം യാത്രകൾ മുഴുവൻ തന്നെ റയിൽ വഴിയാക്കുക എന്നതാണ്. അന്തരീക്ഷ മലിനികരണത്തിന്റെ കുറവ് സുരക്ഷിതത്വം എന്നിവ തീവണ്ടി ഗതാഗതത്തിന്റെ മേന്മതകളാണ് റയിൽ ഗതാഗതത്തിന്റെ മറ്റൊരു മെച്ചം ഏറ്റവും കൂടുതൽ ആളുകൾക്ക് സഞ്ചരിക്കാമെന്നതാണ്. റെയിൽ ഗതാഗതം കൂടുതലായി ഉപയോഗിച്ച് റോഡ് ഗതാഗതം കഴിയുന്നത്ര കുറക്കാവുന്നതാണ്. എത്രയും വേഗം കൂടുതൽ തീവണ്ടി പാത എന്നതായിരിക്കണം ലക്ഷ്യം. ഇലക്ട്രിക്കൽ ട്രെയിനുകൾ, ലളിതമായ ട്രാമുകൾ എന്നിവയും നടപ്പാക്കാവുന്നതാണ്

കേരളത്തെ സംബന്ധിച്ചിടത്തോളം അടുത്ത 10 വർഷത്തിനുള്ളിൽ 4 വരി തീവണ്ടിപാത എന്നതായിരിക്കണം ലക്ഷ്യം. എറണാകുളം പോലെ ജനസാന്ദ്രതയേറിയ നഗരങ്ങളിൽ സബർബൻട്രെയിൻ യാത്ര ഏർപ്പെടുത്താവുന്നതാണ്. മെമു പോലുള്ള തീവണ്ടികൾ ഓരോ 15 മിനിട്ടിലും എല്ലാ സ്റ്റേഷനുകളിലും നിർത്തുന്ന തരത്തിൽ ഓടിക്കേണ്ടതാണ്. ഉപയോഗിക്കാതെ കിടക്കുന്ന എറണാകുളത്തെ ഓൾഡ് റയിൽവേസ്റ്റേഷൻ നവീകരിച്ച് ഉപയോഗിക്കാവുന്നതാണ്. വടക്കോട്ട് തൃശൂർ വരെയും തെക്കോട്ട് ആലപ്പുഴ വരെയും സബർബൻ ഓടിക്കാവുന്നതാണ്. കൂടാതെ നിർദ്ദേശത്തിലിരിക്കുന്ന ശബരിമലയിലും യാഥാർത്ഥ്യമാക്കണം. റയിൽ യാത്ര കൂടുതലായി നടപ്പിലാക്കുമ്പോൾ ബസ്സ്, കാർ യാത്രകൾ തനിയെ ചുരുങ്ങും. എല്ലായിടത്തും ഈ സൗകര്യം നടപ്പിലായാൽ കാർബൺന്റെ പുറം തള്ളൽ വളരെ കുറയും.

റെയിൽ ഗതാഗതത്തെപ്പോലെ പ്രധാനപ്പെട്ടതാണ് ജലഗതാഗതം. ജലഗതാഗതത്തിലേക്കുള്ള മാറ്റം മലിനീകരണം കുറക്കാൻ വളരെ പ്രയോജനപ്പെടും എന്നതു തന്നെ. സൗരോർജ്ജം ഉപയോഗിച്ച് കൊണ്ടുള്ള ജലഗതാഗതം എത്രയും വേഗം നടപ്പിലാക്കണം. തിരുവനന്തപുരം മുതൽ മഞ്ചേശ്വരം വരെയുള്ള ദേശീയജലപാത എത്രയും വേഗം പൂർത്തീകരിക്കണം. സൗരോർജ്ജം ഉപയോഗിച്ചുള്ള ജലഗതാഗതമായിരിക്കണം നടപ്പാക്കേണ്ടത്.

* ചരക്ക് ഗതാഗതത്തിന് റയിൽവേപോലെ ജലാശയങ്ങളും ഉപയോഗിക്കണം.

* കേരളത്തിൽ കിഴക്ക് പടിഞ്ഞാട്ടുള്ള യാത്രയ്ക്ക് റോഡിനെ ആശ്രയിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള





വാഹനങ്ങൾക്ക് അടുത്ത 10 വർഷങ്ങൾക്കുള്ളിൽ ഘട്ടംഘട്ടമായി നിരോധിക്കണം. ഇലക്ട്രിക്ക് വാഹനങ്ങളും മലിനികരണത്തിന് ഇടയാക്കുമെങ്കിൽ അതും വേണ്ടെന്ന് വെക്കണം. കാരണം അത്തരം വാഹനങ്ങൾ ഓടുന്നതിന് തുല്യമായ മലിനികരണം വൈദ്യുതി ഉല്പാദനകേന്ദ്രങ്ങൾ ഉണ്ടാക്കുമെന്നതാണ്. പ്രകൃതി വാതകം കൊണ്ട് പ്രവർത്തിപ്പിക്കുന്ന വാഹനങ്ങളായിരിക്കും അഭികാമ്യം. അതുപോലെ ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ കൂടുതൽ മാലിന്യരഹിതമായിരിക്കും. അല്പം പോലും കാർബൺഡൈഓക്സൈഡ് പുറത്തേക്ക് വിടാതെയാണ് ഇവ പ്രവർത്തിക്കുന്നത്. അതിനാൽ കാർബൺ പുറത്തേക്ക് വിടാത്ത വാഹനങ്ങൾ മാത്രമേ റോഡിലിറങ്ങാവൂ എന്ന നിയമം കൊണ്ടുവരണം. പത്തു വർഷത്തിനുള്ളിൽ ഇവ നടപ്പാക്കുകയും വേണം. പെട്രോളിയം ശുദ്ധികരണത്തിന് എണ്ണ കമ്പനികൾ ഉപയോഗിക്കുന്ന ഹൈഡ്രജൻ വാതകം ഇന്ധന സെല്ലുകൾക്കായും ഉപയോഗിക്കാവൂന്നതാണ്. അമേരിക്കയിലും കാനഡയിലും മറ്റും ഇപ്പോൾ തന്നെ നിരവധി ഹൈഡ്രജൻ വിതരണ കേന്ദ്രങ്ങളുണ്ട്. ജലത്തിൽ നിന്ന് ഹൈഡ്രജൻ ഉല്പാദിപ്പിക്കാൻ കഴിയും. അപ്രകാരം ഉല്പാദിപ്പിക്കുന്ന ഹൈഡ്രജൻ കൊണ്ട് വൈദ്യുതി ഉപയോഗിച്ച് ചെയ്യാൻ കഴിയുന്ന പ്രവർത്തികൾ ചെയ്യാൻ കഴിയുന്നതാണ്. ഹൈഡ്രജൻ ഇന്ധനം കൊണ്ട് വീട്ടാവശ്യങ്ങൾ നിറവേറ്റുന്ന സ്ഥലങ്ങൾ കാനഡയിലും അമേരിക്കയിലും ഇപ്പോൾ തന്നെയുണ്ട്.

* കാൽ നടക്കാർക്കും സൈക്കിൾ സവാരിക്കാർക്കും പ്രത്യേക പാതകൾ മാറ്റി വയ്ക്കണം.

* ജലഗതാഗതവും, റയിൽഗതാഗതവും പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതോടെ കാർബണിന്റെ പുറന്തള്ളൽ മാത്രമല്ല അന്തരീക്ഷത്തിലെ പൊടിമാലിന്യങ്ങളും പൂർണ്ണമായി ഇല്ലാതാക്കുന്നതാണ്. മെട്രോസ്റ്റേഷന്റെ ദൂരപരിധി കഴിയുന്നത്ര കുറക്കണം.

*നിരത്തുകൾക്കിരുവശത്തും മരങ്ങൾ ധാരാളമായി തന്നെ വച്ച് പിടിപ്പിക്കണം. കുറഞ്ഞ ദൂരപരിധിയിൽ പാർക്കുകൾ നിർമ്മിക്കണം. പാർക്കുകളിൽ മുഴുവൻ മരങ്ങൾ വെച്ച് പിടിപ്പിക്കണം. സൗരോർജ്ജത്തിന്റെ ഉപയോഗം സർവ്വവ്യാപകമാക്കണം.

* പഴക്കം ചെന്ന വാഹനങ്ങൾ നിരോധിക്കണം. കഴിയുന്നത്ര സ്ഥലത്ത് മരങ്ങൾ വച്ച് പിടിപ്പിക്കണം. വേപ്പ്, കണികൊന്ന, ഇലഞ്ഞി, ഞാവൽ, ആഞ്ഞിലി, പ്ലാവ്, അരയാൽ, പേരാൽ, കുവളം, പവിഴമല്ലി, നെല്ലി, മുളകൾ എന്നീ മരങ്ങൾക്ക് മുൻഗണന നൽകണം. ഫല വൃക്ഷങ്ങൾക്ക് കൂടുതൽ പരിഗണന നൽകണം കാരണം ഭക്ഷ്യസുരക്ഷ കൂടി ഉറപ്പാക്കുന്നതിനാണ് കുടാതെ ഇവയൊക്കെ ധാരാളം ശാഖകളും ഉപശാഖകളും ഉള്ളതിനാൽ Co2ന്റെ ആഗീരണം കൂടുതലായി നടക്കുന്നു.

*നഗരങ്ങളിലും പട്ടണങ്ങളിലും മിയാവാക്കി വനങ്ങൾ വച്ച് പിടിപ്പിക്കണം. തക്കതായ കാരണമില്ലാതെ സ്വന്തം സ്ഥലത്ത് പോലുമുള്ള മരങ്ങൾ വെട്ടുകയോ ശാഖകൾ അരിഞ്ഞ് വീഴ്ത്തുകയോ ചെയ്യുന്നത് നിയമം മൂലം തടയണം.

സൗദിഅറേബ്യയിൽ മരം മുറിച്ചാൽ 59 കോടി പിഴയും 10 കൊല്ലം തടവുമാണ് ശിക്ഷ ഏർപ്പെടുത്തിയിരിക്കുന്നത് എന്നോർക്കണം.

വനനശീകരണം നിർദ്ദയം തടയണം

*തണ്ണീർതടങ്ങൾ സംരക്ഷിക്കണം.

*പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജപാനലുകൾ സ്ഥാപിക്കേണ്ടതാണ്.

മഴ വെള്ള സംഭരണി നിർബന്ധമാക്കണം.

*കൽക്കരി നിലയങ്ങൾ എത്രയും വേഗം ഉപേക്ഷിക്കണം

*കാറ്റ്, തിരമാല, സൂര്യപ്രകാശം, ഭൂഗർഭ അതിതപനരീതി എന്നിവ ഉപയോഗിച്ച് ഊർജ്ജം ഉത്പാദിപ്പിക്കണം.

*സീവേജ് വാതകത്തിൽ നിന്ന് ഹരിതോർജ്ജം ഉത്പാദിപ്പിക്കണം സീവേജ് വാതകത്തിൽ നിന്ന് മൂന്നര മെഗാവാട് ഊർജ്ജം ഉത്പാദിപ്പിക്കുന്നതിൽ വിജയം കൈവരിച്ച സൂറ്റ് മുൻസിപ്പൽ കോർപ്പറേഷൻ മാതൃകയാക്കണം.

*ഭക്ഷ്യവസ്തുക്കൾ പാഴാക്കുന്നത് കർശനമായി തടയണം.

*ഭക്ഷ്യസാധനങ്ങൾ പാഴാക്കുന്ന രീതി തടയാൻ ആഘോഷങ്ങൾ വേണ്ടെന്ന് വെയ്ക്കുകയോ പരിധി നിശ്ചയിക്കുകയോ, മിതത്വം പാലിക്കുകയോ ചെയ്യണം.

*ദൈനംദിനജീവിതത്തിലും മിതത്വം പാലിക്കണം.

*ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കണം കഴിയുന്നത്ര ഭക്ഷ്യ വിഭവങ്ങൾ നാം തന്നെ കൃഷി ചെയ്യണം.

*ഭൂമി തരിശിടാതെ, കഴിയുന്നത്ര വിളവുകൾ കൂടി ചെയ്യാൻ കഴിയണം.

*പ്രതികൂല കാലാവസ്ഥയെ ചെറുക്കുന്നതിനാവശ്യമായ പ്രതിരോധശക്തിയുള്ള വിത്തിനങ്ങൾ കണ്ടെത്തണം.

* സൗര വിളക്കുകളും സൗരോർജ്ജ വാട്ടർ ഹീറ്റർ എന്നിവ ഉത്പാദിപ്പിച്ച് ജനങ്ങൾക്ക് വിതരണം ചെയ്യണം.

*സൗരോർജ്ജ ജനറേറ്ററുകൾ നൽകണം.

*ഹരിത ഗൃഹവാതകത്തിന്റെ ഉത്പാദനത്തോത് കുറക്കണം, ഇവ വളരെക്കാലം അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന കാര്യം ഓർക്കണം.

*ഏറ്റവും പ്രധാന മറ്റൊരു പാംവഴി വനം നശീകരണം പൂർണ്ണമായി ഇല്ലാതാക്കുക എന്നതാണ്. ഒരു ഹെക്ടർ വനം 750 ടൺ കാർബൺഡൈഓക്സൈഡിനെയാണ് അന്തരീക്ഷത്തിൽ നിന്നും നീക്കം ചെയ്യുന്നത്.

*ആഡംബര പൂർണ്ണമായ ജീവിതവും, ധൂർത്തും ജനങ്ങൾ അവസാനിച്ച്, ആവശ്യമുള്ളത്ര വിഭവങ്ങൾ മാത്രം പ്രകൃതിയിൽനിന്ന് എടുക്കുക.

*ഭക്ഷണവും ജലവും ഒരിക്കലും പാഴാക്കരുത്. നമ്മുടെ ചുറ്റും നോക്കു എത്രയോ ഭക്ഷണമാണ് നാം പാഴാക്കുന്നത്. ഇങ്ങനെ പാഴാക്കുന്ന ഭക്ഷണം എത്രയോ ജനങ്ങളുടെ വിശപ്പടക്കാൻ സാധിക്കുമെന്ന സത്യം പ്രത്യേകം ഓർമ്മയിരിക്കട്ടെ.

*ജനസംഖ്യാ വർദ്ധനവ് കഴിയുന്നത്ര കുറക്കണം.

*നദി, കടൽ, പരിസരം എന്നിവ മലിനമാക്കരുത്, മാലിന്യം വലിച്ചെറിയുന്നത് ശിക്ഷാർഹമാക്കണം.

*കാവുകൾ, കുളങ്ങൾ, കുന്നുകൾ, പാറമടകൾ, പുൽമേടുകൾ എന്നിവ അതേ പടി തന്നെ നിലനിർത്തണം നഷ്ടപ്പെട്ടവ പുനർനിർമ്മിക്കണം.

*നെൽവയലുകൾ നികത്തുകയോ മറ്റൊന്നിനും ഉപയോഗിക്കുകയോ അരുത്.

*പുതിയ വിമാനത്താവളങ്ങൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ പിൻവലിക്കണം ഇപ്പോൾ ഉള്ള 4 വിമാനത്താവളങ്ങൽ തന്നെ അധികമാണ്.

*പുതിയ ഹൈഡ്രോ ഇലക്ട്രിക്ക് പ്രൊജക്ടുകൾ നിർദ്ദേശിക്കപ്പെടരുത്. വീണ്ടും ഒരു വനനശീകരണത്തിന് ഇടയാക്കുമെന്നല്ലാതെ മറ്റൊരു പ്രയോജനവും ഇല്ല തന്നെ. നിർമ്മാണ ലോബികളുടെ ഇത്തരത്തിലുള്ള പ്രേരണകൾക്ക് ഗവൺമെന്റ് വശംവദരാകരുത്.

*സമുദ്രത്തിലെ പ്ലാങ്ക്ടൺ, പവിഴപ്പുറ്റുകൾ എന്നിവ നശികരിക്കാൻ ഇടവരുത്തരുത്. മാലിന്യങ്ങൾ നദികളിലേക്കും സമുദ്രത്തിലേക്കും വലിച്ചെറിയരുത്.

അവസാനിപ്പിക്കും മുമ്പായി ഒരു കാര്യം വളരെയധികം പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രകൃതിയോടുള്ള മനുഷ്യന്റെ എണ്ണമറ്റ പ്രതിപ്രവർത്തനങ്ങൾക്ക് ഒരു പൂർണ്ണ വിരാമം ഇടാനുള്ള സമയം ഇതാ - എത്തിയിരിക്കുന്നു. അല്ലാതെയുള്ള എതൊരു പോംവഴിയും ഫലപ്രാപ്തിയിലെത്തുകയില്ല എന്നത് പകൽ പോലെ സ്പഷ്ടം. കാരണം വന്നു കഴിഞ്ഞ ദുരന്തങ്ങളും ഇനി വരാൻ പോകുന്ന അതിതീവ്ര ദുരന്തങ്ങളുമെല്ലാം കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ടതാണ് എന്നത് തന്നെ. മനുഷ്യനും പ്രകൃതിയുടെ ഒരു ഭാഗമാണെന്ന സത്യം നാം അംഗീകരിക്കേണ്ടതുണ്ട്. ഭൂമിയിലുള്ളതെല്ലാം തങ്ങൾക്ക് മാത്രം അവകാശപ്പെട്ടതാണെന്നുള്ള നിന്ദ നിറഞ്ഞ ധാർഷ്ഠ്യം മനുഷ്യൻ അവസാനിപ്പിച്ചേ മതിയാകൂ. വെറും പൊള്ളയായ പൊങ്ങച്ചങ്ങൾ മാറ്റി നിർത്തി മിതത്വത്തിലേക്കും ദയയിലേക്കും, കരുണയിലേക്കും മനഃപൂർവ്വമായ ഒരു മാറ്റം ഓരോരുത്തരുടേയും മനസ്സിൽ ഉണ്ടാക്കിയെടുക്കണം. മരുഭൂമിയും, ശവപ്പറമ്പും മാലിന്യകൂമ്പാരവുമാക്കി മാറ്റികഴിഞ്ഞ നമ്മുടെ ഈ ഭൂമിയെ മനോഹരവും ജൈവസമ്പദ്സമൃദ്ധവുമാക്കി മാറ്റി എടുക്കണം നമ്മുടെ മനസ്സ് ആർദ്രതയും ദയയും സ്നേഹവും കൊണ്ട് നിറക്കപെടട്ടെ.

ഇവയെല്ലാം നേടുന്നതിന് ഒരേ ഒരു മാർഗ്ഗമേയുള്ളു. പ്രകൃതിയിൽ നിന്ന് ഇതുവരെ ലഭിച്ച എല്ലാ പാഠങ്ങളും മനസ്സിലാക്കി, അതിനനുസരിച്ച് അവരവരുടെ കാഴ്ചപാടും ജീവിതശൈലിയും രൂപപ്പെടുത്തിയെടുക്കണം. നമ്മോട് മത്സരിക്കുന്ന, അല്ലെങ്കിൽ നമുക്ക് എതിരാളികളെന്ന് തോന്നുന്നവരെ വകവരുത്തുക എന്നതല്ല ലക്ഷ്യം. എല്ലാത്തിനേയും സ്നേഹിച്ച്, സഹകരിച്ച് ഒരുമയോടെ ജീവിക്കുക എന്നതത്രേ അഭികാമ്യം. മനുഷ്യർക്ക് മാത്രമല്ല ഈ ഭൂമി, മറ്റ് സഹജീവികൾക്ക് കൂടി അവകാശപ്പെട്ടതാണ്. എന്ന ചിന്ത എല്ലാവർക്കും എപ്പോഴുമുണ്ടായിരിക്കണം.



കരയോഗ സൗഹൃദം
1196 മീനം

# കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനപ്രക്രിയ ഉൽകൃഷ്ഠവും ഉന്നതവുമാക്കി മാറ്റിയെടുക്കാൻ....

**ഡോ. പത്മനാഭൻ, ഫോൺ : 9072015115**

സമീപ കാലത്ത് കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെ ഒരു വകുപ്പുമേധാവി തസ്തികയിലെ നിയമന പ്രക്രിയയിലുണ്ടായ വൻ പാളിച്ചകളും അതേ തുടർന്നുണ്ടായ രാഷ്ട്രീയപരമായ ഇടപെടലുകളും വൻ വാർത്തയായി നാം കേട്ടതാണ്. അന്താരാഷ്ട്രതലത്തിൽ നിലവിലുള്ള ഉത്കൃഷ്ഠവും ഉന്നതുമായ നിയമന രീതികൾ കേരളത്തിൽ നടപ്പാക്കാൻ വിമുഖത കാണിച്ച രാഷ്ട്രീയ കുതന്ത്രങ്ങളുടെ ബാക്കി പത്രമായി ഇത്തരം സംഭവങ്ങൾ നമ്മുടെ മുന്നിൽ എത്രയോ കാലങ്ങളായി മറ നീക്കി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ കാലഹരണപ്പെട്ടതും നിലവാരമില്ലാത്തതും നിയമവിരുദ്ധവുമായ ഉദ്യോഗനിയമനരീതീകൾ അന്താരാഷ്ട്ര തലത്തിൽ മറ്റു രാജ്യങ്ങൾ നടപ്പിലാക്കിയിട്ടുള്ള ഉത്കൃഷ്ഠവും കുറ്റമറ്റതുമായ നിയമന രീതികളുമായി താരതമ്യം ചെയ്തു നോക്കാം.

1. ഒഴിവ് പരസ്യം ചെയ്യുന്ന രീതി :-

അദ്ധ്യാപന, ഗവേഷണ, അനദ്ധ്യാപന (അഡ്മിനിസ്ട്രേറ്റീവ്) എന്നിങ്ങനെ ഏത് തരത്തിൽപ്പെട്ടതാണെന്ന് പരസ്യത്തിൽ വ്യക്തമാക്കണം. തസ്തിക സ്ഥിരമാണോ, കോൺട്രാക്റ്റ് ആണെങ്കിൽ എത്ര കാലത്തേക്ക്, തുടർന്ന് കോൺട്രാക്റ്റ് പുതുക്കുന്നതാണോ എന്നിങ്ങനെ തസ്തികയുടെ വിശദവിവരങ്ങൾ പരസ്യത്തിൽ വ്യക്തമായിരിക്കണം. ഇല്ലെങ്കിൽ ഭാവിയിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടും.

2. പരസ്യം പ്രത്യക്ഷപ്പെടുന്ന മീഡിയം വ്യക്തമാക്കണം. ആ മീഡിയയുടെ വെബ്സൈറ്റ് അഡ്രസ്സുൾപ്പടെ.

3. ഒരു സർവ്വകലാശാലയിലെ ഒഴിവ് അടുത്ത പ്രദേശത്തും മറ്റു സംസ്ഥാനങ്ങളിലും സമീപപ്രദേശങ്ങളിലുമുള്ള മറ്റു സർവ്വകലാശാലകളുടെ വെബ്സൈറ്റുകളിലും പരസ്യം ചെയ്യപ്പെടണം. ധാരാളം നല്ല അപേക്ഷകരെ കിട്ടാൻ വേണ്ടിയാണിത്.

4. ഇന്ത്യയിൽ ദുർലഭമായിട്ടുള്ള ചൈനീസ് ഭാഷയിലേക്കാണ് (ഉദാഹരണം : കൺഫൂഷ്യസ് ഇൻസ്റ്റിറ്റൂട്ട്) നിയമനം ആവശ്യമുള്ളതെങ്കിൽ സമീപരാജ്യങ്ങളിലെ കൺഫൂഷസ് ഇൻസ്റ്റിറ്റൂട്ടുകളിൽ പരസ്യം പ്രസീദ്ധീകരിക്കണം.

5. Closing Date അപേക്ഷകൾ സ്വീകരിക്കാനുള്ള അവസാന തീയതി പരസ്യത്തിൽ High Light ചെയ്തു പ്രസിദ്ധപ്പെടുത്തണം.

6. എല്ലാ അപേക്ഷകരുടേയും അവരുടെ റെഫറികളുടെയും Contact Details, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് മുതലായവ പരസ്യത്തിൽ പ്രത്യേകം നിഷ്കർഷിക്കണം.

7. പരസ്യകൂലി ലാഭിക്കാൻ വേണ്ടി അത്യാവശ്യ കാര്യങ്ങൽ പരസ്യത്തിൽ ആവശ്യപ്പെടാതെ വന്നാൽ അപേക്ഷകരുടെ പൂർണ്ണ വിവരങ്ങൾ ലഭിക്കാതെ വരികയും നിയമന പ്രക്രിയ സമയ ബന്ധിതമായി തീർപ്പാക്കാൻ സാധിക്കാതെ വരികയും ചെയ്യും. ഇത്തരം പോരായ്മകൾ നിയമന പ്രക്രിയയെ വിവാദത്തിലേക്ക് തളളി വിടാൻ ഇടയാക്കുകയും ചെയ്യും.

8. അപേക്ഷകർ അപേക്ഷയിൽ നൽകുന്ന റെഫറികൾ പരസ്യം ചെയ്ത മേഖലയിൽ പ്രാവീണ്യം നേടിയവരാണോയെന്നു പരിശോധിക്കാൻ റെഫറികളുടെ എല്ലാ വിവരങ്ങളും അപേക്ഷകർ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ധാരാളം ഗവേഷണ പ്രബന്ധങ്ങൾ ദേശീയവും അന്താരാഷ്ട്ര പ്രചാരണവുമുള്ള ജേർണലുകളിൽ അപേക്ഷകനും അപേക്ഷകന്റെ റെഫറിയും പ്രസീദ്ധീകരിച്ചിട്ടുണ്ടെങ്കിൽ അത്തരം പ്രബന്ധങ്ങളുടെ Impact Index (സ്വാധീന അളവുകോൽ) അപേക്ഷയിൽ പ്രതിപാദിക്കണം. ഒരു അപേക്ഷകൻ ദേശീയതലത്തിലുള്ള ജേർണലുകളിൽ മാത്രം തന്റെ പ്രബന്ധങ്ങൾ പ്രസീദ്ധീകരിക്കുകയും മറ്റൊരു അപേക്ഷകൻ തന്റെ പ്രബ

സംഘങ്ങൾ ദേശീയ തലത്തിലുള്ള ജേർണലുകളിലും അതോടൊപ്പം അന്താരാഷ്ട്ര തലത്തിലുള്ള ജേർണലുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ രണ്ടാമത്തെ അപേക്ഷകനാണ് കൂടുതൽ പ്രാധാന്യം നിയമന പ്രക്രിയയിൽ ലഭിക്കുക. കാരണം അന്താരാഷ്ട്ര ജേർണലുകളിൽ ഗവേഷണ പ്രബന്ധങ്ങൾക്ക് പ്രസീദ്ധീകരണം ലഭിച്ചാൽ അതിന്റെ വില ദേശീയ ജേർണലുകളേക്കാൾ വളരെ വലുതാണ്. ഇത്തരം നേട്ടങ്ങൾക്ക് നിയമനപ്രക്രിയയിൽ കൂടുതൽ സ്കോർ ലഭിക്കുകയും ചെയ്യും. അന്താരാഷ്ട്രതലത്തിൽ ഗവേഷണപ്രബന്ധങ്ങൾക്ക് പ്രസിദ്ധീകരണ അനുമതി ലഭിച്ചാൽ അതിന്റെയർത്ഥം അപേക്ഷകനും അപേക്ഷകന്റെ റഫറിയും അന്താരാഷ്ട്ര തലത്തിൽ അറിയപ്പെടുന്ന ഉന്നത നിലവാരമുള്ള പ്രൊഫണലുകളാണെന്ന അംഗീകാരം കൂടിയാണ്.

9. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിക്ക് അപേക്ഷിക്കുന്നവർ രാജ്യത്തെയോ വിദേശ രാജ്യങ്ങളിലേയോ പ്രൊഫഷണൽ ബോഡികളിൽ അംഗത്വമുണ്ടെങ്കിൽ പ്രൊഫഷണൽ സ്റ്റാറ്റസ് ഉള്ളവരും അവരുടെ Peers ന്റെ ഇടയ്ക്ക് അറിയപ്പെടുന്ന പ്രൊഫഷണലാണെന്നും സാക്ഷ്യപ്പെടുത്തുന്ന മുതൽ കൂട്ടാണ്. ആ പ്രൊഫഷണൽ സ്റ്റാറ്റസ് ഇല്ലാത്ത മറ്റൊരു അപേക്ഷകനേക്കാൾ മുൻഗണന ലഭിക്കും.

10. അപേക്ഷകന് സ്വന്തം ഫീൽഡിൽ കഴിവ് തെളിയിച്ച് അവാർഡുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അത് മറ്റുള്ള അപേക്ഷകരേക്കാൾ മുൻഗണന ലഭിക്കാൻ ഉതകുന്ന ഘടകം തന്നെയാണ്.

11. നിയമന പ്രക്രിയ അവസാനിച്ചതിനുശേഷം പരാതികൾ വരാതിരിക്കാൻ കഴിയുന്നത്ര സുതാര്യമായി ജോലിക്ക് അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള പരസ്യത്തിൽ വളരെ വിശാലമായി ഏതൊക്കെ ഘടകങ്ങളെ ആസ്പദമാക്കിയാണ് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കിയാൽ അത്തരം യോഗ്യതകൾ ഇല്ലാത്തവർക്ക് പിന്നീട് പരാതികളുയർത്തി രാഷ്ട്രീയമായി നേരിടാൻ ശ്രമം നടത്താൻ നിർവാഹമില്ലാതെ വരും.

12. ഗവേഷണ രംഗത്തെ മികവിന്റെ ഏറ്റവും പ്രാധാന്യമേറിയ അളവുകോൽ ഗവേഷകന്റെ ഗവേഷണ ലേഖനങ്ങൾ ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും എത്ര ഗവേഷണ വിദ്യാർത്ഥികളും മറ്റു ഗവേഷകരും റഫറൻസ് നടത്തി Quote ചെയ്ത് അവരുടെ ഗവേഷണ ലേഖനങ്ങളിൽ മാർഗ്ഗദർശനത്തിനായി ഉപയോഗിച്ചിട്ടുണ്ടെന്ന് Google Scholar വഴി ഉയർത്തിക്കാട്ടാൻ സാധിക്കും. നൂറുകണക്കിന് ഗവേഷക വിദ്യാർത്ഥികളും ഗവേഷകരും അപേക്ഷകന്റെ ഗവേഷണപ്രബന്ധങ്ങൾ മാർഗ്ഗദർശനത്തിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ Citation Index വളരെ വലിയ സൂചികയാണ്. അത് അപേക്ഷകന്റെ ഗവേഷണ രംഗത്തെ ആധിപത്യവും ഉയർന്ന സ്ഥാനവും പ്രതിഫലിപ്പിക്കുന്ന ഏറ്റവും പ്രാധാന്യമേറിയ അളവുകോലായി ലോകമെമ്പാടും അംഗീകരിക്കുന്നു. പരസ്യപ്പെടുത്തിയ ജോലിക്ക് അപേക്ഷ അയച്ചവരിൽ നിന്നു ചുരുക്കപ്പട്ടിക തയ്യാറാക്കുമ്പോൾ ഇത്തരം നേട്ടങ്ങളുള്ളവർകൂടി കാഴ്ചക്കുക്ഷണിക്കപ്പെടുന്നവരുടെ പട്ടികയിൽ ആദ്യസ്ഥാനങ്ങളിൽ ഇടം നേടുന്നു.

13. ധാരാളം അപേക്ഷകരിൽ നിന്ന് ഏറ്റവും കൂടുതൽ യോഗ്യതയുള്ളവരെ തിരഞ്ഞെടുത്ത് ചുരുക്കപ്പട്ടിക തയ്യാറാക്കി കൂടിക്കാഴ്ചക്കു ക്ഷണിക്കുന്നത് അപേക്ഷകർ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അത്തരം വിവരങ്ങൾ യാഥാർത്ഥ്യമാണോ എന്ന് പരിശോധിക്കാൻ ധാരാളം മാർഗ്ഗങ്ങൾ ആധുനിക ലോകത്ത് ലഭ്യമാണ്. ജേർണലുകൾ, ഇന്റർനെറ്റ്, ടെലിഫോൺ, ഇ-മെയിൽ, ഫാക്സ് മുതലായ ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് ആക്ഷേപങ്ങൾ ഉടലെടുക്കാൻ പറ്റാത്ത വിധത്തിൽ അപേക്ഷ ക്ഷണിക്കലും, Short - listing -ഉം ഇന്റർവ്യൂ (കൂടിക്കാഴ്ച) വിന് ക്ഷണിക്കലുമെല്ലാം കുറ്റമറ്റതാക്കിത്തീർക്കാൻ സാധിക്കും. അതിന്റെയെല്ലാം രേഖകളും തെളിവുകളും ഇന്റർവ്യൂപാനലിലുള്ള എല്ലാവരും ഒരുമിച്ചിരുന്നു മീറ്റിങ്ങുകൂടി പരിശോധിച്ച് എല്ലാ അംഗങ്ങൾക്കും തൃപ്തികരമാകും വിധമാണ് Short - list ചെയ്ത് ഇന്റർവ്യൂവിന് വിളിക്കേണ്ടവരുടെ ലിസ്റ്റ് (ചുരുക്കപ്പട്ടിക) അഥവാ ഇന്റർവ്യൂ ലിസ്റ്റ് തയ്യാറാക്കുന്നത്. ഈ പ്രക്രിയയിൽ അപേക്ഷകന്റെ ഏതു അവകാശവാദങ്ങളുടെയും Material Evidence അഥവാ രേഖകളുടെ സത്യാവസ്ഥ ക്രോസ് ചെക്ക് ചെയ്ത് തൃപ്തികരമാണെങ്കിൽ മാത്രമേ അപേക്ഷകനെ ഇന്റർവ്യൂലിസ്റ്റിൽ കൂടിക്കാഴ്ചക്കു വേണ്ടി ഫോൺ ചെയ്തും, ഇ-മെയിൽ അയച്ചും ക്ഷണനം നടത്തുകയുള്ളൂ. അപേക്ഷകന്റെ കഴിവുകൾ നേരിട്ടറിഞ്ഞിട്ടുള്ള പ്രമുഖരുടെ അഥവാ റഫറികളുടെ Contact Details (ഫോൺ നമ്പർ, ഇ-മെയിൽ ഐഡി മുതലായവ) അപേക്ഷയോടൊപ്പം സമർപ്പിക്കാൻ ആവശ്യപ്പെടുന്നത് അപേക്ഷകന്റെ അവകാശ വാദങ്ങൾ ക്രോസ്- ചെക്ക് ചെയ്യാൻ വേണ്ടിയാണ്.

ചുരുക്കപ്പട്ടിക തയ്യാറാക്കാൻ വേണ്ടി അപേക്ഷകന്റെ റഫറൻസുകളെ ജോലി കൊടുക്കാൻ പോകുന്ന സ്ഥാപനം Contact ചെയ്തു റഫറികളുടെ Testimonials പ്രധാന രേഖയായി സൂക്ഷിക്കും. റെഫറികൾ അപേക്ഷകന്റെ കഴിവിൽ സംശയം പ്രകടിപ്പിച്ചാൽ അത്തരം അപേക്ഷകർ Short - list ൽ പെടുകയില്ല. അപേക്ഷകന്റെ കഴിവു ദൃഢമാക്കുന്ന റഫറികളുമായിട്ടുള്ള സ്ഥാപനം നടത്തുന്ന ഫോൺ സംഭാഷണങ്ങളും അവരുടെ Written Testimonials (സാക്ഷ്യപ്പെടുത്തലുകൾ) ഉം എല്ലാം ഭദ്രമായി സ്ഥാപനം ഫയൽ ചെയ്ത് സൂക്ഷിച്ചു വെയ്ക്കണം. നിയമന പ്രക്രിയയിൽ പിന്നീട് യാതൊരു വിധ പരാതിയും ഉയർന്നു വരാതിരിക്കാൻ വേണ്ടിയാണ് എല്ലാ രേഖകളും റെക്കോർഡുകളും ഭദ്രമായി സൂക്ഷിച്ചു വയ്ക്കുന്നത്. ഇന്റർവ്യൂവിനു വേണ്ടി ചുരുക്കപ്പട്ടികയിലെ അപേക്ഷകരെ ക്ഷണിച്ച് അവരുടെ പ്രതികരണം (ഇന്റർവ്യൂവിന് വരും അല്ലെങ്കിൽ വരില്ല) റെക്കോർഡ് ആയി സ്ഥാപനം സൂക്ഷിച്ചു വയ്ക്കണം, പിന്നീട് ഇന്റർവ്യൂവിന് വിളിച്ചില്ല എന്ന പരാതി ഉയർത്താതിരിക്കാൻ വേണ്ടി.

ചുരുക്കപ്പട്ടികയിൽപ്പെട്ട ഇന്റർവ്യൂവിന് വരാൻ സമ്മതമറിയിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെലിഫോൺ വഴിയും ഇ-മെയിൽ വഴിയും ബന്ധപ്പെട്ടതിന്റെ തെളിവുകൾ സ്ഥാപനം ഭദ്രമായി സൂക്ഷിച്ചു വെയ്ക്കണം. പിന്നീടു പരാതികൾ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണിത്.

ഇനി ഇന്റർവ്യൂ നടത്താൻ പോകുന്ന പാനൽ അംഗങ്ങൾ ആരൊക്കെ ആയിരിക്കണമെന്നു നോക്കാം. വിദേശരാജ്യങ്ങളിൽ ഈ പാനൽ തന്നെ ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതു മുതൽ, റഫറികളുമായി ആശയ വിനിമയം നടത്തുന്നതും, ഇന്റർവ്യൂ നടത്തുന്നതും സെലക്ഷൻ ലിസ്റ്റ് ഉണ്ടാക്കുന്നതും സെലക്ട് ചെയ്യുന്നതും സെലക്ട് ചെയ്ത് ജോലി ഓഫർ ചെയ്യുന്ന Written അറിയിപ്പ് വിജയിക്ക് അയക്കാൻ തീരുമാനമെടുക്കുന്നതും വിജയി കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന സ്റ്റാന്റ്ബൈ അപേക്ഷകനെ തീരുമാനിക്കുന്നതും, ഈ പറഞ്ഞ തീരുമാനങ്ങളുടെ സംക്ഷിപ്തമായ റിപ്പോർട്ട്, സെലക്ഷൻ പ്രക്രിയയുടെ മിനിറ്റ്സ് എന്നിവ എല്ലാ സെലക്ഷൻ പാനൽ അംഗങ്ങൽക്കും അവർക്കുള്ള കോപ്പിയായി നൽകണം.

ഉന്നത വിദ്യാഭ്യസ സ്ഥാപനങ്ങളിലെ ഏതു തരം ഒഴിവിലേക്കാണ് നിയമനം നടത്തുന്നത് എന്നതനുസരിച്ചാണ് സെലക്ഷൻ പാനലിന്റെ ഘടനയും അംഗത്വവും തീരുമാനിക്കപ്പെടുന്നത്. ഈ ഘടനലോകമെമ്പാടുമുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നു തന്നെയാണ്. ലോകമെമ്പാടും അംഗീകരിക്കപ്പെട്ട ഘടന അനുവർത്തിച്ചു പോന്നാൽ കാലടി സംസ്കൃതസർവ്വകലാശാലയിൽ സംഭവിച്ചതുപോലുള്ള ആക്ഷേപങ്ങളും അനധികൃതമായ സെലക്ഷൻ പ്രക്രിയയും ഒരിക്കലും ഉണ്ടാകാൻ സാധ്യതയില്ല. നിയമനങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ അനധികൃത ഇടപെടലുകൾ ഒഴിവാക്കാൻ വേണ്ടി താഴെ പറയുന്ന നടപടിക്രമങ്ങൾ വികസ്വര രാജ്യങ്ങളിൽ അത്യന്തം ശ്രദ്ധയോടെ പാലിച്ചു വരുന്നു.

ഒന്ന് : ഒന്നും മറച്ചു വെയ്ക്കാതെ വളരെ വ്യക്തതയോടുകൂടിയ ഒഴിവിനെ സംബന്ധിച്ചുള്ള പരസ്യം എല്ലാ മീഡിയകളും വഴി ഉദ്യോഗാർത്ഥികളിലെത്തിക്കുന്നു. സ്ഥിര ഒഴിവാണോ, താൽക്കാലിക ഒഴിവാണോയെന്ന് വ്യക്തമാക്കുന്നു. ഭാവിയിൽ ഉയർന്ന തസ്തിക ലഭിക്കാനുള്ള നിബന്ധനകളും സാധ്യതകളും (Career Path നെ ചൂണ്ടിക്കാണിക്കുന്നു)

രണ്ട് : ശമ്പളസ്കെയിലും ഇൻക്രിമെന്റ് വ്യവസ്ഥകളും.

മൂന്ന് : ഉദ്യോഗാർത്ഥിയിൽ നിന്ന് ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും പകരമായി സ്ഥാപനം പ്രതീക്ഷിക്കുന്ന സേവന നിബന്ധനകൾ.

നാല് : സ്ഥാപനം നൽകുന്ന സൗകര്യങ്ങളും ഉപകരണങ്ങളും അവയിൽ നിന്ന് സ്ഥാപനം പ്രതീക്ഷിക്കുന്ന പ്രതിഫലങ്ങളും സ്ഥാപനത്തിന്റെ ഉയർച്ചകളും.

അഞ്ച് : അപേക്ഷകൻ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന റഫറികളെ നേരിട്ട് വിളിക്കുകയോ, ഇ-മെയിൽ ആയിട്ടോ ബന്ധപ്പെട്ട് അപേക്ഷകനേപ്പറ്റി പരസ്യപ്പെടുത്തിയിരിക്കുന്ന ജോലിക്ക് ഉതകുന്ന ആളാണോയെന്ന സാക്ഷിപത്രം Testimonials ഇ-മെയിൽ ആയിട്ട് അയച്ചു തരാൻ അഭ്യർത്ഥിക്കുക. എല്ലാ അപേക്ഷകരുടേയും Testimonials സെലക്ഷൻ

പാനൽ മെമ്പർമാർക്കു ലഭ്യമാക്കുക.

അപേക്ഷകന്റെ ഡിഗ്രികൾ, ഗവേഷണ പബ്ലിക്കേഷൻസ് തുടങ്ങി എല്ലാ മുതൽ കൂട്ടുകളും സെലക്ഷൻ മെമ്പർമാർക്കു ലഭ്യമാക്കുക. അതുപോലെ തന്നെ അപേക്ഷകൻ ഏതു പ്രൊഫഷണൽ, സംഘടിത, രാഷ്ട്രീയ ചായ്‌വുള്ള സംഘടനകളിൽ മെമ്പറാണെന്നുള്ള വിവരവും സംഘടന മെമ്പർഷിപ്പു നമ്പറും സെലക്ഷൻ പാനലിനു ലഭ്യമാക്കുക.

ആറ് : സെലക്ഷൻ പാനലിന്റെ രൂപ ഘടന :-

1. സ്ഥാപനത്തിന്റെ Head അല്ലെങ്കിൽ ഡീൻ (Vacancy യുടെ സ്ഥാനം അനുസരിച്ച്)
2. Registrar or Deputy Registrar
3. Head of Department (വകുപ്പുമേധാവി)
4. മറ്റൊരു സ്ഥാപനത്തിൽ നിന്നുള്ള വകുപ്പുമേധാവി
5. Subject Expert 1 (സ്ഥാപനത്തിലെ)
6. Subject Expert 2 ( മറ്റൊരു സ്ഥാപനത്തിലെ)
7. Professional Body Representative (Professional Body 1)
8. Professional Body Representative (Professional Body 2)
9. Professional Body Representative (Professional Body 3)
10. Human Resource Department (HRD : For negotiating and fixing Salary)

ഏഴ് : സെലക്ഷൻ ചർച്ചയും നിയമന തീരുമാനമെടുക്കലും സെലക്ഷൻ പാനലിലെ പത്ത് അംഗങ്ങൾക്കും അഭിപ്രായം പറയാനും രേഖപ്പെടുത്താനും അവകാശമുണ്ട്. നിയമനത്തെ അനുകൂലിച്ചും പ്രതികൂലിച്ചും സെലക്ഷൻ റിപ്പോർട്ടിൽ എഴുതാൻ എല്ലാവർക്കും സ്വാതന്ത്ര്യവും കടമയുമുണ്ട്. ഭൂരിപക്ഷം മെമ്പർമാരുടെ തീരുമാനം എന്താണോ അതു അംഗീകരിക്കപ്പെടും. വിയോജിക്കുന്ന അഭിപ്രായം രേഖപ്പെടുത്താം. പക്ഷെ ഭൂരിപക്ഷത്തിന്റെ തീരുമാനം അംഗീകരിച്ചേ മതിയാവൂ. ഇത്തരം സെലക്ഷൻ രീതികൾ അവലംബിച്ചാൽ വിവാദങ്ങൾ തലപൊക്കില്ല.



## വിഘ്നേശ്വര ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം

**എറണാകുളം കരയോഗം വിഘ്നേശ്വരക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം മെയ് മാസം 3-ാം തീയതി (തിങ്കളാഴ്ച) നടത്തപ്പെടുന്നു. അന്നേ ദിവസം അഷ്ടദ്രവ്യ മഹാഗണപതി ഹോമവും എറണാകുളം ശിവക്ഷേത്രത്തിൽ ധാരയും (ആയിരത്തൊന്നുകുടം), കരിക്കഭിഷേകവും ഉണ്ടായിരിക്കുന്നതാണ്.**





# പിൻതിരിപ്പൻ ശക്തികളെ എങ്ങനെ തരണം ചെയ്യാം

**വിദ്വൽപ്രഭ. ജെ. എസ്. ഫോൺ : 9847537007**

ഇന്നു ചെയ്തു തീർക്കേണ്ട കാര്യങ്ങൾ നാളത്തേയ്ക്കു മാറ്റുന്ന പ്രവണതയാണ് ക്രീയാത്മകമാകുന്നതിൽ നിന്നും ഏറ്റവും ശക്തിമായി നമ്മെ പിൻതിരിപ്പിക്കുന്ന പ്രധാനഘടകം. ഇന്നത്തെ അലസതയാണ് നമ്മെ അതിനു പ്രേരിപ്പിക്കുന്നത്. ഇന്നുതന്നെ ചെയ്യണമെന്ന് ഉറച്ച തീരുമാനത്തിൽ നിന്നും വ്യതിചലിക്കാതിരിക്കാൻ മനസ്സിനെ പാകപ്പെടുത്തുകയാണാവശ്യം.

ശരിയായ തീരുമാനം ശരിയായ സമയത്തെടുക്കുന്നതിലാണ് ഒരു വ്യക്തിയുടെ വിജയം അധിഷ്ഠിതമായിരിക്കുന്നത്. ഒരു നല്ല കർഷകൻ കാലാവസ്ഥക്കനുസരിച്ചാണ് കൃഷി ചെയ്യേണ്ടത്. ഓരോ വിത്തിനും അനുയോജ്യമായ കാലാവസ്ഥ ഏതാണെന്ന ബോധം വേണം. എന്നാലേ വിചാരിക്കുന്ന വിളവ് ലഭിക്കൂ.

പർവ്വതാരോഹണം നല്ല പരിശീലകന് ഒരിക്കലും ഭാരമായി തോന്നുകയില്ല. എന്നാൽ തുടക്കക്കാരന് ശ്രമകരമായ ദൗത്യമാണ്. ഏതു സാഹസത്തിനും വേണ്ട പരിശീലനവും, അറിവും നേടുകയാണാദ്യത്തെ പടിയെന്ന ബോധം വേണം. അവസരങ്ങൾ വേണ്ട വിധത്തിൽ ഉപയോഗിക്കാനുള്ള തയ്യാറെടുപ്പാണത്യാവശ്യം. അചഞ്ചലമായ തളരാത്ത മനസ്സ് ഏതു പ്രതിസന്ധിയും തരണം ചെയ്ത് ലക്ഷ്യത്തിലെത്തിക്കും. ലക്ഷ്യത്തിലെത്താതെ പിൻമാറുന്നത് ഭീരുത്വമാണ്. ജയപരാജയങ്ങൾ ജീവിതത്തിൽ ഏത് ദശയിലും സംഭവിക്കാം. പക്ഷേ പരാജിതനായി തോറ്റു മടങ്ങാതെ എല്ലാ വൈതരണികളും മറികടന്ന് മുന്നേറുകയെന്നതാണ് ഒരു പോരാളിയുടെ മനസ്സിൽ നിക്ഷിപ്തമാകേണ്ടത്.

പ്രശ്നങ്ങൾ കുമിഞ്ഞു കൂടുമ്പോൾ നമ്മെ അതിൽ നിന്നും ഒളിച്ചോടാൻ പ്രേരിപ്പിക്കും. പ്രശ്നത്തെ പഠിച്ച് പരിഹാരമാർഗ്ഗം കണ്ടെത്തി മുന്നോട്ടുള്ള പാത വെട്ടിത്തെളിക്കുമ്പോഴാണ് വിജയത്തിലേക്കെത്തുക. ആരുടെയും അനുവാദത്തിനോ, അനുമതിക്കോ ഉപദേശത്തിനോ കാത്തിരിക്കാതെ സ്വന്തം മനസ്സാക്ഷിക്ക് ശരിയെന്ന് തോന്നുന്ന പാതയിലൂടെ സഞ്ചരിക്കുക. സ്വയം തിരിച്ചറിവിലൂടെ പടവെട്ടി പിടിക്കണം, അതാണ് വിജയതന്ത്രം. അറിവില്ലായമയോ, കഴിവുകേടോ അല്ല ഒരാളെ പിന്തിരിപ്പിക്കുന്നത്. വിവേകത്തോടെ പ്രവർത്തിക്കാനുള്ള മാനസികാവസ്ഥയാണെന്ന ബോധം വേണം എങ്കിലേ ഉണർന്നു പ്രവർത്തിക്കാനാകൂ.

നമ്മുടെ അദ്ധ്വാനത്തിന്റെ ഫലം ഉടനെ കിട്ടണമെന്ന് ശഠിക്കുന്നത് മൂഢത്വമാണ്. ദീർഘവീക്ഷണം, ഇച്ഛാശക്തി, കഠിനാദ്ധ്വാനം ഇതിനൊപ്പം കാത്തിരിക്കാനുള്ള ക്ഷമാശീലവും അത്യന്താപേക്ഷിതമാണ്. ഒരു ചെടി നട്ടാൽ അടുത്ത ദിവസം പൂക്കണം, കായ്ക്കണം എന്നൊക്കെ ശഠിച്ച് ചെടി നടുന്നതിൽ നിന്നും പിന്മാറിയാൽ ഫലപ്രാപ്തി കിട്ടില്ല. സമയം, സാഹചര്യം ഇവയൊക്കെ അനിവാര്യഘടകങ്ങളാണ്.

ലോകത്ത് ഏതു രാജ്യത്തിലമുള്ള നീന്തൽ താരങ്ങളുടെ ആഗ്രഹമാണ് ഇംഗ്ലീഷ് ചാനൽ നീന്തിക്കടക്കുകയെന്ന സ്വപ്നം. 34 കി.മീ. ദൂരമെന്നതിലുപരി അതികഠിനമായ ശൈത്യം അതാണ് വെല്ലുവിളി. തണുപ്പിനെ അതിജീവിക്കാൻ കഠിനപ്രയത്നമാണ് വേണ്ടത്. മോഹം പൂവണിഞ്ഞ സാഹസകഥകൾ വളരെ ലാഘവത്തോടെ നാം വായിച്ചു പോകും. അതിന്റെ പിന്നാമ്പുറക്കഥകൾ ആരാഞ്ഞാൽ കാര്യം നിസ്സാരമല്ലായെന്ന് മനസ്സിലാക്കാം. അതുൾക്കൊണ്ടുകൊണ്ട് പ്രയത്നിച്ചാലേ സ്വപ്നസാക്ഷാത്കാരം നേടാനാകൂ.

ജീവിതത്തിൽ മുൻതൂക്കം നല്കേണ്ടവയെക്കുറിച്ച് നല്ല ധാരണ വേണം. നേട്ടത്തിന് കുറുക്കുവഴികളില്ല. മനുഷ്യന്റെ സ്ഥായിയായ സ്വഭാവമാണ് എളുപ്പവഴിയിലൂടെ നേട്ടം കൊയ്യുകയെന്നത്. എന്നാൽ മിഥ്യാധാരണയും നടക്കാത്ത സ്വപ്നവുമാണതെന്നറിയുക. എളുപ്പവഴി സ്വീകരിച്ചാൽ ദുരന്തഫലമാണെന്നറിയണം, ഒരു കഥയിലൂടെ വ്യക്തമാക്കാം.

ഒരു പക്ഷി കാട്ടിൽ അതിമനോഹരമായി പാടുകയായിരുന്നു. ഒരു കൃഷിക്കാരൻ ഒരു പെട്ടിയുമായി അതുവഴി വന്നു. പക്ഷി ആകാംക്ഷയോടെ ആ പെട്ടിയിൽ എന്താണെന്ന് കൃഷിക്കാരനോട് ചോദിച്ചു. കൃഷിക്കാരൻ പറഞ്ഞു, കുറെ പുഴുക്കളാണ് ചന്ത

യിൽ കൊണ്ടു പോയി വിറ്റിട്ട് പകരം തൂവലുകൾ വാങ്ങണം. പക്ഷിയുടെ അലസമായ മനസ്സിൽ ഒരു എളുപ്പവഴി തെളിഞ്ഞു. വിനാശകാലേ വിപരീതബുദ്ധി പക്ഷിക്ക് പറ്റി. പക്ഷി പറഞ്ഞു, തൂവൽ ഞാൻ തരാം പകരം പുഴുക്കളെ തരിക. പക്ഷി വിചാരിച്ചു. ധാരാളം തൂവലുകളും. ദിവസം ഒരു തൂവൽ വീതം നൽകി പുഴുക്കളെ നേടാം. കർഷകനും സമ്മതമായി. ആ പ്രക്രിയ ദിവസങ്ങളോളം നടന്നു. തൂവലുകൾ മുഴുവനും തീർന്നു. പക്ഷി അറിയുന്നില്ല തന്റെ ദുരവസ്ഥയെക്കുറിച്ച്. അവസാനം ഒരു ദിവസം കർഷകനെത്തിയപ്പോൾ തൂവൽ കൊടുക്കാനില്ല പുഴുക്കളും കിട്ടിയില്ല. തൂവലില്ലാതെ പക്ഷി എങ്ങനെ പറക്കും. പക്ഷി സങ്കടാവസ്ഥയിലായി. ആഹാരം കൊത്തിപറക്കാൻ പറന്നു പോകാൻ വയ്യാത്ത സ്ഥിതിയായി. ആകെ ക്ഷീണിതനും ദു:ഖിതനും ആയ പക്ഷിയുടെ പാട്ട് നിലച്ചു. എളുപ്പവഴി സ്വീകരിച്ച പക്ഷി അവസാനം മരണത്തിലേക്ക് നീങ്ങി.

വിവേകബുദ്ധിയുള്ള മനുഷ്യനും കുറുക്കുവഴി അവലംബിച്ചാൽ ഇതാണു ഫലം. പ്രയത്നിച്ചു നേടിയാൽ ശാശ്വതമാണ്. താല്കാലിക നേട്ടങ്ങൾ ദു:ഖത്തിലാഴ്ത്തുമെന്നറിയണം. പെട്ടെന്ന് നേടുന്നവ പെട്ടെന്ന് പൊലിയും.

ആഗ്രഹമാകാം, ദുരാഗ്രഹം ഹാനികരം. സ്വാർത്ഥനാകുന്നവൻ സമൂഹത്തിലും ദോഷത്തിന്റെ വിത്തു വിതയ്ക്കും. ഇന്നു കാണുകയും കേൾക്കുകയും ചെയ്യുന്ന അത്യാപത്തുകൾ ഇവയുടെ ഫലമാണ്. തെറ്റു കണ്ടാൽ തിരുത്താതിരിക്കുന്നത് തെറ്റു ചെയ്യുന്നതിനു തുല്യമാണ്. കുറ്റബോധത്തോടെ സ്വയം പരിതപിക്കുന്നവർക്ക് നിഷ്ക്രിയരാകാനാണ് വിധി. പ്രവർത്തിക്കാതെ ആത്മവിശ്വാസമുണ്ടെന്ന് ഘോഷിക്കുന്നത് വഞ്ചനയാണ്.

മനുഷ്യമനസ്സിനെ പ്രാചീനമതാചാര്യർ ഒരു ഭംഗിയുള്ള പൂന്തോട്ടത്തോടാണ് ഉപമിക്കുന്നത്. നല്ല ചെടികളുടെ വിത്ത് പാകിയാൽ പൂക്കളാൽ നിറയും. അല്ലെങ്കിൽ അഴുക്കുചെടികളാൽ നിറയും. നല്ല ചിന്തകളും ആശയങ്ങളും സ്വാംശീകരിച്ചാൽ നല്ല പ്രവർത്തികൾ ഉടലെടുക്കുമെന്ന് സാരം.

വിജയിക്കാൻ ആഗ്രഹിക്കുന്നതോടൊപ്പം തയ്യാറെടുപ്പും നടത്തണം. ആത്മനിയന്ത്രണവും ത്യാഗവും രണ്ടു ഘടകങ്ങളാണ്. ഇവ ഒത്തു ചേർന്നാൽ പിൻതിരിപ്പൻ ശക്തികളെ ഭയപ്പെടേണ്ടതില്ല. അവ തന്നെ പിൻതിരിഞ്ഞോടും. അതാണ് നമ്മുടെ പൂർവ്വികർ നമുക്കു മുന്നിൽ തെളിയിച്ചിരിക്കുന്നത്. ആ പാത തുടരാൻ കഴിയട്ടെ. നമുക്കും നമ്മുടെ പിൻതലമുറയ്ക്ക് മാർഗ്ഗദീപം തെളിക്കാം.



## എറണാകുളം കരയോഗം
# വിഷു വിപണനമേള

**2021 ലെ എറണാകുളം കരയോഗം വിഷു വിപണനമേള ഏപ്രിൽ മാസം 7-ാം തീയതി മുതൽ 14-ാം തീയതി വരെ ടി. ഡി. എം. ഹാളിൽ നടത്തപ്പെടുന്നതാണ്. വിഷുദിനത്തിൽ (ഏപ്രിൽ 14) പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുന്നതിന് കരയോഗം ഓഫീസിൽ മുൻകൂർ പണമടച്ച് ബുക്കു ചെയ്യേണ്ടതാണ്. മുൻകൂർ ബുക്കു ചെയ്യുന്നവർക്കു മാത്രമേ വിഷുദിനത്തിൽ പാലട, പരിപ്പുപ്രഥമൻ എന്നിവ ലഭിക്കുകയുള്ളൂ. 14-ാം തീയതി രാവിലെ 9.00 മണി മുതൽ 10.00 മണിവരെ മാത്രമേ വിതരണം ഉണ്ടായിരിക്കുകയുള്ളൂ. വിപണനമേളക്കുവേണ്ടി ടി.ഡി. എം ഹാളിൽ പ്രത്യേകം സജ്ജീകരിക്കുന്ന കൗണ്ടറിൽ നിന്നും പാലട, പ്രഥമൻ, കാളൻ, പുളിയിഞ്ചി മറ്റ് അച്ചാറുകൾ എന്നിവ ലഭിക്കുന്നതായിരിക്കും.**





# മാറിപ്പോയ മല്ലൂസിന്റെ മനസ്സ്

**ജി. മാധവൻ നായർ, ഫോൺ: 9446221156**

ദേശീയപാതയോടു ചേർന്നു കിടക്കുന്ന ഒരിടവഴിയിലൂടെ കുറച്ചുദൂരം ചെന്നാൽ ആ വിനോദസഞ്ചാരികളുടെ പറുദീസയിലെത്താം. തൊട്ടപ്പുറത്ത് വിശാലമായി കിടക്കുന്ന കായലാണ്. വഞ്ചിയിലോ, ബോട്ടിലോ ഒന്ന് ചുറ്റിയടിച്ചാൽ ആ പ്രദേശമൊട്ടാകെ വിഗഹവീക്ഷണം നടത്താം.

താവളത്തിനുള്ളിൽ താമസസ്ഥലങ്ങൾ തയ്യാറാക്കിയിട്ടുള്ളതിനു പുറമെ സുഖവാസകേന്ദ്രങ്ങളുമുണ്ട്. ആരോഗ്യസംരക്ഷണത്തിനും, കായികപരിശീലനത്തിനുമുതകുന്ന പ്രത്യേകം സ്വകാര്യമുറികളാണിവിടുത്തെ ഏറ്റവും ആകർഷണീയം. മറു നാടൻ രാജ്യങ്ങളിൽ നിന്ന് വന്നവരുടെ ഒരു വലിയ സംഘം തന്നെ ഇവിടെ തമ്പടിച്ചിട്ടുണ്ട്.

ഇതിനെല്ലാം പുറമെയാണ്, വിവാഹാനന്തര സല്ക്കാരങ്ങൾ, ജന്മദിനാഘോഷങ്ങൾ, വിശിഷ്ട വ്യക്തികൾക്കായുള്ള സ്വീകരണങ്ങൾ എല്ലാംകൊണ്ടാടുന്നതിനുവേണ്ടിയുള്ള ഒരു വലിയ ശീതികരിച്ച ഹാൾ സജ്ജമാക്കിയിട്ടുണ്ട്. നിരവധി വാഹനങ്ങൾ നിർത്തിയിടുന്നതിലേക്കായി ഒരു മൈതാനം അങ്ങിനെ പരന്നു കിടക്കുന്നു.

മറുനാടൻ മലയാളിയുടെ മംഗല്യം കഴിഞ്ഞുള്ള വിരുന്നുസല്ക്കാരം നടത്തുവാനുള്ള തയ്യാറെടുപ്പ് ഇന്നിവിടെ പൂർത്തിയായിരിക്കുന്നു. രാത്രിയായതിനാൽ നിറപകിട്ടാർന്ന വൈദ്യുതാലങ്കരങ്ങളാൽ ശാല പ്രകാശമാനമായി. ചടങ്ങിൽ സംബന്ധിക്കുവാൻ അതിഥികൾ ഓരോരുത്തരായി വന്നു തുടങ്ങി.

അടുത്ത ബന്ധു കാലേകൂട്ടി വന്നു ക്ഷണിച്ചതിനാലാണ് അയാളും, ഭാര്യയും അങ്ങോട്ടു പുറപ്പെട്ടത്. വേറെ താമസിക്കുന്ന മകളും, കുടുംബവും വൈകാതെ എത്തിച്ചേരും. വീട്ടിൽ നിന്ന് കുറച്ചകലെ ആയതിനാൽ നേരത്തെതന്നെ യാത്ര തിരിച്ചു.

നിർദ്ദിഷ്ട സ്ഥാനത്തെത്തി, വാഹനം പ്രത്യേക സ്ഥലത്ത് നിർത്തിയിട്ട്, കുറച്ചകലെയുള്ള ഹാളിലേക്ക് മെല്ലെ നടന്നു. സുഖവാസസ്ഥലങ്ങളുടെ പട്ടികയിൽ പ്രത്യേക മുഖമുദ്രയുള്ള അവിടമാകെ മനോഹരമായിരിക്കുന്നു. വന്നു ചേർന്ന വിനോദസഞ്ചാരികൾ ഇടയ്ക്കിടെ അതിനുള്ളിലുള്ള വ്യായാമ കേന്ദ്രങ്ങളിലേക്കും , ഭക്ഷണശാലകളിലേക്കും മദ്യം ലഭിക്കുന്ന സ്ഥലങ്ങളിലേക്കുമെല്ലാം നടന്നു പോകുന്നത് കാണാമായിരുന്നു. സുരക്ഷയെ കരുതിയായിരിക്കണം പല ഭാഗത്തു വച്ചിട്ടുള്ള ഒളിക്യാമറകൾ പലരും ശ്രദ്ധിച്ചിട്ടുമില്ല. അതുകൊണ്ടു തന്നെ വളരെ ലാഘവത്തോടെയാണ് മിക്കപേരുടേയും സഞ്ചാരം.

ഏതാണ്ട് എട്ടുമണി കഴിഞ്ഞതോടെ അവിടെ ശബ്ദായാനമായി. ക്ഷണിക്കപ്പെട്ടവരിൽ ഭൂരിഭാഗവും എത്തിച്ചേർന്നതായി തോന്നുന്നു. അവിടവിടെ നില്ക്കാതെ എല്ലാവരും സ്വീകരണശാലയിലേക്ക് കടന്നിരിക്കുവാൻ വരന്റെ ബന്ധുക്കളിൽ ചിലർ ഓടി നടന്നു പറയുന്നുണ്ടായിരുന്നു. ഹാളിനു പുറത്തു വച്ചിരിക്കുന്ന വേൽക്കം ഡ്രിങ്ക് കഴിച്ച് കവാടം കടന്ന് ഉള്ളിലേക്ക് അയാളും ഭാര്യയും കയറിച്ചെന്നു.

പാശ്ചാത്യർ, നമ്മുടെ രാജ്യം വിട്ടുപോയിട്ട് എഴുപത്തിനാലോളം വർഷമായി എന്നാണല്ലോ കണക്ക്. പക്ഷേ ഇവിടെ നാട്ടുകാരായ നവീനസായിപ്പുമാരേയും മദാമ്മമാരേയും സുലഭമായി കാണുന്നു. സൂട്ടും ടൈയ്യും ധരിച്ച ഒരു പറ്റം ചെറുപ്പക്കാർക്കൊപ്പം സ്കർട്ടും, ബ്ലൗസും, ഗൗണുമൊക്കെ അണിഞ്ഞ ലലനാമണികളും ധാരാളമുണ്ട്. സാൽവാർ കമ്മീസിനു വഴിമാറി ലെഹങ്കയും, പലാസോയും, പാട്ട്യാലയും അനാർക്കലിയും, കുർത്താകുർത്തിയുമൊക്കെ ആയിരിക്കുന്നു. ഇതിലേതെങ്കിലുമണിഞ്ഞ മലയാളമങ്കമാർ വേഷപ്രച്ഛന്ന മത്സരത്തിനു വേണ്ടിയിട്ടുള്ള ഒരു വേദിയായിട്ടാണിവിടം തിരഞ്ഞെടുത്തത് എന്നു തോന്നി പോകുന്നു. കേരളീയത്തനിമയിൽ ഷർട്ടും, മുണ്ടും അതുപോലെ സാരിയും, ബ്ലൗസ്സും ധരിച്ചു വന്നവർ നന്നേ കുറവായി കണ്ടു.

വധൂവരന്മാരെ, സദസ്സിനു പരിചയപ്പെടുത്തുന്നതിനായി, വരന്റെ ചങ്ങാതിയാണെന്നു തോന്നുന്നു. ഒരാൾ വേദിയിലേക്ക് ചാടിക്കയറി, മൈക്കെടുത്ത് അമേരിക്കൻ ഇംഗ്ലീഷ് ശൈലിയിൽ മിക്കപേർക്കും മനസ്സിലാകാത്ത ഏതാനും വാക്കുകളുതിർത്തു. മെലിഞ്ഞുണങ്ങിയ അവന്റെ ശരീരവും, ഊശാൻതാടിയും മീശയുമെല്ലാം ബിൻലാദനെ ഓർമ്മിപ്പിച്ചു.

ക്ഷണം സ്വീകരിച്ച് യൂറോപ്യൻ സംസ്കൃതിയെ, അതേപടി അനുകരിച്ചെത്തിയ ചെക്കനും, പെണ്ണും സ്റ്റേജിലേക്ക് മെല്ലെ കയറി.

യൗവ്വനാരംഭത്തിൽ തന്നെ ശിരസ്സിലെ മുടി ഏതാണ്ട് മുഴുവനും കൊഴിഞ്ഞ മുണ്ഡിതശീർഷനായി തോന്നിക്കുന്ന കല്യാണപയ്യൻ, മംഗല്യവതിയായ പെൺകിടാവിന്റെ കൈകൾ കോർത്തു പിടിച്ചുകൊണ്ടാണ് വേദിയിലെത്തിയത്. വളരെ ഉയരക്കുറവും, മെലിഞ്ഞു വറ്റിയ ദേഹപ്രകൃതിയുമുള്ള യുവതി അവർക്കൊട്ടും യോജിക്കാത്ത നീണ്ട ഗൗണാണു ധരിച്ചിരുന്നത്. നീളക്കൂടുതലിൽ അതിന്റെ അടിഭാഗം തറയിൽ ഇഴയുന്നുണ്ടായിരുന്നു. സുഹൃത്തുക്കളായിരിക്കണം ഒരു പറ്റം ചെറുപ്പക്കാർ അവരുടെ ഇടയിലേക്ക് പാഞ്ഞു കയറി. സംഗീതത്തിന്റെ അലയടിയും, നൃത്തച്ചുവടുകളുമായി അവർ സദസ്സിനെ പുളകം കൊള്ളിച്ചു.

ഗൾഫിൽ ജോലിചെയ്യുന്നവരുടെ ഒരുകൂട്ടായ്മയായിരിക്കാം എന്നാണ് എല്ലാവർക്കും തോന്നിയത്. ഏതെങ്കിലും ലഹരിക്കടിമപ്പെട്ടുകൊണ്ടാണോ, ഇത്രയും ആഹ്ളാദപ്രകടനം സജീവമായതെന്ന് ചിലർക്കെങ്കിലും സംശയമുണ്ടായി. അപ്പോഴാണ് അടുത്ത ഒരു ബന്ധു രഹസ്യമായി വന്നു വിളിച്ചത്. ഹാളിന്റെ മുകളിലത്തെ ഒരൊറ്റ മുറിയിൽ വിശേഷതരം വിദേശസാധനമിരുപ്പുണ്ട്. അവിടെ ചെന്നാൽ കഴിച്ചു പോകാം. അത് പകർന്നു തരുന്നതിലേക്കാളുകൾ റെഡിയായി നില്ക്കുന്നു. കൂടെ കഴിക്കുവാൻ ലഘുവായിട്ടുള്ള ചില വറപൊരികൾ തയ്യാറാണ്. ഇപ്പോൾ ആ സ്വഭാവം പാടേ ഉപേക്ഷിച്ചതിനാൽ ചാർച്ചക്കാരന്റെ ക്ഷണം നന്ദിപൂർവ്വം നിരസിച്ചു.

ഇതിനിടയിൽ വേദിയിലേക്ക് സാമാന്യം വലിപ്പമുള്ള ഒരു കേക്ക് കൊണ്ടു വന്നു വച്ചു. ശ്രുതിമധുരമായ ഒരിംഗ്ലീഷ് ഗാനം സദസസിലേക്കൊഴുകി വന്നു. അത് വധൂവരന്മാരെ അനിമോദിച്ചുകൊണ്ടുള്ള ഒരു പാട്ടായിരുന്നു. സംഗീതത്തിന്റെ പശ്ചാത്തലത്തിൽ യുവമിഥുനങ്ങൾ ഒന്നിച്ച് ചേർന്നു കേക്കു മുറിച്ചു വധുവിന്റെ വായിൽ സ്നേഹത്തോടെ വരനും, അതുപോലെ വരന്റെ വായിൽ പ്രേമത്തോടെ ഓരോ കഷണങ്ങൾ പരസ്പരം തിരുകി വച്ചു. അതോടെ ഹാളിൽ കൈയ്യടികൾ മുഴങ്ങി. തുടർന്നു ചേർന്നു നിന്നിരുന്ന എല്ലാ സുഹൃത്തുക്കൾക്കും, മറ്റു ബന്ധുമിത്രാദികൾക്കും ആ ആചാരത്തിൽ പങ്കു ചേരാൻ സാധിച്ചു. സദസ്സിലേക്കതിന്റെ അലകൾ അടിക്കുവാൻ തുടങ്ങിയപ്പോൾ ചിലർക്ക് അപ്പത്തി നോടൊപ്പം വീഞ്ഞ് നല്കാത്തതിനാൽ അമർഷം പ്രകടമാക്കി.

വേദിയിലെ ചടങ്ങുകൾ ഏതാണ്ട് അവസാനിക്കാറായപ്പോൾ മൈക്കിലൂടെ ഒരു പ്രഖ്യാപനം വന്നു. ഭക്ഷണം തൊട്ടടുത്തുള്ള വിശാലമായ ഹാളിൽ തയ്യാറാക്കി വച്ചിരിക്കുന്നു. എല്ലാവർക്കും അങ്ങോട്ടു പോകാവുന്നതാണ്. പ്രായമായവർക്കും, അതുപോലെ ആരോഗ്യസ്ഥിതി അത്ര പന്തിയല്ലാത്തവർക്കും ഇവിടെ തന്നെ ആഹാരസാധനങ്ങൾ ലഭ്യമാണ്. ഉത്സാഹഭരിതരായ കൂട്ടം ഒന്നൊന്നായി പിരിഞ്ഞ്, നല്ല വേഗതയിൽ തന്നെ ഹാളിലേക്ക് യാത്രയായി.

അതിവിശാലമായ ഹാളിന്റെ നാലു വശത്തു ഭോജ്യങ്ങൾക്കായിട്ടുള്ള കൗണ്ടറുകൾ തുറന്നിരുന്നു. അത് കൂടാതെ, നടുവിലായി സസ്യാഹാരത്തിനു വേണ്ടി മാത്രമുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയിരുന്നു. വളരെ കുറച്ചാളുകളെ അവിടെ കണ്ടൊള്ളൂ.

പല ഭാഗത്തു നിന്നും ക്ഷണിതാക്കൾ വന്നെത്തി. ആദ്യമായി ആവി പാറുന്ന സൂപ്പായിരുന്നു. അത് ഏവർക്കും, പരന്ന കപ്പിൽ നൽകപ്പെട്ടു. അതിനുശേഷം മേശപ്പുറത്ത് വച്ചിട്ടുള്ള പ്ലേറ്റുകളെടുത്ത് വരിവരിയായി നിന്ന് ആഹാരസാധനങ്ങൾ പകർന്നെടുത്തു. മൂന്നു തരം മാംസ വിശിഷ്ട ഭോജ്യങ്ങളും, മീൻകറിയും, പൊരിച്ച മീനുമുണ്ടായിരുന്നു. അപ്പപ്പോൾ ചുട്ടെടുത്തു അപ്പവും കൊഴുത്ത മട്ടൺ സ്റ്റൂവും തൊട്ടായിരുന്നു തുടക്കം. കൂടാതെ അച്ചാറുകൾ, പപ്പടം, വറുത്ത കൊണ്ടാട്ടങ്ങൾ, സാലഡുകൾ എന്നിവയെല്ലാം മേശപ്പുറത്ത് സജ്ജമാക്കിയിരുന്നു. അവസാനം പുഡിങ്ങും ഐസ്ക്രീമുകളും അതിഥികൾക്ക് ഹരമായി. അക്കൂട്ടത്തിൽ വാനിലയും, സ്ട്രോബറിയും, പൈനാപ്പിളും മേമ്പൊടിക്കായി കാരറ്റ് ഹൽവയും പ്രത്യേകമായി വച്ചിരുന്നു. അതിനടുത്തു തന്നെ ഉണ്ടായിരുന്ന ബ്ലാക്ക് ഫോറസ്റ്റ് ഏവർക്കും പഥ്യമായി.

സല്കാരം കഴിഞ്ഞതോടെ ചെറിയ തോതിൽ ഒരു സദിര് നടന്നു. ഗാനനിർഝരികൾക്കിടയിൽ അല്പാല്പം മലയാള ഗന്ധമുണ്ടായി. മിക്കതും പാശ്ചാത്യ സംഗീതത്തിന്റെ ചുവടു പിടിച്ചായിരുന്നു. ഗാനസന്ധ്യ കഴിയുന്നതിനുമുമ്പ് മൈക്കിലൂടെ ഒരറിയിപ്പുണ്ടായി. വന്നു ചേർന്ന എല്ലാവർക്കും വധൂവരന്മാരുടെ നന്ദിപ്രകടനമായിരുന്നു. അവരുടെ ഭാവി ജീവിതത്തിനുവേണ്ടുന്ന എല്ലാ അനുഗ്രഹാശ്ശിസുകൾക്ക് വേണ്ടിയുള്ള അപേക്ഷയായിരുന്നു അത്. മധുവിധു ആഘോഷങ്ങൾക്കായി പിറ്റേന്ന് തന്നെ തായ്‌ലന്റിലേക്ക് പോകുന്നതിനാൽ കുറച്ചു ദിവസം കൂടി അവരിവിടെ ഉണ്ടായിരിക്കുന്നതല്ല എന്നുകൂടി കേട്ടപ്പോൾ, കൂടിയിരുന്നവരെല്ലാം കൈയ്യടിച്ചു.





# വേനൽച്ചൂട് എങ്ങിനെ അതിജീവിക്കാം

ഡോ. ദേവിദാസ് വെള്ളോടി, ഫോൺ : 9747480903



ചൂട് ഈ വർഷം മാർച്ചിൽ തന്നെ ക്രമാതീതമായി കൂടി. സൂര്യതാപമേറ്റുള്ള പൊള്ളലുകളും ഇതിനകം റിപ്പോർട്ട് ചെയ്യപ്പെട്ടു കഴിഞ്ഞു. ഈ സാഹചര്യത്തിൽ സൂര്യതാപമേല്ക്കാതിരിക്കാനുള്ള മുൻകരുതലുകൾ പാലിക്കേണ്ടതുണ്ട്. അറിയുക ഏപ്രിൽ, മെയ് മാസങ്ങളിൽ ഇനിയും ചൂട് വർദ്ധിക്കാനാണ് സാധ്യത.

വെള്ളം കുടിച്ചാലും തീരാത്ത ദാഹം. ശമനമില്ലാത്ത ക്ഷീണം. ഫാനോ ശീതികരണിയോ ഇല്ലാതെ മുറിയിൽ മിനുട്ടുകൾപോലും ചെലവഴിക്കാനാവാത്ത അവസ്ഥ. കുളിച്ചു കഴിഞ്ഞ് പുറത്തിറങ്ങി സെക്കന്റുകൾക്കുള്ളിൽ വിയർത്തൊലിച്ച് പരുവമാകുന്ന സ്ഥിതി. മുന്നിലുള്ള ഓരോ ദിനങ്ങളും വറച്ചട്ടിയിൽ നിന്ന് എരിതീയിലേക്ക് വീഴുന്ന അവസ്ഥയിലാണ് മലയാളികൾ .കിണറുകളും ജലാശയങ്ങളും നേരത്തെ വറ്റിത്തുടങ്ങി. പതിവുപോലെ ഉപദേശങ്ങളും ചട്ടങ്ങളുമായി തദ്ദേശസ്ഥാപനങ്ങളും അധികൃതരും രംഗത്തെത്തിക്കഴിഞ്ഞു. ഉമിത്തീയിൽ ദഹിക്കുന്നതുപോലെയുള്ള ഉഷ്ണദിനങ്ങൾ കടക്കാൻ എന്തൊക്കെയാണ് മാർഗ്ഗങ്ങൾ.

## അത്യുഷ്ണം

വേനൽക്കാലത്തു ചൂടുകൂടുക എന്നത് സ്വാഭാവികം ആയ കാര്യമാണ്. അന്തരീക്ഷം താപം 38–40 ഡിഗ്രി ഷെൽസിയസ്സിനു അടുത്ത് വരുമ്പോൾ നമുക്ക് താങ്ങാവുന്ന ചൂട് അല്ലാതെ വരുന്നു. ഇതിലും കൂടിയാൽ ആപത്കരമാണ്. വല്ലാത്ത ദാഹം തോന്നും, വെള്ളം കുടിച്ചാൽ മതിയാകില്ല, വിശപ്പ് കുറയും. അകാരണമായി ക്ഷീണം ഉണ്ടാകാം. തളർച്ച ഉണ്ടാകും. ശരീരത്തിന് ശക്തി കുറഞ്ഞ സമയമാണ്.

അന്തരീക്ഷത്തിലെ ചൂട് കൂടുമ്പോൾ കൂടുതലായി ശരീരം വിയർത്ത് ജലവും ലവണങ്ങളും നഷ്ടപ്പെടുന്നതുകാരണമാണ് പേശീവലിവുണ്ടാകുന്നത്. കൈകാലുകളിലും ഉദരപേശികളിലുമാണ് കൂടുതലായി പേശിവലിവ് അനുഭവപ്പെടുന്നത്. പേശിവലിവ് അനുഭവപ്പെടുകയാണെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നിർത്തി തണുപ്പുള്ള സ്ഥലത്തേക്ക് മാറുക, ധാരാളമായി വെള്ളം കുടിക്കുക, ഉപ്പിട്ട കഞ്ഞിവെള്ളം, നാരങ്ങാവെള്ളം, കരിക്കിൻവെള്ളം, സംഭാരം, തണ്ണിമത്തൻ എന്നിവ കൂടുതൽ ഫലപ്രദമാണ്. ഏതാനും മണിക്കൂർ നേരത്തേക്ക് ജോലി തുടരാതിരിക്കുക. ഉടനെ ജോലി തുടർന്നാൽ താപശരീരശോഷണാവസ്ഥയിലേക്ക് പോയേക്കാം.



### സൂര്യതാപം (ഹീറ്റ് സ്ട്രോക്ക്)

അന്തരീക്ഷതാപം വല്ലാതെ ഉയർന്നാൽ മനുഷ്യ ശരീരത്തിലെ താപനിയന്ത്രണ സംവിധാനങ്ങൾ തക രാറിലാവുകയും താപം പുറത്തേക്ക് കളയുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്നു. ഇതിനെ തുടർന്ന് ശരീരത്തിന്റെ പല പ്രവർത്തനങ്ങളും തകരാറിലായേ ക്കാം. ഇത്തരമൊരു അവസ്ഥയെയാണ് സൂര്യതാപം അല്ലെങ്കിൽ ഹീറ്റ്സ്ട്രോക്ക് എന്ന് പറയുന്നത്. ശരീര താപം 103 ഡിഗ്രി ഫാരൻഹീറ്റിന് മുകളിൽ വന്നാൽ, വറ്റിവരണ്ട ചുവന്ന് ചൂടായ ശരീരം, നേർത്ത വേ ഗത്തിലുള്ള നാഡീമിടിപ്പ്, ശക്തിയായ തലവേദന, തലക്കറക്കം, മാനസികാവസ്ഥയിലുള്ള മാറ്റങ്ങൾ തുട ങ്ങിയവയും ഇതേത്തുടർന്നുള്ള അബോധാവസ്ഥയും സൂര്യതാപത്തിന്റെ ലക്ഷണങ്ങളാണ് . സൂര്യതാപം കൂടുതലായാൽ ആശുപത്രിയിൽ പോകേണ്ടി വരും.

### പൊള്ളലേൽക്കൽ

നേരിട്ട് വെയിലേൽക്കുന്ന കൈകളുടെ പുറംഭാ ഗം, മുഖം, നെഞ്ചിന്റെ പുറംഭാഗം, കഴുത്തിന്റെ പിൻ വശം തുടങ്ങിയ ശരീരഭാഗങ്ങളിൽ സൂര്യതാപമേറ്റ് ചുവന്ന് തടിക്കുകയും വേദനയും പൊള്ളലുമാണ് സാധാരണ ഉണ്ടാകുന്നത്. ചിലർക്ക് തീപ്പൊള്ളൽ ഏൽക്കുമ്പോഴുണ്ടാകുന്നതുപോലെയുള്ള കുമിളക ളും പൊള്ളലേറ്റ ഭാഗങ്ങളിൽ ഉണ്ടാകാറുണ്ട്.

### തിണർപ്പ്

ചൂടുകാലത്ത് കൂടുതലായുണ്ടാകുന്ന വിയർ പ്പിനെത്തുടർന്ന് ശരീരം ചൊറിഞ്ഞ് തിണർക്കുന്ന തിനെയാണ് ഹീറ്റ്റാഷ് എന്നു പറയുന്നത്. കുട്ടിക ളെ ഇത് കൂടുതലായി ബാധിക്കാറുണ്ട്. കഴുത്തിലും നെഞ്ചിന്റെ മുകൾഭാഗങ്ങളിലുമാണ് ഇത് കൂടുതലാ യി കണ്ടു വരുന്നത്. ചിലർക്ക് കാലിന്റെ ഒടിയിലും കക്ഷത്തിലും സ്ത്രീകളിൽ മാറിടത്തിനു താഴെയും ഇതുണ്ടാകാറുണ്ട്.

### എന്ത് മുൻ കരുതൽ എടുക്കണം

ധാരാളം വെള്ളം കുടിക്കുക. ദാഹം തോന്നി യില്ലെങ്കിൽപ്പോലും ഓരോ മണിക്കൂർ കൂടുമ്പോഴും രണ്ട് ഗ്ലാസ്സ് വെള്ളം കുടിക്കുക. ധാരാളം വിയർപ്പു ള്ളവർക്ക് ഉപ്പിട്ട കഞ്ഞിവെള്ളവും ഉപ്പിട്ട നാരാങ്ങാ വെള്ളവും കുടിക്കുക. വെയിലത്ത് ജോലിസമയം ക്രമീകരിക്കുക. രാവിലെയും വൈകിട്ടും കൂടുതൽ സമയം ജോലി ചെയ്യുക. ചുരുങ്ങിയത് ഉച്ചയ്ക്ക് 12 മണി മുതൽ ഉച്ചകഴിഞ്ഞ് മൂന്നുമണി വരെയുള്ള സമയം വിശ്രമിക്കുക. കട്ടി കുറഞ്ഞ വെളുത്തതോ, ഇളം നിറത്തിലുള്ളതോ ആയ അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുക. ചൂട് കൂടുതലുള്ള അവസരങ്ങളിൽ കഴിവ തും വീടിനകത്തോ മരത്തണലിലോ വിശ്രമിക്കുക.

വീടിനകത്ത് ധാരാളം കാറ്റ് കടക്കുന്ന രീതിയി ലും വീട്ടിനകത്തെ ചൂട് പുറത്തുപോകത്തക്ക രീ തിയിലും വാതിലുകളും ജനലുകളും തുറന്നിടുക. വെയിലത്ത് പാർക്ക് ചെയ്യുന്ന കാറുകളിലും മറ്റും കുട്ടികളെ ഇരുത്തിയിട്ട് പോകാതെയിരിക്കുക.

വീട്ടിൽ പാകം ചെയ്ത ഭക്ഷണം ഉപയോഗി ക്കുക

ആറുമാസം വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് മുലപ്പാല് കൊടുക്കുന്നതിനോടൊപ്പം തിളപ്പിച്ചാറ്റിയ വെള്ളവും നല്കുക. ആറുമാസം മുതൽ ഒരു വയ സ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് ദ്രവരൂപത്തിലുള്ള ഭക്ഷണം നല്കാം. ഉപ്പിട്ട കഞ്ഞി ഉടച്ചു നല്കുക. ഇളനീർ ഇടവിട്ട് നല്കാം.

കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദി ക്കരുത്

സ്കൂളിൽ തണലുള്ളിടത്തുമാത്രം കുട്ടികളെ വിടുക.

പുറത്തിറങ്ങുന്ന കുട്ടികൾ വായുസഞ്ചാരമുള്ള വസ്ത്രങ്ങൾ ധരിക്കണം.

ആയൂർവേദത്തിൽ പറയുന്നത് :

ഗ്രീഷ്മചര്യ ആയുർവേദത്തിൽ:

വേനൽ കാലത്തു ധാരാളം മോര് കുടിക്കുക

നമ്മുടെ ദഹനശേഷി കുറവായതിനാൽ പെ ട്ടെന്ന് ദഹിക്കുന്ന ഭക്ഷണം കഴിക്കുക.

എണ്ണയിൽ പൊരിച്ച ഭക്ഷണം കുറയ്ക്കുക.രാ ത്രി കഞ്ഞിയാണ് ഉത്തമം.

ധാരാളം പഴവർഗ്ഗങ്ങൾ കഴിക്കുക.

കൊത്തമല്ലിയിട്ടു തിളപ്പിച്ച വെള്ളം, കരിങ്ങാലി യിട്ടും തിളപ്പിച്ച വെള്ളം ധാരാളം കുടിക്കുക.

ദാഹം തോന്നുന്നില്ലെങ്കിലും വെള്ളം കുടിക്ക ണം.

രണ്ടു നേരം ദേഹം കഴുകുക.

അടിവസ്ത്രങ്ങൾ രണ്ടു തവണ മാറ്റാം.

മലരിട്ടു വെള്ളം കുടിക്കുക, ദാഹം കുറയും.

വേനൽക്കാലത്തു വയറിളക്കാൻ മരുന്ന് കഴി ക്കരുത്. ഹിംഗുവചാദി ചൂർണം ഉച്ചയ്ക്ക് ഊണിനു മുൻപ് മോരിൽ ദിവസേന കഴിക്കുക.







# വിവാഹ പൊരുത്തങ്ങൾ

ഡോ. കെ. ഹരിഹരൻ, ഫോൺ : 9847313322

പ്രജനാർത്ഥം മഹാഭാഗ : പൂജാർഹാ ഗൃഹ ദീപ്തയാ :

സ്ത്രീയാ : ശ്രീയശ്ചഷ്ഠം ന വിശേഷോ സ് ത്രീ കാഞ്ചന :

തന്റെ കുലം നിലനിർത്തുന്നതിനായി സന്താന സിദ്ധിക്കും അവരുടെ ശ്രേയസ്കരമായ വളർച്ചയ്ക്കും ഉതകും വിധം സ്വഗൃഹം സംവിധാനം ചെയ്യുവാനും, ഗൃഹഭരണം നടത്തു വാനും ഗൃഹത്തിൽ ഐശ്വര്യം ഉണ്ടാകും വിധം മഹാലക്ഷ്മി സേവാപുരസ്സരം ഭർത്തൃപുത്ര ശു ശ്രൂഷ ചെയ്ത് ആദരവോടെ ജീവിതസാഫല്യം കൈവരിക്കാൻവേണ്ടി സ്ത്രീയെ പുരുഷൻ വിവാ ഹം കഴിക്കുന്നു. അങ്ങനെ ഗൃഹത്തിൽ സ്ത്രീയും ശ്രീയും ഒരുപോലെ വിളയാടണം. ഈ പറഞ്ഞ കാര്യങ്ങൾ കുറച്ചുകൂടി വിസ്തരിച്ച് പറയാമെന്നു വിചാരിക്കുന്നു.

ഉൽപ്പാദന മഹ്യസ്യ

ജാതസ്യ പരിപാലനം

പ്രത്യഹം ലോകയാത്രായാ

പ്രത്യക്ഷം സ്ത്രീനിബന്ധനം

അപത്യം ധർമ്മ കാര്യാണി

ശുശ്രൂഷാ രതിരുത്തമാ

ദാരാധീന സ്തഥാ സ്വർഗ്ഗ

പിതൃണാമാത്മ ന ശ്ചഹ :

മനുമഹർഷി ഇങ്ങനെ അരുളി ചെയ്തിരി ക്കുന്നു. ഭർത്തൃശുശ്രൂഷാപുരസ്സരം രതിസുഖവി ലാസത്തോടെ ഗർഭധാരണാനന്തരം സന്താനോല് പാദനം, സന്തതീ ശുശ്രൂഷ സന്താനപരിപാലനം എന്നിവയെല്ലാം വിവാഹിതയാകുന്ന ഒരു സ്ത്രീയു ടെ ജീവിതകാല കർമ്മങ്ങളാണ്. പവിത്രകരമായ അഗ്നിഹോമാദികർമ്മങ്ങളും അവരവരുടെയും ഭർത്തൃജനത്തിന്റെയും സ്വർഗ്ഗപ്രാപ്തി മുതലായ വയും വിവാഹിതരും സാധ്വികളുമായ സ്ത്രീക ളുടെ സത്കർമ്മങ്ങളിൽ അധിഷ്ഠിതമാണ്. സദ് വാക്ധോരണികളാൽ ഭർത്തൃജനത്തെ സ്വാധീനിച്ച് സ്നേഹബഹുമാനപുരസ്സരം ജീവിച്ചു പോകുന്ന സതികളെയാണ് സാധ്വികളെന്നു പറഞ്ഞു വരുന്ന ത്. ഇങ്ങനെ സ്വകർമ്മ ധർമ്മങ്ങൾ പരിപാലിച്ചു

വരുന്ന നാരികളാണ് ഭർത്തൃമനോത്തമബന്ധത്തോടെ സ്വർഗ്ഗസ്ഥരാകുന്നത്. ''ആത്മാവൈ പുത്രനാമസി'' എന്ന തത്വത്തെ ഉൾക്കൊണ്ടാൽ പുരുഷധർമ്മത്തെ അറിയാൻ കഴിയും എന്നു മഹർഷിവര്യന്മാർ നമ്മെ ഉത്ബോധിപ്പിക്കുന്നു. ധർമ്മാചരണപ്രകാരം സന്താനോത്പാദനം നടത്തുന്ന പുരുഷൻ ഭർത്താവും ഉത്പാദനം സ്വീകരിച്ച് ഗർഭധാരണം ചെയ്ത് പ്രസവിക്കുന്ന സ്ത്രീയെ ഭാര്യയെന്നും ജനിക്കുന്ന സന്താനത്തെ സ്വീകരിച്ചു വളർത്തികൊണ്ടു വരുന്നതിനാൽ ഭാര്യയെ അമ്മയെന്നും അറിഞ്ഞ് അവളെ സംരക്ഷിക്കേണ്ടതാണ് ഭർത്തൃധർമ്മം. കൃഷിഭൂമിയും അതിൽ വിതയ്ക്കുന്ന വിത്തും സ്ത്രീയും പുരുഷനുമെന്ന് വേദമുപദേശിക്കുന്നു. ഈ തത്വങ്ങളെല്ലാം സനാതന സത്യങ്ങളായി നിലകൊണ്ടു പോരുന്നതിനാൽ സ്ത്രീ എന്നും പുരുഷസംരക്ഷണത്തിൽ ജീവിക്കേണ്ടവളാണ്. യാതൊരു ദുഃഖത്തിനിടവരാത്ത വിധം ഭർത്താവ് ഭാര്യയിൽ ഉപരിമിതനായി ജീവിതാന്ത്യം വരെ കൂടെ ഉണ്ടായിരിക്കുകയും വേണം. അങ്ങനെയല്ലാതെ വന്നാൽ കുലം നശിക്കപ്പെടും. മാത്രമല്ല മാതാപിതാക്കൾ ഏതുതരം മനോഭാവം അന്യോന്യം പ്രകടിപ്പിക്കുന്നുവോ അതിനനുസരിച്ച് സന്തതി പരമ്പരകൾ വളർന്നു വരികയും ചെയ്യും. അതിനാൽ കുടുംബത്തിൽ പവിത്രത നിലനിർത്തി പോരേണ്ട ധർമ്മം ഭർത്താവിൽ നിക്ഷിപ്തമാണ്. ആത്മാവിൽ ആത്മാവിനെ കാണും വിധം ഭർത്താവ് ഭാര്യയേയും ഭാര്യ ഭർത്താവിനേയും കാണണം. ഇത്തരം പവിത്രമായ ദാമ്പത്യം തലമുറകളായി വളർന്നു വരുന്ന സന്തതി പരമ്പരകൾ പരിപാവനമായി കണ്ട് അനുവർത്തിക്കാൻ ഇട വരണം. സ്ത്രീയെ ബലപ്രയോഗം കൊണ്ട് സംരക്ഷിച്ച് തടങ്കലിൽ വെയ്ക്കുന്നത് അഭികാമ്യമല്ല. ഗൃഹഭരണം തന്റെയും ഭർത്താവിന്റെയും സന്തതികളുടേയും സംരക്ഷണം ഭർത്താവിന്റെയും സന്തതികളുടെയും വളർച്ചയ്ക്കുതകുന്ന ബുദ്ധിയും മനസ്സും പ്രവർത്തിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം ഭാര്യയ്ക്ക് ഏറ്റെടുക്കാവുന്ന കർത്തവ്യങ്ങളാണ്. പുഴ സമുദ്രത്തോടു ചേരുംപോലെ പുരുഷധർമ്മത്തോട് ചേരുന്ന സ്ത്രീ പുരുഷഗുണമുള്ളവളാകുമെന്ന് മനു വിവക്ഷിക്കുന്നു. കുടുംബത്തിന്റെ പവിത്രത നിലനിർത്തിപ്പോരേണ്ടത് ഭാര്യയുടെയും ഭർത്താവിന്റെയും ജീവിതചര്യയായി മാറണം.

പുരുഷധർമ്മമെന്തെന്നു പുരുഷനും സ്ത്രീധർമ്മമെന്തെന്ന് സ്ത്രീയും അറിഞ്ഞിരിക്കണം. അങ്ങനെ ആയാൽ കുടുംബം സന്തുഷ്ടമായി നിലക്കൊള്ളും. സ്ത്രീകളെ സ്വതന്ത്രമായി ജീവിക്കാനനുവദിക്കരുത് എന്ന അർത്ഥത്തിലല്ല 'ന സ്ത്രീ സ്വാതന്ത്ര മർഹതി' എന്ന മനുവാക്യം അർത്ഥമാക്കുന്നത്. മറിച്ച് പുരുഷന്റെ തണലിൽ വേണം സ്ത്രീയുടെ ജീവിതം എന്നു മാത്രം ധരിച്ചാൽ മതിയാകും.

വംശാഭിവൃദ്ധി ഉണ്ടാകുവാനും പിറന്ന കുലത്തിന്റെ മഹിമ നിലനിറുത്തുവാനും പൈതൃകമായ ബലികർമ്മങ്ങൾ അനുഷ്ഠിച്ച് ധർമ്മം നിലനിർത്തുവാനും സാധിക്കുന്നത് ഉത്തമസന്തതികൾ വഴിയാണ്. അതിന്റെ കാരണഭൂതർ ഉത്തമഭാര്യമാർ തന്നെയാണ്. ധർമ്മാർത്ഥകാമമോക്ഷങ്ങളെന്ന പുരുഷാർത്ഥസിദ്ധി നേടിയെടുക്കുക എന്നതാണ് വിവാഹലക്ഷ്യം. ദമ്പതിമാരുടെ ഉത്തമമായ ആത്മഐക്യം കൊണ്ടാണ് ദാമ്പത്യജീവിതത്തിൽ അഭൗമമായ സൗഭാഗ്യവും അനുകരണീയമായ ജീവിതഭംഗിയും മധുരോദാത്തമായ ജീവിതപ്രകടനവും കാണാൻ കഴിയുന്നത്. ദമ്പതിമാർ ആത്മഗുണങ്ങൾ പരസ്പരം പകർന്നെടുക്കാൻ കഴിവുള്ളവരാകണം. അത്തരം ദമ്പതിമാരുടെ അനുരാഗപൂർണ്ണമായ ജീവിതം ആസ്വാദ്യമായിത്തന്നെ പരിലസിക്കുന്നു.

ഭൂവിൺ മധ്യമരൂപ രൂപഭവിതം
ജ്യോതി സ്വരൂപം ചയത്
മധ്യേ ചക്രമവസ്ഥിതം വിഭൂരഹോ
രാത്രം പ്രപഞ്ചോത്ഭവം
മർത്ത്യാത്മേഷ്ടദൃഢം ഗ്രഹഗണൈർ
ഗർഭീകൃതം യദ്ഫലം
ഭൂ സ്പർശോത്ഭവ രാശിതാ വിതരതിർ
നിത്യം ത്രികാലത്മകം.

മുൻപ് പ്രസ്താവിച്ച പ്രകാരമുള്ള വധൂവരന്മാരെ തിരഞ്ഞെടുക്കാനുള്ള ഉപായമാണ് ഈ ശ്ലോകത്തിൽ വിസ്തരിക്കുന്നത്. ഭൂമിക്കും ആകാശത്തിനുമിടക്കു മധ്യത്തിൽ അദൃശ്യാത്മകമായി ജ്യോതിസ്വരൂപമായ ജ്യോതിശ്ചക്രം സ്ഥിതി ചെയ്യുന്ന വിഭുവിനു ചുറ്റും നിലകൊള്ളുന്ന ദ്വാദശരാശികൾ കൊണ്ടും നവഗ്രഹങ്ങളെകൊണ്ടും രാപകൽ ഭേദമില്ലാതെ പ്രപഞ്ചത്തിൽ ജനിച്ചുകൊണ്ടിരിക്കുന്ന മനുഷ്യാത്മക്കളുടെ ദൃഢാദൃഢങ്ങളായ ഭൂതഭാവി വർത്തമാന ജീവിതഫലങ്ങളെ ഭഗവൽകൃപയാൽ കാണിച്ചു തരുന്നു. മാതൃഗർഭത്തിൽ നിന്നും ഈ ലോകത്തേയ്ക്കു പിറന്നു വീഴുന്ന നിമിഷം ഉദയം ചെയ്തു നില്ക്കുന്ന രാശിയെ നവഗ്രഹങ്ങളുടെ സ്ഥാനങ്ങളേയും അടിസ്ഥാനമാക്കി ഭൂതഭാവിവർത്തനാന ഭവിഷ്യാത്മക ത്രൈകാലികഫലങ്ങൾ കണ്ടെത്താനുള്ള തത്വശാസ്ത്രമാണ് ജ്യോതിശാസ്ത്രം.

അർത്ഥാർജ്ജനേ സഹായ :
പുരുഷാണാമാപഭർണ്ണവേ പോത
യാത്രകാലേ മന്ത്രി
ജാതകമപഹായ നാസത്യപരം

അർത്ഥാജ്ജനത്തിന് സഹായമരുളുന്നതാണ് ജാതകം. ജാതകം ആപൽ സമുദ്രത്തിലെ പൊങ്ങുതടിയാണ്. രാജാവിനു മന്ത്രിയെന്നോണം ജീവിതയാത്രയിൽ മനുഷ്യർക്ക് ഉത്തമമന്ത്രിയാണ് ജാതകം. ജാതകത്തേപ്പോലെ ഉത്തമമായ സുഹൃത്ത് ഭൂമിയിൽ മറ്റൊന്നില്ല. ജീവിതയാത്രയിൽ സുഖദുഃഖങ്ങൾ പങ്കിടാൻ വിധിക്കപ്പെട്ടവരാണ് സ്ത്രീയും പുരുഷനും. ഈ പറഞ്ഞ പങ്കാളിത്തത്തിന് അനുയോജ്യമായ സ്ത്രീയേയും പുരുഷനേയും തിരഞ്ഞെടുക്കുവാൻ ജാതകമല്ലാതെ മറ്റുപാധികളൊന്നും ഈ പ്രപഞ്ചത്തിലില്ല. അതിനാൽ ജീവിതത്തിൽ സഹവർത്തിത്ത്വം നിലനിറുത്തുവാൻ പോന്നവരാണോ സ്ത്രീയും പുരുഷനുമെന്നറിയാൻ സത്യവർത്തികളായ ദൈവജ്ഞരെ മുൻകൂട്ടി സന്ദർശിച്ച് ദേവഹിതം അറിയണം. അതിനായി സ്ത്രീയുടേയും പുരുഷന്റെയും ജാതകങ്ങൾ പരസ്പരം പൂരകങ്ങളാണ് എന്നു ഉറപ്പു വരുത്തിയിട്ടുവേണം അവർ തമ്മിൽ വിവാഹിതരാകുവാൻ.

അസ്തേ സാശ്രിതഭം തഭംശഭവനം
തസ്യോച്ചഭം നീചഭം
ശുക്രാധിഷ്ടിതഭം തഭസ്തഭവനാം
ശർക്ഷത്രികോണാവിധോ :
ഇന്ദോരഷ്ടകവർഗ്ഗ കേക്ഷ ബഹുളം
വ്യൂഹാഷ്ടവർഗ്ഗേ തഥാ
ഭാര്യാ ജന്മശുഭം സിതാഷ്ടകഗണേ
പ്യസ്യാസ്ത നാഥക്ഷയുക്.

പുരുഷജാതകത്തിൽ ഏഴാം ഭാവപതി നില്ക്കുന്ന രാശി, ഏഴാം ഭാവാധിപന്റെ അംശകരാശി, ഏഴാം ഭാവാധിപന്റെ ഉച്ചക്ഷേത്രം, ഏഴാം ഭാവാധിപന്റെ നീചക്ഷേത്രം, ശുക്രാധിഷ്ഠിതരാശി, ശുക്രാധിഷ്ഠിത രാശിയുടെ ഏഴാം രാശി, ചന്ദ്രന്റെ ദ്വാദശാംശകരാശി, ചന്ദ്രദ്വാദശരാശിയുടെ അഞ്ചാം രാശി, ചന്ദ്രദ്വാദശരാശിയുടെ ഒമ്പതാം രാശി, ചന്ദ്രാഷ്ടവർഗ്ഗത്തിൽ അധിക അക്ഷമുള്ളരാശി, സമുദായാഷ്ടവർഗ്ഗത്തിൽ അധിക അക്ഷമുള്ള രാശി, ശുക്രാഷ്ടവർഗ്ഗത്തിലെ ശുക്രലഗ്നാൽ ഏഴാം ഭാവാധിപന്റെ അക്ഷമുള്ള രാശികൾ – ഇവയിലൊന്ന് ഭാര്യയുടെ ജന്മരാശിക്കൂറായി വരുന്നത് ഉത്തമമായിരിക്കുമെന്ന് ജ്യോതിശാസ്ത്രം പറയുന്നു.

ലഗ്നേശശുക്രർക്ഷയോർയോഗേ
യശ്ച ലഗ്നാസ്ഥനാഥയോ :
ദ്യൂനർക്ഷേക്ഷക നാഥോഡു
യശ്ച തത്ര കളത്രഭം

പുരുഷജാതകത്തിൽ ലഗ്നാധിപസ്ഫുടവും ശുക്രസ്ഫുടവും കൂട്ടി കിട്ടിയ സ്ഫുടം, ലഗ്നനാഥസ്ഫുടവും ഏഴാം ഭാവാധിപ സ്ഫുടവും കൂട്ടിയാൽ കിട്ടുന്ന സ്ഫുടം, ഏഴാം ഭാവത്തിലേക്ക് ദൃഷ്ടി ചെയ്യുന്ന ഗ്രഹസ്ഫുടം, ഏഴാംഭാവസ്ഫുടം എന്നിവ നാലു കണ്ടാൽ കിട്ടുന്നതിൽ ഒന്നായിരിക്കണം കളത്രനക്ഷത്രം എന്നാണ് ദൈവജ്ഞർ അഭിപ്രായപ്പെടുന്നത്.

ദാരേശസ്യതദാശ്രിതാം ശഗൃഹയോ :
ശുക്രാശ്രി താം ശർക്ഷയോ :
ശുക്രാൽ സപ്തമഭസ്യ ലഗ്നശശിനോ
രസ്തേക്ഷകാരൂഢയോ :
ബഹ്വാക്ഷശ്ചസ സൗമ്യലഗ്നമഭപാ :
ശുക്രാഷ്ടവർഗ്ഗേ ഗൃഹാ
യേ ചൈഷാംച ദിഗ്ത്ഭ വാഹിശുഭദാ
കന്യാ വിവാഹേനൃണാം.

ഏഴാം ഭാവപതി, ഏഴാം ഭാവാധിപാശ്രിതരാശി, ഏഴാം ഭാവാധിപന്റെ നവാംശകരാശി, ശുക്രാധിഷ്ഠിത രാശി, ശുക്രന്റെ നവാംശകരാശി, ശുക്രലഗ്നാൽ ഏഴാം ഭാവരാശി, ലഗ്നാൽ ഏഴിൽ നില്ക്കുന്ന ഗ്രഹം, ഏഴാം ഭാവത്തിൽ ദൃഷ്ടി ചെയ്യുന്ന ഗ്രഹം, ചന്ദ്രാലേഴിൽ നില്ക്കുന്ന ഗ്രഹം, ഏഴിലേക്കു നോക്കുന്ന ഗ്രഹം, ശുക്രാഷ്ഠ വർഗ്ഗത്തിൽ അധികം അക്ഷമുള്ള രാശിയിൽ ശുഭഗ്രഹം നിന്നാൽ ആ

രാശി, അതേ അക്ഷാധിക്യത്തിൽ ഏഴാം ഭാവാധിപതി നില്ക്കുന്ന രാശി. ഈ പറഞ്ഞ രാശിദിക്കിലും ഗ്രഹങ്ങളുടെ ദിക്കിലുമുള്ള സ്ത്രീയെ വിവാഹം ചെയ്യുന്നത് ഉത്തമമായിരിക്കും.

ഷ്ഠ്തിയശ്ച പശ്യതി തയോ

യോസ്തേതിഷ്ഠിതി യശ്ചവശ്യം

രസ്തേശി തുർവ്വാഥതേ

നാരൂഢഗ്രഹമംശപോരുശനസ

സ്താരാധിനാഥസ്യവാ

യദ്വാലഗ്നപ സംശ്രിതാംശക പതേ

യസ്മിൻ ദശംവാപഹാ

രോസ്മിൻ സ്യാൽ സമയേ വിവാഹഘടനാ

രാഹോശ്ചകേ ചിൽ ജഗു :

ഏഴിൽ നില്ക്കുന്ന ഗ്രഹം, ഏഴിൽ നോക്കുന്ന ഗ്രഹം, ഏഴാം ഭാവാധിപൻ, ഏഴാം ഭാവനാവാംശകഗ്രഹം, ശുക്രൻ, ചന്ദ്രൻ, ലഗ്നാധിപൻ നില്ക്കുന്ന നവാംശകത്തിന്റെ അധിപൻ, രാഹു ഇവരുടെ ദശാകാലവും അപഹാരകാലവും വിവാഹകാലമാകുന്നു.

ഷോഡശകർമ്മങ്ങളിൽ പ്രധാനമായ വിവാഹത്തിലൂടെയാണ് പുരുഷജന്മം സാർത്ഥകമാകുന്നത്. സ്ത്രീ പുരുഷന്മാരുടെ ജാതകങ്ങൾ വിവാഹത്തിന് അനുകൂലമാണോ എന്ന് പരിശോധിക്കുമ്പോൾ അനുകൂലമെങ്കിൽ ജാതകപൊരുത്തമുണ്ടെന്നു പറയുന്നു. പ്രശ്നമാർഗ്ഗത്തിൽ ഇരുപത്തിമൂന്ന് വിധത്തിലുള്ള പൊരുത്തങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. അതിൽ പതിനാറെണ്ണം നക്ഷത്രപ്രധാനങ്ങളും നാലെണ്ണം രാശിപ്രധാനങ്ങളും ഓരോന്നുവീതം രാശ്യാധിപൻ, സക്തി, വയസ്സ് ഇവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ശശാങ്കശാരദീയത്തിൽ പൊരുത്തങ്ങൾ ആഗൂഢമെന്നും ഗൂഢമെന്നും രണ്ടു വിധത്തിൽ കാണുന്നു. ഇതിൽ ആഗൂഢം പന്ത്രണ്ടു വിധത്തിലും ഗൂഢം ഏട്ടു വിധത്തിലുമാകുന്നു.

രാശിശ്ചരാശ്യനിപ വശ്യഗണാ പ്രശസ്താ :

മഹേന്ദ്ര യോനി ദിന മദ്ധ്യമരജ്ജു വേധാ

സ്ത്രീദീർഘഖേട ഗുണ ഖേട ദശാ ന്ത്യ കാലാ :

ഗൂഢേതരാ : ഖലഭവന്തി ഗുണാ : വിവാഹേ

രാശി, രാശ്യാധിപൻ, വശ്യം, ഗണം, മാഹേന്ദ്രം, യോനി, ദിനം, മദ്ധ്യമരജ്ജു, വേധം, സ്ത്രീദീർഘം, ഗ്രഹസാമ്യം, ദശാസന്ധി ഇവ പന്ത്രണ്ടും വിവാഹത്തിലെ പ്രശസ്ഥങ്ങളായ ആഗൂഢ പൊരുത്തങ്ങളാണ്. മേൽ സൂചിപ്പിച്ച പൊരുത്തങ്ങൾ വിശദമായി പരിശോധിക്കാതെ വിവാഹ വിഷയത്തിൽ തീർപ്പ് കൽപ്പിക്കുന്നത് ഉചിതമായിരിക്കുകയില്ല. വിവാഹപൊരുത്തപരിശോധനയ്ക്ക് ഇന്ന് പ്രാധാന്യം വർദ്ധിച്ചു വരികയാണ്. സ്ത്രീപുരുഷന്മാർക്ക് എത്ര അടുത്തു പരിചയമുണ്ടെങ്കിലും പരസ്പരം മറച്ചുവെയ്ക്കാൻ കഴിയുന്ന പലതും പൊരുത്തപരിശോധനയിലൂടെ ജ്യോത്സ്യന് നിഷ്പ്രയാസം കണ്ടെത്താൻ കഴിയും. ഉദാഹരണമായി ഗുഹ്യരോഗം, ഹൃദ്രോഗം, അപസ്മാരം, സന്താനോല്പാദനക്കുറവ്, സാമ്പത്തിക ബാദ്ധ്യത, മനോരോഗങ്ങൾ, ആയുസ്സ്, എന്നിവ കൃത്യമായി പ്രവചിക്കാൻ ജ്യോതിശാസ്ത്രത്തിന് സാധിക്കും.

പൊരുത്തങ്ങളേക്കാൾ പ്രാധാന്യമർഹിക്കുന്ന മറ്റൊന്നാണ് മനപ്പൊരുത്തം അഥവാ സക്തി.

യസ്യാം മനസമാസക്തം

തമേവ വിവഹേൽ ബുധ:

സർവ്വാനുഗുണ ഭാഗേപീ

മനോഗുണനാധികം.

ഇങ്ങനെയാണ് പ്രശ്നമാർഗ്ഗത്തിൽ വിവരിക്കുന്നത്. ഏത് സ്ത്രീയിലാണോ നിർവ്യാജമായ ആസക്തിയുള്ളത് ആ സ്ത്രീയെ തന്നെയാണ് വിവാഹം ചെയ്യേണ്ടത്. ബാക്കി എല്ലാ പൊരുത്തങ്ങളേക്കാളും ശ്രേഷ്ഠതയുള്ളത് മനപ്പൊരുത്തത്തിന് തന്നെ എന്ന് ആചാര്യമതം.

### 1. രാശിപ്പൊരുത്തം

കന്യാജന്മർക്ഷതോ ദ്വിത്രിവേദബാണാംഗ രാശിജ

വർജ്യോ ഗ്രാഹോ പരോ ഭിന്ന നക്ഷത്രശ്ചൈകരാശിജ :

കന്യക ജനിച്ച കൂറിൽ നിന്നും രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ് കൂറുകളിൽ ജനിച്ച പുരുഷനെ വർജ്ജിക്കണം. ഏഴുമുതൽ പന്ത്രണ്ടു വരെ കൂറിൽ ജനിച്ച പുരുഷനെ ഭർത്താവായി സ്വീകരിക്കാം. കന്യകയുടെ കൂറിൽ തന്നെ ഭിന്നനക്ഷത്രത്തിൽ ജനിച്ച പുരുഷനേയും സ്വീകരിക്കാവുന്നതാണ്.

രാശിപ്പൊരുത്തം പരസ്പരമുള്ള ശരീരാനുകൂല്യത്തെ സൂചിപ്പിക്കുന്നു. ഈ പൊരുത്തമില്ലെങ്കിൽ





നിരന്തരമുള്ള അരിഷ്ടതകളുണ്ടാകും.

### 2. വശ്യാനുകൂല്യം

സിംഹകീടൗ കർക്കിതൗലി കന്യാചാപാളിനൗ തുലാ

നൃയുങ്മീനാവേണകന്യേ കർക്കടോ ള ന്ത്യോഘടക്രിയൗ

മേഷോമൃഗശ്ച വശ്യാഖ്യാ മേഷാദിനാം പദൈ : ക്രമാൽ

സ്ത്രീ ജന്മഭസ്യ വശ്യാഖ്യാരാശൗ ജാത : പുമാൽ ശുഭാ ഇതി

മേടത്തിന് വൃശ്ചികവും ചിങ്ങവും, ഇടവത്തിന് കർക്കിടകവും തുലാവും, മിഥുനത്തിന് കന്നിയും, കർക്കിടകത്തിന് തുലാവും ധനുവും, ചിങ്ങത്തിന് തുലാവും, കന്നിക്ക് മിഥുനവും മീനവും, തുലാത്തിന് മകരവും കന്നിയും, വൃശ്ചികത്തിന് കർക്കിടകവും, ധനുവിന് മീനവും, മകരത്തിന് കുംഭവും മേടവും, കുംഭത്തിന് മേടവും, മീനത്തിന് മകരവും വശ്യരാശികളാകുന്നു. സ്ത്രീയുടെ കൂറ് പുരുഷജന്മരാശിയുടെ വശ്യരാശിയും പുരുഷന്റെ കൂറ് സ്ത്രീജന്മത്തിന്റെ വശ്യരാശിയും ആയിരിക്കുന്നത് ശുഭപ്രദമാണ്.

വശ്യപ്പൊരുത്തമുണ്ടെങ്കിൽദമ്പതിമാർ പരസ്പരം യോജിപ്പോടെ കഴിയും.

### 3. രാശ്യാധിപ പൊരുത്തം

ജീവോജ്ഞജീവൗ ശുക്രജ്ഞൗ വിസൂര്യാവികുജാ : ക്രമാൽ

വിന്ദ്വർക്കാ വികുജേമ്പർക്കാ: സൂര്യാദിനാം തുബാന്ധവം

ജന്മരാശിപയോരൈക്യം മിഥോ മൈത്രി ച ശോഭനം ഇതി

സൂര്യന് വ്യാഴവും, ചന്ദ്രന് ബുധനും വ്യാഴവും, കുജന് ശുക്രനും ബുധനും, ബുധന് സൂര്യനൊഴികെ മറ്റു ഗ്രഹങ്ങളും, വ്യാഴത്തിന് കുജൻ ഒഴിച്ചുള്ളവരും, ശുക്രന് ചന്ദ്രനും സൂര്യനും ഒഴിച്ചു മറ്റു ഗ്രഹങ്ങൾ, ശനിക്ക് കുജനും, ചന്ദ്രനും, സൂര്യനും ഒഴിച്ച് മറ്റു ഗ്രഹങ്ങൾ ബന്ധുഗ്രഹങ്ങളാണ്. സ്ത്രീയുടെയും പുരുഷന്റെയും ജന്മാധിപന്മാർ ഒന്നു തന്നെയായിരിക്കുന്നതും ആ ഗ്രഹങ്ങൾ തമ്മിൽ ബന്ധുക്കൾ, ആയിരിക്കുന്നതും ഉത്തമമാണ്.

### 4. മാഹേന്ദ്രപ്പൊരുത്തം

സ്ത്രീജന്മർക്ഷത്രിതയാത്

ചതുർഥദിക് സപ്തമേഷ്വഥർ ക്ഷേഷു

ജാതാ : ശുഭകൃത് പുരുഷോ

മഹേന്ദ്രാഖ്യ : പ്രകീർത്തിതശ്ചൈവം

സ്ത്രീയുടെ ജന്മാജന്മ നക്ഷത്രങ്ങൾ മൂന്നിൽ നിന്നും നാല്, ഏഴ്, പത്ത്, ഈ നക്ഷത്രത്തിൽ ജനിച്ച പുരുഷൻ ശുഭനാകുന്നു.

മഹേന്ദ്രേധന ധാന്യാപതിരൂപേന്ദ്ര ച പ്രജാന്വതി

മാഹേന്ദ്രപ്പൊരുത്തമുണ്ടായാൽ ധനധാന്യാഭിവൃദ്ധിയും പലവിധ ശ്രേയസ്സും ഫലം. ഈ പൊരുത്തമുണ്ടെങ്കിൽ സ്ത്രീയെ സംരക്ഷിക്കാനുള്ള കഴിവ് പുരുഷനുണ്ടാകും.

### 5. ഗണപ്പൊരുത്തം

പുഷ്വാശ്വിമിത്രഹരിവായ്വാഭിന്ദിനാര്യാ

ദേവാ നരാസ്തുയമ പൂർവ്വശിവോത്തരാജാ

ദൈത്യാ : പരാ : കലഹമൃത്യുഭയശ്രിയ : സ്യൂർ

ദേവാസുരേ സുരനരേ നൃസുരേ സമേ ച – ഇതി

അശ്വതി, മകയിരം, പുണർതം, പൂയം, അത്തം, ചോതി, അനിഴം, തിരുവോണം, രേവതി എന്നീ ഒൻപതു നക്ഷത്രങ്ങൾ ദേവഗണം. ഭരണി, രോഹിണി, തിരുവാതിര, പൂരം, ഉത്രം, പൂരാടം, ഉത്രാടം, പൂരുരുട്ടാതി , ഉത്രട്ടാതി എന്നീ ഒൻപതു നാളുകൾ മനുഷ്യഗണം. കാർത്തിക, ആയില്യം, മകം, ചിത്തിര, വിശാഖം, തൃക്കേട്ട, മൂലം, അവിട്ടം, ചതയം എന്നീ ഒൻപതു നക്ഷത്രങ്ങൾ അസുരഗണം. സ്ത്രീ പുരുഷന്മാരിൽ ഒരാൾ ദേവഗണവും മറ്റേ ആൾ അസുരഗണവുമായാൽ മരണവും കലഹവും. ഒരാൾ അസുരഗണവും മറ്റേ ആൾ മനുഷ്യഗണവുമായാൽ മരണവും ഒരാൾ മനുഷ്യഗണവും മറ്റേ ആൾ ദേവഗണവും ആയാൽ ഭയവും ഇരുവരും ഒരേ ഗണമായാൽ ഐശ്വര്യസമൃദ്ധിയും ഫലമാകുന്നു.

സ്ത്രീപുരുഷന്മാരുടെ ഗണങ്ങൾ ഒന്നായാൽ അത്യുത്തമം. ദേവഗണത്തിൽ ജനിച്ച പുരുഷന് മനുഷ്യഗണത്തിൽ ജനിച്ച സ്ത്രീ ഉത്തമം. മനുഷ്യഗണപുരുഷന് ദേവഗണസ്ത്രീ അധമം. അസുരഗണപുരുഷന് മനുഷ്യഗണസ്ത്രീ മദ്ധ്യമം, മനു

ഷ്യഗണസ്ത്രീ മദ്ധ്യമം, മനുഷ്യഗണത്തിൽ ജനിച്ച പുരുഷൻ അസുരഗണസ്ത്രീയെ വർജ്ജിക്കണം.

ഗണപ്പൊരുത്തമുണ്ടെങ്കിൽ പരസ്പരം വിധേയത്വബോധമുണ്ടാകും. ഗണപ്പൊരുത്തമില്ലെങ്കിൽ വരുംവരായ്കൾ നോക്കാതെ സ്വതന്ത്രചിന്താഗതിക്കാരുമാകും.

## 6. യോനിപ്പൊരുത്തം

പുംസ്താരേ പുരുഷസ്യ ജന്മ വനിതാതാരേ വധുജന്മ ചേ-

ത്സംപസ്യന്മഹതി ദ്വയോര്യുവതിഭേ മദ്ധ്യംനൃഭേ നൃഭേദോഷജം

കഷ്ടാ യോനിവിരുദ്ധതാഥ പുരുഷാ : പുഷ്യ ത്രയശ്ച്യന്തക

ജ്യേഷ്ഠാ പഞ്ചമരുദ്വിഭാദ്ദ്രുഗഭാസ്താരാ : പരാ യോഷിത :

പുരുഷനക്ഷത്രത്തിൽ വരന്റെ ജന്മവും സ്ത്രീനക്ഷത്രത്തിൽ വധുവിന്റെ ജനനവും ആയിത്തീരുന്നുവെങ്കിൽ വലിയ സമ്പത്തുണ്ടാകും. ഇരുവരുടെയും ജനനം സ്ത്രീനക്ഷത്രത്തിൽ വന്നാൽ മദ്ധ്യമമാണ്. ഇരുവരും പുരുഷനക്ഷത്രത്തിൽ ജനിക്കുന്നത് ദോഷമാണ്. യോനീവൈപരീത്യം അധമമാണ്.

പൂയം, ആയില്യം, മകം, അശ്വതി, ഭരണി, കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, പൂരുരുട്ടാതി എന്നീ നക്ഷത്രങ്ങൾ പുരുഷയോനി നക്ഷത്രങ്ങളും മറ്റുള്ളവ സ്ത്രീയോനി നക്ഷത്രങ്ങളുമാണ്. യോനിപൊരുത്തമുണ്ടെങ്കിൽ ലൈംഗികമായ സംതൃപ്തി കിട്ടും. ദാമ്പത്യ തകർച്ചയ്ക്കു ലൈംഗികത കാരണമാവില്ല.

## 7. ദിനപ്പൊരുത്തം

സ്ത്രീജന്മാർക്ഷാത് പ്രഥമാത്

തൃതീയഭേ, പഞ്ചമേ ച സപ്തഭേ

ജാതോ വർജ്ജ്യ: പുരുഷ:

ക്രമാത് തു തേഷൂ ദ്വിതീയ ജന്മാർക്ഷാത്

പ്രഥമാന്ത്യ തൃതീ യാശേ

ജാതോ നിന്ദ്യ : സ്തൃതീയജന്മാർക്ഷാത്

തേഷുക്രൂരാം ശഭവോ

നിന്ദ്യശ്ചൈവം ദിനാഖ്യമപി വിദ്യാത്

സ്ത്രീയുടെ ജന്മനക്ഷത്രത്തിൽ നിന്ന് മൂന്ന്, അഞ്ച്, ഏഴ്, നക്ഷത്രങ്ങളിൽ ജനിച്ച പുരുഷൻ വർജ്യനാകുന്നു. രണ്ടാമത്തെ ജന്മനക്ഷത്രത്തിൽ നിന്നും മൂന്നാം നാളിന്റെ ആദ്യത്തെ കാലിലും അഞ്ചാം നാളിന്റെ നാലാമത്തെ കാലിലും ഏഴാം നാളിന്റെ മൂന്നാം കാലിലും ജനിച്ച പുരുഷൻ നിന്ദ്യനാകുന്നു. മൂന്നാമത്തെ നക്ഷത്രത്തിൽ നിന്ന് മൂന്ന്, അഞ്ച്, ഏഴ് ഈ മൂന്നു നാളുകളിലും പാപാംശമുണ്ടെങ്കിൽ അതിൽ ജനിച്ച പുരുഷനും നിന്ദ്യനാകുന്നു.

## 8. സ്ത്രീ ദീർഘപ്പൊരുത്തം

ഗണയേത് സ്ത്രീജന്മർക്ഷാത്

ജന്മർക്ഷാന്തം വരസ്യാസംഖ്യാത്ര

പഞ്ചഭൃശാഭ്യധികാ ചേത്

സ്ത്രീദീർഘാഖ്യോ ഭവേത് ക്രമച്ഛാഭദം

സ്ത്രീയുടെ നക്ഷത്രം മുതൽ പുരുഷന്റെ ജന്മനക്ഷത്രം വരെ എണ്ണിയാൽ പതിനഞ്ചിൽ അധികമുണ്ടെങ്കിൽ അതാണ് സ്ത്രീ ദീർഘപ്പൊരുത്തം. പുരുഷ നക്ഷത്രം എത്രമാത്രം അകലെ ആകുന്നുവോ അത്രയ്ക്ക് ഗുണവൃദ്ധി ഭവിക്കും.

സ്ത്രീദീർഘപ്പൊരുത്തമുണ്ടെങ്കിൽ ഭർതൃശുശ്രൂഷാദികളിൽ ഭാര്യയ്ക്ക് ശ്രദ്ധയുണ്ടാകും.

## 9. മദ്ധ്യമ രജ്ജു

നാളൊക്കെ മൂന്നുവിരൽ കൊണ്ടു മടക്കി നിർത്തി

യെണ്ണുമ്പോളൊന്നിൽ വരുമായവ ചേർക്കവയ്യ

എന്നാൽ നടുക്കുവരുമൊമ്പതുതീരെ വർജ്ജ്യ-

മാകുന്നിതായതുകൾ മദ്ധ്യമ രജ്ജുവല്ലോ

അശ്വതി, ഭരണി, കാർത്തിക എന്നിങ്ങനെ മുമ്മൂന്നു നക്ഷത്രങ്ങളെ മൂന്നു വിരലുകളിൽ ക്രമമായും വിപരീതമായും എണ്ണുമ്പോൾ ഇരുവരുടേയും നാളുകൾ ഒരു വിരലിൽ തന്നെ വരുമെങ്കിൽ രജ്ജുദോഷം ഭവിക്കുന്നു. പൊരുത്ത ദോഷങ്ങളിൽ ഏറ്റവും പ്രധാനം മദ്ധ്യമരജ്ജുവും വേധവുമാണ്.

ഭരണി, മകയിരം, പൂയം, പൂരം, ചിത്തിര, അനിഴം പൂരാടം, അവിട്ടം, ഉത്രട്ടാതി എന്നീ നക്ഷത്രങ്ങളിൽ സ്ത്രീപുരുഷന്മാരുടെ രണ്ടു പേരുടേയും നക്ഷത്രങ്ങൾ ഉൾപ്പെട്ടിരുന്നാൽ മദ്ധ്യമരജ്ജുദോഷം സംഭവിക്കും.





## 10. വേധദോഷം

അശ്വീന്ദ്രൗ യമമിത്രഭേ ഹരിഹരൗ ശൂർപ്പാനലൗ വായ്വജൗ

മൂലാഹി പിതൃപൂഷണൗ ഗുരുജലേ ദേവപ്രസു വിശ്വഭേ

ബുദ്ധ്യ്യൂക്ഷാര്യമണൗ ദിനേശവരുണൗ ഭാദ്ദ്രൂർക്ഷഭാഗ്യേ മിഥോ

വേധാന്നാർഹതി യോഗമുക്ഷയുഗളം വസ്വിന്ദു ചിത്രാത്രയം.

അശ്വതിയും കേട്ടയും ഭരണിയും അനിഴവും തിരുവാതിരയും തിരുവോണവും വിശാഖവും കാർത്തികയും ചോതിയും, രോഹിണിയും, മൂലവും, ആയില്യവും, മകവും രേവതിയും പൂരവും പൂരാടവും പുണർതവും ഉത്രാടവും, ഉത്രട്ടാതിയും , പൂരവും, അത്തവും, ചതയവും, പൂരുരുട്ടാതിയും ഉത്രവും എന്നിങ്ങനെ രണ്ടു നക്ഷത്രങ്ങൾ തമ്മിലും അവിട്ടം, മകയിരം, ചിത്തിര എന്നീ മൂന്നുനക്ഷത്രങ്ങൾ തമ്മിലും അന്യോന്യം വേധദോഷമുണ്ട്. ഈ നക്ഷത്രങ്ങളിൽ ജനിച്ച സ്ത്രീപുരുഷന്മാർ തമ്മിൽ വിവാഹിതരാകാൻ പാടില്ല.

## 11. പാപസാമ്യം

സ്ത്രീപുരുഷജാതകങ്ങളെ യോജിപ്പിക്കുമ്പോൾ രണ്ടു ജാതകങ്ങളിലുമുള്ള പാപഗ്രഹങ്ങൾക്ക് സംഖ്യകൊണ്ടും ബലംകൊണ്ടും സാമ്യംഉണ്ടായിരിക്കണം. പാപത്വവും ക്രൂരത്വവും അധികമുള്ളത് കുജനാണ്. ആദിത്യനേയും ശനിയേയും രാഹുകേതുക്കളേയും കുജനേയുമാണ് പാപസാമ്യത്തിൽ ഗണിച്ചു വരുന്നത്. സ്ത്രീപുരുഷന്മാരുടെ രണ്ടു ജാതകങ്ങളിലും ലഗ്നൻ ചന്ദ്രൻ ശുക്രൻ ഈ രാശികളിൽ പന്ത്രണ്ട് രണ്ട്, നാല്, ഏഴ്, ലഗ്നം അഷ്ടമം ഈ ഭാവങ്ങളിൽ ആദിത്യൻ, കുജൻ, ശനി, രാഹു, കേതു ഈ പാപഗ്രഹങ്ങൾ ഏതെങ്കിലും സ്ഥാനങ്ങളിൽ നില്ക്കുന്നുണ്ടെങ്കിൽ മറ്റേതെങ്കിലും അതുപോലെ പാപസ്ഥിതി ഉണ്ടായിരിക്കണം. ഇങ്ങനെ രണ്ടു ജാതകങ്ങളിലും പാപസാമ്യത്തെ കല്പിച്ചുകൊള്ളണം.

## 12. ദശാസന്ധി

ദാമ്പത്യോര്യദ്ദശാവിർഭവതി ഗൃഹവനവാംശാദിഭിസന്ധിയോഗോ

വർജ്ജ്യ: സംവത്സരാണാം ത്രിതയമപി

വിദു : പ്രായശ : സന്ധികാലേ

യുഗ്മം വാ വത്സരാണാം കദിചിദുപജഗു :

ജീവശർമീയ വാദാ-

സ്തൽ കാലാന്തർ വിവാഹോ വിഫല ഉപനയ :

കർമ്മ വാ നിർവ്വിശേഷം

സ്ത്രീപുരുഷന്മാരുടെ ദശകളുടെ സന്ധികാലം യോജിച്ച് വരുന്നത് വിവാഹത്തിന് വർജ്ജ്യമാണ്. സന്ധികാലം മൂന്നു വർഷമാണെന്ന് ചില ആചാര്യർ പറയുന്നു. എന്നാൽ മറ്റു ചില ആചാര്യന്മാർ രണ്ടു വർഷമാണെന്നും പറയുന്നു. എന്തായാൽ ദശാസന്ധികാലം ഒന്നിച്ചു വന്നാൽ ദോഷം ഭവിക്കും. ഒരേ കാലത്തിൽ ദശാസന്ധി ദോഷങ്ങൾ വരുന്ന ജാതകങ്ങൾ ചേർക്കാറില്ല.

ഇപ്പറഞ്ഞ പൊരുത്തങ്ങൾക്കപ്പുറം മനപ്പൊരുത്തത്തിന് ജ്യോതിഷം വളരെ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. വിവാഹം സന്തുഷ്ടമാകണമെങ്കിൽ മനപ്പൊരുത്തം തന്നെയാണ് വേണ്ടതായിട്ടുള്ളത്.

**കാമിനീകായകാന്താരേ കചപർവ്വതദുർഗ്ഗമേ**

**മാ സഞ്ചര മന:പാന്ഥ, തത്രാസ്തേ സ്മരതസ്കര:**

| | |
|---|---|
| മന : പാന്ഥ | അല്ലയോ മനസ്സാകുന്ന പഥിക |
| കച പർവ്വത ദുർഗ്ഗമേ | സ്തന പർവ്വതങ്ങളാൽ ദുർഗ്ഗമമായ |
| കാമിനീകായ കാന്തരേ | സ്ത്രീദേഹമാകുന്ന കാട്ടിൽ |
| മാ സഞ്ചര | സഞ്ചരിക്കരുത് |
| തത്ര | അവിടെ |
| സ്മര തസ്കര ആസ്തേ | കാമനെന്ന കള്ളനുണ്ട് |

# പട്ടുനൂലിന്റെ കെണി

അനുരാധ. ഫോൺ: 9447035067

കുളികഴിഞ്ഞ് ക്ഷേത്രത്തിൽ പോകാൻ തയ്യാറാവുകയായിരുന്നു സുമിത്ര. അദ്ധ്യയന ദിവസങ്ങളിൽ പുറത്തേക്കിറങ്ങാനൊന്നും സമയം കിട്ടാറില്ല. പി.ജി.ഫൈനലിയറായതു കൊണ്ട് വായനയും നോട്ട്സ് എഴുതലും ഒക്കെയായി ആകെ തിരക്കായിരിക്കും. അന്ന് അവധിയായതു കൊണ്ട് ക്ഷേത്രത്തിൽ പോകാമെന്ന് കരുതി മറ്റു ചില സ്നേഹിതകളും കൂട്ടിനുണ്ട്.

അടഞ്ഞുകിടക്കുന്ന വാതിലിൽ ആരോ മുട്ടുന്നു. വെള്ളം ഇറ്റുവീണുകൊണ്ടിരുന്ന മുടിയിൽ ചീപ്പ് തിരുകിവെച്ചുകൊണ്ട് സുമിത്ര വാതിൽ തുറന്നു.

ഹോസ്റ്റലിലെ തൊട്ടടുത്തമുറിയിലെ സ്നേഹിത ധന്യ.

'അനുശ്രീ എവിടെ സുമീ' നനുത്ത പുഞ്ചിരിയോടെ അവളന്വേഷിച്ചു.

'അനു അവളുടെ വീട്ടിൽ പോയല്ലോ'

'ആണോ, അവളുടെ ചേട്ടൻ കാണാൻ വന്നിട്ടുണ്ട്. പുള്ളി റിസപ്ഷനിൽ ഇരിക്കുകയാ എന്നെ കണ്ടപ്പോൾ അനുവിനെ വിവരമറിയിക്കാൻ പറഞ്ഞു' 'അവളിന്ന് കാലത്തേ വീട്ടിൽ പോയി. ഇനിയിപ്പോളെന്തുചെയ്യും?'

'എങ്കിൽ നീ ഒരു കാര്യം ചെയ്യ്, ഒന്നുചെന്ന് അയാളെ വിവരമറിയിച്ചേക്ക്. എനിക്ക് തിങ്കളാഴ്ച ഒരു ടെസ്റ്റുള്ളതാ' അത്രയും പറഞ്ഞ് ധന്യ തിരിഞ്ഞുനടന്നുകളഞ്ഞു.

സുമിത്ര ഒരു നിമിഷം വിഷണ്ണയായിനിന്നു. ആ ചുമതല ഏല്പിച്ചിട്ട് ധന്യ കടന്നുകളഞ്ഞിരിക്കുന്നു.

ഇനിയിപ്പോൾ...... അനുവിന്റെ എട്ടനെ അഭിമുഖീകരിക്കുന്ന കാര്യമോർത്തപ്പോൾ ആകെ ഒരു വല്ലായ്മ.

അനുവിന്റെ സംഭാഷണങ്ങളിൽ പലപ്പോഴും അവളുടെ എട്ടൻ കഥാപാത്രം കടന്നു വരാറുണ്ട്. എങ്കിലും സ്വന്തമായി ചില പ്രത്യേക അഭിപ്രായങ്ങൾ ഉള്ളവനാണ് അയാളെന്ന് അനു പറയുന്നത് കേൾക്കാം. മോഡേൺ ഗേൾസ് എന്ന വിഭാഗത്തോട് ഒരു തരം കലിപ്പാണത്രെ അയാൾക്ക്.

അനുവിന്റെ അച്ഛനും അമ്മയും അയാളെ വിവാഹത്തിന് നിർബന്ധിക്കുന്നുണ്ടത്രെ. എന്നാൽ അയാൾ വഴങ്ങുന്ന മട്ടില്ലെന്നാണ് അനുവിന്റെ പരാതി.

തനിക്ക് എന്തുകൊണ്ടും ഇണങ്ങുന്ന ജീവിത പങ്കാളിയെ... അത് വല്ല മലമൂട്ടുകാരിയും ആയേക്കുമോ എന്നാണ് അനുവിന്റെ ആശങ്ക കണ്ടെത്തിയാൽ മാത്രമേ അയാൾ വിവാഹിതനാകുകയുള്ളുപോലും.

അനു അങ്ങനെ വാതോരാതെ സംസാരിക്കും അധികവും അവളുടെ ഏട്ടനെപറ്റിത്തന്നെ.

മോഡേൺഗേൾസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരെക്കുറിച്ച് അയാളുടെ പരിഹാസം കലർന്ന പരാമർശങ്ങൾ അനു വിസ്തരിക്കുന്നത് കേൾക്കുമ്പോൾ സുമിത്ര ക്ഷമയുടെ നെല്ലിപ്പടിവരെ കാണാറുണ്ട്. ഇടക്കവൾ കലിമൂത്ത് അനുവിനോട് കയർക്കാറുമുണ്ട്.

'എന്റെ സുമീ, നീയെന്തിനാ എന്നോട് ചൂടാകുന്നേ. ഈ പറഞ്ഞതൊക്കെ എന്റെ അഭിപ്രായമാണോ. അല്ലല്ലോ. എല്ലാം എന്റെ എട്ടനവർഹളുടേതല്ലേ? നിന്നെപ്പോലെ ഒരു പാവം പെണ്ണല്ലേ ഈയുള്ളവളും?' അനു ചിരിക്കും കവിളിൽ നുണക്കുഴിപ്പൂക്കൾ വിരിയിച്ചുകൊണ്ട്. സൗമ്യശീലയായ അനുവിനെങ്ങനെ ഇത്രക്ക് കർക്കശക്കാരനായ ഒരു സഹോദരനെന്ന് അപ്പോഴെല്ലാം ഓർക്കാറുണ്ട്. പക്ഷെ ഇങ്ങനെ ഒരു മുഖാമുഖത്തെകുറിച്ച് അപ്പോഴൊന്നും വിചാരിച്ചിരുന്നതേയില്ല.

അനു തന്നെക്കുറിച്ച് എന്തെങ്കിലും അയാളോടും പറഞ്ഞുകാണുമോ? അയാളുടെ ചില വേറിട്ട സ്വഭാവങ്ങളെക്കുറിച്ച് പരിസഹിക്കാറുള്ളതും മറ്റും.......

എങ്കിൽ... ഈശ്വരാ.

വല്ലാത്തൊരു ഊരാക്കുടുക്കിലാണല്ലോ ചെന്നുപെട്ടിരിക്കുന്നത്.

ഇനി... എന്തായാലും ആ മനുഷ്യന്റെ മുന്നിൽ ചെന്ന് നിന്നല്ലേ പറ്റൂ. അനുവിന്റെ ഉറ്റസ്നേഹിതയെന്നനിലയ്ക്ക് അനു വീട്ടിൽ പോയിരിക്കുന്ന വിവരം അയാളെ അറിയിക്കേണ്ട ചുമതല ഒഴിവാക്കാനുമാവില്ലല്ലോ.





സുമിത്ര മടുപ്പോടെ കണ്ണാടിക്ക് മുന്നിൽ ചെന്നു നിന്നു. മുടി ചീകി മെടഞ്ഞിട്ടു. നെറ്റിയിലോരു പൊട്ടും തൊട്ടു. കണ്ണാടിക്ക് മുന്നിൽനിന്ന് സ്വന്തം വേഷം അപ്പാടെ ഒന്ന് ശ്രദ്ധിച്ചു. ഉടുത്തിരിക്കുന്നത് ഓറഞ്ച് നിറത്തിലുള്ള സാരിയാണ്.

അനുവിന്റെ വാക്കുകൾ ഓർമ്മ വന്നു അപ്പോൾ. ടെക്സ്റ്റൈൽ ഷോപ്പിൽ നിന്ന് കടുംനിറത്തിലുള്ള ചുരിദാറും മറ്റും വാങ്ങുമ്പോൾ അനു പറയുന്നതു കേൾക്കാം ഷോപ്പിങ്ങിന് ഏട്ടനും കൂടെ ഉണ്ടായിരുന്നെങ്കിൽ ചെവിപിടിച്ച് പൊന്നാക്കിയേനെ എന്ന്.

അനുവിന്റെ എട്ടനു ഇളം നിറങ്ങളാണ് ഇഷ്ടമത്രെ.

സുമിത്ര വീണ്ടും കണ്ണാടിയിലേക്ക് നോക്കി. ഓറഞ്ച് നിറത്തെപറ്റി അനുവിന്റെ ഏട്ടന്റെ അഭിപ്രായം എന്തായിരിക്കുമെന്ന് ഒരു നിമിഷം ചിന്തിച്ചു.

അടുത്തനിമിഷം അവൾ ചുണ്ടുകോട്ടി, മുഖം കൂർപ്പിച്ച്കൊണ്ടോർത്തു. അയാളുടെ ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ച് വെറുതെ എന്തിന് വേവലാതിപ്പെടണം.

ക്ഷേത്രത്തിൽ പോകാനുള്ള സമയമാണ് വെറുതെ പാഴാക്കുന്നത്. മഴ പൊടിയാനും തുടങ്ങിയിരിക്കുന്നു.

സുമിത്ര മുറിവാതിൽ ചാരിയടച്ചശേഷം റിസപ്ഷനിലേക്ക് നടന്നു.

വാതിൽക്കലെത്തിയപ്പോൾ ശ്രദ്ധിച്ചു, നിമിഷങ്ങളെണ്ണുമ്പോലെ വാച്ചിലേക്ക് നോക്കിയിരിക്കുന്ന അനുവിന്റെ ഏട്ടന്റെ മുഖത്ത് അക്ഷമ. അനുവിന്റെ അതേ മുഖച്ഛായ. ഒരു വ്യത്യാസം മാത്രം അനുവിന്റെ മുഖത്തെപ്പോഴും ചിരിയാണെങ്കിൽ ഈ മുഖത്തൊരു ഗൗരവഭാവം.

അയാളിരിക്കുന്നതിന്റെ എതിർവശത്തുള്ള സോഫയുടെ പിറകിൽ നിന്ന് കൊണ്ട് അവൾ മന്ത്രിച്ചു. 'ഗുഡ് ഇവ്നിങ്ങ്'

അയാൾ പെട്ടെന്ന് ശിരസ്സുയർത്തി 'ഗുഡ് ഇവ്നിങ്ങ്' അപരിചിതത്വത്തിന്റെ അകൽച്ച വ്യക്തമാക്കുന്ന മുഖഭാവം.

'ഞാൻ അനുവിന്റെ റൂമേറ്റാണ് സുമിത്ര'

'ഓ, അപ്പോൾ ആ ഫോട്ടോയിൽ... അനുവിന്റെ കൂടെ'.....

അയാൾ എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാതെ സുമിത്ര ചോദിച്ചു. എന്താ?

'ഒന്നുമില്ല... അനു എവിടെ.....'

'അനു ഇന്ന് രാവിലെ വീട്ടിലേക്ക് പോയല്ലോ'

'ഞാനിന്ന് അവളെ കാണാൻ വരുമെന്ന് ഞാൻ വിളിച്ച് പറഞ്ഞതാണല്ലോ അപ്പോൾ അവളിവിടെ ഉണ്ടാകുമെന്നും പറഞ്ഞു. എന്നിട്ടുമിങ്ങനെ പെട്ടെന്ന് വീട്ടിൽ പോകാൻ...

അവൾക്ക് അസുഖമെന്തെങ്കിലും.....?' അയാളുടെ മുഖം ആശങ്കാകുലമായി

'ഹേയ്, അസുഖമൊന്നുമില്ല.'

'പിന്നെയിങ്ങനെ...'

അതാണല്ലൊ തനിക്കും അറിയാത്തത് എന്ന് ചിന്തിച്ചു കൊണ്ട് സുമിത്ര മൗനം പാലിച്ചു.

വൺ സെക്കന്റ് മൊബൈലിൽ വിരൽ ചലിപ്പിച്ചുകൊണ്ടയാൾ പറഞ്ഞു.

പിന്നെ നിരാശയോടെ ഇങ്ങനെയും അനുവിന്റെ ഫോൺ സ്വിച്ച്ഡോഫ്

മൂകമായ നിമിഷങ്ങൾ കടന്നു പോയി. പുറത്ത് ചാറിനിന്ന മഴ കൂടുതൽ ശക്തമായി.

കാറ്റിൽ മഴയുടെ ചെറുകണങ്ങൾ അകത്തേക്ക് പാറിവീണു. ഈ മഴയത്തെങ്ങനെ പുറത്തിറങ്ങും. ക്ഷേത്രത്തിലേക്കിന്ന് പോകാൻ കഴിയുമെന്ന് തോന്നുന്നില്ല. സുമിത്ര നിരാശയോടെ പുറത്തേക്ക് നോക്കിനിന്നു.

അവളെന്ന് തിരിച്ചെത്തുമെന്നാണ് പറഞ്ഞത്

നാളെ രാവിലെ

ശരി, അവളോട് ഞാൻ വന്നിരുന്നെന്ന് പറഞ്ഞേക്കൂ. ഞാനും വിളിക്കുന്നുണ്ട്. അയാൾ പോകാനായി എഴുന്നേറ്റു.

പുറത്ത് മഴയുടെ താളം കൂടുതൽ മുറുകിയിരിക്കുന്നു. സുമിത്ര ശ്രദ്ധിച്ചു കാർ പാർക്കുചെയ്തിരിക്കുന്നത് ഹോസ്റ്റലിന്റെ ഗേറ്റിന് പുറത്താണ്.

അനുവിന്റെ ഏട്ടൻ പുറത്തേക്കുള്ള വാതിലിനടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു കയ്യിൽ കുടയില്ല

ഈ മഴയത്തെങ്ങനെ പോകും, നിൽക്കൂ ഞാനിപ്പോൾ കുടകൊണ്ടുവരാം. സുമിത്ര അറിയാതെ അവളുടെ ചുണ്ടുകളിൽനിന്നും വാക്കുകൾ അടർന്നുവീണു.

എന്താ പറഞ്ഞത് ഈ മഴയത്ത് നിങ്ങൾ...ഞാനിപ്പോൾ കുട കൊണ്ടുവന്നുതരാം. മറുപടിക്ക് കാത്തു നിൽക്കാതെ സുമിത്ര മുറിയിലേക്ക് നടന്നു. കഴിയുന്നതും വേഗത്തിൽ കുടയുമായെത്തി.

ഞാനിത് വാച്ചുമാനെ ഏല്പിച്ചേക്കാം.......പോരെ അയാളുടെ മുഖത്തപ്പോൾ വിടർന്ന പുഞ്ചിരി സുമിത്രയെ അത്ഭുതപ്പെടുത്തി കവിളിലെ നുണക്കുഴിയുടെ തിരനോട്ടം അനുവിനെ ഓർമ്മിപ്പിക്കുകയും ചെയ്തു.മഴതോരാതെ നിന്നതുകൊണ്ട് സുമിത്രയുടേയും സ്നേഹിതയുടേയും ക്ഷേത്രത്തിൽ പോക്കും മുടങ്ങി.

പിറ്റേന്ന് ഞായറാഴ്ച വൈകുന്നേരമായപ്പോഴാണ് അനു തിരിച്ചെത്തിയത്.

അനുവിനെ കണ്ടയുടനെ സുമിത്ര അറിയിച്ചു. 'ഇന്നലെ നിന്റെ ചേട്ടൻ നിന്നെ കാണാൻ വന്നിരുന്നു. വരുന്നവിവരം നിന്നെ അറിയിച്ചിരുന്നു എന്നാണല്ലോ പറഞ്ഞത്. എന്നിട്ട് നീയെന്തിനാ മുങ്ങിക്കളഞ്ഞത?'

അനുവപ്പോൾ മറുപടിനൽകാതെ കുടുകുടെ ചിരിച്ചു.

'നീയക്കാര്യം മറന്നുപോയോ' സുമിത്ര ചോദിച്ചു

ഇല്ലല്ലോ അനു അപ്പോഴും നിർത്താതെ ചിരിച്ചു കുറുമ്പ് നുരകുത്തുന്ന കള്ളച്ചിരി.

സുമിത്രയുടെ ക്ഷമ നശിച്ചുതുടങ്ങിയിരുന്നു 'പിന്നെ... നിന്റെ ഏട്ടൻ നിന്നെ വിളിക്കാൻ നോക്കിയപ്പോൾ നിന്റെ ഫോൺ സ്വിച്ച്ഡോഫിലും....'

ഷോൾഡർബാഗിൽനിന്ന് സുമിത്രയുടെ കുടയെടുത്ത് അവൾക്ക് നീട്ടി അനു ഇതാ നിന്റെ കുട

'ഇത്...ഇതെങ്ങനെ...' സുമിത്രക്ക് അത്ഭുതമായി.

അതൊരു നീണ്ട കഥയാ മോളേ അനുവിനപ്പോഴും ചിരി.

ചോദിച്ചതിന് മറുപടി പറയെന്റെ അനൂ വെറുതെ കിടന്ന് ചിരിക്കാതെ

ശരി ഞാനിവിടെനിന്ന് കടന്നുകളഞ്ഞതേയ് ഏട്ടൻ നിന്നെ ശരിക്കൊന്ന് കണ്ടോട്ടെ എന്ന് കരുതിയാ

എന്നെയോ, എന്തിനാ എന്നെ കാണുന്നത് ? 'എനിക്കൊന്നും മനസ്സിലാകുന്നില്ല. ഒന്നു തെളിയിച്ചു പറയെന്റെ അനൂ' 'എന്നാൽ ശ്രദ്ധിച്ച് കേട്ടോ അനു അല്പം ഗൗരവം അഭിനയിച്ചുകൊണ്ട് തുടർന്നു ഞാൻ നിന്റെ കാര്യം കുറച്ചുതവണയായി ഏട്ടനോട് റെക്കമെന്റ് ചെയ്യുന്നു. ഏട്ടന് മാത്രം എന്തോ ഒരു മടി. കഴിഞ്ഞ വർഷം എസ്കർഷന് പോയപ്പോൾ നമ്മളൊരുമിച്ചെടുത്ത ഒരു ഫോട്ടോ കണ്ടതിന്റെ റിയാക്ഷൻ. നീ ഫാഷനബിൾ ആണെന്ന് മൂപ്പരങ്ങ് ധരിച്ചുവശായി'

'എന്തിനുള്ള റെക്കമെന്റേഷൻ?' എനിക്കൊന്നും മനസ്സിലാകുന്നില്ല സുമിത്ര പരിഭവിച്ചു.

'ഞാനൊന്നു പറഞ്ഞ് തീർക്കട്ടെ എന്റെ സുമീ. എന്തെല്ലാം പറഞ്ഞിട്ടും എട്ടന്റെ അഭിപ്രായം മാറുന്നില്ല.അങ്ങനെയങ്ങ് തോറ്റുകൊടുക്കില്ലെന്ന് ഈ ഞാനും നിന്റെ മനസ്സൊരു കൊച്ചുമാലാഖയയുടേതാണെന്ന് തെളിയിപ്പിച്ചേ അടങ്ങൂ എന്ന് എനിക്കും വാശി.'

'എന്തിനാ അനൂ...വെറുതെ'...

'വെറുതെയല്ലമോളേ, നിന്നെ എനിക്ക് അത്രക്കിഷ്ടമാ, എന്റെ അച്ഛനമ്മമാരുടെ ആഗ്രഹോം നീ അവരുടെ മരുമകളായി വരണമെന്നാ. നിന്റെ വീട്ടിലും എല്ലാവർക്കും ഈ ബന്ധം സമ്മതമാണ്.'

'ഇതൊന്നും ഞാനറിഞ്ഞില്ലല്ലോ'

എട്ടന്റെ സമ്മതോംകൂടി കിട്ടിയിട്ട് നിന്നോട് ചോദിക്കാമെന്നും കരുതിയിരിക്കുകയായിരുന്നു ഞങ്ങൾ. ഇന്നലെ ഏട്ടൻ ഇവിടെവന്ന് നിന്നെ കണ്ടില്ലേ നേരെ വീട്ടിലേക്കും വന്നു. എന്നോട് ഒരു സമസ്താപരാധവും പറഞ്ഞ് നിരുപാധികം കീഴടങ്ങുകയും ചെയ്തു. ഏട്ടന് നിന്നെ കെട്ടാൻ നൂറുവട്ടം സമ്മതമാണത്രെ

സുമിത്രയുടെ മുഖം പെട്ടെന്ന് അരുണാഭമായി.

'സുമീ, പറയ് നിനക്കെന്റെ ഏട്ടത്തിയമ്മയാകാൻ സമ്മതമല്ലേ.' അനു സുമിത്രയുടെ കുനിഞ്ഞുപോയ മുഖം പിടിച്ചുയർത്തിക്കൊണ്ട് ചോദിച്ചു. അവളുടെ ചുണ്ടുകളിൽ മെല്ലെ ഇതൾവിരിയാൻ തുടങ്ങിയ തൂമന്ദഹാസം അനുവിന്റെ ചോദ്യത്തിനുള്ള മറുപടിയായിരുന്നു.


**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**95 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**
**ഈ അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com







**കവിത**

# രണ്ടു തീർത്ഥാടകർ

**പി. ഐ. ശങ്കരനാരായണൻ. ഫോൺ : 9388414034**



**മ**ണ്ണാങ്കട്ടയും കരിയിലയും
ചങ്ങാത്തം ബഹുചങ്ങാത്തം
ഒന്നിച്ചേയവർ പോകുള്ളു
എങ്ങും എന്നും ചങ്ങാത്തം
ഒരു നാളങ്ങനെ രണ്ടാളും
പലതും ചൊല്ലിയിരിക്കുമ്പോൾ
'കാശിയിലോളം പോയാലോ?'
മണ്ണാങ്കട്ടയൊന്നാശിച്ചു.

'അതിനെവിടുന്നാ കാശിപ്പോൾ?'
കരിയില വേഗം ചോദിച്ചു
'കാശില്ലെങ്കിലുമെന്താണ്;
നേരേയങ്ങു നടന്നൂടേ?
ദൂരക്കൂടുതലെന്നാലും
നാളുകൾ വൈകീട്ടായാലും
കാശിയിലെത്താം, നന്നായൊ
ന്നീശനെക്കൂപ്പാം ചങ്ങാതീ'
'എന്നാലങ്ങനെയാകട്ടെ'
യാത്ര തുടങ്ങീ രണ്ടാളും

വീടും നാടുമകന്നല്ലോ
കാടും മേടുമലഞ്ഞല്ലോ
മണ്ണാങ്കട്ടേം കരിയിലയും
വഴിയൊട്ടേറെത്താണ്ടീലോ

ക്ഷീണിതരായി രണ്ടാളും
ആലിൻ ചോട്ടിലിരിക്കുമ്പോൾ
മേലെയിരുന്നു ധ്യാനിക്കും
ആലിലയെന്തോ മന്ത്രിച്ചു.
'കാറ്റു വരുന്നൂ ചങ്ങാതീ'
കരിയില വിറയാർന്നോതുന്നു
'പേടിക്കേണ്ടാ ഞാനില്ലേ ?'
മണ്ണാങ്കട്ടയടുത്തെത്തി
കരിയില തന്നുടെ ദേഹത്തിൽ
കയറിയിരുന്നു കനമായി
കാറ്റു കടന്നു കഴിഞ്ഞപ്പോൾ
യാത്ര തുടർന്നു രണ്ടാളും
ഉണ്ടായില്ല വിശേഷങ്ങൾ
അന്നെന്നാലും, പിറ്റേന്നാൾ
മേഘക്കീറുകൾ വാലത്തിൽ
വന്നു കമിഞ്ഞതു കാണായി
അതു കണ്ടയ്യോ കരൾ പൊട്ടി
മണ്ണാങ്കട്ട കരഞ്ഞേപോയ്
കരിയില ചൊല്ലി; 'കരയണ്ടാ;
ഞാനിവിടില്ലേ ചങ്ങാതി'
മൺകട്ടയ്ക്കൊരു മേല്പുരപോൽ
കരിയില നിന്നു, മഴപോയി.

ആപത്തൊക്കെയൊഴിഞ്ഞെന്നും
കാശിക്കെത്താമുടനെന്നും
ഓർത്തവർ പിന്നെസ്സാമോദം
യാത്ര തുടർന്നു മൂന്നാം നാൾ
പെട്ടെന്നല്ലോ ആകാശം
ഞെട്ടിവിറച്ചൂ ഇടിവെട്ടിൽ
ചുഴലിക്കാറ്റും പെരുമഴയും
ഒരുമിച്ചെത്തി; ഒരു വാക്കും
ഉരിയാടാനിടയാകാതെ
കരിയിലയെങ്ങോ പാറിപ്പോയ്
മണ്ണാങ്കട്ട കുതിർന്നും പോയ്!

ഗാന്ധിസൂക്തം

# സത്യത്തിന്റെ സ്വരം



സഹകരണത്തിന്റെ സാങ്കേതിക പശ്ചാത്തലത്തെക്കുറിച്ച് എനിക്കു വലിയ പിടിപാടൊന്നുമില്ല. എന്റെ സഹോദരൻ ദേവധറിന് ഈ വിഷയത്തിൽ പ്രത്യേക അഭിരുചിയുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെല്ലാം സ്വാഭാവികമായി എന്നെ ആകർഷിക്കുന്നു. മി. യു. ബാങ്ക് സഹകരണ പ്രസ്ഥാനത്തെ സംബന്ധിക്കുന്ന ചില രചനകൾ എനിക്കു നല്കി. ചമ്പാരനിലെ സഹകരണ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കാനുള്ള അവസരമുണ്ടായി. മി.യു ബാങ്കും ബീഹാറിലെ മി. കോളിൻസും പല സഹകരണ നിയമങ്ങളേയും പറ്റി പ്രതിപാദിക്കുകയുണ്ടായി. അതുപോലെ മി. ഹോഡ്ജിന്റെ നിശബ്ദ പ്രവർത്തനങ്ങളും ഞാൻ നിരീക്ഷിച്ചു ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമായി. വ്യക്തികളുടെ ഉദ്ദേശ്യവും പ്രവർത്തനവും നന്നെങ്കിൽ സഹകരണ പ്രസ്ഥാനവും വിജയിക്കും.

ആവേശം ഒട്ടും കുറവല്ലെങ്കിലും ഇരുപത്തിയഞ്ചുവർഷത്തെ നീണ്ട പരിചയവും പരീക്ഷണങ്ങളും എപ്പോഴും കരുതലോടെയും തരാതരവിചിന്തനത്തോടെയും പ്രവർത്തിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു പ്രവർത്തകർ സ്വാഭാവികമായും ഒരു ഉദ്ദേശ്യത്തോടെ എന്നാൽ അബോധപൂർവ്വമായും അതിന്റെ നേട്ടങ്ങളെ പർവ്വതീകരിക്കും. കോട്ടങ്ങളെ വെള്ളപൂശിയും കാട്ടും. എന്തായാലും അഹമ്മദാബാദിൽ ഞാൻ നടത്തുന്ന കൊച്ചു സ്ഥാപനമാണ് ലോകത്തിലെ ഏറ്റവും നല്ലത് എന്നു ഞാൻ കരുതുന്നു. ആത്മാവില്ലാത്ത ആത്മശക്തിയാണതെന്നും കടുത്ത അച്ചടക്കം അതിനെ യാന്ത്രികമാക്കിയെന്നും വിമർശകർ പറയുന്നുണ്ട്. ഞങ്ങൾ രണ്ടു പേർക്കും – അതായത് വിമർശകനും എനിക്കും – തെറ്റുപറ്റിയിരിക്കുന്നു. അതൊരു ചെറിയ സ്ഥാപനമാണ് രാഷ്ട്ര ചേതനയ്ക്കനുസൃതമായി പുരുഷന്മാർക്കും സ്ത്രീകൾക്കും അവരുടെ വ്യക്തിത്വം വികാസത്തിന് അവസരം നൽകുവാനുള്ള ഒരു സ്വതന്ത്ര അന്തരീക്ഷം പ്രദാനം ചെയ്യാനുള്ളരെളിയ ശ്രമമാണവിടെ നടക്കുന്നത്. അതിനെ നിയന്ത്രിക്കുന്നവർ ജാഗ്രത പുലർത്തിയില്ലെങ്കിൽ സ്വഭാവത്തിന്റെ അടിസ്ഥാനമായ ആ അച്ചടക്ക ലക്ഷ്യത്തെ ഉലച്ചേക്കാം അതിനാൽ സഹകരണ പ്രസ്ഥാനത്തിനു വേണ്ടി ഉത്സാഹിക്കുന്നവരോട് തെറ്റായ പ്രതീക്ഷകൾ വെച്ചു പുലർത്തരുതെന്ന് ഞാൻ പറയുന്നു...........

ലോകത്തിലെ ധനശക്തിയായിക്കൊണ്ടിരിക്കുന്ന ക്രഡിറ്റു വ്യവസ്ഥ പരസ്പര വിശ്വാസത്തിന്റെ പര്യായപദമല്ല. അതിനു സാന്മാർഗ്ഗിക അടിസ്ഥാനവുമില്ല. ദക്ഷിണാഫ്രിക്കൻ ബാങ്കുകളുമായി ഇടപാടുള്ള നൂറുകണക്കിനാളുകളുമായുള്ള ഇരുപതുവർഷത്തെ പരിചയത്തിന്റെ ഫലമായി കേട്ട കാര്യങ്ങൾ എന്റെ മനസ്സിൽ ഉറച്ചു കിടക്കുന്നു. അതായത് നിങ്ങളെത്രമാത്രം തെമ്മാടിയാണോ അത്രയേറെ ബാങ്കു ക്രഡിറ്റു സൗകര്യം നിങ്ങൾക്കുണ്ടാകും എന്നാണ്. ഓവർ ഡ്രാഫ്റ്റ്കാര്യങ്ങളിലും പ്രോമിസറി നോട്ടിലുമൊക്കെ കൃത്യനിഷ്ഠ പാലിക്കുന്നവനാണോ എന്നേ ബാങ്കുകൾ നോക്കാറുള്ളു. അവന്റെ സദാചാരനിഷ്ഠയെക്കുറിച്ച് അവർ നോക്കാറില്ല. ക്രഡിറ്റ് വ്യവസ്ഥ ഈ മനോഹരഭൂഗോളത്തെ ചുറ്റി കിടക്കുന്ന ഒരു പാമ്പാണ്. ഇനിയും നാം അത് അറിഞ്ഞില്ലെങ്കിൽ അതു നമ്മെ വരിഞ്ഞു ശ്വാസം മുട്ടിക്കും. ഈ സമ്പ്രദായത്തിൽ കൂടി തകർന്നടിഞ്ഞ അനേകം കുടുംബങ്ങളെ എനിക്കറിയാം സഹകരണത്തിന്റെയോ അഥവാ മറ്റേതെങ്കിലും പേരിലൂടെയോ എന്നതു കൊണ്ട് സംഗതിക്കു വ്യത്യാസമില്ല. ഈ ചുറ്റിലകപ്പെട്ട് യുറോപ്പ് നട്ടം തിരിയുന്നത് നിസ്സഹായരായി നാം കണ്ടു നില്ക്കുകയാണ്. പണക്കൊഴുപ്പിന് എവിടേയും അന്ത്യജയം എന്നത് ഇന്നത്തെപ്പോലെ ശരിയായി കാണുന്ന മറ്റൊരു കാലവും ഉണ്ടായിട്ടില്ല. മതാനുഷ്ഠാനത്തോടു കൂടിയ ആളുകൾ നേതൃത്വം നൽകുന്ന ഒരു ധാർമ്മിക മുന്നേറ്റമായാൽ മാത്രമേ ഭാരതത്തിന്റെ സഹകരണ പ്രസ്ഥാനം ഒരനുഗ്രഹമാവൂ എന്നതു സ്ഥാപിക്കുവാനാണ് ക്രഡിറ്റ് വ്യവസ്ഥതിയിലുള്ള ഇന്നത്തെ വിശ്വാസത്തെപ്പറ്റി ഞാൻ ഇത്രയേറേ പറഞ്ഞത്. ദാരിദ്യത്തിൽ നിന്നും പണം പലിശക്കു കൊടുക്കുന്നവരുടെ പിടിയിൽ നിന്നും ജനത്തെ രക്ഷിക്കണമെങ്കിൽ ധാർമ്മികമായി ശരിയായി ചരിക്കണമെന്നു ആഗ്രഹിക്കുന്നവരുടെ കയ്യിൽ മാത്രം സഹകരണ പ്രസ്ഥാനം ഒതുങ്ങണം. ഉദാരമായ നിരക്കിൽ വായ്പ്പ കിട്ടാനുള്ള സൗകര്യം അസന്മാർഗ്ഗികളെ സന്മാർഗ്ഗികളാക്കുന്നില്ല. നന്മക്കു വേണ്ടി യാതനയനുഭവിക്കുന്നവരെ പുരോഗതിയിലേക്കുയരുവാൻ സഹായിക്കാനാണ് കാരുണ്യ പ്രവർത്തകന്റെ വിവേകം ആവശ്യപ്പെടുന്നത്.

സാമ്പത്തിക പുരോഗതിയെന്നാൽ സന്മാർഗ്ഗിക പുരോഗതിയും കൂടിയാണെന്ന് നാം പലപ്പോഴും കരുതുന്നു. ഇൻഡ്യയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു നിദാനമായിരിക്കേണ്ട സ്ഥാപനങ്ങൾ ഉദാരപ്പലിശക്കു വായ്പ നല്കുന്ന സ്ഥലം മാത്രമായി അധ:പ്പതിക്കരുത്.

സഹകരണ സംഘങ്ങളുടെ എണ്ണത്തിലല്ല, സഹകാരികളുടെ സാന്മാർഗ്ഗിക നിലവാരത്തിലാണ് സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച കണക്കാക്കേണ്ടത്. എണ്ണം കൂട്ടുന്നതിനു മുമ്പുള്ള അംഗങ്ങൾക്ക് നന്മചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് കാലാകാലം പരിശോധിക്കണം. പണം ഏതു രീതിയിൽ വിനിയോഗിക്കുന്നു എന്നറിയണം. ഉദാരപ്പലിശക്കു വായ്പ വാങ്ങി കള്ളുഷാപ്പിലും മുച്ചീട്ടുകളി കേന്ദ്രങ്ങളിലും അതു ചെലവഴിക്കപേടാതെ നോക്കണം. ചൂതാട്ട പ്രവണതയും മദ്യവും പാവപ്പെട്ട ജനങ്ങളുടെ ഇടയിൽ നിന്നും വേരോടെ പിഴുതെറിയപ്പെട്ടാൽ സഹകരണ സംഘങ്ങളുടെ മഹത്തായ ഒരു നേട്ടമാവും അത്.

സഹകരണ പ്രസ്ഥാനം പ്രാദേശിക വ്യവസായങ്ങളുടെ കാര്യം കൂടി പരിഗണിക്കുന്നുണ്ടെന്നത് ഞാൻ മനസ്സിലാക്കുന്നു. തുണിനെയ്ത്തു കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഞാൻ നടത്തുന്ന എളിയ ശ്രമങ്ങൾക്ക് സഹായം നൽകിയ സർക്കാർ മനസ്ഥിതിടോട് ഞാൻ നന്ദി പറയട്ടെ. ഈ മേഖലയിൽ വളരെയധികം പ്രവർത്തന സാധ്യതകളുണ്ട്. കൈത്തറി വ്യവസായം ഇന്ന് പ്രതിസന്ധിയിലാണെന്ന കാര്യം ഏതൊരു രാജ്യസ്നേഹിക്കും അറിയാവുന്നതാണ്. ഗ്രാമ സമ്പത്‌വ്യവസ്ഥയുടെ ഏറ്റവും പ്രധാന ഘടകമാണത്. ഡോ: മാൻ പ്രസ്ഥാവിച്ചതു പോലെ കൃഷി ചെയ്യുന്ന ഗ്രാമീണരുടെ മറ്റൊരു വരുമാനമാർഗ്ഗമാണത്. ക്ഷാമത്തിനെതിരെയുള്ള സുരക്ഷയും അതുതന്നെയാണ്.സഹകരണ പ്രസ്ഥാനത്തിലൂടെ ഈ മേഖലക്ക് പുതുജീവൻ നൽകാൻ കഴിയേണ്ടതാണ്. പുരാതനമായ ഉപകരണങ്ങൾക്ക് ചെറിയ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട്. വിദ്യാഭ്യാസം നേടിയ യുവാക്കൾ സർക്കാർ ജോലിക്കും മറ്റുമായി നഗരങ്ങളിലേക്ക് പോവുന്നതിനാൽ അവരുടെ സേവനം ഈ മേഖലക്ക് ലഭിക്കുന്നില്ല. വിദ്യാഭ്യാസം ലഭിച്ചവരും ഈ രംഗത്ത് തുടരണം. ഡോക്ടറുടേയോ വക്കീലിന്റേയോ ജോലിപോലെ നെയ്ത്തുകാരന്റെ തൊഴിലും മാന്യമായി കാണുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാവണം. അതുപോലെ വിദേശത്തുണിത്തരങ്ങളുമായുള്ള മൽസരം മൂലം കൈത്തറി മേഖല ഉപേക്ഷിച്ച് പോയവരെ തിരികെ കൊണ്ടു വരികയും ചെയ്യണം. അത്തരത്തിലുള്ള അഞ്ചു കുടുംബങ്ങളെ അവരുടെ പാരമ്പര്യത്തൊഴിലിലേക്ക് തിരികെ കൊണ്ടു വന്നത് ഈ അടുത്ത കാലത്താണ്. ഇന്ന് അവർ നന്നായി കഴിയുന്നു. അവർക്കു വേണ്ട അസംസ്കൃതവസ്തുക്കൾ നൽകുന്നതും പിന്നീട് നെയ്ത വസ്ത്രങ്ങൾ വിപണിയിലെ വിലക്ക് വാങ്ങുന്നതും ആശ്രമം തന്നെയാണ്. നൂലു വാങ്ങാനും മറ്റുമായി നൽകിയ തുകയ്ക്ക് പലിശ ഈടാക്കുന്നതേയില്ല. ഇതുവരെ നഷ്ടമൊന്നും ഉണ്ടായിട്ടില്ല. വസ്ത്രങ്ങൾ വിറ്റഴിക്കാനും ബുദ്ധിമുട്ടുന്നില്ല അതിനാൽ പലിശ ഇനത്തിലുള്ള നഷ്ടം ഒരു പ്രശ്നമേയല്ല. കുടുംബങ്ങളെ ഒന്നാക്കാൻ കഴിഞ്ഞതും അവരുടെ ജീവിതത്തിൽ ധാർമ്മികതയുടെ വെളിച്ചം പകരാൻ സാധിച്ചതുമാണ് കാര്യം. ഇടനിലക്കാരായ ആളുകൾ സ്വയം സേവകരായതിനാൽ പ്രതിഫലത്തിനു വേണ്ടിയല്ല അവരീ കൃത്യം ചെയ്യുന്നത്. നാം ഉയരാതെ നമുക്കു മറ്റുള്ളവരെ ഉയർത്താൻ സാധിക്കില്ല ഇനി ആ കുടുംബങ്ങളിലെ വിദ്യാഭ്യാസത്തിനുള്ള വ്യവസ്ഥ കൂടി ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഈശ്വരാനുഗ്രഹം പോലെ അതും സാധിക്കാവുന്നതേയുള്ളു.സഹകരണമേഖലയിൽ എനിക്കുണ്ടായ അനുഭവം നിങ്ങളുടെ അറിവിനായി പറയുകയാണ് ഞാൻ ചെയ്തത്. നമുക്ക് നേടാനുള്ളത് എന്തെന്ന് ആദ്യം ഉറപ്പിക്കുക. പിന്നീട് നിരന്തരമായി ശ്രമിക്കുക. പിന്നീട് റസ്കിൻ മുന്നറിയിപ്പു നല്കിയ തരത്തിലുള്ള തെമ്മാടികളുടെ സഹകരണം എന്ന നില വരുമെന്ന ഭീതിയേ വേണ്ട.

ജനങ്ങളെ സഹകരണപ്രസ്ഥാനങ്ങളിലേക്ക് നേരിട്ടു കൊണ്ടുവരാൻ കുറച്ച് ബുദ്ധിമുട്ടുണ്ടാവും എന്നതു മറ്റൊരു കാര്യം നേരിട്ടുള്ളതും ഇടുങ്ങിയ

തുമായ മാർഗ്ഗത്തിലൂടെ ചരിക്കുക ബുദ്ധിമുട്ടാണ്. ഗോരക്ഷമാർഗ്ഗത്തിലേക്കുള്ള ഓരോ പടിയും മുള്ളു നിറഞ്ഞതാണ്. പക്ഷെ വിഷമങ്ങളെ അതിജീവിച്ചേ പാത സുഗമമാക്കാൻ പറ്റു. കൂട്ടായ കാലി വളർത്തലിന്റെ മെച്ചം ബോധ്യപ്പെടുത്തുക എന്നതാണ്. എന്റെ ഇപ്പോഴത്തെ ഉദ്ദേശ്യം ഇക്കാര്യത്തിൽ ഒറ്റക്കുള്ള ശ്രമം ശരിയല്ലെന്നും കൂട്ടായ്മ വേണമെന്നും ഞാൻ കരുതുന്നു. സത്യത്തിൽ കൂട്ടായ്മയിലൂടെ മാത്രമേ വ്യക്തി സ്വാതന്ത്രിയം നിലനിർത്താനാവൂ കാലിവളർത്തൽ ഒറ്റക്കു നടത്തുമ്പോൾ അത് സ്വാർത്ഥതയ്ക്കും മനുഷ്യത്വരാഹിത്യത്തിനും വഴിതെളിച്ചേക്കാം. എന്നാൽ സഹകരണ പ്രസ്ഥാനത്തിലൂടെ ആ രണ്ടു തിന്മകളും വളരെയേറെ ലഘുകരിക്കുവാൻ കഴിയുന്നു.

ഹരിജൻ, 15-2-1942, പുറം 39

കർഷകർക്കു അവരുടെ ഭൂമി സമാഹരിച്ചു കൃഷി ചെയ്യുകയും ഭൂമി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ധാന്യം വീതിക്കുകയും ചെയ്യേണ്ടതുണ്ടോ ?

സഹകരണാടിസ്ഥാനത്തിൽ ഉടമസ്ഥർ ഭൂമി കയ്യാളുകയും പണികൾ നടത്തുകയും ചെയ്യണമെന്ന പക്ഷമാണെനിക്ക് മൂലധനം പണിയായുധങ്ങൾ അദ്ധ്വാനം ഇവയിൽ വളരെയേറെ ചെലവു ചുരുക്കാൻ അതുമൂലം കഴിയുന്നതാണ്. എന്റെ സങ്കൽപ്പത്തിലുള്ള സഹകരണ കൂട്ടുകൃഷി ഈ നാടിന്റെ മുഖഛായ തന്നെ മാറ്റും. പട്ടിണിയും തൊഴിലില്ലായ്മയും ദൂരീകരിക്കും. ജനങ്ങൾ സൗഹൃദത്തോടെ കുടുംബാംഗങ്ങളെപോലെ കഴിഞ്ഞാലേ ഇതു സാധ്യമാകു. ആഹ്ലാദകരമായ ആ അവസ്ഥയിൽ വർഗ്ഗീയ പ്രശ്നങ്ങൽ നമ്മുടെയിടയിൽ വൃത്തികെട്ട വൃണം പരത്തുകയില്ല.

ഹരിജൻ, 9-3-1947, പുറം 59

സഹകരണ സമ്പ്രദായം കൃഷിക്കാർക്ക് അവശ്യം ആവശ്യമാണ് ഭുമി രാഷ്ട്രത്തിന്റെതാണ്. ഒത്തൊരുമയോടെ പണി ചെയ്താലേ ഏറ്റവും മെച്ചപ്പെട്ട ഉത്പാദനമുണ്ടാവൂ.

ഹരിജൻ, 9-3-1947, പുറം 59

## 2021 മാർച്ച് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ. മോഹൻ**
L/ 1559, തത്തംപ്പിള്ളിൽ ഹൗസ്
വാരിയം റോഡ്
എറണാകുളം - 682016



**അമ്മുക്കുട്ടി അമ്മ മുല്ലോത്ത്**
L/ 0184, സംഗീത്
66 DE, കോസ്റ്റ റോഡ്
കൂക്ക് ടൗൺ, ബാംഗ്ലൂർ




**സുകുമാരൻ**
L/1171, ഗീത ഭവൻ, PRA65
സി. പി. ഉമ്മർ റോഡ്, പുല്ലേപ്പടി
കൊച്ചി - 682035



**സുഭദ്രാമ്മ**
L/1528, കിഴക്കേ തോട്ടക്കാട്ട്
തോട്ടക്കാട്ട് റോഡ്
എറണാകുളം - 682011



**സി. വേണുനാഥ്**
L/2426, കലിങ്ക അപ്പാർട്ട്മെന്റ്
ചെറുപറമ്പത്ത് റോഡ്
കടവന്ത്ര, കൊച്ചി - 682020



**എ. എൻ. എസ്. പൊതുവാൾ**
L/0864, നമ്പർ. 29, 1st ഫ്ളോർ
ഗിരിനഗർ
എറണാകുളം - 682020



1196 മേടം 2 - ഇടവം 1

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2021 ഏപ്രിൽ15 മുതൽ മെയ് 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**ഃ ശിരോരോഗം, നേത്രരോഗം എന്നിവ അലട്ടും. പലരോടും നിർദയത്വം തോന്നും. സംഘർഷഭരിതമായ മാനസികാവസ്ഥ, സഹോദരസ്ഥാനികരിൽ നിന്നും സഹായികളിൽ നിന്നും അയൽ പക്കക്കാരിൽ നിന്നും പ്രതികൂലമായ അനുഭവങ്ങൾ എന്നീ വിഷയങ്ങൾ അനുഭവപ്പെടും. ധനലാഭം വസ്ത്രാദി അലങ്കാര വസ്തുക്കളുടെ ലഭ്യത, കർമ്മ കുശലത എന്നീ ഗുണഫലങ്ങളും അനുഭവത്തിൽ വരും. ശിവപ്രീതി വരുത്തുകയും ശിവക്ഷേത്ര ദർശനം നടത്തുകയും വേണം.




**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)**ഃ ധനപരമായും കുടുംബബന്ധത്തിൽ ധനപരമായ കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസങ്ങളും ക്രമരഹിതമായ ധനവ്യയവും ഉണ്ടാകും. തൊഴിൽപരമായും മറ്റു പല വിധത്തിലും ചില ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. വാക്ക് നിമിത്തം ചില ദോഷങ്ങൾ വന്ന് ഭവിക്കുവാൻ സാധ്യത ഉള്ളതിനാൽ തർക്കങ്ങളിൽ നിന്നും മധ്യസ്ഥശ്രമങ്ങളിൽ നിന്നും വിട്ടു നിൽക്കണം. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. ശിവന് ധാര, പിൻവിളക്ക്, നവഗ്രഹക്ഷേത്രത്തിൽ ശനിഗ്രഹ പൂജ എന്നിവ നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര,പുണർതം 3/4)**ഃ ശിരോരോഗം, അലർജി സംബന്ധമായ പ്രശ്നങ്ങൾ ദാമ്പത്യബന്ധത്തിൽ അനാവശ്യമത്സരങ്ങളും കലഹങ്ങളും നിമിത്തം കുടുംബത്തിൽ അസ്വസ്ഥത, കാര്യവിഘ്നം, തൊഴിൽ സ്ഥലത്ത് വാക്കു മുഖാന്തരം കലഹം, തൊഴിൽ വിടാനുള്ള ചിന്ത എന്നീ ഗുണകരമല്ലാത്ത അനുഭവങ്ങൾ നേരിടേണ്ടി വരും. വീട് വാഹനം എന്നിവക്കായി ധനം ചിലവഴിക്കേണ്ടി വരും. സർക്കാർ സഹായം ലഭ്യമാകും. വ്യാഴം പ്രതികൂലമായതിനാൽ വിഷ്ണു സഹസ്രനാമജപവും ക്ഷേത്രദർശ്ശനവും നടത്തുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**ഃ കർമ്മനിഷ്ട ശൗര്യം ഭൃത്യ പുഷ്ടി അർത്ഥലാഭം വിദ്യാഗുണം, ഭാഗ്യം കളത്രസുഖം, സന്താനസുഖം സന്താനങ്ങൽക്ക് അഭിവൃദ്ധി അവരുടെ വിവാഹ വിഷയങ്ങളിൽ അനുകൂല സാഹചര്യങ്ങൾ ഉണ്ടാവുക തുടങ്ങിയ ഗുണങ്ങൾക്കൊപ്പം, ഉദരം, നേത്രം, പാദം എന്നീ അവയവങ്ങൾക്ക് രോഗത്തിന് സാധ്യതയും കൂടി ഉണ്ടാകാം. ആയതിനാൽ ശിവപ്രീതിയും സർപ്പപ്രീതിയും വരുത്തുന്നത് നല്ലതാണ്.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )**ഃ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുക, ബന്ധുഗുണം കുറയുക, സന്താനങ്ങൾ നിമിത്തം മനപ്രയാസം ചിലവ് വർദ്ധിക്കുക ഗുരുക്കന്മാരുടെയും പിതൃതുല്യരുടെയും ദേഷ്യത്തിന് ഇട വരുക സർക്കാരിൽ നിന്നും മേലാധികാരികളിൽ നിന്നും ഗുണകരമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകുക എന്നീ ദേഷാനുഭവങ്ങൾക്കൊപ്പം, പ്രതാപം, കർമ്മവൈഭവം, ശത്രുജയം എന്നീ ഗുണഫലങ്ങൾ കൂടി ഉണ്ടാകും. ദോഷപരിഹാരത്തിനായി ഗണപതി ക്ഷേത്ര ദർശ്ശനം, സർപ്പപ്രീതി വരുത്തുക എന്നിവ അനുഷ്ഠിക്കണം.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**ഃ സജ്ജന സമ്പർക്കം, ദേഹസുഖം, ധനലാഭം ബുദ്ധിക്ക് മികവ് വിദ്യാർത്ഥികൾക്ക് പഠനത്തിൽ മികവ് പുലർത്താൻ സാധിക്കുക. വിവാഹിതർക്ക് ദാമ്പത്യ സുഖവും, വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂലസാഹചര്യം ഉണ്ടാകുക. സന്താനങ്ങളെ കുറിച്ച് മനസംഘർഷങ്ങൾ ഉണ്ടാക്കുക, നേത്രരോഗത്തിന് സാധ്യ, മുട്ടിന് വേദന, ത്വക്ക് രോഗ സംബന്ധമായ പ്രശ്നങ്ങൾ എന്നീ ദോഷ ഫലങ്ങളും ഈ മാസം അനുഭവത്തിൽ വരും. ശിവക്ഷേത്ര ദർശ്ശനം നട്ത്തുകയും പഞ്ചാക്ഷരി ജപം നടത്തുകയും ചെയ്യുക.




**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)**ഃ ധനലാഭം, വസ്തുലാഭം, വാഹനസുഖം എന്നീ ഗുണങ്ങൾ പ്രതീക്ഷിക്കാം. സ്ത്രീ മുലം കലഹവും മാനഹാനിക്ക് സാധ്യതയും ഉള്ളതിനാൽ സ്ത്രീകളുമായുള്ള ഇടപെടൽ കരുതലോടെ വേണം. മനസംഘർഷം കൂടും. സന്താനങ്ങൾ അലസത കാട്ടും. ആരോഗ്യപരമായി ചില പ്രശ്നങ്ങൾ ഉണ്ടാകും. ശ്വാസംമുട്ടൽ, നെഞ്ച് സംബന്ധമായ അസ്വസ്ഥതകൾ എന്നിവ അനുഭവപ്പെടാം. ബന്ധു ഗുണം കുറയും. സുഹൃത്തുക്കളുമായി കലഹിക്കും. ദോഷപരിഹാരമായി 108 വീതം പഞ്ചാക്ഷരി ജപം നടത്തുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)**ഃ ദേഹബലം ഉന്മേഷം, സ്ഥാനലാഭം, അർത്ഥലാഭം കാര്യവിജയം സർക്കാരിൽ നിന്നും വീട് നിർമ്മാണത്തിന് സഹായം പ്രതീക്ഷിക്കുന്നവർക്ക് അനുകൂല തീരുമാനം ഉണ്ടാകും. സഹോദരഗുണം ലഭിക്കും. സ്ത്രീ സുഖം , സ്ത്രീകൾ നിമിത്തം ധനലാഭം എന്നീ ഗുണങ്ങളും സ്ത്രീകൾ നിമിത്തം കലഹം വിട്ട് കാര്യങ്ങളിൽ അലസത എന്നീ ദോഷങ്ങളും അനുഭവപ്പെടും. വൈഷ്ണവ ക്ഷേത്ര ദർശ്ശനം നടത്തുകയും മന്ത്രജപം നടത്തുകയും ചെയ്യുക.




**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)**ഃ ധനം വിദ്യ വാക്ക് ഇവ മൂലം സമ്മിശ്രഫലമായിരിക്കും അനുഭവപ്പെടുക. വാക്ക് കൊണ്ട് ഗുണവും ദോഷവും ഉണ്ടാകും. ധനനേട്ടങ്ങൾ ഉണ്ടാകുന്നതോടൊപ്പം ധനസംബന്ധമായ കലഹങ്ങൾക്കും സാധ്യതയുണ്ട്. പല പ്രവൃത്തികളും തുടർന്ന് കൊണ്ടുപോകാനും നിർത്താനും പറ്റാത്ത മാനസികാവസ്ഥ സമ്മർദ്ധത്തിന് കാരണമാകും. വേണ്ട സമയത്ത് ബുദ്ധിക്ക് കൂർമ്മത നഷ്ടമാകും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും നടത്തുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**ഃ യാത്രകൾ ചെയ്യേണ്ടി വരും. ശിരോരോഗം അനുഭവപ്പെടും. സാമ്പത്തികമായി പ്രയാസങ്ങൾ നേരിടും. കിട്ടാനുള്ളത് കിട്ടാൻ വൈകുകയും കൊടുക്കുവാനുള്ളത് കൃത്യമായി കൊടുക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യും. വിദ്യാർത്ഥികൾക്ക് പഠിത്തത്തിൽ മന്ദത ഉണ്ടാകും. നിയമ പരമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് തൻ നിമിത്തം കുടുംബത്തിൽ കലഹത്തിന് ഇടവരും. സർപ്പപ്രീതി വരുത്തുകയും സർപ്പക്ഷേത്ര ദർശ്ശനം നടത്തുകയും പഞ്ചാക്ഷരിജപിക്കുകയും ചെയ്യുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)**ഃ വിദ്യാർത്ഥികൾക്ക് അലസത തോന്നുമെങ്കിലും പരിശ്രമിച്ചാൽ നല്ല ഫലം കിട്ടാൻ അനുകൂലമായ കാലമാണ്. വീട് നിർമ്മിക്കാനോ പുതുക്കി പണിയാനോ, വാഹനം വാങ്ങിക്കുവാനോ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. പല കാര്യങ്ങൾക്കും തീരുമാനമെടുക്കുവാൻ പ്രയാസപ്പെടും. സഹായികൾ സഹോദരസ്ഥാനിയർ എന്നിവർ മൂലം പ്രതിസന്ധികൾ നേരിടും. ശിവക്ഷേത്ര ദർശ്ശനവും പഞ്ചാക്ഷരി ജപവും ചെയ്യുന്നത് നല്ലതാണ്.



**മീനക്കൂറ് (പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)**ഃ സർക്കാരിൽ നിന്നും സഹായികളിൽ നിന്നും സഹോദരസ്ഥാനിയരിൽ നിന്നും ധനം കിട്ടാൻ സാധ്യത ഉണ്ട്. വിദ്യാഗുണം അർത്ഥലാഭം സുഖം കീർത്തി എന്നിവ ഉണ്ടാകും. സന്താനങ്ങളുമായി അഭിപ്രായ വ്യത്യാസത്തിന് സാധ്യതയുള്ളതിനാൽ കുട്ടികളോട് തന്ത്രപൂർവ്വം ഇടപെടുക. ശിവനേയും വിഷ്ണുവിനേയും ഭജിക്കുകയും ക്ഷേത്ര ദർശനം നടത്തുകയും വേണം.

*ശുഭമസ്തു*
*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്

Nair Girl,25/152cm, Rohini.Fair,M.Sc Mathematics,Pref:Employed Boys-Govt or Abroad,Non Vegetarian,Non-Smoker,Non-Drinken, Ph:0484-2446774,Mob:9447328950


Email:jaipalpnair@gmail.com
Date of Birth:03-01-1996(5.31pm)
Sishta Dasa:Chandra:0-5-9




Contact Address:
MR.JAIPAL P NAIR
SAGARIKA
PALACE ROAD,
KANNANKULANGARA
NORTH PARAVUR
ERNAKULAM - 683 513

Nair Girl, 27/168cm, Thiruvonam, Fair, B.Com, LLB, Lawyer, Mob:9495664549, 9446074214


Email:athiraraghunath@gmail.com
Date of Birth:29-8-1993(5.36.48pm)
Sishta Dasa:Chandra:7-6-27




Contact Address:
MR.REGHUNATH G
GOWREESAM
PALAKOTTAL
P C KAVALA P O
PAIPPAD, CHENGANASSERY
KOTTAYAM - 686837

Nair Girl,24/5'4",Uthram, Chowa dosham, Fair, B.Tech-Civil, Private Construction Company, Pref: B.Tech, MBA,Ht-5'8",goodlooking, Mob:9961961414, 9446302070


Email:ragamrenju@gmail.com
Date of Birth:7-11-1996(1.05pm)
Sishta Dasa:Ravi:2-1-26




Contact Address:
MR. RANJU V. R
VELLIKOTH
MANAKAD P. O
THODUPUZHA
IDUKKI - 685608

Nair Girl,26,161cm,Pooyam,B.Com, Pursuing CA Final,Audit Supervisor, Pref: CA, Doctor, Engineer,Govt Employee, Mob:9995678659


Email:santoshunair@gmail.com
Date of Birth:21-12-1994(10.33am)
Sishta Dasa:Sani :9-1-4




Contact Address:
MR.SANTHOSHKUMAR
117/1, USHASREE
NANDIYATHKUNAM
NORTH PARAVOOR
ERNAKULAM - 683513

Nair Girl,27/163cm,Pooram, Wheatish, M.Com,Tax Analyst(EY), Pref: PG, Commerce connected employment , Govt Services or well reputed organisation, Mob:9746024561, 9400378235


Email:tpsmenon.anughra@gmail.com
Date of Birth:15-9-1993(10.47pm)
Sishta Dasa:Sukra:5-9-20




Contact Address:
MR.T.P.SASIKUMAR
SREENIYALAM
RAVIPURAM ROAD
ERNAKULAM - 682016

Nair Girl,25/5'1", Uthradam, Fair, Post Graduate MA(Mass Communication) ERNST and YOUNG ,Kochi, Pref: Professionals/Well placed in MNC's,Govt Employee, (Passion towards Art preferred),Mob:9446591767

Email:lathacco3@gmail.com
Date of Birth:25-03-1995(12.45pm)
Sishta Dasa:Ravi:4-9-15.18




Contact Address:
SMT.LATHA C
106 BMCRRA, SHALABHAM
BTS MAMANGALAM CROSS ROAD
EDAPALLY
KOCHI - 682024






MANGALYAM MATRIMONIAL

വരനെ ആവശ്യമുണ്ട്

Nair Girl,23/166cm,Revathy, White, B.Tech,IT-Software Engineer, Pref: Professionaly qualified well employed financially sound reputed family, Mob:9447380009


Email:sajeev2512@gmail.com
Date of Birth:10-03-1997(7.26pm)
Sishta Dasa:Budha:15-10-3




Contact Address:
MR.SAJEEV .B. MENON
SAJEEV NIVAS
CHERUVALOOR P. O
CHALAKUDY
THRISSUR - 680308

Nair Girl,24/165cm,Atham, Papa jathakam, Fair, Masters -International Management,Brand Manager - LABEL'M, Mob:9846198885, 9846198889, 8891386530


Email:sreejamsreedharan@gmail.com
Date of Birth:29-01-1997(6.47pm)
Sishta Dasa:Chandra:2-4-27




Contact Address:
MR.P.SREEDHARAN
SREEBHAVAN, 1538 A1/P1
SANSKRITHI GARDEN
OPP CHOICE PARK
POTTAKUZHI, ELAMAKKARA P O
ERNAKULAM - 682026

Nair Girl,25/162cm,Uthruttathi,Fair, MBBS,House Surgeon, Pref: Professional, Mob:9447591923, 9447692277


Email:manjulakrp2277@gmail.com
Date of Birth:27-09-1996(12.45am)
Sishta Dasa:Sani:15-5-10




Contact Address:
MR.PRASANNAN
KARIMATTATHU HOUSE
PULLUVAZHY P O
ERNAKULAM - 683541

Nair Girl, 26/162cm, Makam, Medium, P G, Pref : Engineering or PG, Ph : 9446688741


Email:anjanabmenon70@gmail.com
Date of Birth:29-10-1994 (3.23pm)
Sishta Dasa:Ketu : 5.8.18




Contact Address:
SMT. GEETHA. V.G
DEVIKRIPA
TEMPLE ROAD
NAYARAMBALAM.P.O
ERNAKULAM-682509

Nair Girl, 24/163cm,Visakham,Fair, B.Com,MBA,Lead Specialist,Space Bangalore (Now work from Home),Pref: Bengaluru based groom,Mob:8137095270


Email:sindhuanilkumar17@gmail.com
Date of Birth:4-05-1996(4.28pm)
Sishta Dasa:Guru:0-2-12




Contact Address:
SMT.SINDHU.ANILKUMAR
SREEPADMAM
ALETA 17B,
OLIVE KALISTA
EDACHIRA, KAKKANAD
ERNAKULAM - 682030

Nair Girl,25/5'3",Makam, Fair, B.Tech, MBA, Management Trainee, Pref: Professionals with PostGraduate degree, Civil Services,Central & State Govt Officers, Bank Officers, Engineers etc, Mob:9746110334,Ph:0484-2446204

Email: anilupasana@rediffmail.com
Date of Birth:22-9-1995(5.09pm)
Sishta Dasa:





Contact Address:
MR.ANIL. A
UPASANA
MANNAM P. O
NORTH PARUR
ERNAKULAM - 683520

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്

Nair Girl,26/155cm, Rohini, Wheatish, BDS, Dentist,Pref: Doctor, Engineer, Bank Employee,Govt Employee, Mob:9349313787, 9387770368


Email:vandu370@gmail.com
Date of Birth:13-01-1995(1.54pm)
Sishta Dasa:Chandra:2-8-9



Contact Address:
MR.V.MAHESH
GOVINDAM
ELOOKKARA ROAD
EAST KADUNGALLOOR
U.C. COLLEGE P O
ALUVA, ERNAKULAM - 683102

Nair Girl, 29/5'4" Anizham, Fair, Doing MD Community Medicine, Govt Medical College, Nagpur,Ph:0484-2706859, Mob:9496456310


Email:prakashparu@gmail.com
Date of Birth:29-01-1992(11am)
Sishta Dasa:Sani:3-1-22



Contact Address:
MR.PRAKASH M. R
VIKRAS - 31
VIKRAM SARABHAI ROAD
POONITHURA
ERNAKULAM - 682038

Nair Girl, 24/173cm,Revathy, Medium, B.Com, MBA, Employed with Guide House, Technopark,TVM Mob:9446758562

Email:madsood3005@gmail.com
Date of Birth:10-06-1996(11.58am)
Sishta Dasa:Budha:14-7-28.30



Contact Address:
MR.MADHUSOODANAN P
PONMANA
KUNNUKARA P. O
ERNAKULAM - 683578




**www.karayogammangalyam.com**

എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.


കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),

കരയോഗ സൗഹൃദം 1196 മീനം

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്


NAGARATHAR Boy, 31/180.34cm (5'11"), Pooram Brown, Bachelors in Engineering, Sr. Software Engineer-Mitsubishi Union Bank, California USA,Pref: Fair, Beautiful, Good structure and good looking, age 24 to 28, Ht- 5'5 to 5'7Mob:7025105686
Email:manikandanusa88@gmail.com
Date of Birth:17-4-1989(10am)
Sishta Dasa:



Contact Address:
SMT.K.N.THENAMMAI
NO.10/157, UNNIRAMKUNNU
PIRIYIRI, PALAKAD
KERALA - 678004

Nair Boy, 39/5'6", Anizham, Fair, MJC (Master of Journalism & Communications), MNC Software, Mob:9946204757


Email:pgrprathap@gmail.com
Date of Birth:20-05-1981(4.32am)
Sishta Dasa:Sani:1-3-28.48



Contact Address:
MR.BALAJI
VENGASSERIL HOUSE
PANCODE
PUTHENCRUZ
PERUMBAVOOR ROAD
ERNAKULAM - 682310

Nair Boy, 28/180cm,Poorurutttathi, Fair,B.Tech,Govt/PSU-KIIFB-Technical Export,Pref: Minimum degree, fair looking, Mob:9447066583


Email:aswathyjayakumar2010@gmail.com
Date of Birth:09-10-1992(10.10am)
Sishta Dasa:Guru :11-7-12



Contact Address:
MR.JAYAKUMAR
SREENILAYAM
MUDAKKUZHA P. O
PERUMBAVOOR
ERNAKULAM - 683546

Nair Boy, 28/165cm,Utharadam, (Sudha jathakam), Fair,B.Tech, Electronics & Instrumention,Quality and Control Engineer, Filtrowin.Pref:We are looking for a good looking well,mannered and educated and god fearing,bride for our son, only sudhajathakam is match. Ph: 0484-2203105, Mob:9447048239.


Email:rajkumar.kadaikal @gmail.com
Date of Birth:8-9-1992(10.24am)
Sishta Dasa:Aadhthya :0-2-18-18



Contact Address:
MR. K. RAJKUMAR
KADAIKAL HOUSE
CC. NO. 54/37, RAJA NILAYAM
K.K. ROAD
KOCHI - 682017

Nair Boy, 42/5'9",Uthram, Fair, B.Com, MHRM, Station Master, Southern Railways Salem Division, Mob: 7510204433, 8778461252


Email:pravithasaminathan@gmail.com
Date of Birth:14-6-1978(6.22am)
Sishta Dasa:Ravi:4-5-13.48



Contact Address:
MR.ARUN KUMAR
LANE - 12,H.NO.173
VEENA HOUSE
VINOBA NAGAR
KADAVANTHRA
ERNAKULAM

Nair Boy, 28/180cm, Chithira, Fair, B.Tech (EEE),Sr.Engineer in VMI Holland BV Netherland based Non IT Co., Chennai, Well qualified employed girls, Mob: 9495673494, 8281449634

Email:rekhapournami@gmail.com
Date of Birth:31-08-1992(8.02pm)
Sishta Dasa:Chowa :1-9-18



Contact Address:
MR.RAJAPPAN NAIR V R
449A, POURNAMI
SRAMBICKAL LANE
PERUMBI, CHIRANGARA
KORATTY EAST P O
TRISSUR - 680308


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 26/5'7", Anizham, White, MBA, Business, Pref: Fasion Designing /Textile Background, Mob: 8281488047


Email:rajanimenon1234@gmail.com
Date of Birth:22-02-1995(7pm)
Sishta Dasa:




Contact Address:
MR.JAYAKUMAR
10A, PARK VIEW APARTMENTS
CONVENT JUNCTION
MARKET ROAD
ERNAKULAM - 682011

Nair boy, 33/5'8", Rohini, Fair, B.Tech, MS,Business Analyst,Melbourne-Australia ,Pref: B.Tech/PostGraduation ,Ph: 0484-2333402,Mob:9446423402/ 9446403402,


Email:mohandassbt@gmail.com
Date of Birth:11.10.1987(6.26am)
Sishta Dasa:Chandr:8.7.21




Contact Address:
MR.MOHANDAS.K.B
KANDATHIL MOHANAM
CHANDRATHIL ROAD
EDAPPALLY
ERNAKULAM 682024

Nair Boy, 29/164cm,Visakham, Fair, PG (MBA+Diploma from Swedan)Vice President AICL, Mumbai,Pref: fair, PG, Mob:8137095270


Email:sindhuanilkumar17@gmail.com
Date of Birth:24-02-1992(9.58am)
Sishta Dasa:Guru:6-8-16




Contact Address:
SMT.SINDHU.ANILKUMAR
SREEPADMAM
ALETA 17B,
OLIVE KALISTA
EDACHIRA, KAKKANAD
ERNAKULAM - 682030

Nair Boy, 30/5'3",Pooruruttathi (Kumbam Rasi) Fair, M.S. Engineering, Data Analist -Genpack - Ireland, Pref: B.Tech(IT), B.pharm, BDS,B.Sc nursing Mob: 9447772049, 6238438396


Email:darsh4july@gmail.com
Date of Birth:9-8-1990(7.36pm)
Sishta Dasa: Guru: 4-1-9




Contact Address:
MR.T.R.PRASAD
ANUGRAHA HOUSE
MARKET P O
KADATHY
MUVATUPUZHA
ERNAKULAM686673

Kartha Boy, 27/6'2".Aayilyam, Fair, B.Tech (Mech), Certified PMP , QA/ QC Pipe line Engg, Project Manager - TECHNIP FMC, Doha, Mob: 9544168899, Ph:0485-2812051

Email:arjunajith10@gmail.com
Date of Birth:5-12-1993
Sishta Dasa:




Contact Address:
MR.N.AJITH
SATHIVILASAM
MUDAVOOR P.O
MUVATTUPUZHA
ERNAKULAM


## THOTTEKKATT DIWAN'S MEMMORIAL HALL
## ERNAKULAM KARAYOGAM

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com






# 2021 പരിസ്ഥിതി അവാർഡ്
## ശ്രീ. സി. കുഞ്ഞമ്പുവിന്



ഈ വർഷത്തെ എറണാകുളം കരയോഗം- പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ഭൗമദിനമായ ഏപ്രിൽ 22 വ്യാഴാഴ്ച വൈകുന്നേരം 5.30 മണിക്ക് ടി.ഡി. എം. ഹാളിൽ കൂടുന്ന യോഗത്തിൽ വെച്ച് കാസർഗോഡ് സ്വദേശിയായ ശ്രീ. സി. കുഞ്ഞമ്പുവിന് നല്കുന്നതാണ്. ലോകം മുഴുവൻ ജലസംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ഈ കാലത്ത് ഇന്ത്യയിൽ ഉണ്ടായിരുന്ന പരമ്പരാഗതമായ വാട്ടർ ഹാർവെസ്റ്റിംഗിന്റെ (ജലക്കൊയ്ത്ത്) മികവ് പ്രായോഗിക പ്രവർത്തനങ്ങളിലൂടെ തെളിയിച്ച അപൂർവ്വ വ്യക്തിത്വത്തിന്റെ ഉടമയാണ് ശ്രീ. കുഞ്ഞമ്പു. ഇന്ന് ഈ മേഖലയിൽ ഒരു പ്രദേശത്ത് ജലസ്രോതസ്സ് കണ്ടെത്തി കനാൽ കുഴിച്ച് വീടുകളിലും, കൃഷിസ്ഥലങ്ങളിലും ജലം എത്തിക്കാൻ പ്രാപ്തിയുള്ള സിദ്ധിയും, പ്രതിബദ്ധതയും അസാധാരണമായ ധൈര്യവും ആണ് ജലമനുഷ്യൻ എന്നറിയപ്പെടുന്ന ശ്രീ. കുഞ്ഞമ്പുവിനുള്ളത്. ചെങ്കൽ പ്രദേശങ്ങളിൽ ഒരാൾക്ക് മാത്രം കടന്നുപോകാവുന്ന വഴിയിലൂടെ പിക്കാസും ചെറിയ കുട്ടയും ടോർച്ചും മെഴുകുതിരിയും മാത്രം ഉപയോഗിച്ച് കനാൽ കുഴിച്ച് ജലം കണ്ടെത്തിയിട്ടുണ്ട് ഈ മഹാൻ. കർണ്ണാടകയിലെ ബിദാർ ജില്ലയിൽ സുരങ്കം വഴി നിർമ്മിച്ച കിണർ ഉപയോഗശൂന്യമായപ്പോൾ ശ്രീ. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിലാണ് പുനർനിർമ്മിച്ചത്. ഭൗമദിനത്തിൽ നടത്തുന്ന പൊതു സമ്മേളനത്തിൽ പതിമൂന്നാമത് പരിസ്ഥിതി അവാർഡും, പ്രശസ്തി പത്രവും ഫലകവും ക്യാഷ് അവാർഡും ശ്രീ. കുഞ്ഞമ്പുവിന് സമ്മാനിക്കുന്നതാണ്. കരയോഗം പ്രസിഡന്റ് ശ്രീ. കെ. പി. കെ.. മേനോന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കൺവീനർ. എസ്. ജയതിലകൻ, അഡ്വ. ടി. ശിവദാസൻ നായർ, കെ. വി. രാമചന്ദ്രൻ, ശ്രീകുമാർ മുഖത്തല, ഡോ. ജി. മധു എന്നിവർ സംബന്ധിക്കും.


# AYUSHYAM POLY CLINIC

Ernakulam Karayogam Navathi Memorial Polyclinic



TDM Hall Complex, D H Road, Kochi-682 016, Ph: 0484 2366160
Email: eknmpolycliniclab@gmail.com, Web: www.ernakulamkarayogam.com

| TEST NAME | PACKAGE 1 | PACKAGE 2 | PACKAGE 3 |
|---|---|---|---|
| BLOOD SUGAR F | ✓ | ✓ | ✓ |
| LIPID PROFILE (Cholesterol, Triglycerides, HDL Cholesterol, LDL Cholesterol, VLDL) | ✓ | ✓ | ✓ |
| HBA1C | | | ✓ |
| LIVER FUNCTION TEST (Bilirubin Total, Bilirubin Direct, SGOT, SGPT, ALP, Total Protein, Albumin, Globulin, A/G Ratio) | | ✓ | ✓ |
| RENAL FUNCTION TEST (Urea, Creatinine, Uric Acid) | | ✓ | ✓ |
| BLOOD ROUTINE EXAMINATION | ✓ | ✓ | ✓ |
| URINE ROUTINE EXAMINATION | ✓ | ✓ | ✓ |
| THYROID FUNCTION TEST (T3, T4, TSH) | | (TSH only) | ✓ |
| ECG | | ✓ | ✓ |
| SPECIAL RATES | Rs.500/- | Rs.750/- | Rs.1000/- |

DATE OF PUBLICATION: 10-04-2021

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2021-23
LICENSED TO POST WITHOUT PREPAYMENT

Volume No. 13 April 2021 Issue No. 11

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി




**27.04.2021 ചൊവ്വാഴ്ച - ടി.ഡി.എം.ഹാൾ ഗംഗ, 6.30 p.m.**

**കഥ : അർജ്ജുനവിഷാദവൃത്തം**

**ജയദ്രഥൻ - കോട്ടയ്ക്കൽ എ ഉണ്ണികൃഷ്ണൻ**
**ദുശ്ശള - കലാമണ്ഡലം (ചമ്പക്കര) വിജയകുമാർ**
**അർജ്ജുനൻ - കോട്ടയ്ക്കൽ സുധീർ**
**കൃഷ്ണൻ - കോട്ടയ്ക്കൽ സി എം ഉണ്ണികൃഷ്ണൻ**
**പാട്ട് - കോട്ടയ്ക്കൽ മധു, കോട്ടയ്ക്കൽ (വേങ്ങേരി) നാരയണൻ**
**ചെണ്ട - കലാമണ്ഡലം ശ്രീഹരി**
**മദ്ദളം - കലാമണ്ഡലം ശ്രീകുമാർ**
**ചുട്ടി - കലാനിലയം വിഷ്ണു**
**അണിയറ - രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ**

മഹാഭാരതത്തിലെ, യുദ്ധത്തിനു മുമ്പും പിമ്പുമുള്ള, ഭാവഗരിമയാർന്ന ചില നാടകീയ മുഹൂർത്തങ്ങൾ കോർത്തിണക്കി രചിച്ചിട്ടുള്ളതാണ് അർജ്ജുന വിഷാദ വൃത്തം രചിച്ചിട്ടുള്ളത്, നൂറ്റവരുടെ ഏക സഹോദരിയായ ദുശ്ശളയാണ് കഥയിലെ കേന്ദ്ര കഥാപാത്രം.


കാമ്യകവനത്തിൽ വച്ചു പാഞ്ചാലിയെ അപഹരിക്കുവാൻ ശ്രമിച്ച ജയദ്രഥൻ പാണ്ഡവരിൽ നിന്നേറ്റ പരാജയം നിമിത്തം ശിവനെ തപസ്സു ചെയ്തു. വരങ്ങൾ വാങ്ങി, ദുശ്ശളയുടെ സമീപത്തെത്തുന്നതോടെ കഥ ആരംഭിക്കുന്നു. ഭർത്താവിന്റെ ദുഷ്ചെയ്തികൾ കേട്ടറിഞ്ഞ ദുശ്ശള പരിഭവകലുഷയായിരിക്കുന്നു. നയചതുരനായ ജയദ്രഥൻ സാന്ത്വനപ്പെടുത്തുന്നതാണ് ആദ്യ രംഗം.

കുരുക്ഷേത്രയുദ്ധത്തിൽ ജയദ്രഥന്റെ സഹായം അഭ്യർത്ഥിച്ചുകൊണ്ടു ദുര്യോധനന്റെ ദൂതൻ എത്തുന്നതും, ദുര്യോധനനെ സഹായിക്കുവാൻ പാണ്ഡവവിരോധിയായ ജയദ്രഥൻ ദുശ്ശളയോടു യാത്ര പറഞ്ഞ്, ചതുരംഗസേനകളോടെ പടക്കു പുറപ്പെടുന്നതുമാണ് രണ്ടാം രംഗം.

അടുത്ത രണ്ടു രംഗങ്ങൾ മഹാഭാരതയുദ്ധം പതിമൂന്നാം ദിവസം നടക്കുന്ന സംഭവങ്ങൾ ആണ്. അർജ്ജുനൻ സംശപ്തകരോടു യുദ്ധം ചെയ്യുവാൻ കുരുക്ഷേത്രത്തിന്റെ ദക്ഷിണഭാഗത്തേക്കു നീങ്ങിയ അവസരത്തിൽ, ദ്രോണാദികൾ പത്മവ്യൂഹം ചമച്ചു. വ്യൂഹം ഭേദിച്ച അഭിമന്യുവിനെ നിഷ്ക്കരുണം വധിച്ചു. ഈ അവസരത്തിൽ അഭിമന്യുകുമാരന്റെ രക്ഷക്കു വ്യൂഹത്തിലേക്ക് കടക്കുവാൻ ശ്രമിച്ച മറ്റു പാണ്ഡവരെ പരമശിവന്റെ വരബലം കൊണ്ടു ജയദ്രഥൻ തടഞ്ഞു. ഇപ്രകാരം ജയദ്രഥന്റെ മുഖ്യസഹായത്താൽ അഭിമന്യു ചതിച്ചു കൊല്ലപ്പെട്ട വാർത്ത അർജ്ജുനനെ തളർത്തുന്നു. ശ്രീകൃഷ്ണോപദേശത്താൽ മനോധൈര്യം വീണ്ടെടുത്ത അർജ്ജുനൻ അടുത്ത ദിവസം സൂര്യാസ്തമയത്തിനു മുമ്പു ജയദ്രഥനെ വധിക്കുമെന്നും അല്ലായ്കിൽ ആത്മാഹൂതി ചെയ്യുമെന്നും ശപഥം ചെയ്യുന്നു.

ശ്രീകൃഷ്ണന്റെ സഹായത്താൽ ജയദ്രഥനെ വധിക്കുന്നതാണു നാലാം രംഗം. അർജ്ജുനന്റെ ശപഥം കേട്ടു ജയദ്രഥൻ യുദ്ധഭൂമിയിൽ മറഞ്ഞിരുന്നു. സമയം സന്ധ്യയോടടുത്തപ്പോൾ അർജ്ജുനനു പരിഭ്രമമായി. ശ്രീകൃഷ്ണൻ തന്റെ ചക്രായുധം കൊണ്ടു സൂര്യനെ മറയ്ക്കുന്നു. സൂര്യൻ അസ്തമിച്ചു എന്നു കരുതി വിജയോന്മാദം പൂണ്ടു വന്ന ജയദ്രഥനെ അർജ്ജുനൻ വധിക്കുന്നു. ശ്രീകൃഷ്ണനിർദ്ദേശപ്രകാരം ജയദ്രഥശിരസ്സ്, ജയദ്രഥപിതാവായ വൃദ്ധക്ഷത്രന്റെ കൈയ്യിൽ വീഴ്ത്തുന്നു. ജയദ്രഥന്റെ ജന്മസമയത്തു ഉണ്ടായ അശരീരിപോലെ, ജയദ്രഥപിതാവും ശിരസ്സു പൊട്ടിത്തെറിച്ചു മരിക്കുന്നു.

അടുത്ത രംഗം ഭാരത യുദ്ധാനാന്തരം നടക്കുന്ന സംഭവമാണ്. ബന്ധുക്കളെ വധിച്ചതോർത്തു ഖിന്നനായ യുധിഷ്ഠരൻ പാപപരിഹാരാർത്ഥം വ്യാസനിർദ്ദേശമനുസരിച്ച് അശ്വമേധയാഗം നടത്തുന്നു. അശ്വരക്ഷക്കു അർജ്ജുനനാണ് നിയോഗിക്കപ്പെടുന്നത്. യാഗാശ്വം ദുശ്ശളയുടെ രാജ്യത്ത് എത്തുന്നു. രാജ്യം ഭരിച്ചിരുന്ന സുരഥൻ, തന്റെ അച്ഛനെ നൂറ് അമ്മാവന്മാരേ, വധിച്ച അർജ്ജുനൻ വരുന്നു എന്നു കേട്ടപാടെ വീണു മൃതിയടയുന്നു. നിരാലംബയായി തീർന്ന ദുശ്ശള, സുരഥപുത്രനേയും എടുത്തുകൊണ്ടു അർജ്ജുന സവിധം എത്തുന്നു. യുദ്ധക്കെടുതി മൂർത്തിമത്ഭാവം പൂണ്ടെന്നപോലെ തന്റെ മുന്നിൽ നില്ക്കുന്ന നിരപരാധിയായ ദുശ്ശളയുടെ ദുസ്ഥിതി കണ്ട്, അതിനെല്ലാം കാരണക്കാരനായ അർജ്ജുനൻ, ഭാരതപര്യടനത്തിൽ കുട്ടി കൃ,ഷ്ണ മാരാർ ഉപന്യസിച്ചതുപോലെ, അനേകം കൂരമ്പുകൾ ഹൃദയത്തിലേറ്റ പോലെ തളർന്നുപോയി. ആ വിഷാദച്ചുഴിയിൽ നിന്നും കരകയറുവാൻ നന്നേ ബദ്ധപ്പെട്ടു. സഹോദരിയോടു പലപാട് ക്ഷമയാചിച്ച്, സാന്ത്വനപ്പെടുത്തി സുരഥപുത്രന്റെ രാജ്യാഭിഷേകം നടത്തി, ആ സഹോദരി സഹോദര ബന്ധം, ബാല്യകാലത്തേതെന്നപോലെ വീണ്ടും വിളക്കി ചേർക്കുന്നതോടെ അർജ്ജുനവിഷാദവൃത്തത്തിനു തിരശീലവീഴുന്നു.



# ബീം ഏപ്രിൽ മാസ പരിപാടി

**23.04.2021 വെള്ളിയാഴ്ച 6.30 p.m., ടി.ഡി.എം.ഹാൾ, എറണാകുളം**



## സോപാനലാസ്യം

**അവതരണം**

**മോഹിനിയാട്ടം : ഉഷാറാണി**

**സോപാനസംഗീതം : ഏലൂർ ബിജു**

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.